315
JUNE-JULY 2025

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

## മതനിരപേക്ഷ സമൂഹം ജനപക്ഷവിദ്യാഭ്യാസം




സംസ്ഥാന സമ്മേളനപ്പതിപ്പ്

KERALA PRIVATE
COLLEGE TEACHER
JUN/JUL 2025 315

EDITORIAL BOARD

Editor
**Dr. Vidhu Narayan**

Managing Editor
**Dr. N. Renuka**

Assistant Editors
**Dr. M. R. Rajesh**
**Sreelekshmi A.R.**

**Members**
A. Nisanth
Prof. (Dr.) K. Bijukumar
Asha Prabhakaran
Sanjeev G.
Pramod Vellachal
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Harinarayanan S.
Dr. Vishnu Sreevalsan
Midhun Shah
Dr. Remya G.
Dr. Anju Linda Varghese
Dr. Sanand C. Sadananda Kumar
Dr. Preetha Krishna L.

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.
Edited, Printed and Published by
Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
**Ph: 0471-2463494**
**Mobile: +91 94470 14956**
collegeteacheredt@gmail.com
www.akpcta.org



# എഡിറ്റോറിയൽ

പുതിയ അധ്യയനവർഷം അക്കാദമികമേഖല ആശങ്കകളിലൂടെത്തന്നെയാണ് മുന്നേറുന്നത്. അക്കാദമിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നഭരിതമായ സമകാലികാവസ്ഥ, ഇന്ത്യാചരിത്രത്തിലെ ഇരുണ്ട അദ്ധ്യായമായ അടിയന്തിരാവസ്ഥയുടെ ഓർമ്മകളിലേക്കു നമ്മെ കൊണ്ടുപോകുന്നുണ്ട്. സർവകലാശാലകളുടെ അക്കാദമികസ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടാനുള്ള കേന്ദ്രഭരണകൂടത്തിന്റെ ശ്രമങ്ങളെ നാം ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്. സമൂഹത്തിലെ അസമത്വങ്ങളെ ഇല്ലാതാക്കി ജനാധിപത്യ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ അധ്യാപകസമൂഹത്തിനു സാധിക്കണം. ഈ ലക്ഷ്യമാണ് എകെപിസിടിഎ യുടെ  അറുപത്തിയേഴാം സംസ്ഥാന സമ്മേളനത്തിന്റെ 'മതനിരപേക്ഷ സമൂഹം ജനപക്ഷവിദ്യാഭ്യാസം' എന്ന മുദ്രാവാക്യം നമ്മെ ഓർമ്മിപ്പിച്ചത്. നവകേരളം എന്ന ആശയത്തെ വൈജ്ഞാനികമായി അഭിമുഖീകരിക്കുന്ന ജനപക്ഷവിദ്യാഭ്യാസത്തിന്റെ ജ്ഞാനപരിസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന പ്രതീക്ഷയോടെ ഈ ലക്കം വായനക്കാർക്കു സമർപ്പിക്കുന്നു.

അഴിമതിയെയും അനീതിയെയും സന്ധിയില്ലാസമരങ്ങളിലൂടെ ചെറുത്തുതോൽപ്പിച്ച സഖാവ് വി.എസ്. അച്യുതാനന്ദൻ നമ്മെ വിട്ടുപോയിരിക്കുന്നു. അധ്യാപകരുടെ അവകാശപ്പോരാട്ടങ്ങൾക്കൊപ്പംനിന്ന അദ്ദേഹത്തെപ്പറ്റിയുള്ള ഓർമ്മകൾ നമുക്ക് കരുത്തേകട്ടെ.  സഖാവ് വി.എസിന് അന്ത്യാഭിവാദ്യങ്ങൾ.

**എഡിറ്റർ**
collegeteacheredt@gmail.com
9447237659

# ഉള്ളടക്കം



















നവകേരള സൃഷ്ടി: സംഘടനയുടെ പരിപ്രേക്ഷ്യം
**ഡോ. ബിജുകുമാർ കെ.** ..... 4

കാൻസർ വാർഡ്
**ജുനൈദ് വരന്തരപ്പിള്ളി** ..... 10

അംബേദ്കറിസം: ഭരണഘടനാമൂല്യങ്ങൾ
വർത്തമാനകാല ഇന്ത്യയുടെ ഭാവി നിർണയിക്കുമ്പോൾ!
**കൃഷ്ണ എ. വി.** ..... 14

ഭ്രാന്തൻ
**വിഷ്ണുപ്രിയ ആർ.** ..... 17

വ്യസനസമേതം ആഹ്ളാദത്തിൽ
**ഹരീഷ് ശക്തിധരൻ** ..... 19

ഉൾക്കാലങ്ങൾ
**അനിത വിശ്വം** ..... 25

Those Were The Days
**Nandana Nair** ..... 32

എന്റെ അഭയം മാനവികതയാണ്
**നന്ദന എം.** ..... 33

ലാമിക
**വിഷ്ണു എസ്. നാഥൻ** ..... 38

ജലംകൊണ്ട് മുറിവേറ്റവർ
**സോബിൻ മഴവീട്** ..... 45

(അൺ)ഹാപ്പി എൻഡിങ്ങ്
**സിബു മോടയിൽ** ..... 46

ഉന്നതവിദ്യാഭ്യാസവും ഫെഡറലിസവും
**അർച്ചന പി ജെ** ..... 61

കാലത്തിന്റെ കരിയിലകൾ
**വിഷ്ണു എസ്. നാഥൻ** ..... 68

നവകേരളത്തിലേക്ക് അഭിമാനപൂർവം
**ശ്രീജിത്ത് സി എസ്** ..... 72

ഫെഡറലിസത്തിന്റെ അനിവാര്യത
**നിത്യ യു. എസ്.** ..... 81

മഴവിൽക്കൊടിയുടെ മുനമുക്കി
**ഡോ. സന്തോഷ് വള്ളിക്കാട്** ..... 84

അറുപത്തിയേഴാം സംസ്ഥാന സമ്മേളന റിപ്പോർട്ട് ..... 86

സംസ്ഥാന സമ്മേളന പ്രമേയങ്ങൾ ..... 92

സംഘടനാ വാർത്തകൾ ..... 99

GENERAL SECRETARY'S PAGE



ഡോ. ബിജുകുമാർ കെ.

# നവകേരള സൃഷ്ടി: സംഘടനയുടെ പരിപ്രേക്ഷ്യം

പുതിയ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും കുറേക്കൂടി സങ്കീർണ്ണമാവുകയാണ്. ആഗോളതലത്തിലും ദേശീയതലത്തിലും ഉള്ള യുദ്ധക്കെടുതികൾ, അഭയാർത്ഥിത്വം, പലായനം, മനുഷ്യക്കുരുതികൾ എന്നിവയോടൊപ്പം ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരത്തെയും ജനാധിപത്യ സ്വഭാവത്തെയും ശിഥിലമാക്കുന്ന രീതിയിലുള്ള യുജിസി ഡ്രാഫ്റ്റ് റഗുലേഷൻസ് 2025 അപായസൂചനകളോടെ നമ്മെ പിന്തുടർന്നെത്തുന്നുണ്ട്.നമ്മുടെ അവകാശപ്പോരാട്ടങ്ങൾ അവസാനിക്കുന്നില്ല.

അറുപത്തിയേഴാം സംസ്ഥാന സമ്മേളനം പാലക്കാട് വച്ച് ചേരുമ്പോൾ സംഘടനയുടെ മുന്നിലുണ്ടായിരുന്ന ഏറ്റവും വലിയ വിഷയം യുജിസി കരട് മാർഗ്ഗരേഖയായിരുന്നു. സർവകലാശാല സ്വയംഭരണം അട്ടിമറിച്ചും സ്വജനപക്ഷപാതം കാണിച്ചും ഉന്നതവിദ്യാഭ്യാസമേഖലയെ ഒന്നാകെ കാവിവത്കരിക്കുവാനുള്ള കേന്ദ്രഭരണകൂടത്തിന്റെയും ചാൻസലറുടെ ആജ്ഞാനുവർത്തികളായ വൈസ് ചാൻസിലർമാരുടെയും ശ്രമങ്ങൾ അക്കാദമിക വിരുദ്ധങ്ങളാണ്. അതുകൊണ്ടുതന്നെയാണ് "മതനിരപേക്ഷ സമൂഹം, ജനപക്ഷ വിദ്യാഭ്യാസം" എന്ന മുദ്രാവാക്യം അറുപത്തിയേഴാം സംസ്ഥാന സമ്മേളനം ഉയർത്തിയത്. ദേശീയ വിദ്യാഭ്യാസ നയം 2020, കരട് മാർഗ്ഗരേഖ എന്നീ വിഷയങ്ങൾ 2025 സമ്മേളനവുമായി ബന്ധപ്പെട്ട അക്കാദമിക സെമിനാറിൽ ഗൗരവമായി ചർച്ച ചെയ്യപ്പെട്ടു. അസാധാരണമായി കേന്ദ്രം കയ്യാളുന്ന വിദ്യാഭ്യാസ നയങ്ങൾ, അക്കാദമിക സ്വാതന്ത്ര്യത്തിലുള്ള കടന്നു കയറ്റം, ഗുണനിലവാരം, സാമൂഹ്യ നീതി തുടങ്ങിയ വിഷയങ്ങൾ ഉന്നത വിദ്യാഭ്യാസമേഖലയെ പ്രതികൂലമായി ബാധിക്കുന്നു എന്നുതന്നെയാണ് സംസ്ഥാന സമ്മേളനം ചർച്ച ചെയ്തത്. കേരളത്തിലുടനീളമുള്ള എകെപിസിടിഎ അംഗങ്ങളുടെ മികച്ച രീതിയിൽ ഉള്ള പങ്കാളിത്തം കൊണ്ടും രാഷ്ട്രീയാവബോധം നിറഞ്ഞ ചർച്ചകൾ കൊണ്ടും കലാപരിപാടികൾ കൊണ്ടും സമഗ്രമായ ഒരനുഭവമായി സമ്മേളനം മാറി.

യുജിസി ഡ്രാഫ്റ്റ് റഗുലേഷൻസ് പിൻവലിക്കുക, ക്യാമ്പസുകൾ ലഹരിമുക്തമാക്കുക, ഭിന്നശേഷി സൗഹൃദപരമായ രീതിയിൽ ഉന്നതവിദ്യാഭ്യാസമേഖലയെ നവീകരിക്കുക, കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് അർഹമായ വിഭവ വിതരണം നടപ്പാക്കുക തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ച് പ്രമേയങ്ങൾ അവതരിപ്പിക്കുകയുണ്ടായി. സംസ്ഥാന സമ്മേളനത്തിന് ശേഷം ഐഫക്റ്റോയുടെ നേതൃത്വത്തിൽ നടന്ന പാർലമെന്റ് മാർച്ചിലും കേന്ദ്രവിദ്യാഭ്യാസ മന്ത്രിയുടെ മണ്ഡലമായ ഭുവനേശ്വറിൽ നടന്ന പ്രതിഷേധ പരിപാടിയിലും ഉണ്ടായിരുന്ന പങ്കാളിത്തം ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെയും സാധ്യതകളെയും ഒരുപോലെ വെളിപ്പെടുത്തുന്നുണ്ട്.

സംഘടന പുതിയതായി രൂപീകരിച്ച Social Welfare and Differently Abled Cell ന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി നയരേഖ എല്ലാ സർവകലാശാലകളിലെയും അധികൃതർക്ക് കൈമാറിയത് സംഘടനയുടെ നിർണ്ണായകമായ ഇടപെടലാണ്. അതിഥി അദ്ധ്യാപകരുടെ വേതനം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് സംഘടന നടത്തിയ നിരന്തര ശ്രമങ്ങളുടെ ഫലമെന്ന രീതിയിൽ ആണ് അവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് വരുന്നത്. FYUGP സുഗമവും ഫലപ്രദവുമായി നടപ്പിലാക്കുവാൻ എന്തെല്ലാം ഭൗതിക സൗകര്യങ്ങളാണോ വേണ്ടത്, അതിലെല്ലാം സംഘടന സമയബന്ധിതമായി ഇടപെടുന്നുണ്ട്. രാഷ്ട്രീയ നിലപാടുകളുടെയും നിയമപോരാട്ടങ്ങളുടെയും ജനകീയ സമരങ്ങളുടെയും മാർഗ്ഗം പിന്തുടർന്നു കൊണ്ട് സംഘടന വിഭാവനം ചെയ്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നീതിബോധത്തിലും മതേതരത്വത്തിലും ജനക്ഷേമത്തിലും അധിഷ്ഠിതമാണ്.

ആഗോളതലത്തിൽ സംഭവിക്കുന്ന ഭരണമാറ്റങ്ങൾക്കും സാമ്പത്തിക നയങ്ങൾക്കും അനുസൃതമായി ഇന്ത്യയെയും ഉപദേശീയതകളെയും പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങൾ ഏറെയാണ്. ഡൊണാൾഡ് ട്രംപ് ഭരണകൂടം വീണ്ടും അധികാരത്തിലെത്തുമ്പോൾ ഇറക്കുമതി തീരുവ മൂലം വ്യാപാരമേഖലയിൽ ഏതാണ്ട് സാമ്പത്തിക അടിയന്തരാവസ്ഥയ്ക്ക് സമാനമായ സാഹചര്യം നിലനിൽക്കുന്നുണ്ട്. ലോകമാകെ വ്യാപിച്ചു കൊണ്ടിരിക്കുന്ന നവമുതലാളിത്ത പ്രവണതകൾക്ക് നിയമപരമായ അടിത്തറയൊരുക്കുകയാണ് അമേരിക്ക ചെയ്യുന്നത്. ഉന്നതവിദ്യാഭ്യാസമേഖലയുടെ വികാസഗതികളെ പലനിലകളിലും ആഗോള തലത്തിൽ ഉണ്ടാകുന്ന ഗതിമാറ്റങ്ങൾ സ്വാധീനിക്കുന്നുണ്ട്. അമേരിക്കയുടെ നവഫാസിസ്റ്റ് നയങ്ങളുടെ അനന്തരഫലമെന്ന നിലയിൽ ഇന്ത്യയുൾപ്പെടെയുള്ള മൂന്നാംലോക രാജ്യങ്ങളുടെ ഭരണസംവിധാനത്തെയും മതേതരമൂല്യങ്ങളെയും താറുമാറാക്കുന്ന രീതിയിൽ

**ഇന്ത്യയുടെ ചരിത്രത്തിലെ ഇരുണ്ട ഏടുകൾ ആയി കണക്കാക്കപ്പെടുന്ന അടിയന്തരാവസ്ഥയുടെ അമ്പതാം വാർഷികം എന്ന ഓർമ്മപ്പെടുത്തൽ കൂടി നമുക്ക് മുൻപിലുണ്ട്. കേന്ദ്രീകൃതമായ അധികാരത്തിന് മുന്നിൽ ജനാധിപത്യം വിജയിക്കേണ്ടതുണ്ട്.**



ബാഹ്യ– ആഭ്യന്തര ശക്തികളുടെ ഇടപെടലുകൾ ഉണ്ടാകുന്നു.

ജമ്മു കാശ്മീരിൽ പഹൽഗാമിൽ നിരപരാധികളായ വിനോദസഞ്ചാരികളെ വെടിവച്ചുകൊന്ന അപലപനീയമായ സംഭവത്തിൽ രാജ്യം ഒന്നടങ്കം പ്രതിഷേധിക്കുകയും പ്രതിരോധിക്കുകയുമുണ്ടായി.അതോടൊപ്പം ഭീകരവാദത്തെ എതിർക്കുക എന്ന ഇന്ത്യയുടെ നയത്തെ തുരങ്കം വയ്ക്കുന്ന രീതിയിൽ വർഗ്ഗീയശക്തികളും വംശീയ വാദികളും നടത്തുന്ന കുത്സിത പ്രവൃത്തികൾ തിരിച്ചറിയേണ്ടതുണ്ട്. സമൂഹത്തെ വർഗ്ഗീയമായും വംശീയമായും വിഭജിക്കുക, ഭരണഘടനാമൂല്യങ്ങൾ തകർക്കുക, മതസംസ്കാരങ്ങൾക്കും വിശ്വാസങ്ങൾക്കും പരിക്കേൽപ്പിക്കുക അതുവഴി രാഷ്ട്രീയ അരാജകത്വം സൃഷ്ടിച്ച് അധികാരം പിടിച്ചെടുക്കുക തുടങ്ങിയ സ്ഥാപിതതാല്പര്യങ്ങൾക്ക് മുൻപിൽ കേരളം മുന്നോട്ട് വയ്ക്കുന്ന ബദൽനയമാണ് നവകേരള സൃഷ്ടി എന്നത്.ഇടതുപക്ഷ സർക്കാർ നാലാം ഭരണവർഷത്തിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ സംഘടനയുടെ മുന്നിലും ഒരേയൊരു ലക്ഷ്യമേയുള്ളൂ. നവകേരള സൃഷ്ടിയ്ക്ക് ഉതകും വിധത്തിൽ ഉന്നതവിദ്യാഭ്യാസമേഖലയെ നവീകരിക്കുക. ശക്തിപ്പെടുത്തുക.

ഇന്ത്യയുടെ ചരിത്രത്തിലെ ഇരുണ്ട ഏടുകൾ ആയി കണക്കാക്കപ്പെടുന്ന അടിയന്തരാവസ്ഥയുടെ അമ്പതാം വാർഷികം എന്ന ഓർമ്മപ്പെടുത്തൽ കൂടി നമുക്ക് മുൻപിലുണ്ട്. കേന്ദ്രീകൃതമായ അധികാരത്തിന് മുന്നിൽ ജനാധിപത്യം വിജയിക്കേണ്ടതുണ്ട്. നിലമ്പൂരിൽ നടന്ന ഉപതെരഞ്ഞെടുപ്പ് പോലും ജനാധിപത്യത്തെയും ഭരണഘടനാമൂല്യങ്ങളെയും സംരക്ഷിക്കാനുള്ള പ്രതിരോധപ്രവർത്തനമെന്ന നിലയിലാണ് മനസ്സിലാക്കപ്പെടേണ്ടത്. പ്രതീക്ഷകളും പ്രതിസന്ധികളും നിറഞ്ഞ പുതിയ അദ്ധ്യയനവർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന ഏവർക്കും ആശംസകൾ.

സമരതീക്ഷ്ണമായ ഒരു കാലഘട്ടത്തിന്റെ ഓർമ്മ നിലനിർത്തിക്കൊണ്ട് കടന്നുപോയ സഖാവ് വി.എസ്. അച്യുതാനന്ദന് അന്ത്യാഭിവാദനം. ■

■ എ നിശാന്ത്
പ്രസിഡന്റ്, എ കെ പി സി ടി എ

# വി എസ് നമ്മെ ത്രസിപ്പിക്കുന്ന വിപ്ലവനക്ഷത്രം

നൂറ്റിയൊന്നു വയസ്സ് പിന്നിട്ട ഒരു മനുഷ്യൻ വിട പറഞ്ഞു എന്ന് കേൾക്കുമ്പോൾ സ്വന്തം ബന്ധുത്വത്തിനും സുഹൃദ്ബന്ധങ്ങൾക്കും സഖാത്വത്തിനും പുറത്ത് ഒരു നാടിനാകെ നിലയ്ക്കാതെ കണ്ണ് നിറയേണ്ട കാര്യമൊന്നുമില്ല. പക്ഷേ ആ മനുഷ്യൻ  വി എസ് ആകുമ്പോൾ കേരളമാകെ അക്ഷരാർത്ഥത്തിൽ പെയ്തത് കണ്ണീർ മഴയാണ്. ഇപ്പോഴും, ഇതെഴുതുമ്പോഴും ആ മരം പെയ്തുതോർന്നിട്ടില്ല.

വി എസ് ആരായിരുന്നു എന്ന ചോദ്യം ഇനി അപ്രസക്തമാണ്. നാലുമണിക്കൂർ കൊണ്ട് എത്തേണ്ട ദൂരത്തിന് 23 മണിക്കൂർ നീണ്ടുപോയ ഒരൊറ്റ യാത്രയിലൂടെ ആ ചോദ്യത്തിനുള്ള ഉത്തരം വി എസും കേരളവും നൽകിക്കഴിഞ്ഞിട്ടുണ്ട്.

ജനലക്ഷങ്ങൾ തീർത്ത ആ വിലാപയാത്രയിലുടനീളം മുഴങ്ങിയ തൊണ്ട പൊട്ടുമാറുച്ചത്തിലുള്ള മുദ്രാവാക്യങ്ങൾ പലതും  “കണ്ണേ കരളേ വി എസ്സേ, ഞങ്ങടെ നെഞ്ചിലെ റോസാപ്പൂവേ... ” എന്നായിരുന്നു. അത്തരമൊന്നാകട്ടെ കമ്യൂണിസ്റ്റ്- --മാർക്സിസ്റ്റ് പദാവലിയിൽ ഇല്ലാത്തവയുമാണ്. എന്നാൽ, തീർത്തും കാൽപ്പനികമെന്ന് പറഞ്ഞ് എഴുതിത്തള്ളാവുന്നവയല്ല അതെന്ന് സ്വജീവിതം കൊണ്ട് അടയാളപ്പെടുത്തിത്തന്നെയാണ് വി എസ് എന്ന ‘ഒരു നൂറ്റാണ്ട് കാലം' നമ്മെ വിട്ട് കടന്നുപോയത്. അടിസ്ഥാന വർഗ്ഗത്തെ സ്നേഹിച്ച് കമ്യൂണിസ്റ്റായ ഒരു മനുഷ്യൻ പിന്നീട് മണ്ണിനെയും പ്രകൃതിയെയും അവശരെയും അധഃകൃതരെന്ന് മുദ്ര കുത്തപ്പെട്ടവരെയും തൊഴിലാളികളെയും സ്നേഹിക്കുകയും അവർക്കായി പോരാടുകയും ചെയ്യുന്ന അപൂർവ ജൈവികബന്ധത്തിനും ലോകം സാക്ഷിയായി. വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ എന്നായിരുന്നു വി എസ് എന്ന രണ്ടക്ഷരത്തിന്റെ പൂർണതയെങ്കിലും അവസാന ശ്വാസത്തോളം മനുഷ്യർക്കുവേണ്ടി ശബ്ദിക്കുന്നതിന് ഒരു വേലിക്കെട്ടും അയാൾക്ക് മുന്നിൽ തടസ്സമായിരുന്നില്ല. നന്നേ ചെറുപ്പത്തിൽ അമ്മയും അച്ഛനും നഷ്ടപ്പെട്ടതിനാൽ കൂടി ഉണ്ടായ  കഠിനദാരിദ്ര്യം കാരണം ഔപചാരിക വിദ്യാഭ്യാസം ഏഴാം ക്ലാസിൽ അവസാനിപ്പിക്കേണ്ടിവന്ന വി എസ് പക്ഷേ സ്വയമൊരു സർവകലാശാലയാവുകയായിരുന്നു. ഏതൊരു ജനാധിപത്യ വ്യവസ്ഥയും കൊതിക്കുന്ന കർമോത്സുകനായ പ്രതിപക്ഷ നേതാവായിത്തീർന്ന വി എസ്. ജനാധിപത്യത്തിൽ പ്രതിപക്ഷ നേതൃപദവിക്കൊരു ബെഞ്ച് മാർക്ക് സെറ്റ് ചെയ്ത, രാജ്യം കണ്ട ഏറ്റവും മികച്ച പ്രതിപക്ഷ നേതാവായ വി എസ് രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് എന്നും ഒരു പാഠപുസ്തകം തന്നെയാണ്.

അതേ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രി പദവിയിൽ എത്തിയപ്പോഴാകട്ടെ, നാടിന്റെ വികസനത്തിനനുസൃതമായി തന്റെയും തന്റെ പ്രസ്ഥാനത്തിന്റെയും ജനപക്ഷവികസന സങ്കൽപ്പമെന്താണെന്ന് ഭരണം കൊണ്ട് ലോകത്തിന് കാണിച്ചുകൊടുത്തു.  കേരളത്തിലെ ആരോഗ്യ സംവിധാനങ്ങളിൽ ഏറ്റവും വലിയ മാറ്റമുണ്ടാക്കിയതിലൊന്ന് സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്



എകെപിസിടിഎ ജനറൽ സെക്രട്ടറി ഡോ. കെ.ബിജുകുമാർ വൈസ് പ്രസിഡന്റ് ആഷ പ്രഭാകരൻ എന്നിവർ തിരുവനന്തപുരത്ത് സഖാവ് വിഎസിന് അന്ത്യോപചാരം അർപ്പിക്കുന്നു

നിർത്തലാക്കിയതായിരുന്നു. പൊതു
മേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാ
ക്കിയും പൊതുവിതരണ സംവിധാ
നം മികച്ചതാക്കിയും തണ്ണീർത്തട
സംരക്ഷണ നിയമം പാസ്സാക്കിയും
സ്വതന്ത്ര സോഫ്റ്റ് വെയർ നയമുണ്ടാ
ക്കിയും ജനമൈത്രി പോലീസിനെ
യും സ്റ്റുഡന്റ് പൊലീസിനെയും
കൊണ്ടുവന്നും സാധാരണ മനുഷ്യർ
ക്ക്, അവരുടെ മുൻഗണനകൾക്ക്
അത്രമേൽ പ്രാധാന്യം നൽകിയ
ഭരണാധികാരിയായി സഖാവ് മാറി.
പിന്നീട്ടു വന്ന സർക്കാരുകൾക്ക്
ദിശാബോധം നൽകിയ ഒരു സർ
ക്കാരിന് നായകത്വം വഹിക്കാനാ
യതും ചരിത്രത്തിലിടം പിടിച്ച ഈ
നേട്ടങ്ങളുടെ കരുത്തിലാണ്.

തീർന്നില്ല,
എയ്ഡഡ് കോളജ് അധ്യാപകർ
എന്ന നിലയിൽ നാം ഇന്ന് വാങ്ങു
ന്ന യു ജി സി നിരക്കിലുള്ള ശമ്പള
ത്തിന് എക്കാലവും നാം കടപ്പെട്ടി
രിക്കേണ്ടതും അത്തരം ശമ്പള പരി
ഷ്കരണ ഘട്ടങ്ങളിൽ ദീർഘകാലം
സിപിഐ എം കേരള സംസ്ഥാന
സെക്രട്ടറിയായിരുന്ന വി എസ്
അച്യുതാനന്ദൻ എന്ന സഖാവിനോ
ടും ആ പ്രസ്ഥാനത്തോടും ഇടതുപ
ക്ഷ ജനാധിപത്യമുന്നണിയോടും



യുജിസി സ്കെയിൽ നടപ്പാക്കുന്നതിലുള്ള കാലതാമസത്തിനെതിരേ സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും 1999 ജൂൺ 14ന് സഖാവ് വി. എസ് അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

തന്നെയാണ്. ആദ്യത്തെ മൂന്ന് യു
ജി സി ശമ്പള പരിഷ്കരണങ്ങൾ കേ
രളത്തിൽ നടപ്പാക്കാതിരുന്നപ്പോൾ
പല ഭാഗങ്ങളിൽനിന്നും ഉയർന്നു
വന്ന സകലമാന ബ്യൂറോക്രാറ്റിക്
എതിർപ്പുകളെയെല്ലാം അവഗണി
ച്ച്, ശക്തിയോടെ, 'അധ്യാപകർ
ഇതർഹിക്കുന്നു' എന്നുപറയാൻ
അന്നുണ്ടായിരുന്നത് വി എസ് കൂടി
നേതൃനിരയിൽ ഉണ്ടായ പ്രസ്ഥാ
നവും ഇടതുപക്ഷ ജനാധിപത്യ
മുന്നണിയും ആയിരുന്നു. പിന്നീട് പ്ര
തിപക്ഷ നേതാവായിരുന്നപ്പോഴും മു
ഖ്യമന്ത്രിയായിരുന്നപ്പോഴും കോളജ്
അധ്യാപകരുടെ ആവശ്യങ്ങൾക്കു
നേരെ അദ്ദേഹം ഒരിക്കലും മുഖം
തിരിച്ചിരുന്നില്ല.

സാാാർ... എന്ന നീട്ടി വിളിയിലൂടെ
കേരള നിയമസഭയിൽ നമ്മുടെ
യടക്കം എന്തെല്ലാമെന്തെല്ലാം
വ്യത്യസ്ത സാമൂഹിക വിഷയങ്ങളി
ലാണ് സഖാവ് ഇടപെട്ടത് എന്നത്
ഒരു ഗവേഷണ വിഷയമാണ്.
ഇന്നിപ്പോൾ നമ്മുടെ പുതുതലമുറ
അധ്യാപകർക്ക് ചിലപ്പോൾ ആ
പഴയസമരകാലവും അതിന് മുമ്പുള്ള
കാലവും ഓർമയിൽ ഉണ്ടായെന്ന്
വരില്ല. അതോർമിപ്പിക്കേണ്ടത്
ഈ അവസരത്തിലല്ലെങ്കിൽ പി
ന്നെയെന്നാണ്!

മാനേജർ അനിഷ്ടത്തോടെ നൽകു
ന്ന 'ഇഷ്ടദാനം' അടിമ സമാനരായി
സ്വീകരിച്ച് പണിയെടുത്ത അധ്യാ
പകരെ മുഷ്ടി ചുരുട്ടി മുദ്രാവാക്യം



എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ശ്രീ എ നിശാന്ത്, ട്രഷറർ ഡോ എൻ രേണുക, പ്രവർത്തക സമിതി അംഗം ഡോ മനോജ് ടി ആർ, ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ ഫറൂഖ് എസ്, പത്തനംതിട്ട ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു, ആലപ്പുഴ ജില്ലാ പ്രസിഡന്റ് ഡോ വിനോദ് ജേക്കബ്, ആലപ്പുഴ ജില്ലാ മുൻ സെക്രട്ടറി ഡോ. രാജീവ് എസ് ആർ, ആലപ്പുഴ ജില്ലാ അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ ജ്യോതി ജി എന്നിവർ അന്തിമോപചാരം അർപ്പിച്ചു.

വിളിക്കാനും സമരത്തിനിറങ്ങാ
നും പഠിപ്പിച്ച പ്രസ്ഥാനത്തിന്റെ
അമരക്കാരൻ ആയിരുന്ന വി
എസ്. നിരവധി സമരങ്ങളിൽ
പോലീസ് അന്യായമായി പിടിച്ച്
കൊണ്ടുപോയ അധ്യാപകരെ സ്റ്റേ
ഷനിൽനിന്ന് ഇറക്കി കൊണ്ടുവന്ന
മനസ്സിൽനിന്ന് മായാത്ത ഒരു സമര
വീര്യമാണ് വി എസ്.

പ്രൈവറ്റ് കോളജ് അധ്യാപകർക്ക്
സർക്കാർ കോളജ് അധ്യാപകരു
മായി സേവന- വേതന പാരിറ്റിയു
ണ്ടാക്കാനും, എയ്ഡഡ് കോളജു
കൾക്ക് സർക്കാറിന്റെ ഗ്രാന്റ് - ഇൻ
- എയ്ഡ് ലഭ്യമാക്കാനും നമ്മുടെ
സംഘടന നടത്തിയ ഐതിഹാ
സികമായ സമരങ്ങൾ, നിരവധി
രക്തസാക്ഷിത്വങ്ങൾ, ... ഒട്ടുമേ
മരിക്കാത്ത സമര ചരിത്രങ്ങളാണ്
ഇവ. നാല്, അഞ്ച്, ആറ്, ഏഴ് യു
ജി സി ശമ്പള പരിഷ്കരണങ്ങൾ
കേരളത്തിൽ നടപ്പിലാക്കിയ ഇച്ഛാ
ശക്തിയുടെ ചുരുക്കപ്പേരാണ് ഇടത്
പക്ഷം. ആദ്യ രണ്ടെണ്ണം ഇ കെ
നായനാർ മുഖ്യമന്ത്രി ആയിരുന്ന
പ്പോൾ 1990 ലും 1999 ലും; തുടർന്ന്
വി എസ് അച്യുതാനന്ദൻ മുഖ്യമന്ത്രി
യായപ്പോൾ 2010 ൽ ; തുടർന്ന്
പിണറായി വിജയൻ ആദ്യ ടേമിൽ
മുഖ്യമന്ത്രിയായ 2019 ൽ. നിരവധി
ആയ മറ്റ് അവകാശ സമരങ്ങൾക്ക്
നാം ഇപ്പോഴും നേതൃത്വം നൽകുന്ന
തും ഈ അനുഭവങ്ങൾ നൽകുന്ന
ധൈര്യവുംപേറിയാണ്.

വിഴിഞ്ഞവും സ്മാർട്ട് സിറ്റിയും
മെട്രോയും പോലെയുള്ള വൻകിട
പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ
ശ്രമിച്ച അദ്ദേഹത്തിന്റെ ഭരണപാ
ടവവും സാധാരണക്കാരായ തൊഴി
ലാളികൾക്കൊപ്പം തോളോട്ടുതോൾ
ചേർന്ന് പ്രവർത്തിച്ച അനുഭവ
ത്തിന്റെ കരുത്തിൽനിന്നുണ്ടായതു
തന്നെയാണ്.

ഇനി ജനിക്കാൻ പോകുന്ന തല
മുറയോട് നമുക്ക് അന്തസ്സോടെ
പറയാം. ഞങ്ങൾക്ക് ഒരു കാലമു
ണ്ടായിരുന്നു - വി എസിന്റെ കാലം.
അക്കാലത്ത് ജീവിക്കാൻ കഴി
ഞ്ഞതാണ് നമ്മുടെ രാഷ്ട്രീയ ശരി
യെന്ന്; അതാണ് നമ്മുടെ കാലം
ചെയ്ത സുകൃതമെന്ന്. ജീവിച്ചിരുന്ന
കാലത്തൊക്കെയും രാഷ്ട്രീയം പറ
ഞ്ഞിരുന്ന ഒരു മനുഷ്യന്റെ മരണാ
നന്തരമുള്ള വിലാപയാത്ര നോക്കു...
കാണാൻ വന്നു നിൽക്കുന്നവരുടെ
പ്രായവും തരവുമല്ല, അവരൊക്കെ
വി എസിനെക്കുറിച്ച് ഓർത്തു
പറയുന്നതു പോലും രാഷ്ട്രീയമാണ്.
തൊണ്ട പൊട്ടുമാറുച്ചത്തിൽ മുദ്രാവാ
ക്യം വിളിച്ചുകൊടുത്ത കുഞ്ഞുമക്കൾ
തൊട്ട് ശാരീരിക അവശതകൾ മറ
ന്ന് പുഷ്പാലംകൃതമായ ചില്ലുകൂട്ടിൽ
ഉറങ്ങുന്ന വി എസിനോടൊപ്പം കി

ലോമീറ്ററുകൾ മുടന്തി മുടന്തി ഓടിയ പ്രായമേറിയവർ വരെ നീണ്ടതാണ് വി എസിന്റെ ജീവിതവും മരണവും.

പുന്നപ്ര - വയലാർ സമരവും സ്വാതന്ത്ര്യസമരചരിത്രവും കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രവും അടിയന്തിരാവസ്ഥക്കെതിരായ പോരാട്ടവും ഉൾപ്പെടെ എണ്ണിയാലൊടുങ്ങാത്ത സമരങ്ങൾ ചർച്ചയായിക്കൊണ്ട് ഒരു അന്ത്യയാത്ര...

നോക്കൂ, ഇതിലും മനോഹരമായി എങ്ങനെ ഒരു കമ്യൂണിസ്റ്റിന് അയാളുടെ അന്ത്യയാത്രയെ പോലും രാഷ്ട്രീയവൽക്കരിക്കാനാകും! അതാണ് വി എസ് ഉയർത്തിയ രാഷ്ട്രീയം. വി എസിന്റെ രാഷ്ട്രീയ പ്രസ്ഥാനം ഉയർത്തുന്ന മാനവികതയുടെ തെളിച്ചം.

വി എസ് അവസാനത്തെ കമ്മ്യൂണിസ്റ്റ് ആയി എന്നും ഇതോടെ കമ്മ്യൂണിസം ഇവിടെ ഇല്ലാതായി എന്നും പറയുന്നവർ മരണശേഷം വ്യക്തിയെ ഉയർത്തിക്കാട്ടി പ്രസ്ഥാനത്തെ താഴ്ത്തിക്കെട്ടാൻ വെമ്പൽ കൊള്ളുന്നവരാണ്. വി എസ് ജീവിച്ചിരിക്കുമ്പോൾ, നേതൃത്വത്തിലുള്ളപ്പോൾ അദ്ദേഹത്തെ തെല്ലൊന്ന് നല്ലത് പറയാൻ നന്നായി പിശുക്ക് കാട്ടിയവരാണ് ഈ പുതിയ അരാഷ്ട്രീയ വാദം പറയുന്നവർ എന്നത് മറ്റൊരു കാര്യം.

അങ്ങനെ പറയുന്നവർക്കും ഇതറിയാം - വി എസ് ഉയർത്തിയ ചെങ്കൊടി, വി എസിനെ ഉയർത്തിയ ചെങ്കൊടി, വി എസിനെ അവസാനമായി ഉടുപ്പിച്ച ചെങ്കൊടി ഇനിയും ഉയർന്ന് തന്നെ പറക്കുമെന്ന്. അത് താഴ്ത്തിക്കെട്ടാൻ ആരൊക്കെ എന്നൊക്കെ ശ്രമിച്ചിട്ടുണ്ടോ, അവർക്കു മേലെ അത് വീണ്ടും ഉയരെ ഉയരെ പറക്കുമെന്ന്.
വി എസ് വിളിച്ച മുദ്രാവാക്യങ്ങൾ, വി എസിനു വേണ്ടി വിളിച്ച മുദ്രാവാക്യങ്ങൾ അത് പടരും നാടാകെയെന്ന്. അതില്ലാതെ നാടും വീടും നമ്മളും നമ്മളീ കാണുന്നതൊന്നുമേയിനി ഉണ്ടാവില്ലെന്ന്.

പ്രിയ സഖാവെ, വിട!

കണ്ണേ കരളേ വി എസ്സേ...
ഞങ്ങടെ നെഞ്ചിലെ റോസാപ്പൂവേ... ■



കവിത
വിദ്യാർത്ഥി
വിഭാഗം
(ഒന്നാം
സ്ഥാനം)

ജുനൈദ് വരന്തരപ്പിള്ളി
എം.സി.ടി. കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്

# കാൻസർ വാർഡ്

ചോര കുടിക്കുന്ന കട്ടുറുമ്പുകൾക്ക്
ഹൃദയത്തോളം വലുപ്പത്തിൽ
വീട് നിവർത്തി
കാൻസർ വാർഡിലെ
പതിനാലാം ബെഡിൽ
അവർ നിവർന്നുകിടന്നു.
വേദനയുടെ പെരുക്കങ്ങൾ
വിഴുങ്ങിയ നിശ്വാസങ്ങൾ
നിഴലുകളുടെ അളവിൽ
അവരെ പറ്റിനിന്നു.
കാണുമ്പോഴെല്ലാം
വാടിത്തൂങ്ങിയ കവിളുകൾ
വീർപ്പിച്ചു തരും.
നുണക്കുഴി നിറയെ ഉപ്പുവെള്ളമെന്ന്
നനച്ചു കാണിക്കും.

അരിച്ചുവരുന്ന വേദനയുടെ
ധൂളികൾ
കണങ്കാലിലിറുക്കുമ്പോൾ
ഉറുമ്പരിക്കുന്നെന്ന് അവർ
ഉള്ളംകൈകൾ തിരുമ്മും.
അരഞ്ഞുതീർന്ന പുളിയുറുമ്പുകൾ
മൂക്കിലേക്കിഴഞ്ഞുവരും.
ശവങ്ങളുടെ നാറ്റം!

വെയിലുകൾ വരുന്നു,
വെളിച്ചം വറ്റുമ്പോൾ
ഇറങ്ങിപ്പോകുന്നു.
ഞെരുക്കിപ്പിടിക്കാൻ വേദനകൾ
തികയാതെ വരുമ്പോൾ,
ജീവിതത്തിന് അടിവരയിട്ട്
ഇറങ്ങിപ്പോകുന്ന മനുഷ്യർ.

“He sent out his word and healed them;
He rescued them from the grave..”
– Psalm 107:20

ചില്ലുകൂട്ടിലിരുന്ന ദൈവം
ചുമരിലേക്ക് ഇറങ്ങിനിന്നു.
ഒഴിഞ്ഞുപോയ ബെഡുകളിൽ
മരണത്തിന്റെ നിഴലുകൾ
വിയർത്തു നാറി.
ഒരു കട്ടുറുമ്പ് സന്തോഷത്താൽ,
അവരുടെ മൂക്കിൻതുമ്പിൽ
ഉമ്മ വയ്ക്കുന്നു.
കണ്ണിൽ, നെറ്റിയിൽ, കവിളിൽ
നിറയെ, നിറയെ കട്ടുറുമ്പുകൾ.

വെളിച്ചമൊട്ടുമില്ലാത്ത
ഒരു പകലിൽ,
ജനൽപ്പഴുതിലൂടെ അരിച്ചറങ്ങിയ
നിലാവുകളുടെ വെളിച്ചത്തിൽ,
അവരെയും ദൈവം സുഖപ്പെടുത്തിയി
രിക്കുന്നു.
ചിതൽപ്പുറ്റുകളിലേക്കുള്ള
വഴിയന്വേഷിച്ചിറങ്ങുന്നു,
കട്ടുറുമ്പുകൾ.
ചുമരിൽ,
ദൈവം തനിച്ചിരിക്കുന്നു.
വേദനകൾക്ക് കാവലിരിക്കുന്നു. ■

ഡോ. പ്രദീപ്കുമാർ കെ.
ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ്, വടക്കാഞ്ചേരി

# ഗൂഗി വാ തിയോൻഗോയുടെ എഴുത്തും പോരാട്ടവും

"കല നേരിനു നേരെ പിടിച്ച കണ്ണാടിയല്ല, മറിച്ച് അതിനെ രൂപപ്പെടുത്തുന്ന ചുറ്റികയാണ് "

ഇക്കഴിഞ്ഞ മെയ് 28ന് അമേരിക്കയിലെ ജോർജിയിൽ അന്തരിച്ച കെനിയൻ നോവലിസ്റ്റും നാടകകൃത്തും കവിയും ബാലസാഹിത്യകാരനും വിമർശകനുമായ ഗൂഗീ വാ തിയോൻഗോയുടെ(87) ഈ വാക്കുകൾ അദ്ദേഹത്തിന്റെ എഴുത്തുജീവിതത്തെ ആകെ സംഗ്രഹിക്കുന്നതാണ് .

കോളനിയനന്തര ആഫ്രിക്കയിലെ പ്രതിഭാശാലികളായ എഴുത്തുകാരിൽ പ്രഥമഗണനീയനായി കണക്കാക്കപ്പെടുന്ന ഗൂഗീയുടെ എഴുത്തും ജീവിതവും ഒരുപോലെ സർവ്വാധിപത്യത്തിനും ചൂഷണത്തിനും എതിരായ ഉജ്ജ്വലമായ ചെറുത്തുനിൽപ്പായിരുന്നു. ആറു പതിറ്റാണ്ട് നീണ്ടുനിന്ന തന്റെ എഴുത്തുജീവിതത്തിൽ ഉടനീളം ആഫ്രിക്കയുടെ അധിനിവേശാനുഭവങ്ങളെയും നവസാമ്രാജ്യത്വത്തെയും സാംസ്കാരിക അധിനിവേശത്തെയും സംബന്ധിച്ച് ജാഗ്രതയും ഉത്കണ്ഠയും പുലർത്തിയ ഗൂഗീ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രഭാവശാലിയായ ആഫ്രിക്കൻ എഴുത്തുകാരനായി മാറി. ഭാഷ സാംസ്കാരികാധിനിവേശത്തിന്റെ ഒരു ഉപോൽപ്പന്നമോ ഉപകരണമോ അല്ല എന്നും അധിനിവേശകൻ തന്നെയാണെന്നും അദ്ദേഹം വിശ്വസിച്ചു. ജെയിംസ് ഗൂഗീ എന്ന, കോളനിവാഴ്ചയുടെ ഭാരം പേറുന്ന സ്വന്തം പേര് ഗികുയു (കിക്കുയു) ഭാഷയിലെ ഗൂഗീ വാ തിയോൻഗോ ( തിയോൻഗോ യുടെ മകൻ ഗൂഗീ) എന്നാക്കി മാറ്റി.1970 കളിൽ ഇംഗ്ലീഷിൽ നിന്നും ഗികുയുവിലേക്ക് തന്റെ എഴുത്തുഭാഷ മാറ്റിയതിന്റെ കാരണവും മറ്റൊന്നല്ല. അതിന്റെ ഭാഗമായി തന്റെ എഴുത്തിന്റെ വ്യാപ്തിയും പ്രശസ്തിയും കുറയുമെന്ന ഭയം അദ്ദേഹത്തെ ഒട്ടും ചഞ്ചലപ്പെടുത്തിയില്ല.

Weep not, Child(1964) എന്ന ആദ്യ നോവലിൽ തന്നെ ഗൂഗീയുടെ അതിശക്തമായ കൊളോണിയൽ വിരുദ്ധ രാഷ്ട്രീയനിലപാട് പ്രകടമായിരുന്നു. കെനിയയിൽ 1952 ൽ തുടങ്ങി 1960 ഓടെ അവസാനിച്ച പ്രസിദ്ധമായ മൗ മൗ സായുധവിപ്ലവത്തിന്റെ പശ്ചാത്തലത്തിലാണ് ഈ നോവൽ വികസിക്കുന്നത്. ഗികുയു



**കേവലമായ സ്വത്വവാദത്തിനപ്പുറം ആഫ്രിക്കൻ അവസ്ഥയെ വർഗ്ഗസമരത്തിന്റെയും സാമ്രാജ്യത്വ ചൂഷണത്തിന്റെയുംപ്രശ്നമേഖലയായി കാണുകയും സൗന്ദര്യശാസ്ത്രപരമായ ചെറുത്തുനിൽപ്പ് ആവിഷ്കരിക്കുകയും ചെയ്ത ഗൂഗീ വാ തിയോൻഗോ വിട പറയുമ്പോൾ കോളനിയനന്തര ലോക സാഹിത്യത്തിൽ ഒരു യുഗം അസ്തമിക്കുകയാണ്.**

ഗോത്രത്തിൽ ജനിച്ച ൻജോർജ് എന്ന ആഫ്രിക്കൻ ആൺകുട്ടിയുടെ സ്വപ്നങ്ങളെ കൊടിയ ദാരിദ്ര്യവും ഇംഗ്ലീഷുകാരുടെ ഭൂചോരണവും രക്തപങ്കിലമായ വിപ്ലവത്തെ തുടർന്ന് ഭരണകൂടം അവലംബിച്ച അതിക്രൂരമായ അടിച്ചമർത്തലും തകർത്തുകളയുന്നതെങ്ങനെയെന്ന് ഈ നോവലിൽ വായിക്കാം. കെനിയൻ ഗോത്രജനതയുടെ ഭൂമി കയ്യടക്കി അവരെ ദാരിദ്ര്യത്തിലേക്കും നിർബന്ധിത കൂലിവേലയിലേക്കും തള്ളിവിട്ട ബ്രിട്ടീഷുകാർക്കെതിരെ നടന്ന ഈ സായുധവിപ്ലവം തന്നെയാണ് ഗൂഗീയുടെ A Grain of Wheat(1967) എന്ന ശ്രദ്ധേയമായ നോവലിന്റെയും സജീവപശ്ചാത്തലം. ഈ നോവലോടെ ഉള്ളടക്കത്തോടുള്ള സമീപനത്തിലും സാഹിത്യഗുണത്തിലും ഗൂഗീയുടെ കല കൂടുതൽ പക്വത ആർജിക്കുന്നതായി കാണാം. ആഫ്രിക്കൻ സാംസ്കാരിക പാരമ്പര്യം കൂടി പങ്കുവെക്കുന്ന കരീബിയൻ എഴുത്തുകാരൻ ഡെറെക്ക് വാൾക്കോട്ട് മൗ മൗ വിപ്ലവത്തെ സന്ദേഹത്തോടെ സമീപിച്ചപ്പോൾ (A Far Cry from Africa എന്ന കവിത, 1962) ഗൂഗീയാണ് അതിനെ ആദ്യമായി സ്വാതന്ത്ര്യ സമരം എന്ന് വിശേഷിപ്പിച്ചത്. അരനൂറ്റാണ്ടിനുശേഷം ലോകമാകെ അത് അംഗീകരിക്കുന്ന സ്ഥിതിയുണ്ടായി.

The River Between (1965) എന്ന നോവൽ ഒരു പ്രേമബന്ധത്തിന്റ പശ്ചാത്തലത്തിൽ പടിഞ്ഞാറൻ സംസ്കാരവും വിദ്യാഭ്യാസവും ആഫ്രിക്കൻ ജനതയെ ഒരുമിപ്പിക്കുകയല്ല കൂടുതൽ ഭിന്നിപ്പിക്കുകയാണ് എന്ന തിരിച്ചറിവിനെ മുന്നോട്ടുവയ്ക്കുന്നു.

കൊളോണിയൽ ചൂഷണത്തിനെതിരായ വിട്ടുവീഴ്ചകളില്ലാത്ത നിലപാടും ആഫ്രിക്കൻ ദേശീയതയോടും സംസ്കാരത്തോടുമുള്ള പ്രതിബദ്ധതയും ഗൂഗീയുടെ സവിശേഷമായ രാഷ്ട്രീയദർശനത്തിന്റെ പ്രധാന വശങ്ങളാണ്. 1963ൽ കൊളോണിയൽ നുകത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയ കെനിയയുടെ രാഷ്ട്രീയ അധികാരം ചെന്നു പതിച്ചത് തദ്ദേശീയരായ നവകൊളോണിയൽ രാഷ്ട്രീയശക്തികളുടെ കരങ്ങളിലായിരുന്നു. പുതിയ ഭരണാധികാരികൾ ബ്രിട്ടീഷുകാരുടെ ചൂഷണവും അടിച്ചമർത്തലും നിർബാധം തുടർന്നതോടെ ജനതയുടെ സ്വാതന്ത്ര്യ സ്വപ്നം തകർന്നു പോയതായി ഗൂഗീ തിരിച്ചറിഞ്ഞു.

ഇതിന്റെ ഫലമാണ് അദ്ദേഹത്തിന്റെ എക്കാലത്തെയും പ്രസിദ്ധമായ I will Marry when I Want (1977) എന്ന നാടകം. കെനിയൻ നാടകകൃത്തും രാഷ്ട്രീയ പ്രവർത്തകനുമായ ഗൂഗീ വാ മീരിയുമായി ചേർന്നെഴുതിയ ഈ നാടകം കർഷകരും തൊഴിലാളികളും കെനിയയിൽ എമ്പാടും അവതരിപ്പിച്ചു. കെ. ദാമോദരന്റെ പാട്ടബാക്കി പോലെ സാമൂഹ്യ



മാറ്റത്തിനുള്ള ചാലകശക്തിയായി മാറിയ ഈ നാടകത്തോടെ ഗൂഗീ യുടെ രാഷ്ട്രീയദർശനത്തിലും ലാ വണ്യദർശനത്തിലും വലിയ മാറ്റം സംഭവിക്കുകയായിരുന്നു. സാഹി ത്യത്തിന്റെ വെള്ളിവെളിച്ചത്തിൽ നിന്നും തിളച്ചുമറിയുന്ന ആഫ്രിക്കൻ രാഷ്ട്രീയത്തിന്റെ പകൽ ചൂടിലേക്ക് അദ്ദേഹം നടന്നിറങ്ങി. കുട്ടായി മാർ ക്സിസ്റ്റ് രാഷ്ട്രീയദർശനവും സാഹി ത്യവിമർശനവും. ഇക്കാലത്ത് എഴു തിയ Petals of Blood (1977) എന്ന നോവലിൽ നവകൊളോണിയൽ ദുർഭരണത്തിനെതിരായ ജനകീയ വിചാരണ അരങ്ങേറുന്നുണ്ട്. സ്വാ തന്ത്ര്യാനന്തരം അധികാരത്തിൽ വന്ന കോംപ്രദോർ ബൂർഷ്വാ ഭരണ വർഗ്ഗം ജനതയെ സാമൂഹികമായും സാമ്പത്തികമായും കൊടിയ ചൂഷ ണത്തിനിരയാക്കുന്നതിനെതിരായ അതിശക്തമായ സന്ദേശമാണ് ഈ നോവലിലും കാണുന്നത്. അദ്ദേഹ ത്തിന്റെ കൃതികളുടെ ജനകീയ സ്വീ കാരവും അവയുയർത്തിയ രാഷ്ട്രീയ മുദ്രാവാക്യങ്ങളും ഭരണാധികാരത്തെ വിറളിപിടിപ്പിച്ചതിന്റെ ഫലമായി ഗൂഗീയെ വിചാരണ ചെയ്യാതെ ജയിലിലടച്ചു. അക്കാലത്തെഴുതിയ A Writer's Prison Diary(1981) യും ജയിലിൽ നിന്നിറങ്ങി സ്വയം വരിച്ച പ്രവാസത്തിനിടെ രചി ച്ച നോവലുകളും (Devil on the Cross-1980; Matigari-1986) മറ്റ് എഴു ത്തുരൂപങ്ങളും ഗൂഗീ അഴിമതിയിലും ചൂഷണത്തിലുമാണ്ട ആഫ്രിക്കൻ ഭരണവർഗ്ഗത്തിനും നവലിബറൽ മുതലാളിത്തത്തിനും എതിരായ സമരായുധങ്ങളാക്കി. Devil on the Cross ൽ എത്തുമ്പോൾ ഗൂഗീ രചനാ തന്ത്രത്തിലും അസാധാരണമായ കൗശലമാർജിക്കുന്നുണ്ട്. മുതലാളി ത്തത്തിന്റെയും മതത്തിന്റെയും ചൂഷ ണങ്ങളെ അന്യാപദേശ കഥാരീതി യിലാണ് ഇതിൽ അവതരിപ്പിക്കുന്ന ത്. 1982 ൽ രചിച്ച Mother,Sing for Me എന്ന നാടകം അരങ്ങേറുന്നതി നു മുൻപ് തന്നെ നിരോധിക്കപ്പെട്ടു. ജയിൽ മോചിതനായതിനുശേഷം ഭരണകൂടം അദ്ദേഹത്തെ അധ്യാപന വൃത്തിയിൽ നിന്ന് വിലക്കുകയും നിരന്തരമായ നിരീക്ഷണത്തിലാ ക്കുകയും ചെയ്തു. ഏത് നിമിഷവും ഭരണകൂടത്തിന്റെ പിണിയാളുക ളാൽ വധിക്കപ്പെട്ടേക്കാം എന്ന അവസ്ഥ സംജാതമായപ്പോൾ അദ്ദേ ഹം നാടുവിടുകയാണ് ഉണ്ടായത്. എന്നിട്ടും ഭരണകൂടം അദ്ദേഹത്തെ വേട്ടയാടിയ നിരവധി സംഭവങ്ങൾ ഉണ്ടായി. വോലെ ഷോയിൻകയെ യും സൽമൻ റഷ്ദിയെയും പോലെ അദ്ദേഹത്തിന് നേരെയും കയ്യേറ്റ ശ്രമങ്ങളും വധശ്രമങ്ങളും ഉണ്ടായി. ദീർഘകാലത്തെ പ്രവാസത്തിനു ശേഷം 2004 ൽ തിരിച്ചെത്തിയ ഗൂഗീയും ഭാര്യയും ക്രൂരമായ കയ്യേറ്റ ത്തിന് ഇരയായി. ഇത് രാഷ്ട്രീയ പ്രേരിതമാണെന്ന് വ്യക്തമായിട്ടും നടപടികളൊന്നും ഉണ്ടായില്ല. എന്നാൽ ഒന്നിലും പതറാതെ തന്റെ നിലപാടുകളും ബോധ്യങ്ങളുമായി നിർഭീതം മുന്നോട്ടുപോകുകയാണ് ഗൂഗീ ചെയ്തത്.

തന്റെ സുദീർഘമായ Wizard of the Crow (2003) എന്ന നോവലി ലടക്കം പിൽക്കാല കൃതികളിൽ രാഷ്ട്രീയ വിമർശനത്തിന്റേതായ ഉള്ളടക്കത്തോടൊപ്പം അതിനു ചേരുന്ന ഭാഷയും രചനതന്ത്രവും ആവിഷ്കരിച്ചുകൊണ്ട് അദ്ദേഹം തന്റെ സൃഷ്ട്യുൻമുഖതയെ വിപുലീ കരിച്ചു. നോവലുകൾ നാടകങ്ങൾ കഥകൾ ബാലസാഹിത്യ രചനകൾ ഓർമ്മക്കുറിപ്പുകൾ എന്നിവയ്ക്ക് പുറമേ സാഹിത്യവിമർശനം സാം സ്കാരികവിമർശനം രാഷ്ട്രീയം എന്നീ മേഖലകളിലെ നിരവധി ലേഖന ങ്ങളും,നെയ്റോബി യൂണിവേഴ്സിറ്റി കോളേജിലും യൂണിവേഴ്സിറ്റി ഓഫ് നെയ്റോബിയിലും ഇല്ലിനോയിസി ലെ നോർത്ത് വെസ്റ്റേൺ യൂണിവേ ഴ്സിറ്റിയിലും സാഹിത്യാധ്യാപകനാ യിരുന്നകാലത്തെ പ്രഭാഷണങ്ങളും സമാഹരിക്കപ്പെട്ടിട്ടുണ്ട്.

ഭാഷാപരമായ കോളനിവൽക്കര ണത്തെ സംബന്ധിച്ച് സൈദ്ധാ ന്തികവും രാഷ്ട്രീയവുമായ എതിർപ്പ് നിലനിർത്തിക്കൊണ്ടുതന്നെ പിൽ ക്കാലത്ത് തന്റെ ചില നോവലുകൾ അദ്ദേഹം ഇംഗ്ലീഷിലേക്ക് മൊഴി മാറ്റിയിട്ടുണ്ട്. യൂറോപ്യൻ കോളനി വൽക്കരണത്തിന്റെയും ആധുനിക മുതലാളിത്തത്തിന്റെയും ശക്തനായ വിമർശകനും മാർക്സിസ്റ്റും ആയതു കൊണ്ടാകാം ചിമ്വാ അചേബേയെ യും ബെർതോൾട് ബ്രഹ്തിനെയും പോലെ ഗൂഗീക്കും നോബേൽ സമ്മാ നം കിട്ടുകയുണ്ടായില്ല. അദ്ദേഹം നോബേൽ സമ്മാനിതനാകുമെന്ന പ്രതീക്ഷ സാഹിത്യലോകം നിരവ ധി വർഷങ്ങളിൽപുലർത്തിയിരുന്നു. നോബൽ സമ്മാനിതരും അല്ലാ ത്തവരുമായ ആഫ്രിക്കൻ എഴുത്തു കാർക്കെല്ലാം സമശീർഷനായ ഗൂഗീ യുടെ കൃതികൾ നിന്ദിതർക്കും പീ ഡിതർക്കുമൊപ്പം നിലകൊണ്ടു.

കേവലമായ സ്വത്വവാദത്തിനപ്പുറം ആഫ്രിക്കൻ അവസ്ഥയെ വർഗ്ഗസ മരത്തിന്റെയും സാമ്രാജ്യത്വ ചൂഷ ണത്തിന്റെയും പ്രശ്നമേഖലയായി കാണുകയും സൗന്ദര്യശാസ്ത്രപരമായ ചെറുത്തുനിൽപ്പ് ആവിഷ്കരിക്കുക യും ചെയ്ത ഗൂഗീ വാ തിയോൻഗോ വിടപറയുമ്പോൾ കോളനിഅന ന്തര ലോകസാഹിത്യത്തിൽ ഒരു യുഗം അസ്തമിക്കുകയാണ്. ■

ഉപന്യാസം വിദ്യാർത്ഥി വിഭാഗം ഒന്നാം സ്ഥാനം

■ കൃഷ്ണ എ.വി.
എൻ.എസ്.എസ്. ട്രെയിനിങ്ങ് കോളേജ്, ഒറ്റപ്പാലം

# അംബേദ്കറിസം: ഭരണഘടനാമൂല്യങ്ങൾ വർത്തമാനകാല ഇന്ത്യയുടെ ഭാവി നിർണയിക്കുമ്പോൾ!

ഭരണഘടന ദുരുപയോഗം ചെയ്യുന്നതുകണ്ടാൽ ആദ്യമത് കത്തിക്കുന്നത് ഞാനായിരിക്കും എന്നൊക്കെ പ്രഖ്യാപിച്ചത് ഭരണഘടനയുടെ ശില്പിയായ ഡോ. ബി. ആർ. അംബേദ്കറാണ്. ഇന്ന് പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായ ഇന്ത്യ, ജാതികേന്ദ്രീകൃത സമൂഹത്തിൽ നിന്നും വിമോചനം നേടിയതോത് മാറ്റിനിർത്തിയാൽ അതിൽ അംബേദ്കറിസത്തിന്റെ സ്വാധീനം വളരെ പ്രധാനമാണ്. ഈ ഇസത്തിന്റെ അനന്തരഫലമാണ് പല സുപ്രധാന വിധിന്യായങ്ങളിലും ആധുനിക ഇന്ത്യ ഭരണഘടനാധാർമ്മികതയ്ക്ക് പ്രാധാന്യം കൊടുക്കുന്നത്. ഭരണഘടനാമൂല്യങ്ങളാവട്ടെ ഈ ധാർമ്മികതയുടെ അടിസ്ഥാനവും.

ഭരണഘടനാമൂല്യങ്ങളും വർത്തമാനകാല ഇന്ത്യയും പരിശോധിക്കുമ്പോൾ വ്യക്തിഗത-സാമൂഹിക തലങ്ങൾ പരിശോധിക്കേണ്ടതുണ്ട്. പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം, റിപ്പബ്ലിക്, നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, വ്യക്തിയുടെ അന്തസ്സ്, രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും, അന്താരാഷ്ട്ര സമാധാനവും സുരക്ഷയും തുടങ്ങിയ വിഷയങ്ങൾ വ്യത്യസ്തതലങ്ങളിൽ വീക്ഷിക്കേണ്ടതുണ്ട്.

ഭരണഘടനാമൂല്യമായ പരമാധികാരം, അന്താരാഷ്ട്രസമാധാനവും സുരക്ഷയുമായി കൂട്ടിച്ചേർത്തു വായിക്കാവുന്നതാണ്. പരമാധികാരമെന്നത് ബാഹ്യസ്രോതസ്സുകളിൽ നിന്നും ഒരു ഇടപെടലും കൂടാതെയുള്ള ഭരണസമിതിയുടെ പൂർണ്ണാവകാശവും അധികാരവുമാണ്. എന്നിരുന്നാലും അന്താരാഷ്ട്രതലത്തിൽ മറ്റു രാജ്യങ്ങളിൽ നിന്നും ഒറ്റപ്പെട്ടുകൊണ്ട് പരമാധികാരം പ്രായോഗികമാക്കുക സാധ്യമല്ല. ഇത്തരത്തിൽ പരമാധികാരം നിഷ്കർഷിക്കുന്നത്

ക്രമസമാധാന പ്രശ്നങ്ങൾക്ക് വഴിതെളിക്കും. ഇന്റർനാഷണൽ കമ്മീഷൻ ഓൺ ഇന്റർവെൻഷൻ ആന്റ് സ്റ്റേറ്റ് പരമാധികാരം അനുസരിച്ച്, ദേശീയ രാഷ്ട്രീയ അധികാരികൾ ആഭ്യന്തരമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോഴും യു.എൻ. മുഖേന അന്താരാഷ്ട്ര വിഷയങ്ങളിൽ ഏർപ്പെടുമ്പോഴും പരമാധികാരത്തിന്റെ ചട്ടക്കൂട് നിർണ്ണയിക്കേണ്ടതുണ്ട്. പരമാധികാരമെന്നത് അനിയന്ത്രിതമെന്നതിനു തുല്യമല്ലെന്നു സാരം. ഈ ആശയം കൂടുതൽ മികവുറ്റതാക്കുന്നതാണ് ആർട്ടിക്കിൾ 51 (സി) - അന്താരാഷ്ട്ര നിയമത്തോടുള്ള ആദരവ്. 2019-ൽ യു.എൻ. മനുഷ്യാവകാശ ഹൈക്കമ്മീഷണർ പൗരത്വ ഭേദഗതി നിയമത്തിന്റെ (CAA) ഭരണഘടനാസാധുത ചോദ്യം ചെയ്യുന്ന ഹരജിയിൽ അമിക്കസ് ക്യൂറിയായി ഇടപെടാൻ അപേക്ഷ സമർപ്പിച്ചത് ഇതിന് തെളിവാണ്. ഇതിന്റെ ദൂഷ്യവശങ്ങളെന്നോണം, പലവിധ ആഭ്യന്തര കലാപങ്ങളും വെല്ലുവിളികളും നിലകൊള്ളുന്നു. വികസന സൂചികകൾ, വോട്ടർമാരുടെ എണ്ണം എന്നിവ രാഷ്ട്രീയ-സാമ്പത്തിക-സമ്പദ്ഘടനാവ്യവസ്ഥയിലെ മാറ്റത്തിനെ സൂചിപ്പിക്കുന്നു.

**പ്രത്യയശാസ്ത്രപരമായ വിഭജനം, മാധ്യമസ്വാധീനം, സാമൂഹിക അനുരൂപത എന്നിവ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു. ഡിജിറ്റൽ ലോകത്തെ അതിപ്രസരണം, സ്വാതന്ത്ര്യത്തോടൊപ്പം വ്യക്തിയുടെ അന്തസ്സിനെയും സ്വാധീനിക്കുന്ന ഘടകമാവുന്നു. ഭാഷ, വേഷം, വിശ്വാസം എന്നിവയിലെ സ്വാതന്ത്ര്യവും അഭിരുചി തേടിയുള്ള പലവിധ കുടിയേറ്റങ്ങളും എങ്ങനെ സ്വാതന്ത്ര്യത്തെ തങ്ങൾക്കുതകുന്ന തരത്തിൽ നിർവ്വചിക്കുമെന്നത് പരിശോധിക്കേണ്ട പ്രമേയമാണ്.**

ഉയർന്ന-താഴ്ന്ന എന്ന വേർതിരിവില്ലാത്ത സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ തുല്യത ഉറപ്പാക്കുക എന്നതാണ് മഹാത്മാഗാന്ധി സോഷ്യലിസം കൊണ്ട് നിർവ്വചിക്കുന്നത്. കമ്പോളത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ചരക്കുകളുടെ ഉൽപാദനമാണിത്. അതുകൊണ്ടുതന്നെയാവണം സോഷ്യലിസത്തെ സാമൂഹിക പുനർനിർമ്മാണ വ്യവസ്ഥ എന്നു സങ്കല്പിക്കുന്നതും. സാമൂഹ്യവൽക്കരണ പ്രക്രിയയിലൂടെ സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തെ പുനഃസംഘടിപ്പിക്കുമ്പോൾ, ഉൽപ്പാദനോപാധികൾ, ഉടമസ്ഥാവകാശം, മൂലധനം എന്നിവ വ്യത്യസ്ത പ്രമേയങ്ങളായി വരുന്നു. 1976-ലെ 42-ാം ഭരണഘടനാഭേദഗതിപ്രകാരമാണ് സോഷ്യലിസമെന്ന ആശയം ഉൾപ്പെടുത്തുന്നത്. ഇതിനൊപ്പം തന്നെയാണ് മതേതരത്വവും കൂട്ടിച്ചേർക്കുന്നത്. അനിയന്ത്രിതമായ കാപ്പിറ്റലിസം, കോർപ്പറേറ്റുകളുടെ സ്വാധീനം, അചാക്രികമായ മൂലധന സ്രോതസ്സുകൾ എന്നിവ സോഷ്യലിസത്തിന്റെ വർദ്ധിച്ചുവരുന്ന ആശങ്കകളാണ്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ആഗോളവൽക്കരണം, നിയോലിബറലിസം എന്നീ ആശയങ്ങളും ഇതിനെ സ്വാധീനിക്കുന്നു.

സമത്വമെന്നത് അസമത്വമില്ലാ






യ്മയാണ്. വരുമാന അസമത്വം, സാമൂഹിക അസമത്വം എന്നിവ അളക്കുന്ന ജിനി സൂചിക ഉയർന്നുവരുന്നുണ്ടെന്നത് തെളിവിനോടൊപ്പം ആശങ്കയുണർത്തുന്ന വസ്തുതയാണ്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, 2005 (MGNREGA), പൊതുവിതരണ സമ്പ്രദായം (PDS) എന്നിവ സോഷ്യലിസ്റ്റ് തത്വങ്ങളുടെ പ്രതിഫലനമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനവും സമത്വത്തിലേക്കുള്ള ലക്ഷ്യപ്രമേയങ്ങളിലൊന്നാവുന്നു. UNDP-യുടെ 2022-ലെ ലിംഗഅസമത്വ സൂചിക പ്രകാരം (GII) 193 രാജ്യങ്ങളിൽ 0.437 സ്കോറുമായി ഇന്ത്യ 108-ാം സ്ഥാനത്താണ്. സ്കിൽ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ തുടങ്ങിയ സർക്കാർ സംരംഭങ്ങൾ ഓരോ പൗരനും രാജ്യത്തിന്റെ പുരോഗതിയിൽ ഭാഗമാകാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.

സോഷ്യലിസത്തെ സാമൂഹിക-രാഷ്ട്രീയ സ്ഥാപനങ്ങളുടെ പ്രായോഗിക ആശയങ്ങളിൽ നിന്നു വിഭിന്നമായി സാഹോദര്യം, സമത്വം, നീതി, സ്വാതന്ത്ര്യം എന്നീ സവിശേഷത തത്വങ്ങളിലൂടെയും പരിശോധിക്കാമെന്നത് ഭരണഘടനാമൂല്യങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തെ സാധൂകരിക്കുന്നു. ആർട്ടിക്കിൾ 51 എ (ഇ) പൊതുവേ ഓരോ പൗരന്റെയും കടമയെ സൂചിപ്പിക്കുന്നു.  ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കുമിടയിൽ ഐക്യവും പൊതുസാഹോദര്യവും പ്രോത്സാഹിപ്പിക്കുക എന്നതിൽ ആഭ്യന്തര വെല്ലുവിളികളും, രാഷ്ട്രീയ മത്സരങ്ങളും ഉൾപ്പെടുന്നു.

പ്രത്യയശാസ്ത്രപരമായ വിഭജനം, മാധ്യമ സ്വാധീനം, സാമൂഹിക അനുരൂപത എന്നിവ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു. ഡിജിറ്റൽ ലോകത്തെ അതിപ്രസരണം, സ്വാതന്ത്ര്യത്തോടൊപ്പം വ്യക്തിയുടെ അന്തസ്സിനെയും സ്വാധീനിക്കുന്ന ഘടകമാവുന്നു. ഭാഷ, വേഷം, വിശ്വാസം എന്നിവയിലെ സ്വാതന്ത്ര്യവും അഭിരുചി തേടിയുള്ള പലവിധ കുടിയേറ്റങ്ങളും എങ്ങനെ സ്വാതന്ത്ര്യത്തെ തങ്ങൾക്കുതകുന്ന തരത്തിൽ നിർവ്വചിക്കുമെന്നത് പരിശോധിക്കേണ്ട പ്രമേയമാണ്. ഇത് ഒരുതരത്തിൽ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ഹനിക്കുന്നില്ലേ? പലവിധ ആഭ്യന്തര പ്രശ്നങ്ങളുടെയും ഉറവിടമാകുന്നുമില്ലേ? ഈ അവസ്ഥയിൽ നിന്നും അന്താരാഷ്ട്ര സമാധാനവും സുരക്ഷയും ഉറപ്പാക്കുക എന്നത് ഒരു 'ഉട്ടോപ്യൻ' സങ്കല്പം മാത്രമായി ഒതുങ്ങിയാൽപ്പോലും ഒട്ടും തന്നെ സങ്കോചിക്കേണ്ട കാര്യമില്ല.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം 'ധർമ്മനിരപേക്ഷതയാണ് മുഖമുദ്ര. മതത്തോടുള്ള ഭരണകൂടത്തിന്റെ നിസ്സംഗത. മതങ്ങളുടെ സമന്വയം ശരിവെക്കുന്ന 'സർവ്വ ധർമ്മ സംഭവ'മെന്ന ആശയവും, 'പോസിറ്റീവ് സെക്യുലറിസം' എന്ന നൂതന ആശയവും ഇവിടെ പ്രകീർത്തിക്കേണ്ടതുണ്ട്. എന്നിരുന്നാലും അറവുശാലകളുടെ നിർബന്ധിത അടച്ചുപൂട്ടൽ, ലവ് ജിഹാദിനെതിരായ പ്രചാരണങ്ങൾ, ഘർ-വാപ്സി തുടങ്ങിയ പരിവർത്തനങ്ങൾ, ആചാരമേൽക്കോയ്മ എന്നിവ സൃഷ്ടിക്കുന്ന സാമൂഹിക ജീർണ്ണത സങ്കല്പങ്ങൾക്കുമതീതമാണ്. ഋഗ്വേദത്തിലും 'ഏകം സദ് വിപ്രാഃ ബഹുധാ വദന്തി' എന്ന ആശയം തലയെടുപ്പോടെ രേഖപ്പെടുത്തിയിരിക്കുന്നു. 'താങ്ങാവാൻ' കഴിയുന്ന എല്ലാ മേഖലകളിലും അത് സാധ്യമാക്കുക എന്നതാണ് മൂല്യവത്തായ വ്യക്തികൾക്കും സമൂഹത്തിനും ഒന്നായിത്തന്നെ ഉതകുന്നത്.

വർത്തമാനകാല ഇന്ത്യയെക്കുറിച്ച് ഒരു ഉൾക്കാഴ്ച ലഭിക്കുക എന്നതാണ് പ്രധാനം. തോട്ട്-പ്രോസസ്സ് - റീ - എൻജിനീയറിങ്ങ് അഥവാ ചിന്താധാരാ പുനഃക്രമീകരണം പോലെ നിലനിൽക്കുന്ന സാഹചര്യങ്ങളിലെ, സാമൂഹിക അന്തരീക്ഷത്തിലെ പുഴുക്കുത്തുകളെ പക്വതയോടെ കൈകാര്യം ചെയ്യുക എന്നതാണ് വൈജ്ഞാനിക കേന്ദ്രീകൃത ഇന്ത്യയിലെ ഓരോ പൗരനും സമൂഹത്തിന് മൊത്തമായും ഉറപ്പുവരുത്താൻ കഴിയുക. 'ഇന്ത്യയിലെ ജനങ്ങളായ നാം' എന്ന ആശയം തന്നെയാവട്ടെ പലവിധ ഭിന്നതകൾക്കിടയിലും നാനാത്വത്തിൽ ഏകത്വം സൃഷ്ടിച്ചുകൊണ്ട് ഭാവി ശോഭനമാക്കുന്നത്. ■

വിഷ്ണുപ്രിയ ആർ.
ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്

കഥ
വിദ്യാർത്ഥി വിഭാഗം
ഒന്നാം സ്ഥാനം

# ഭ്രാന്തൻ

"അയാൾക്ക് പ്രാന്താ... മുഴുവനാളുകൾ നോക്കി നിൽക്കെ ഒരു സ്ത്രീ തന്റെ മകനെ അടുത്തേക്ക് വലിച്ചു ചേർത്ത് നിർത്തി.

"അയാൾ പൈസ ചോയ്ച്ചതാ..."

ചെറിയ പയ്യൻ അയാളെ വ്യസനത്തോടെ എത്തി നോക്കി.

പരക്കെ ചുട്ടു പൊള്ളുന്ന പകൽ. റോഡിൽ വണ്ടികൾ തിരക്ക് പിടിച്ചു പായുന്നു. ബസ് സ്റ്റോപ്പ് ഇടയ്ക്കിടെ നിറയുന്നു, ശൂന്യമാകുന്നു. വെയിലിന്റെ കാഠിന്യം ഓരോ മനുഷ്യരെയും തളർത്തുന്നു. വാടിപ്പോകുന്ന മനുഷ്യർ ലക്ഷ്യസ്ഥാനത്തേക്ക് ഓടി പായുന്നു...

ഒരു ശരാശരി പകൽ ഇതാണ്. നഗരത്തിന്റെ വീർപ്പുമുട്ടലുകളിൽ നിന്ന് ഒളിച്ചു നിൽക്കാൻ നന്നേ കഷ്ടപ്പാടാണ്. ആളുകളുടെ കണ്ണുകൾ എത്താത്ത ഇടങ്ങളില്ല. അവ തന്റേതല്ലെങ്കിലും എല്ലായിടങ്ങളും പരതും.

ഞാൻ ഭ്രാന്തനായിട്ട് ഏകദേശം അഞ്ചു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. അലയാത്ത നഗരങ്ങളില്ല. അന്തിയുറങ്ങാത്ത കടത്തിണ്ണകളില്ല. കാലുകൾ പൊട്ടിയുണ്ടായ വ്രണങ്ങൾ,പഴുത്ത റോഡുകളിലേക്കെത്തുമ്പോൾ അതൊരു നീറ്റലുണ്ടാക്കും. എനിക്ക് വേദനിക്കാറില്ല. കാരണം മനസ്സ് അതിനെക്കാളേറെ വ്രണപ്പെട്ടിട്ടുണ്ടല്ലോ... ഇപ്പോൾ പകൽ പതിനൊന്നു കഴിഞ്ഞിരിക്കുന്നു. ഇന്നലെ രാത്രി മൂന്ന് നാല് തെരുവുനായ്ക്കൾക്കൊപ്പം പകുത്തു കഴിച്ച ഒരു പൊതി ചോറ് ഇത്രയും നേരം എന്നെ ജീവിപ്പിച്ചു.

അല്ല... ജീവിക്കാൻ ആഹാരം വേണമെന്നില്ല, താങ്ങാവാൻ ഒരാൾ ഒപ്പമുണ്ടായാലും മതി...

ബസ് സ്റ്റോപ്പിന്റെ വെറും നിലത്ത് ആളൊഴിഞ്ഞൊരു മൂലയിൽ ചേർന്ന് കിടന്നു. ദേഹമാകെ വേദനിക്കുന്നു.കണ്ണിൽ നിന്നും ചൂട് കാറ്റ് ഉതിരുന്നുണ്ട്.

"മാരീ... ഉങ്കളുക്ക് ടീ കൊണ്ടുവരട്ടുമാ...?"

ജാനകി വാതിൽക്കൽ വന്ന് നിന്നു. അവളുടെ കറുത്ത കുപ്പിവളകൾ നേരിയ ശബ്ദത്തോടെ കലഹിച്ചിരുന്നു.ജാനകി കൽപ്പാത്തിക്കാരിയാണ്.

"വേണ്ട... ഞനൊന്ന് കുളിച്ചിട്ട് വരാം"

അവൾ എണ്ണപ്പാത്രം എനിക്ക് നേരെ നീട്ടി.

"അതേയ്... കുട്ടികളെ ഒന്ന് കാണാൻ പോണം "

അവൾ പതിയെ പറഞ്ഞു.

"ഇപ്പൊ പ്രത്യേകിച്ച് എന്തിനാപ്പാ... അവർക്ക് ഇവിടേക്കും വരാലോ..."

"അതല്ല മാരീ...എനക്ക് അവുങ്കളെ പാക്കണം പോലെ ഇറുക്ക്..."

അവളുടെ വാക്കുകളിൽ ചെറിയ ഒരു ഇടർച്ചയുണ്ടായിരുന്നു.

"നമുക്ക് നാളെത്തന്നെ പോവാം..."

ഞാൻ അവളോട് പറഞ്ഞു.

വൈകുന്നേരം വീട്ടിൽ എത്തുമ്പോഴേക്കും വീട് മുഴുവൻ പലഹാരങ്ങളുടെ വാസനയായിരുന്നു. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ അടുക്കളയിൽ ഒരു നീല മൂക്കുത്തി തിളങ്ങുന്നത് ഞാൻ കണ്ടു.

"ഇതെന്താ ജാനകി..."

"കൊളന്തൈകൾക്ക് ഇതൊക്കെ നല്ല ഇഷ്ട്ടാ... നാളെ പോവുമ്പോ കൊണ്ട് പോവാലോ..."

അവളുടെ കണ്ണുകൾ തിളങ്ങുന്നുണ്ടാ

യിരുന്നു. പൂകയുടെ ആവർത്തിച്ചുള്ള ചുറ്റിപ്പിടിക്കലിൽ അവൾ ചുമച്ചുകൊണ്ടിരുന്നു. ഓരോ തവണയും ആ മൂക്കുത്തി പൊന്തി താഴ്ന്നു, അപ്പോഴെല്ലാം അതൊരു പ്രകാശ വലയം ഉണ്ടാക്കി.

വെളുപ്പിന് കോയമ്പത്തൂർ വണ്ടി കയറി. നല്ല തിരക്കാണ്. അവളെ ഒറ്റയ്ക്ക് മുന്നിലിരുത്താൻ മനസ്സ് അനുവദിച്ചില്ല. കിട്ടിയ സീറ്റുകളെല്ലാം മറ്റുള്ളവർക്കായി ഞാൻ നീക്കി കൊടുത്തു.

"എന്റെ ഭാര്യ മുന്നിലിണ്ട്... അവൾക്ക് വയ്യാത്തതാ... അതോണ്ടാ..."

ചില സ്ത്രീകൾ എന്നെ ദേഷ്യത്തിൽ നോക്കി. ചിലർ ദയയോടെ നോക്കി നിന്നു. ബസ് ഇറങ്ങി നടക്കുമ്പോൾ അവൾ വാതോരാതെ സംസാരിച്ചു. പലഹാരപ്പൊതികൾ മുഴുവൻ അവൾ ഒറ്റയ്ക്ക് ചുമക്കാമെന്നേറ്റു. മുൻപിൽ ആഞ്ഞു നടക്കുമ്പോൾ കിതയ്ക്കുന്നുണ്ടായിരുന്നു.നെഞ്ച് താങ്ങിപിടിച്ച് അവൾ നടന്നു

"നിങ്ങളെന്താ ഒരു മുന്നറിയിപ്പും ഇല്ലാതെ..."

വാതിൽ തുറന്ന മകളുടെ മുഖം ഒന്ന് കറുത്തു.

"ചിന്നു"

ജാനകി പാതി തുറന്ന വാതിലിനിടയിലൂടെ അകത്തേക്ക് കണ്ണുകളെത്തിച്ചു വിളിച്ചു.

"അവൾ പ്ലേ സ്കൂളിൽ പോയി. എനിക്കും ജോലിക്ക് പോവാൻ....

അവൾ നിറഞ്ഞ റോഡിൽ നോക്കി നിന്നു.

"ഞങ്ങൾ ഇവിടെ അടുത്ത് വരെ വന്നപ്പോ കേറിന്നേ ഉള്ളു... ഞങ്ങൾ പോവാണ്. പോയിട്ട് കൊറച്ച് തിരക്ക്ണ്ട് "

ഞാൻ ജാനകിയുടെ കൈകൾ മുറുകെ പിടിച്ചു കൊണ്ട് നുണ പറഞ്ഞു.

ജാനകി എന്നെ നോക്കുന്നുണ്ടായിരുന്നു.

"ഇത് അകത്തേക്ക് വെച്ചോ... ശരി."

വരാന്തയിൽ വച്ചു.

ജാനകിയുടെ കയ്യിൽ നിന്നും പലഹാരപ്പൊതി വാങ്ങി ഞാൻ ആ അവളുടെ ദുർബലമായ വെളുത്ത നീണ്ട കൈകൾ തഴമ്പു പിടിച്ച എന്റെ കയ്യിൽ കിടന്ന് വീർപ്പുമുട്ടുന്നുണ്ടായിരുന്നു.

മടക്കയാത്രയിൽ ഞങ്ങൾ സംസാരിച്ചില്ല.

പണ്ട് വൈകുന്നേരങ്ങളിൽ സ്കൂൾ വണ്ടിയിറങ്ങി ഓടി വന്നിരുന്ന മകൾ എന്റെ കണ്ണിൽ ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നുണ്ട്. അവൾക്കന്ന് പത്തു വയസ്സാണ്. അമ്മയുണ്ടാക്കിയ പലഹാരങ്ങൾക്കായി വാശി പിടിച്ചിരുന്ന കിട്ടുന്ന മിഠായിപ്പൊതികളെല്ലാം അമ്മയ്ക്ക് പകുത്തു നൽകിയിരുന്ന പത്തു വയസ്സുകാരി... എല്ലാ രാത്രികളിലും അമ്മയുടെ മാറിന്റെ ചൂടേറ്റ് ഉറങ്ങിയ മകൾ. ഇന്ന് അവൾ ഒരു അമ്മയാണ്. സ്വന്തം വേരുകൾ അറുത്തു മാറ്റി, തിരക്കുകളിൽ മാത്രം മുഴുകി ജീവിക്കുന്ന ഒരമ്മ.

വീടെത്തും വരെയും അവൾ മനസ്സിൽ പൊട്ടി കരഞ്ഞു കൊണ്ടിരുന്നു, ഞാൻ മനസ്സിൽ അവളെ ചേർത്ത് പിടിച്ചിരുന്നു.

"നിങ്ങൾക്ക് കാപ്പി കൊണ്ടരട്ടെ...?"

തീർത്തും സ്വാഭാവികതയിൽ അവൾ അകത്തേക്ക് കയറി. കയ്യിൽ ഒരു മൊന്ത ചൂട് പറക്കുന്ന കാപ്പിയുമായി അവൾ എന്റെ അടുത്ത് വന്നിരുന്നു. കയ്യിലെ പൊതി എനിക്ക് നേരെ നീട്ടി.

ഞാൻ അത് തുറന്ന് നോക്കി.

"ഇവിടെ കുറച്ചു മിച്ചം വച്ചിരുന്നു..."

എണ്ണ പുരണ്ട കടലാസ്സിനുള്ളിലായി രണ്ട് അച്ചപ്പം അവൾ എന്റെ കയ്യിൽ വച്ചുതന്നു.

"വേണ്ട"

ഞാൻ തലയാട്ടി. പകുതി മൊന്ത കാപ്പി ഞാൻ ഒറ്റവലിക്ക് കുടിച്ചു. എരിയുന്ന നെഞ്ചിലൂടെ അതൊരു വിങ്ങലോടെ കടന്നു പോയി.

ഞാൻ ഒന്നും മിണ്ടിയില്ല. അന്ന് രാത്രി വരെയും ഞാൻ പാടത്ത് അലഞ്ഞു നടന്നു. രാത്രി വൈകി ചെന്നാൽ അവൾ എന്നോടൊന്നും മിണ്ടില്ല. മിണ്ടരുത്... എനിക്ക് അവളുടെ സങ്കടം കാണാൻ വയ്യ,കേൾക്കാൻ എനിക്കാവില്ല.

ഉമ്മറത്തെ ഒരു കട്ടിലിൽ അവൾ കിടന്നിരുന്നു. ചുവന്ന കമ്പിളി കൊണ്ട് പുതച്ച് കണ്ണടച്ചു കിടക്കുന്നു. നിലത്തു പായ വിരിച്ച് ഞാൻ കിടന്നു.

ആ രാത്രി പകുതിയോളം അവൾ ഇടയ്ക്കിടെ ചുമച്ചു. അറുത്തു മാറ്റിയ മാറിലെ നീറ്റലുകൾ ആ ഇരുട്ടിൽ വിങ്ങി കൊണ്ടിരുന്നു.

"ഇയാൾക്കൊന്നും വേറെ സ്ഥലം കിട്ടിയില്ലേ..."

ഒരു സ്ത്രീശബ്ദം കാതിൽ മുഴങ്ങി. ഞാൻ മയങ്ങി പോയതാണ്.

ഞാൻ എഴുന്നേറ്റ് നടന്നു. വെയിൽ കുറഞ്ഞിരിക്കുന്നു.

അന്ന്, ആ രാത്രി മുതൽ ഞാൻ ഒറ്റയ്ക്കായി. ഭ്രാന്തനായി.

"ആ മാരിമുത്തു ഒരു പ്രാന്തനാ..."

ആളുകൾ അടക്കം പറഞ്ഞു ചിരിച്ചു. നിഴലായിരുന്ന ശ്വാസം നിലച്ചു പോകുമ്പോൾ മനുഷ്യർ ഭ്രാന്തരാകും. ഒറ്റയ്ക്കിരുന്ന് പൊട്ടിച്ചിരിക്കും, പൊട്ടിക്കരയും, സ്വയം കല്ലെറിയും.

ഞാൻ അവളോട് അധികമൊന്നും സംസാരിച്ചിട്ടില്ല. ഇരുപത്തെട്ട് വർഷങ്ങൾ...

ആ അവസാന രാത്രി ഞാൻ ആദ്യമായി അവളെ ശകാരിച്ചു.എന്നെ ഭ്രാന്തനാക്കിയത് അവളാണ്.

അന്നൊരു മഴയുള്ള ദിവസം കാൻസർ വാർഡിലിരിക്കുമ്പോൾ ജാനകി എന്നോട് ചോദിച്ചിരുന്നു.

"മാറ് അറുത്തു മാറ്റിയാ അമ്മയല്ലാതാവോ?"

എന്റെ നെഞ്ച് പൊട്ടിപ്പോയി.ഞാൻ അവളെ ചേർത്ത് പിടിച്ചു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു.

അന്ന് അവൾ എന്റെ മടിയിൽ കിടന്ന് ആദ്യമായി പൊട്ടി കരഞ്ഞു.

അവസാനമായും.

ഓരോ ഇരുളിലും ഞാൻ ആ നീല മൂക്കുത്തി പരതും. അവൾ ഒരിക്കൽ വരും. അന്ന് ഞാൻ ഭ്രാന്തനായിരിക്കില്ല... ■

കവിത
അധ്യാപക
വിഭാഗം
ഒന്നാം
സ്ഥാനം

■ ഹരീഷ് ശക്തിധരൻ
എൻ.എസ്.എസ്. കോളേജ് പന്തളം

# പ്രപഞ്ച സ്തംഭന ആഹ്ലാദത്തിൽ

ട്രെയിൻകാറ്റിൽ
ദിശതെറ്റിയൊരു
തുമ്പി.
ചിതറിത്തെറിച്ചൊരു
ചോരത്തുള്ളിയിൽ
അതിന്റെ
കാഴ്ച്ച മങ്ങുന്നു.
പാളത്തിനും
ചക്രത്തിനുമിടയിൽ
ചതഞ്ഞരഞ്ഞ
ഹൃദയത്തിൽ ചവിട്ടിനില്ക്കുന്നു
രണ്ടാം ക്ലാസ് ഏസി കോച്ച്.
തണുപ്പിൽ നിന്നിറങ്ങി
ചിലർ
പുറത്തേക്ക്
തലനീട്ടി.
ചിലർ
വാച്ചുനോക്കി
അസ്വസ്ഥതപ്പെട്ടു.
ചിലർ
വൈകുമെന്ന
സന്ദേശം
കാത്തിരുന്നവർക്ക്
അയച്ചു.
പിന്നിലേക്ക്
ഓടിമറയുന്ന
മരക്കൂട്ടങ്ങളുടെ വീഡിയോ
പെട്ടെന്ന് നിശ്ചലമായതിൽ
അമ്മയുടെ
മടിയിൽക്കിടന്ന
ഒന്നരവയസ്സുകാരി
കരഞ്ഞു.
ആ കരച്ചിൽ മുതിർന്ന്
വാക്കുകാളായി.
സ്ലീപ്പർ ക്ലാസുകളിലൂടെ
സെക്കന്റ് ക്ലാസിലെത്തി
തെറിവിളികളായി,
ഒരിക്കലും
തന്നെ പരിഗണിച്ചിട്ടില്ലാത്ത
ലോകം
ഒരു ട്രെയിനായിച്ചുരുങ്ങി
നിശ്ചലമായതിന്റെ
ആഹ്ലാദത്തിൽ
ഒരുവൾ
അറ്റുപോയ കൈവിരലുകൾകൊണ്ട്
പാളത്തിൽ
താളം പിടിച്ചു.
തൊണ്ടയിൽ നിന്ന്
വേർപെട്ട നാവ്
മൂളിപ്പാട്ടായി.
ഇഴഞ്ഞ സമയത്തിനുമുകളിൽ
മഴ പെയ്തു.
തുമ്പിക്ക്
കാഴ്ച്ച തിരിച്ചുകിട്ടി.
ട്രെയിൻ കാറ്റ്
ചെറുതായി വീശാൻ തുടങ്ങി.
ഒന്നരവയസ്സുകാരിയുടെ
വീഡിയോ
പിന്നെയും ഓണായി.
അല്പനേരത്തേക്കെങ്കിലും
ലോകത്തെ പിടിച്ചുനിർത്തിയതിന്റെ
ആഹ്ലാദത്തിൽ
തുന്നിക്കൂട്ടിയ ശരീരവുമായി
അവൾ
വീട്ടിലേയ്ക്ക് മടങ്ങി.

ഉപന്യാസം അധ്യാപക വിഭാഗം ഒന്നാം സ്ഥാനം

■ ഡോ വിവേക് ജേക്കബ് എബ്രഹാം
കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

# ഉന്നത വിദ്യാഭ്യാസവും ഫെഡറലിസവും

ഉന്നത വിദ്യാഭ്യാസത്തെ ഭരണഘടന വിലയിരുത്തുന്നത് ഫെഡറലിസത്തിന്റെ ലെൻസിലൂടെയാണ് അതുകൊണ്ടാണ് വിദ്യാഭ്യാസത്തെ ഭരണഘടനാനിർമ്മാതാക്കൾ ആദ്യം സംസ്ഥാന പട്ടികയിലും പിന്നീട് ഭരണഘടനയുടെ സമവർത്തി പട്ടികയിലും ഉൾപ്പെടുത്തിയത് എന്നാൽ ഇന്ന് സംസ്ഥാനങ്ങളുടെ ഫെഡറൽ അധികാരങ്ങളെ പൂർണ്ണമായും കവർന്നെടുക്കാനും വരുതിയിലാക്കാനുമുള്ള യൂണിയൻ സർക്കാരിന്റെ ശ്രമങ്ങളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഫെഡറൽ തത്വങ്ങളുടെ ലംഘനങ്ങളെയും വിലയിരുത്തേണ്ടതുണ്ട്. സംസ്ഥാന പട്ടികയിൽ നിന്ന് സമവർത്തി പട്ടികയിലേക്ക് മാറ്റിയകാലത്തു സംസ്ഥാനങ്ങൾക്ക് ലഭിച്ചിരുന്ന സ്വതന്ത്രമായ ഇടപെടലുകൾ പോലും അസാധ്യമാക്കുന്നതരത്തിലാണ് ഇന്നത്തെ കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ കേന്ദ്രീകൃത ഇടപെടലുകൾ.

1953 ൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 1956 ൽ ഇന്ത്യൻ പാർലമെൻറിൽ പാസാക്കിയ നിയമത്തോടെ നിയമാനുസൃത ചുമതലകൾ വഹിക്കുന്ന സംവിധാനം ആയി മാറുകയും പിന്നീട് രാജ്യമൊട്ടാകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൊതുവായ മാർഗനിർദേശങ്ങൾ തയാറാക്കുന്ന ഏജൻസി എന്ന നിലയിൽ നിന്ന് കേന്ദ്ര ഭരണകൂടത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന അതിനിയന്ത്രണബോഡി ആയി പരിവർത്തനം ചെയ്യപ്പെട്ടു.

ഭരണവർഗ്ഗം നിയമിക്കുന്ന ഒരു കൂട്ടം ആളുകൾ ഭരിക്കുന്ന ഒരു സ്ഥാപനമാണ് ഇന്ന് യു.ജി.സി. അത് പൂർണ്ണമായും സംഘപരിവാർ ബന്ധമുള്ള ആളുകളാണ് ഭരിക്കുന്നത്. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരത്തിനായുള്ള മാനദണ്ഡങ്ങൾ (standards) ഏകോപിപ്പിക്കാനും നിർണ്ണയിക്കാനും പരിപാലിക്കാനും ഇത് ഉത്തരവാദിത്തമുള്ള ഒരു സ്ഥാപനമാണ് എങ്കിലും, സ്റ്റാന്റേർഡ് നിർണ്ണയിക്കുക എന്ന ചുമതലയ്ക്ക് ഉപരിയായി ഇന്നത് വിദ്യാഭ്യാസ നയരൂപീകരണത്തിലും ഉള്ളടക്കത്തിലും സംസ്ഥാന സർക്കാരുകളെ നോക്കുകുത്തിയാക്കി യൂണിയൻ സർക്കാരിന്റെ ഭരണകൂട അജണ്ട അനുസൃതമായി അക്കാദമിക നിയമങ്ങൾ ഉണ്ടാക്കുന്ന ഒരു സ്ഥാപനമായി മാറി

നിയമവും നിലവാര മാനദണ്ഡവും തമ്മിൽ വ്യത്യാസം ഉണ്ട്. ഒരു

ജനാധിപത്യ രാജ്യത്ത് നിയമം നിർമ്മിക്കാനുള്ള അധികാരം ഭരണഘടനാപരമായി നിയമ നിർമ്മാണ സഭകൾക്കാണ്. എന്നാൽ നിലവാര മാനദണ്ഡം അഥവാ സ്റ്റാന്റേർഡ് അങ്ങനെയല്ല. ഒരു പ്രത്യേക സാധനത്തിനോ സേവനത്തിനോ വേണ്ടുന്ന ഏകീകൃത മിനിമം ഗുണങ്ങളും രീതികളും നടപടിക്രമങ്ങളുമാണ് സ്റ്റാന്റേർഡ്. നിലവാര മാനദണ്ഡം അഥവാ സ്റ്റാന്റേർഡ് എന്നത് മനസിലാക്കുമ്പോൾ മിനിമം എന്താണ് മാക്സിമം എന്താണ് എന്നുകൂടി മനസിലാക്കണം. സ്റ്റാന്റേർഡ് എന്നത് മിനിമം ആണ്. അതായത് ഒരു ചെറിയ ചട്ടക്കൂട്. ആ ചട്ടക്കൂടിനകത്ത് നിന്ന് യൂണിവേഴ്സിറ്റികൾക്കും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എന്തും ചെയ്യാം. പക്ഷേ ഇന്ന് ugc റെഗുലേഷനുകൾ വരുന്നത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഓട്ടോണമിയും സംസ്ഥാന സർക്കാരുകളുടെ ഫെഡറൽ അധികാരത്തെയും ഇല്ലാതാക്കിക്കൊണ്ടുള്ള "മാക്സിമം വച്ചാണ്.ഇവിടെ ഓരോ ചെറിയ കാര്യങ്ങളും നടപ്പിലാക്കാൻ നിർബന്ധിതമാക്കുന്ന സാഹചര്യം സംജാതമാകുന്ന .എന്നാൽ ഒരു ഫെഡറൽ സംവിധാനത്തിൽ നിലകൊള്ളുന്ന രാജ്യത്തിൽ അതിലുൾപ്പെടുന്ന ഓരോ പ്രദ്ദേശങ്ങളുടെയും

**1953 ൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 1956 ൽ ഇന്ത്യൻ പാർലമെൻറിൽ പാസാക്കിയ നിയമത്തോടെ നിയമാനുസൃത ചുമതലകൾ വഹിക്കുന്ന സംവിധാനം ആയി മാറുകയും പിന്നീട് രാജ്യമൊട്ടാകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൊതുവായ മാർഗനിർദേശങ്ങൾ തയാറാകുന്ന ഏജൻസി എന്ന നിലയിൽ നിന്ന് കേന്ദ്ര ഭരണകൂടത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന അതിനിയന്ത്രണബോഡി ആയി പരിവർത്തനം ചെയ്യപ്പെട്ടു.**

സവിശേഷതകൾ ഉൾക്കൊണ്ടായിരിക്കണം ഉന്നത വിദ്യാഭ്യാസത്തിന്റെ നയങ്ങൾ രൂപീകരിക്കേണ്ടത്. അതുകൊണ്ട് തന്നെ റെഗുലേഷനുകൾ എന്നത് മിനിമം തന്നെയായിരിക്കണം. മാക്സിമം ആയാൽ അത് വൈവിധ്യങ്ങളെ ഇല്ലാതാക്കി ഏകീകൃത ശിലാരൂപത്തിലേക്ക് നയിക്കുന്നതാവും.

ഭരണഘടനാപരമായി  യു ജി സി ഇറക്കുന്ന റെഗുലേഷനുകൾ പാർലമെന്റിലെ ഇരു സഭകളിലും വെക്കുകയും അതിന് ചർച്ചകളിലൂടെ അനുമതി ലഭിക്കുകയും വേണം. അനുമതി ഉണ്ടെങ്കിൽ മാത്രമേ പാസ്സാക്കുവാനും സാധിക്കുകയുള്ളൂ – അതാണ് ചട്ടം. പക്ഷേ ഇപ്പോൾ UGC റെഗുലേഷനുകൾ പാർലമെന്റിൽ ടേബിൾ ചെയ്യും (വയ്ക്കും) എന്നതല്ലാതെ മറ്റൊരു നടപടിക്രമങ്ങളും നടക്കാറില്ല. അതുകൊണ്ടു തന്നെ ജനാധിപത്യപരമായ ചർച്ചകൾ പോലും ഇത്തരം റെഗുലേഷനുകൾക്ക് പുറത്തു നടക്കാറില്ല. അതുകൊണ്ടു തന്നെ ജനാധിപത്യ വിരുദ്ധമാണ് ഇന്ന് UGC റെഗുലേഷനുകൾ. ഭരിക്കുന്ന പാർട്ടി അവർക്ക് ഇഷ്ടമുള്ളവരെ നിയമിക്കും. അവരിരുന്ന് റെഗുലേഷൻ ഉണ്ടാക്കും. തത്ഫലമായി UGC പോലുള്ള സംവിധാനങ്ങൾ നിയമനിർമ്മാണസഭകൾക്കും മേലെ



പ്രവർത്തിക്കുന്നതായാണ് ഇന്ന് കണ്ടുവരുന്നത്.

ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ കോടതികൾ പോലും ഇത്തരം സ്ഥാപനങ്ങൾ നിയമനിർമ്മാണ സഭകൾക്കും മേലെ ആണെന്ന തരത്തിലാണ് വിധികൾ പ്രഖ്യാപിക്കുന്നത്. ഗംഭീർഥാൻ കെ. ഗദ്വി കേസ് അതിനൊരുദാഹരണമാണ്. ഈ കേസിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിയിൽ പറയുന്നത് സംസ്ഥാന നിയമങ്ങളുടെയും മുകളിലാണ് യുജിസി ചട്ടങ്ങളുടെ സ്ഥാനം എന്നാണ്. പക്ഷെ ഇത് സുപ്രീം കോടതിയുടെ 2015ലെ കല്യാണി മതിവനൻ കേസിലെ വിധിയുമായി വൈരുദ്ധ്യമുണ്ട്. അവിടെ പറയുന്നത് യുജിസി ചട്ടങ്ങൾ കേന്ദ്ര സർവകലാശാലകൾക്ക് നിർബന്ധവും സംസ്ഥാന സർവകലാശാലകൾക്ക് നിർദേശകവും ആണെന്നാണ്. ഇതോടൊപ്പം വായിക്കേണ്ടതാണ് ഡോക്ടർ ജയ വിജയൻ കേസിൽ സുപ്രീംകോടതിയുടെ വിധി. വിധിയുടെ മുപ്പതാം ഖണ്ഡികയിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നിയമം നിർമ്മിക്കുവാൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ട് എന്നും അതുകൊണ്ട് യുജിസി ചട്ടങ്ങൾ സ്വീകരിക്കാനോ പാലിക്കാനോ സംസ്ഥാനങ്ങൾ ബാധ്യസ്ഥരല്ല എന്നും പറയുന്നു. മേൽ സൂചിപ്പിച്ച രണ്ടു വിധികൾക്കും കടകവിരുദ്ധമായ വിധിയാണ് സുപ്രീംകോടതിയുടെ ഭാഗത്ത് നിന്ന് അവസാനം ഉണ്ടായ വിധി അത് യുജിസി ചട്ടങ്ങൾ നിർബന്ധമായും പിന്തുടരണം എന്ന നിബന്ധന ഉയർത്തിപ്പിടിക്കുന്നു ഇത് ഭരണഘടനയുടെ ഫെഡറൽ തത്വങ്ങളെ തത്വങ്ങളുമായി ബന്ധപ്പെട്ട ഗൗരവമേറിയ ചോദ്യങ്ങൾ വരുത്തുന്ന ഒന്നാണ്. കാരണം സമവർത്തി ലിസ്റ്റിൽ പറയുന്ന കാര്യങ്ങളിൽ ഏതൊരു സംസ്ഥാന നിയമത്തെയും കേന്ദ്രസർക്കാരിന് റദ്ദാക്കാനോ മാറ്റുവാനോ കഴിയുമെന്നാണ് ഈ വിധി പറയുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കുന്നതിനും സഹകരണത്തിനുമായി കേന്ദ്രസർക്കാരിന്റെ നിയമം നിർമ്മിക്കാനുള്ള അവകാശം ഭരണഘടനയുടെ ഏഴാം പട്ടികയിൽ യൂണിയൻ ലിസ്റ്റിൽ അറുപത്തിയാറാമത്തെ ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വകുപ്പ് സർവ്വകലാ

**സംസ്ഥാന നിയമസഭകൾ പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സർവകലാശാലകളിലെ വൈസ് ചാൻസലർമാരെ കേന്ദ്രം ഭരിക്കുന്ന പാർട്ടി തീരുമാനിക്കും എന്നുള്ളത് സംസ്ഥാന സർക്കാരുകളെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭരണനേതൃത്വത്തിൽ നിന്ന് ഒഴിവാക്കുക എന്നുള്ള ലക്ഷ്യത്തെ മുൻനിർത്തിയാണ് സ്വീകരിച്ചിട്ടുള്ളത്.**



ശാലകളുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും കേന്ദ്രസർക്കാരിന് നൽകുന്നില്ല. അറുപത്തിയാറാം ഇനം അവതരിപ്പിക്കുന്ന വേളയിൽ ഡോക്ടർ അംബേദ്കർ ഇങ്ങനെ പറയുകയുണ്ടായി. പ്രവിശ്യകളിലെ ഗവേഷണ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും അവയുടെ നിലവാരം താഴുന്നത് തടയുന്നതിനും മാത്രമുള്ള അധികാരമാണ് കേന്ദ്രത്തിൽ നൽകുന്നത്. എന്നാൽ ഇവിടെ അതിനപ്പുറത്തേക്ക് യുജിസിയെ ഉപയോഗിച്ച് കൊണ്ട് യൂണിയൻ സർക്കാർ സംസ്ഥാന അധികാരങ്ങളിൽ കടന്നുവരുന്നു എന്നുള്ളതാണ് വസ്തുത യൂണിയൻ ലിസ്റ്റിലെ അറുപത്തിയാറാം ഇനം ഉദ്ദേശിക്കുന്ന രീതിയിലുള്ള അടിസ്ഥാന നിലവാരം സംസ്ഥാന നിയമങ്ങളിലൂടെ സാധ്യമാകുന്നുണ്ടെങ്കിൽ ആ വിഷയത്തിൽ യുജിസി ചട്ടങ്ങളുടെ സങ്കോചിത വ്യാഖ്യാനം സംസ്ഥാനങ്ങൾക്ക് സ്വീകാര്യമാവേണ്ടതില്ല.

നിലവിൽ യുജിസി പുറത്തിറക്കിയ കരട് മാർഗ്ഗരേഖയിലെ സമീപനം തന്നെ തികച്ചും ഭരണഘടനാ വിരുദ്ധവും സംസ്ഥാനങ്ങളെ വിവേചിക്കുന്നതുമാണ്. വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രസർക്കാർ തങ്ങളുടെ സാമ്പത്തിക പങ്കാളിത്തം കുറച്ചു കൊണ്ടുവരികയും ചട്ടങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു. സാമ്പത്തിക സഹായം നൽകാനുള്ള സംവിധാനമായിരുന്ന യുജിസിയെ ഇപ്പോൾ ചട്ടങ്ങൾ അടിച്ചേൽപ്പിക്കാനുള്ള സംവിധാനമാക്കി മാറ്റിയിരിക്കുന്നു. യുജിസിയെപ്പോലുള്ള ഒരു സംവിധാനത്തെ ദുർവിനിയോഗം ചെയ്തുകൊണ്ട് അമിതാധികാര കേന്ദ്രീകരണവും ഫെഡറൽ തത്വങ്ങളുടെ തുറന്ന ലംഘനവും കേന്ദ്ര സർക്കാർ നടത്തുന്നു. യുജിസി മുന്നോട്ടുവച്ചിട്ടുള്ള കരട് മാർഗ്ഗനിർദേശങ്ങൾ ഭരണഘടനാവിരുദ്ധമാണ് എന്ന് മാത്രമല്ല അത് ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾ കൂടി ലംഘിക്കുന്നതാണ്.

സംസ്ഥാന നിയമസഭകൾ പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സർവകലാശാലകളിലെ വൈസ് ചാൻസലർമാരെ കേന്ദ്രം ഭരിക്കുന്ന പാർട്ടി തീരുമാനിക്കും എന്നുള്ളത് സംസ്ഥാന സർക്കാരുകളെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭരണനേതൃത്വത്തിൽ നിന്ന് ഒഴിവാക്കുക എന്നുള്ള ലക്ഷ്യത്തെ മുൻനിർത്തിയാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന നിയമങ്ങളെ ഉയർത്തിപ്പിടിക്കുന്ന മുൻ യുജിസി റെഗുലേഷനുകളെ അട്ടിമറിക്കുന്ന തരത്തിലാണ് പുതിയ കരട് മാനദണ്ഡം. മുഴുവൻ സംസ്ഥാനങ്ങളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആകെ കേന്ദ്രസർക്കാരിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് നിയമിക്കപ്പെടുന്ന ഗവർണർക്ക് കീഴിലാക്കാനുള്ള കാവിവൽക്കരണ പദ്ധതി കൂടിയാണിത്. ഭരണഘടനാപരമായി ഏതു നിലയിൽ പരിശോധിച്ചാലും സംസ്ഥാന സർക്കാരുകൾ ഫണ്ട് ചെയ്യുന്ന സംസ്ഥാന സർവകലാശാലകൾക്ക് അനുയോജ്യമായ നിയമനിർമ്മാണം നടത്താനുള്ള സംസ്ഥാന നിയമസഭകൾക്കുള്ള അധികാരത്തെ അട്ടിമറിക്കുന്നതാണ് യുജിസി മാർഗരേഖ. ഈ കരട് മാർഗ്ഗനിർദേശങ്ങൾ സർവകലാശാല ഭരണസമിതികൾക്കും നിയമനപ്രക്രിയയിൽ സംസ്ഥാന സർക്കാരിനും പങ്കാളിത്തം കുറയ്ക്കുന്നതാണ്. മുൻ ചട്ടക്കൂടുകൾക്ക് കീഴിൽ വിസിമാരെ തിരഞ്ഞെടുക്കുന്നതിന് സംസ്ഥാന സർവകലാശാലകൾക്ക് അവരുടേതായ നടപടിക്രമങ്ങൾ ഉണ്ടായിരുന്നു അത് ആ സ്ഥാപനത്തിന്റെ തനതായ സ്ഥാപനപരമായ ആവശ്യങ്ങളും പ്രാദേശിക വിദ്യാഭ്യാസ സാഹചര്യങ്ങളും നിറവേറ്റുന്നതിന് രൂപീകരിച്ചതും ആയിരുന്നു. എന്നാൽ പുതിയ കരട് നിർദ്ദേശങ്ങൾ പരോക്ഷമായി കേന്ദ്രസർക്കാരിന് കൂടുതൽ അധികാരം നൽകുന്നു. ഇത് സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച നിയമന പ്രക്രിയകളെ മറികടക്കാനും ഏകീകൃത നിയമന മാനദണ്ഡങ്ങൾ അടിച്ചേൽപ്പിക്കുവാനും സാധിക്കും. നിയമനപ്രക്രിയയുടെ കേന്ദ്രീകരണം അക്കാദമിക സ്വാതന്ത്ര്യത്തെ ഗുരുതരമായി ബാധിക്കും. അക്കാദമിക മികവിനും വിമർശനാത്മക അന്വേഷണത്തിനും പ്രാധാന്യം നൽകുന്നതിനും സ്വയം ഭരണാധികാരമുള്ള പ്രാദേശികവൽക്കരിച്ച പ്രക്രിയയ്ക്കും പകരം കൂടുതൽ കേന്ദ്രീകൃത ഇടപെടലുകളിലൂടെ സർവകലാശാല നേതൃത്വത്തെ തിരഞ്ഞെടുക്കുമ്പോൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന തത്വങ്ങൾ ആയ അക്കാദമിക് സ്വാതന്ത്ര്യം, വിമർശനാത്മക ചിന്ത, ഭൗതിക സ്വാതന്ത്ര്യം എന്നിവ ദുർബലപ്പെടും. ഒരു സർവകലാശാലയുടെ നേതൃത്വം രാഷ്ട്രീയ താൽപര്യങ്ങളോ വിഭാഗീയ അജണ്ടകളോ ഉപയോഗിച്ച് ബന്ധിതമാണെങ്കിൽ സ്വതന്ത്ര ചർച്ചയും സംവാദവും അവിടെ അസ്തമിക്കും. മാത്രമല്ല അക്കാദമിക പശ്ചാത്തലം ഇല്ലാത്ത വ്യക്തികളെ വൈസ് ചാൻസലറായി നിയമിക്കാൻ അനുവദിക്കുന്ന പുതിയ ചട്ടം വലിയ ആശങ്കകൾ ഉയർത്തുന്നതും ഉന്നതവിദ്യാഭ്യാസത്തിൽ ഭാഷയുടെയും പ്രാദേശിക വൈവിധ്യത്തിന്റെയും പ്രജനന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സംസ്ഥാന സർവ്വകലാശാലകളുടെ സ്വയംഭരണത്തെ ഹനിക്കുന്നതുമാണ്. സംസ്ഥാന സർവകലാശാലകളുടെ മുകളിൽ സംസ്ഥാനങ്ങൾക്കുള്ള നിയന്ത്രണം കുറഞ്ഞാൽ സർവകലാശാലകൾക്ക് പ്രാദേശികമായ വിദ്യാഭ്യാസ സാംസ്കാരിക താൽപര്യങ്ങൾക്ക് മുൻഗണന നൽകാൻ കഴിയില്ല. ഇത് ഇന്ത്യൻ ഉന്നത വിദ്യാഭ്യാസത്തിന്റെ

**അക്കാദമിക പശ്ചാത്തലം ഇല്ലാത്ത വ്യക്തികളെ വൈസ് ചാൻസലറായി നിയമിക്കാൻ അനുവദിക്കുന്ന പുതിയ ചട്ടം വലിയ ആശങ്കകൾ ഉയർത്തുന്നതും ഉന്നത വിദ്യാഭ്യാസത്തിൽ ഭാഷയുടെയും പ്രാദേശിക വൈവിധ്യത്തിന്റെയും പ്രജനന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സംസ്ഥാന സർവ്വകലാശാലകളുടെ സ്വയംഭരണത്തെ ഹനിക്കുന്നതുമാണ്.**

ഭൗതികവും സാമൂഹികവുമായ വൈവിധ്യത്തിന് ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാകും.

നിലവിലെ യുജിസി കരട് ചട്ടങ്ങൾ അക്കാദമിക് സ്വാതന്ത്ര്യം, ഫെഡറലിസം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യം എന്നിവയെക്കുറിച്ചുള്ള വ്യാപകമായ ആശങ്കകൾക്ക് കാരണമായിട്ടുണ്ട് എന്ന വസ്തുത നിലനിൽക്കുന്നു. ഈ നിയന്ത്രണങ്ങൾ കേന്ദ്ര സർക്കാരിന്റെ കൈകളിൽ അധികാരം കേന്ദ്രീകരിക്കുന്നതിലൂടെ സർവകലാശാലകളുടെ സ്വയംഭരണത്തെയും ഭരണഘടനാപരമായ അധികാര സന്തുലിതാവസ്ഥയെയും ദുർബലപ്പെടുത്താനുള്ള സാധ്യത ഉയർത്തുന്നു. കൂടാതെ, നിയമനങ്ങളിൽ ഉദ്യോഗസ്ഥ, രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകാനുള്ള സാധ്യത ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ അപകടത്തിലാക്കിയേക്കാം. അതുകൊണ്ടുതന്നെ നിരവധി സംസ്ഥാന സർക്കാരുകളും അക്കാദമിക് സംഘടനകളും നിർദ്ദിഷ്ട നിയന്ത്രണങ്ങൾക്കെതിരെ ശക്തമായ

**ഉന്നത വിദ്യാഭ്യാസരംഗം ചരിത്രപരമായ ഒരു പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ മത നിരപേക്ഷ സമൂഹം ജനങ്ങളെയാകെ അണിനിരത്തിക്കൊണ്ട് ജനപക്ഷ വിദ്യാഭ്യാസത്തെ സംരക്ഷിക്കേണ്ട സാഹചര്യമാണ് സംജാതമായിരിക്കുന്നത്.**

എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്, ഇത് രാഷ്ട്രീയ അസ്ഥിരതയ്ക്കും കാരണമായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്മേൽ അധികാരം ഏകീകരിക്കുന്ന യൂണിയൻ സർക്കാരിന്റെ നടപടി സംസ്ഥാന അവകാശങ്ങൾ ലംഘിക്കുന്നതിനൊപ്പം ഫെഡറൽ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നത് കൂടിയാണ് യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാര വിതരണത്തിൽ സന്തുലിതാവസ്ഥ കൈവരിക്കാൻ ലക്ഷ്യമിടുന്ന സഹകരണ ഫെഡറലിസം എന്ന കാഴ്ചപ്പാടിനെത്തന്നെ കുഴിച്ചുമൂടുന്നു. ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനും അക്കാദമിക് മികവും സ്ഥാപനപരമായ സ്വയംഭരണവും നിലനിർത്തുന്നുവെന്ന് ഉറപ്പാക്കാനും വിദ്യാഭ്യാസനയങ്ങൾ ഭരണഘടനയുടെ അടിസ്ഥാന ഫെഡറൽ തത്വങ്ങളിൽ അധിഷ്ഠിതമാവണം.

ഉന്നതവിദ്യാഭ്യാസരംഗം ചരിത്രപരമായ ഒരു പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ മതനിരപേക്ഷസമൂഹം ജനങ്ങളെയാകെ അണിനിരത്തിക്കൊണ്ട് ജനപക്ഷ വിദ്യാഭ്യാസത്തെ സംരക്ഷിക്കേണ്ട സാഹചര്യമാണ് സംജാതമായിരിക്കുന്നത്. അതിൽ ഒരു വിട്ടുവീഴ്ചയ്ക്ക് അവസരം നൽകരുത് അങ്ങനെ ചെയ്യുന്നത് ചരിത്രത്തോടും വരുംതലമുറയോടും ചെയ്യുന്ന ഏറ്റവും വലിയ പാതകം ആയിരിക്കും. ■



അനിത വിശ്വം
ആയുർവേദ കോളേജ്, കോട്ടക്കൽ

കഥ
അധ്യാപക
വിഭാഗം
ഒന്നാം
സ്ഥാനം

# ഉൾക്കാലങ്ങൾ

I see that the path of progress has never taken a straight line but has always been a zigzag course amid the conflicting forces of right and wrong, truth and error, justice and injustice, cruelty and mercy.

Kelly Miller

സന്ധ്യയ്ക്കു തന്നെ മഞ്ഞുവീഴ്ച തുടങ്ങും. സമയമിപ്പോൾ 5 മണി. സ്റ്റീഫൻ നോക്കുമ്പോൾ അന്നത്തെ ടൂറിസ്റ്റ് ദമ്പതികൾ പാർക്കിലെ അവസാന പില്ലറിനരികിലെ പുൽത്തകിടിയിൽ എന്തോ ചർച്ചയിലാണെന്നു കണ്ടു. അയാൾ അക്ഷമനായി അവരെ നോക്കി.

പാർക്കിനപ്പുറം നഗരചത്വരം ക്രിസ്തുമസിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ക്രിസ്തുമസിന് ഇനി രണ്ടു ദിവസം കൂടിയുണ്ട്.

തണുപ്പേറും മുൻപ് ഇവരെ ഹോട്ടൽ മുറിയിലാക്കിയിട്ട് ടെസ്സയ്ക്കുള്ള ഗുളികകൾ വാങ്ങി വീട്ടിലെത്തണം.

ഒരണ്ണാൻ വായിലെന്തോ നിറച്ചുകൊണ്ട് മുന്നിലെ ബിർച്ച് മരച്ചില്ലയിലൂടെ കയറിപ്പോകുന്നു. മഞ്ഞുകാലത്തേയ്ക്കുള്ള കരുതൽ ഭക്ഷണമാവണം.

അയാൾ വീണ്ടും ആകാംക്ഷയോടെ ടൂറിസ്റ്റുകളെ നോക്കി. 'അവരെണീറ്റു ആശ്വാസം' സ്റ്റീഫൻ ആത്മഗതം ചെയ്തു.

അവർ സ്റ്റീഫൻ നില്ക്കുന്നയിടത്തേയ്ക്ക് നടന്നടുത്തു. ഇറാനിയൻ ദമ്പതികളാണവർ. വലിയ ബിസിനസ് ശൃംഖല നിയന്ത്രിക്കുന്നവരാണെന്ന് യാത്രയിലുടനീളം കേട്ട അവരുടെ സംഭാഷണത്തിൽ നിന്ന് സ്റ്റീഫന് മനസ്സിലായി.

"അതാരുടെ പ്രതിമയാണ്?"

ആ യുവതി - എൽനാസ് തന്റെ ഭർത്താവ് ദിൽദാറിനോടു ചോദിച്ചു. അയാൾ എൽനാസിനെ നോക്കിക്കൊണ്ട് സ്റ്റീഫന്റെ നേർക്ക് വിരൽ ചൂണ്ടി."അവിടെ ചോദിക്കൂ " - എന്നിട്ടയാൾ ഉറക്കെ ചിരിച്ചു.

അപ്പോൾ സ്റ്റീഫന്റെ അടിവയറ്റിൽ ഒരാളലനുഭവപ്പെട്ടു.

"മാഡം , അത് ഹെൻറി ലെവിയുടെ പ്രതിമയാണ്. ഒരു ഡോക്ടറായിരുന്നു, പതിനെട്ടാം നൂറ്റാണ്ടിലെ."

ഓ...

അവർ പ്രതിമയുടെ ഉച്ചിയോളം ഒന്നു കൂടി കണ്ണു പായിച്ചിട്ട് ഹോട്ടലിലേയ്ക്ക് പുറപ്പെടാൻ പാർക്കിംഗ് ഏരിയയിലേയ്ക്ക് നടന്നു.

ടൂർ ഏജൻസി അനുവദിച്ചിരിക്കുന്ന കാറിന്റെ കീ പോക്കറ്റിൽ നിന്നെടുത്ത് സ്റ്റീഫൻ ഡ്രൈവിംഗ് സീറ്റിൽ കയറി. അയാൾ കഴിഞ്ഞ അഞ്ചു കൊല്ലമായി ന്യൂയോർക്ക് സിറ്റിയിലെ അംഗീകൃത ടൂറിസ്റ്റ് ഗൈഡായി പ്രവർത്തിക്കുന്നു.

ഇറാൻ ദമ്പതികളെ ഹോട്ടലിലെത്തിച്ച ശേഷം സ്റ്റീഫൻ വീട്ടിലേയ്ക്കു പുറപ്പെട്ടു.

ബൈക്കിന്റെ ശബ്ദം കേട്ട് ജാക്ക് വേലിക്കലേയ്ക്ക് കിതച്ചു കൊണ്ട് ഓടി വന്നു. അവൻ മുൻകാലുകൾ മേലേയ്ക്കുയർത്തി ഒന്നു വട്ടം ചുറ്റി. രണ്ടു കുര കുരച്ചു. പിന്നെ സ്നേഹം തുളുമ്പുന്ന ആ സ്ഥിരം കുറുകലൊച്ചയിലേയ്ക്ക് മടങ്ങി.

സ്റ്റീഫൻ വേലിയുടെ ഇരുമ്പു കൊളുത്തു വിടർത്തി. ബൈക്ക് സ്റ്റാന്റിലിട്ട് ഇറങ്ങുമ്പോൾ ജാക്ക് ബൈക്കിനു ചുറ്റും നടന്നു മണം പിടിച്ചു.

"മമ്മയും ബേബിയുമെവിടെടാ?"

ജാക്കിന്റെ മൂക്കിൻ തുമ്പിൽ വലതു ചൂണ്ടു വിരൽ കൊണ്ടമർത്തി സ്റ്റീഫൻ ചോദിച്ചു.

അവൻ തുറന്നു കിടന്ന പൂമുഖവാതിലിലൂടെ ഓടിക്കയറി. ഹെൽമറ്റിൽ വീണ മഞ്ഞു തരികൾ തട്ടിക്കളഞ്ഞി



ട്ട് സ്റ്റീഫൻ പിന്നാലെയും.

അതൊരു ഇടത്തരം വീടാണ്. അലെൻ ഡെയിലിലെ പിതൃസ്വത്തായ കൃഷിത്തോട്ടം വിറ്റു കിട്ടിയ പണം കൊണ്ടു വാങ്ങിയത്. തലമുറകൾ നീണ്ട അടിമവേലയ്ക്കു ശേഷം അവന്റെ പിതൃപിതാവിനു സമ്പാദിക്കാനായ ഏക സ്വത്തായിരുന്നു ആ തോട്ടം.

"ആഗ്നസാന്റി പോയോ ടെസാ..

കുഞ്ഞുറക്കമാണോ?"

സ്റ്റീഫൻ ടെസയുടെ അരികിലുറങ്ങുന്ന മൂന്നു ദിവസം മാത്രം പ്രായമായ തന്റെ മകനെ നോക്കി.

"ഉം..

നിങ്ങളല്ലേ പറഞ്ഞത് ആന്റിയെ നേരത്തേ വിടണമെന്ന്. മഞ്ഞു വീഴും മുൻപ് അവർ പുറപ്പെട്ടു. രാത്രി കൂടെ ഇവിടെ നിൽക്കാൻ അവർ തയ്യാറാ. കുഞ്ഞുണരുമ്പോഴെല്ലാം നിങ്ങൾ ഉറക്കമിളച്ച് എടുക്കേണ്ടി വരുന്നില്ലേ. എനിക്കാണേൽ ഈ സ്റ്റിച്ചിന്റെ വേദന കാരണം ഒന്നിനും മേല.

അവരുണ്ടെങ്കിൽ വലിയ സഹായമായേനെ."

"അതൊന്നും സാരമില്ല ടെസാ.. എന്റെ മോനു വേണ്ടി ഇത്തിരി ഉറക്കമിളച്ചാലെന്താ..."

അതും പറഞ്ഞ് പുള്ളോവർ ഊരിക്കൊണ്ട് കുളിമുറിയിലെ ഹീറ്റർ ഓണാക്കി.

ചൂടുവെള്ളം കോരി മുഖം കഴുകി കണ്ണാടിയിലേയ്ക്ക് നോക്കി. മുഖം വ്യക്തമാകാത്തതിനാൽ ചൂടുപിടിച്ച കൈകൊണ്ട് കണ്ണാടിയിലെ ഈർപ്പം തുടച്ചു മാറ്റി. അപ്പോൾ വർഷങ്ങൾക്കു മുൻപുള്ള ചില വേനൽക്കാല പ്രഭാതങ്ങൾ അയാളുടെ മനസിലേയ്ക്ക് ഓടിയെത്തി. എത്ര കൊല്ലമായിക്കാണും... ഇരുപത്തഞ്ചാവാം... അന്ന് തനിയ്ക്ക് ആറു വയസ്സ്. അമ്മ രണ്ടാമത് ഗർഭം ധരിച്ചിരിക്കുന്നു .

"ചെമ്പൻ കുഞ്ഞേ... പപ്പ വിളിക്കുന്നു

മമ്മയുടെ മുടിയാ നിനക്ക്... നോക്കിയേ കണ്ണും അതു തന്നെ..."

പ്രഭാതസൂര്യനു നേർക്ക് തന്നെ എടുത്തുയർത്തിക്കൊണ്ട് പപ്പ പറയുന്നു....

കണ്ണാടിയിൽ തന്റെ മുഖത്തിനു പിന്നിൽ കുളിമുറിയിലെ ബൾബ് ജ്വലിച്ചു നിൽക്കുന്നു.

വർഷങ്ങൾ... ഹോ...

പപ്പ പോയത് മൂന്ന കൊല്ലം മുമ്പ് ഹൃദ്രോഗത്താൽ രണ്ടു നാൾ ഐ.സി.യു. വിൽ കിടന്ന്... മമ്മ അന്നത്തെ പ്രസവത്തോടെ പോയിരുന്നു. കുഞ്ഞു നേരത്തേ മരിച്ചിരുന്നത്രേ.. മമ്മയ്ക്ക് കടുത്ത അണുബാധയായിപ്പോയിരുന്നു! അനാഥന്റെ കഷ്ട ദിനങ്ങൾ .. പിന്നെ ടെസയെന്ന സാന്ത്വനം...

"കുളി കഴിഞ്ഞില്ലേ? " അവൾ ചോദിക്കുന്നു.

"ദാ വരുന്നു . "

ടെസയുറങ്ങും മുൻപ് മോൻ രണ്ടു വട്ടമുണർന്ന് പാലു കുടിച്ചു. ഡയപ്പർ മാറ്റിയ ശേഷം കുറച്ചു നേരം സ്റ്റീഫൻ അവനെ എടുത്തു കൊണ്ടു നടന്നു. പിന്നെ ടെസയ്ക്കരികിൽ ഉറക്കിക്കിടത്തി. താൻ ചെയ്യുന്ന പാർട്ട് ടൈം ബിസിനസ് മാനേജ്മെന്റ് കോഴ്സിന്റെ നോട്ടുകൾ സ്റ്റഡി റൂമിലെ കമ്പ്യൂട്ടറിൽ നിന്ന് പ്രിന്റൗട്ട് എടുക്കാൻ തുടങ്ങിയപ്പോൾ സ്റ്റീഫന്റെ മൊബൈൽ ശബ്ദിച്ചു.

ഇസബെല്ല മാഡമാണ്.

"സ്റ്റീഫൻ ! കഴിഞ്ഞ വീക്കിലെ മീറ്റിംഗ് മിനിട്ട്സ് ഞാനയച്ചിരുന്നല്ലോ. കൗൺസിലർമാർ മൂന്ന പേരുമായും ഇന്ന് സംസാരിച്ചു. അന്നത്തെപ്പോലെ ഒരു മാസ് പ്രൊട്ടസ്റ്റ് ഇനി വേണ്ടെന്ന് അവർ റിക്വസ്റ്റ് ചെയ്തിട്ടുണ്ട്. ക്രിസ്തുമസിനു മുൻപ് തന്നെ തീരുമാനം നടപ്പിലാക്കണമെന്ന് മേയറുടെ മെയിൽ വന്നിട്ടുണ്ട് - ടൗൺ ഡെവലപ്മെന്റ് മാനേജർക്ക്. "

"ക്രിസ്തുമസിന് ഇനി രണ്ടു ദിവസമല്ലേയുള്ളൂ മാഡം. അതിനു മുൻപ് എങ്ങനെ നടപ്പിലാവും?"

"ഒക്കെ നടക്കും സ്റ്റീഫൻ. നമ്മൾ നടത്തിക്കും! ഗുഡ് നൈറ്റ്!"

കഴിഞ്ഞ നാലു മാസമായി നഗരാതിർത്തികളിലും വിവിധ ജില്ലകളിലെ ഗ്രാമാന്തരങ്ങളിലും പോയി വിശദമായ പഠനങ്ങൾ നടത്തിയാണ് ഇസബെല്ല പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നടന്ന ആ മനുഷ്യാവകാശ ലംഘനങ്ങളുടെ പൂർണ ചിത്രം സമിതിക്കു സമർപ്പിച്ചത്.

എല്ലാത്തിനും തുടക്കമിട്ടത് തന്റെ മുത്തച്ഛന്റെ കുറിപ്പുകളാണെന്നതിൽ സ്റ്റീഫന് തൃപ്തി തോന്നി.

"മാഡം, ഈ പ്രതിമ ആരുടേതാണെന്നറിയാമോ?"

ആറു മാസം മുൻപായിരുന്നു അത്. ഇസബെല്ല മോറിസൺ എന്ന ആ ബ്രിട്ടിഷ് വനിത സ്റ്റീഫനെ നോക്കി. അവർ വിമൻസ് ഫെഡറേഷന്റെ ലണ്ടൻ സിറ്റി സെക്രട്ടറിയാണ്. കഴിഞ്ഞ രണ്ടു വർഷമായി യൂണിവേഴ്സിറ്റിയിൽ ചരിത്ര ഗവേഷണം നടത്തുകയാണ്. പുറംചട്ടയായി എബ്രഹാം ലിങ്കന്റെ ഒരു ചിത്രം ലാമിനേറ്റ് ചെയ്ത് ഒട്ടിച്ച, നിറം മങ്ങിയ താളുകളും വിളറിയ അക്ഷരങ്ങളുമുള്ള ആ തുന്നിക്കെട്ടിയ നോട്ടുപുസ്തകം പിറ്റേ ദിവസം നദിക്കരയിലെ മരച്ചുവട്ടിൽ വച്ച് സ്റ്റീഫൻ അവർക്ക് കൈമാറി.

മുത്തച്ഛന്റെ ഡയറിക്കുറിപ്പുകൾ അച്ഛൻ സ്റ്റീഫന് കൊടുക്കുമ്പോൾ അതിൽ മുൻ തലമുറകൾ അനുഭവിച്ച കാര്യങ്ങൾ വ്യക്തമായി അവനറിയട്ടെ എന്നു മാത്രമാവണം അദ്ദേഹം കരുതിയത്.

* * *

സ്റ്റീഫൻ ആദ്യമായി ആ നോട്ടുപുസ്തകം തുറന്നപ്പോൾ കണ്ടത് ഈ വാചകങ്ങളാണ് -

"ഇത് മാഗട്ട്സാണ്, നിന്റെ മമ്മയുടെ അടിയിലെ ഹോളിൽ നിന്നു ചൊരിഞ്ഞു വീണത്. "

കമ്പൗണ്ടർ ഒരു പരിഹാസച്ചിരിയോടെ ആ ലോഹപാത്രം എന്നെ കാണിച്ചു.

"നിന്റെ മമ്മയെ ഈച്ചപ്പുഴു തിന്നു തീർക്കും ചെക്കാ. അവൾ ഇന്നിവിടെ കിടക്കട്ടെ - നിത്യദണ്ണക്കാരി മെറ്റിൽഡ. നീ ആൽബർട്ടിന്റെ ആലയിൽച്ചെന്ന് ഫെലിക്സ് കമ്പൗണ്ടർ ഉണ്ടാക്കാൻ ഏല്പിച്ച ഉരുപ്പടി വാങ്ങി വാ. ദാ ഈ പെനി വച്ചോ. നീ വല്ലതും കൊറിക്കാൻ വാങ്ങിക്കോ."

ആൽബർട്ടിന്റെ ആല ഒരു പുൽക്കാടിനു നടുവിലാണ്. അയാൾ ലെവി ഡോക്ടർക്ക് ഒരുപാട് ഉപകരണങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നുണ്ടത്രേ. ചുട്ടുപഴുത്ത ഏതോ ലോഹക്കൂട്ട് ഒരു പാത്രത്തിലേയ്ക്ക് പകരുന്നതിനിടെ അയാൾ പൊങ്ങച്ചം പറയുകയായിരുന്നു. അയാളുടെ ചുണ്ടിലെരിയുന്ന ചുരുട്ടിന്റെ പുക മൂക്കിലൂടെ പുറത്തേക്കു വന്നു.

"നിന്റെ തള്ളയെക്കൂടാതെ എത്ര പെണ്ണുങ്ങളുണ്ടവിടെ ഇന്ന് ?"

തുടർന്ന് അയാൾ ഉറക്കെ ചിരിച്ചു.

ഒരു വെളുത്ത തുണിയിൽ പൊതിഞ്ഞ് നാലിതളുകൾ ചേർന്ന പോലെയുള്ള രണ്ടുപകരണങ്ങൾ വച്ചു നീട്ടി.

"ഉം... കൊണ്ടു പോ."

ഡോക്ടർ ലെവിയുടെ ക്ലിനിക്കിലേയ്ക്കുള്ള നടപ്പാതയ്ക്കരികിലെ പീടികയിൽ നിന്ന് കമ്പൗണ്ടർ കൊടുത്ത പെനി നീട്ടിക്കൊണ്ട് ഞാൻ പറഞ്ഞു

"ചെറിയും ടോസ്റ്റും വേണം."

ചെറിയൊരു ഇലക്കീറിൽ കച്ചവടക്കാരൻ രണ്ടു ടോസ്റ്റും ഒരു കൈപ്പിടിയോളം ചെറികളും തന്നു. ഇടം കൈയിലിരിക്കുന്ന ഉപകരണമുള്ള തുണിപ്പൊതി കാലുറയുടെ കീശയിലേയ്ക്ക് തള്ളി വച്ചിട്ട് രണ്ടു ചെറിപ്പഴങ്ങൾ നുണഞ്ഞു കൊണ്ട് ഞാൻ ക്ലിനിക്കിലേയ്ക്ക് വേഗത്തിൽ നടന്നു. ഗോതമ്പു വയലുകൾ ഇരുപാടും വളർന്ന് കതിർ ചൂടി നിന്നു. എനിക്ക് ചൂളം കുത്താൻ തോന്നി. ഒരു സൺ ബേർഡ് കഴുത്തിലെ മിന്നുന്ന തൂവലിളക്കി എന്നെ നോക്കി. എതിരെ വന്ന കുതിരവണ്ടിക്കാരനോട് ഞാൻ ഗുഡ് ഈവനിംഗ് പറഞ്ഞു. അയാൾ പ്രതികരിക്കാതെ ചാട്ട ആഞ്ഞുവീശിക്കൊണ്ട് വണ്ടിയിൽ പാഞ്ഞു പോയി. കുതിരവണ്ടിയുടെ പാതി മറച്ച എടുപ്പിൽ യാത്രക്കാരുണ്ടാവാം. കൺട്രിമെന്നാവില്ല, റോയൽ ലേഡീസാരെങ്കിലുമാവും.

ഞാൻ വീണ്ടുമൊരു ചെറിപ്പഴം കൂടി വായിലിട്ടു കൊണ്ട് ഓടി. ക്ലിനിക്കിലെത്തി ആൽബർട്ട് തന്നു വിട്ട പൊതി കീശയിൽ നിന്നെടുത്ത് ഞാൻ കമ്പൗണ്ടർക്കു നേരെ നീട്ടി.

"നീയോ?"

അയാളെന്നെ തുറിച്ചു നോക്കി. ആ തുണിപ്പൊതിയഴിച്ചു കൊണ്ടയാൾ പറഞ്ഞു.

"ഇതു കയറ്റിയിറക്കി പരിശോധിക്കാൻ പുതിയൊരു പെണ്ണിനെ കണ്ടുപിടിക്കണമല്ലോ!"

അപ്പോൾ ഡോക്ടർ ലെവി പുറത്തേയ്ക്കു വന്നു.

മൂക്ക കണ്ണടക്ക മുകളിലൂടെ അയാളെ ന്നെ നോക്കി. എന്നിട്ട് കൈയിലെ നനവ് കമ്പൗണ്ടർ നീട്ടിയ വെള്ളത്തു ണിയിൽ തുടച്ചു കൊണ്ട് പറഞ്ഞു.

"ക്ലിനിക്ക് പൂട്ടി താൻ പൊയ്ക്കോളൂ."

എന്നിട്ടയാൾ മുറ്റം മുറിച്ചു കടന്ന് തെ രുവിലേയ്ക്കിറങ്ങി. പിന്നിലെ നിഴൽ അയാളെ അനുഗമിച്ചു.

"മമ്മ?"

ഞാൻ കമ്പൗണ്ടറോട് ചോദിച്ചു.

"അത് ചത്തു."

ആ വാക്കുകൾ സൃഷ്ടിച്ച ആഘാത ത്തിൽ ഞാൻ ഒരു മാത്ര തറഞ്ഞു നിന്നു. പിന്നെ സർവ്വ ശക്തിയും സം ഭരിച്ചു കൊണ്ട് അയാളുടെ നേർക്ക് കുതിച്ചെത്തി.

അയാളുടെ തറഞ്ഞ നോട്ടവും ഞരി യുന്ന പല്ലുകളും വിറയ്ക്കുന്ന കൊമ്പൻ മീശയും കണ്ട് ഞാൻ പതറിപ്പോയി.

അവ്യക്തവും അപൂർണവുമായ ഏതോ വാക്കിനൊപ്പം എന്റെ വായിൽ നിന്ന് ചതഞ്ഞൊരു ചെറിപ്പഴം മുറ്റത്തേ യ്ക്കുതിർന്നു.

"നിന്റെ തള്ളയെക്കൊണ്ടു പോയ കുതിരവണ്ടി ഇപ്പോ തെമ്മാടിക്കുഴി യിലെത്തി അവളെ അവിടെ തട്ടിയി ട്ടിട്ടുണ്ടാവും. നിന്റെ തന്തയുടെ അതേ വിധിയാണവൾക്കും. അവൻ കങ്കാ ണിയുടെ ചാട്ടയടിയിൽ തുലഞ്ഞു, ഇവളിങ്ങനെ പുഴുത്തും."

കണ്ണീരു വിഴുങ്ങിക്കൊണ്ട് ഞാനോടി. ഗോതമ്പു പാടവും പൈൻ മരത്തോട്ടവും കടന്ന് ചെങ്കുത്തായ പാത കയറിയപ്പോൾ കുന്നിൻ മുകളിലെ കത്തീഡ്രലിന്റെ കുരിശു കണ്ടു. തിരുപ്പിറവി നക്ഷത്ര വിളക്ക കത്തിക്കാൻ ഒരാൾ വിളക്കുകാലിൽ കോണി ചാരി വച്ചു കയറുന്നു.

"എന്റെ മമ്മയെക്കണ്ടോ?"

അയാൾ തിരിഞ്ഞു നോക്കി. സ്പ്രിംഗ് പോലെ ചുരുണ്ട എന്റെ മുടിയിലേയ്ക്ക് നോക്കി അയാൾ ചിറി കോട്ടിക്കൊ ണ്ടു ചോദിച്ചു-

"അടിമക്കൂട്ടത്തിലേതാ നീ? "

"ഉം.. "

"എന്റെ മമ്മ ..."

"നിന്റെ തള്ളയ്ക്കെന്തായി, കൊഞ്ചാതെ കാര്യം പറ ചെക്കാ "

"എന്റെ മമ്മ മരിച്ചു.. കുതിര വണ്ടിയി ല് പോയി ... തെമ്മാടിക്കുഴി ... "

"ഓ... അവളോ?

ഫിലിപ്പ് മുതലാളിയുടെ അടിമക്കൂട്ട ത്തിലെ ഒരുത്തി ചത്തെന്നു പറഞ്ഞ് വണ്ടിയുമായി കുതിരക്കാരൻ ടിസൻ കുന്നു കേറിപ്പോണ കണ്ടു. നിന്റെ തള്ളയാ?"

"ഉം...

"എവിടെയാ തെമ്മാടിക്കുഴി ?"

"ദേ അവിടെ."

അയാൾ അകലെ ഏതോ കുടിലുക ളിൽ എണ്ണവിളക്കുകൾ മുനിഞ്ഞു കത്തിത്തുടങ്ങുന്ന താഴ് വരയിലേയ്ക്ക് വിരൽ ചൂണ്ടിക്കൊണ്ട് പൊട്ടിച്ചിരിച്ചു. അപ്പോൾ ആ കോണി ഒന്നിളകി.

"നോക്കി നിൽക്കാതെ ഇതു പിടിക്കെ ടാ !"

അയാൾ കോണിച്ചോട്ടിലേയ്ക്ക് നോക്കി കൊണ്ട് ആജ്ഞാപിച്ചു. ഞാൻ വിറയാർന്ന കൈകൾ കൊണ്ട് കോണിയുടെ ഇരുപാടും പിടിച്ചു. അപ്പോൾ പള്ളിയുടെ മറുവശ ത്തു നിന്നും ആ കുതിരവണ്ടി എന്നെ യും കടന്ന് താഴേയ്ക്കു കുതിച്ചു പോയി.

അന്നു രാത്രി ആൽബർട്ടിന്റെ ആല യിൽ ചെന്ന് ഞാൻ അതിന് തീയി ട്ടിട്ട് ഓടി. താഴെയെത്തി തിരിഞ്ഞു നോക്കുമ്പോൾ ആ പുൽക്കാടു മുഴുവൻ നിന്നു കത്തുന്നു. ലെവി ഡോക്ടറുടെ ക്ലിനിക്കിലേക്കായിരുന്നു എന്റെ ഓട്ടം. പിന്നിലുള്ള ചികിത്സാ മുറി യുടെ അടുത്തു ചെന്നിട്ട് കൈയിലെ പുൽപ്പന്തം ജനലിലൂടെ അകത്തേയ്ക്കി ടാനായുമ്പോൾ ഞാൻ ആ മുറിയുടെ അറ്റത്തു കിടക്കുന്ന മേശ കണ്ടു. അതിൽ കിടത്തിയാണ് അയാൾ എന്റെ മമ്മയെ പരീക്ഷണങ്ങൾ നടത്തി കൊന്നത്... സാറാ ആന്റി യെ, അവരുടെ ഇളയ സഹോദരി മാർത്തയെ... മമ്മ അതിലുണ്ടോ, ആ മേശമേൽ?

ഇല്ല...

അതു ശൂന്യമാണ്!

രണ്ടാഴ്ച മുൻപായിരുന്നു. ആ പരി ശോധന. മേശമേൽ മമ്മ ചുമരിനഭിമു ഖമായി കിടക്കുന്നത് ഞാൻ കണ്ടത് ഈ ജനലിലൂടെയാണ്. എന്നെ അപ്പോൾ ആരും കാണുന്നുണ്ടായിരു ന്നില്ല. കമ്പൗണ്ടർ വിളക്കു കാട്ടുന്നു, ഡോക്ടർ ഒരു ലോഹ ഉപകരണം വലതുകൈയിൽ വച്ച് മമ്മയുടെ ഫ്രോ ക്കുയർത്തുന്നു.

"ഓട് നാശം പിടിച്ചവനേ !"

കമ്പൗണ്ടർ എന്നെ കണ്ടു കഴിഞ്ഞു. ഞാൻ പുൽപ്പന്തം ആ മുറിയിലേയ്ക്കെ റിഞ്ഞു.

മുപ്പതു വർഷങ്ങൾക്കു ശേഷം അലെൻഡെയ്ലിൽ തിരികെയെ ത്തുമ്പോൾ രക്തബന്ധുക്കളാരും ജീവനോടെയില്ലെന്ന് ഞാൻ തിരിച്ച റിഞ്ഞു. അയൽക്കാർ ടോമങ്കിളും കുടും ബവും മലയോരം വിട്ടു പോയിരുന്നു. ഡോക്ടർ നഗരത്തിലേയ്ക്ക് താമസം മാറിയിരുന്നു. അയാൾ അർബുദ ചികിത്സയ്ക്കായി സ്ഥാപിച്ച വലിയ ആശുപത്രിയെക്കുറിച്ച് കേട്ടപ്പോൾ വെറുപ്പിനു മേൽ നിരനിരയായി കുത്തി നിർത്തിയ പന്തങ്ങളിലേയ്ക്ക് തണുത്ത ജലം വന്നു വീണ പോലെ തോന്നി. സിഫിലിസ് ബാധിച്ച് നര കിച്ചാണ് കമ്പൗണ്ടർ മരിച്ചതെന്ന് മാർത്ത ആന്റിയുടെ കൂട്ടുകാരി ലിസ യാൻറി പറഞ്ഞു.

* * *

സ്റ്റീഫൻ കിടപ്പുമുറിയിലെത്തി. സോ ഫയിലേയ്ക്ക് ചായും മുൻപ് ഉറങ്ങിക്കി ടക്കുന്ന ടെസ്സയുടെ നെറ്റിയിൽ മൃദുവാ യൊന്നു മുത്തി. നാലു ദിവസം മുൻപ് പ്രസവമുറിയുടെ മുന്നിൽ കാത്തു നിന്നപ്പോൾ ഇടയ്ക്കിടെ പുറത്തേയ്ക്കിറ ങ്ങുന്ന നഴ്സിനോടു ചോദിച്ചു:

'ടെസ്സയ്ക്ക് എങ്ങനെയുണ്ട്? വല്ലാത്ത വേദനയാണോ?' '

ടെസ മിടുക്കിയായി കിടക്കുന്നു എന്ന് നഴ്സ് പ്രസരിപ്പോടെ പ്രതികരിച്ചു. വി വാഹശേഷം രണ്ടാം കൊല്ലം മുതൽ അവൾ പറഞ്ഞു തുടങ്ങി "നമുക്കു കു ഞ്ഞുങ്ങൾ വേണം സ്റ്റീഫൻ "

"അതൊക്കെ റിസ്കാ. എനിക്കു നീയും നിനക്കു ഞാനും മതി!"

ആദ്യമൊക്കെ അവൾ ശരിയെന്നു തലയാട്ടി, പക്ഷേ പോകെപ്പോകെ ടെസ വാശി പിടിക്കാൻ തുടങ്ങി.

സ്റ്റീഫനോ, ഭയങ്ങളുടെ ഒരു കുമ്പാര ത്തിൽ നിന്ന് പല പല ആശങ്കകൾ പുറത്തു വന്നു കൊണ്ടിരുന്നു.

പ്രസവത്തോടെ മരിച്ച അമ്മ , നിർ ബ്ബന്ധിത പരീക്ഷണ വസ്തുവായി ആരാലൊക്കെയോ നിയോഗിക്കപ്പെ ട്ട് ലൈംഗികാവയവങ്ങൾ തകർന്ന് കൊല്ലപ്പെട്ട മെറ്റിൽഡയെന്ന മുത്തു ത്തശ്ശി...

ശാരീരിക ബന്ധത്തിൽ ടെസയൊന്നു ഞരങ്ങിയാൽ സ്റ്റീഫന് ആധിയായി രുന്നു. ഇന്ന് സ്റ്റിച്ചിന്റെ വേദനയെപ്പറ്റി പറഞ്ഞപ്പോൾത്തന്നെ ആസകലം നുറുങ്ങി നോവും പോലെ തോന്നി.

പ്രണയകാലത്ത് ടെസ ഫൈൻ ആർ ട്ട്സ് സ്റ്റുഡൻറായിരുന്നു. പല തവണ ട്രാമിൽ മുഖാമുഖം നോക്കി സഞ്ചരിച്ച .അന്ന് പരിചയപ്പെട്ടിട്ടു പോലുമില്ല.. നീല മിഴികളും ഇന്ത്യക്കാരുടെ പോലെ കറുത്തിടതൂർന്ന മുടിയും ആദ്യ കാഴ്ചയിലേ സ്റ്റീഫൻ ശ്രദ്ധിച്ചി രുന്നു.പലപ്പോഴും പരിചയപ്പെടാനുള്ള തോന്നലുണ്ടായെങ്കിലും പിന്നെ വേണ്ടെന്നു വച്ചു. കാതറിനും ജാനറ്റും ചേർന്ന് സൃഷ്ടിച്ച പെൺകാലങ്ങളുടെ സൗഹൃദ ലോകം കളി ചിരികളുടെയും യാത്രകളുടേതുമായിരുന്നു.

"അവരിലാരാണ് നിന്റെ സ്വീറ്റ് ഹാർ ട്ട് ?"

മൈക്കിളും സ്റ്റുവർട്ടും നിരന്തരം ചോദി ച്ചു. ആരുമല്ല എന്ന് മറുപടി.

പറഞ്ഞു മടുത്തപ്പോഴാണ് കൺമു ന്നിൽ പുക വലയങ്ങൾ വികല ചി ത്രങ്ങൾ തീർത്ത ഒരു പാതിരാവിൽ മൈക്കിളിന്റെ റഫറൻസിലും സ്റ്റുവർ ട്ടിന്റെ പ്രേരണയിലും പുഴയോരത്തെ ഊർച്ച മില്ലിനടുത്തുള്ള നിശാനർ ത്തകി ജനിഫറിനെ തേടിപ്പോകാൻ തീരുമാനിച്ചത്.

എക്കണോമിക്ക് ആന്റ് വർത്തി എന്നൊക്കെയുള്ള നിരീക്ഷണങ്ങൾ ആവർത്തിച്ചുരുവിട്ടു കൊണ്ട് ജന്നി ഫറിന്റെ വില്ലയിലേക്ക് മൈക്കിൾ ബൈക്കോടിച്ചു കൊണ്ടുപോകാമെ ന്നേറ്റു. അപ്പോൾ മൊബൈലിന്റെ ഗാലറിയിൽ നിന്ന് ജനിഫർ എന്ന മാദകത്തിടമ്പിന്റെ ഫോട്ടോ സ്റ്റുവർട്ട് സ്റ്റീഫനെ കാണിച്ചു. ഇറുകിയ നീല ഫ്രോക്കു ചൂണ്ടി "നിനക്ക് ശ്വാസം മുട്ടുന്നുണ്ടോ സ്റ്റീഫൻ ?" എന്നവൻ കളിയാക്കുകയും ചെയ്തു.

അർദ്ധസമ്മതത്തിന്റെ സ്വാതന്ത്ര്യ ത്തിൽ കൂട്ടുകാർ സ്റ്റീഫനെ കൂടുതൽ ഉത്സാഹിപ്പിക്കാൻ ശ്രമിച്ചു കൊണ്ടി രുന്നു. അന്നൊരു ശനിയാഴ്ചയായി രുന്നു. "സ്ത്രീകളുടെ മാറിടം നമ്മളെ വല്ലാതെ സാന്ത്വനിപ്പിക്കും - ലൈക് എ ടെംപററി ഷെൽട്ടർ "മൈക്കിൾ പറഞ്ഞു നിർത്തിയപ്പോൾ സ്റ്റുവർട്ട് പരിഹസിച്ചു - "സ്റ്റോപ്പിറ്റ് ഇഡിയറ്റ്! "

'നിന്റെയൊരു ഫിലോസഫി. അങ്ങനെയൊന്നുമില്ല. ഇറ്റ്സ് ആൾ അബൗട്ട് ഫ്ലെഷ് ആന്റ് ജ്യൂസ്.

ഏതായാലും നാളെ ഈവനിംഗ് യൂ വിൽ ബി അറ്റ് ജനീസ് ഡെൻ.. ഡൺ ! "

അവർ അന്നത്തേയ്ക്ക് പിരിഞ്ഞു. ഞായറാഴ്ച വൈകിട്ട് അഞ്ചരയ്ക്ക് മൈ ക്കിളും സ്റ്റീഫനും ഊർച്ചമില്ലിന്റെ അടുത്തെത്തി. അപ്പോൾ എതിർവ ശത്തുള്ള വീടിന്റെ ഗേറ്റിനു മുൻപിൽ ട്രാമിൽ കാണാറുള്ള പെൺകുട്ടി.

"നിർത്ത് നിർത്ത് ! സ്റ്റീഫൻ മൈക്കി ളിന്റെ ചുമലിൽ തട്ടി.

"എന്താ?"

അലോസരത്തോടെ മൈക്കിൾ ബ്രേക്കിട്ടു. സ്റ്റീഫനെക്കണ്ട് അവൾ പുഞ്ചിരിച്ചു. സ്റ്റീഫൻ ബൈക്കിൽ നി ന്നിറങ്ങി അവളുടെ നേർക്കു നടന്നു. അവളുടെ കൈയിൽ ഒരു പൂപ്പാത്രമു ണ്ടായിരുന്നു. അതിൽ അപ്പോൾ മുറി ച്ചെടുത്ത ഇളം നിറങ്ങളിലെ ചെറിയ പൂങ്കുലകളുണ്ടായിരുന്നു.

"ഇവിടെ?"

"ഇതു വഴി പോയതാ."

"വരൂ, ഇതാണ് എന്റെ വീട്.

"പേരെന്താ ?"

അതു ചോദിച്ച് അവൾ പൊട്ടിച്ചിരിച്ചു.

"സ്റ്റീഫൻ "

"ഞാൻ ടെസ, വരൂ."

അപ്പോഴാണ് ആ മുറ്റം മുഴുവൻ വ്യാ പിച്ചു കിടക്കുന്ന പൂന്തോട്ടം സ്റ്റീഫൻ ശ്രദ്ധിച്ചത്. പടർ വള്ളികളും പൂച്ചെടി കളും നിറഞ്ഞ മുറ്റത്തിന്റെ ഇടത്തേയ റ്റത്ത് തടിയിൽ തീർത്ത ഒരു ചെറിയ കെട്ടിടം സ്റ്റീഫൻ ശ്രദ്ധിച്ചു.

"എന്റെ സ്റ്റുഡിയോ ആണ്. ഞാൻ ഫൈനാർട്ട്സാ പഠിക്കുന്നെ."

"ഞാനൂഹിച്ചിരുന്നു."

"സ്റ്റീഫനോ? "

"ഞാൻ ടൂറിസ്റ്റ് ഗൈഡാണ്."

"വരൂ."

ടെസ നടന്നു കൊണ്ട് പിന്നിലുലയു ന്ന സമൃദ്ധമായ മുടി ഒതുക്കിക്കെട്ടിയ നീല സ്കാർഫഴിച്ചു. വാതിൽ തള്ളിത്തു റന്ന് കയറിയ ഉടൻ വലതു വശത്തു കണ്ട ഒരു ചെറു പ്രതിമയെ ആ സ്കാർ ഫ് കൊണ്ടു മൂടി.

"അതു വർക്ക് കഴിഞ്ഞതല്ല." ടെസ പറഞ്ഞു.

എണ്ണച്ഛായ ചിത്രങ്ങളും മൺ പ്രതിമ കളും കൊണ്ട് നിറഞ്ഞ ആ മുറിയിൽ ഒരു സ്വപ്ന ലോകത്തിലെന്നോണം സ്റ്റീഫൻ നടന്നു.

അവിടെ നിന്നിറങ്ങുമ്പോൾ ടെസയു ടെ അച്ഛനമ്മമാരും ഇളയ സഹോദരി സൂസനും സിറ്റൗട്ടിലേയ്ക്കിറങ്ങി വന്നു.

"ഫ്രണ്ടാ പപ്പാ -സ്റ്റീഫൻ" ടെസ പപ്പ യുടെ തോളിലേയ്ക്ക് ചാഞ്ഞു കൊണ്ടു പറഞ്ഞു.

"കോഫി കഴിച്ചിട്ട് പോവാം." മമ്മ വിളിച്ചു.

"പിന്നീടാവാം, എന്റെ ഫ്രണ്ട് പുറത്തു വെയിറ്റ് ചെയ്യുന്നുണ്ട്."

അപ്പോൾ മാത്രം സ്വബോധത്തിലേ യ്ക്ക് മടങ്ങി വന്ന സ്റ്റീഫൻ ഗേറ്റിലേ ക്ക് തിരക്കിട്ടു നടന്നു. അന്ധാളിച്ചു ബൈക്കും ചാരി നിന്ന മൈക്കിളി നോട് "വാ നമുക്ക് തിരിച്ചു പോകാം "എന്നു പറഞ്ഞ് പിൻതുടർന്നു വന്ന ടെസയ്ക്കു നേരേ കൈ വീശി.

"സീ യൂ ടെസാ.. "

ബൈക്ക് തിരിച്ചു വിടുമ്പോൾ മൈ ക്കിൾ ഒരു മുട്ടൻ തെറി പറഞ്ഞു, എന്നിട്ട് ചോദിച്ചു.

"നിനക്കിതെന്തു പറ്റി? അവളേതാ?"

സോളമന്റെ പ്രണയഗീതത്തിലെ വരികൾ ഉറക്കെ ചൊല്ലാനാണ് തോന്നിയതെങ്കിലും സ്റ്റീഫനപ്പോൾ ഫ്രെഡി മെർക്കുറിയുടെ പാട്ടാണ് പാടിയത്.

But you don't know what it means



to me

Love of my life

Love of my life

Ooh......

സ്റ്റീഫൻ ബെഡ് റൂം ലാമ്പ് കെടുത്തും മുൻപ് ചില്ലിട്ട ഷെൽഫിലേയ്ക്ക് കണ്ണു പായിച്ചു.. ടെസ അന്നു സ്കാർഫു കൊണ്ടു മറച്ച ആ മൺപ്രതിമയിലെ തന്റെ മുഖത്തേയ്ക്കുറ്റു നോക്കി.

തന്നെ ട്രാമിൽ വച്ച് മൂന്നാം വട്ടം കണ്ട രാത്രി ഉറക്കം വരാതെ സ്റ്റുഡിയോയിൽ ഇരുന്ന് കളിമണ്ണു കുഴച്ച് അതു മെനഞ്ഞ കഥ വീണ്ടും കേൾക്കാൻ കൊതി തോന്നി.ഇതിനോടകം എത്രയോ തവണ അതു കേട്ടിരിക്കുന്നു.

അന്ന് ടെസ തന്നെ കണ്ടതുകൊണ്ടല്ല താൻ ടെസയെ കണ്ടതുകൊണ്ടാണ് ജനിഫറിന്റെയടുത്ത് പോകാഞ്ഞതെന്ന് വീണ്ടും സ്വയം പറഞ്ഞു സ്റ്റീഫൻ. നാളെ രാവിലെ തന്നെ അവളെയും കൊണ്ട് ആശുപത്രിയിൽ പോവണം.

എവിടെയോ ഒരു വാനമ്പാടി കരയുന്ന ഒച്ച കേട്ടു. അപ്പുറത്തെ ബഡ്ഡിൽ ടെസ ഒന്നു ഞരങ്ങി തിരിഞ്ഞു കിടന്നു.

"ബിഗ്ബേബി ആണെന്നു കണ്ട് ഞാൻ നിന്നെ വാൺ ചെയ്തതല്ലേ. അപ്പോ നിനക്ക് നാച്വറൽ ഡെലിവറി തന്നെ വേണം."

ഡോക്ടർ ടെസയെ കുറ്റപ്പെടുത്തി.

"സ്റ്റിച്ച് പൊട്ടിപ്പോയോ ഡോക്ടർ? "

പരിശോധന മുറിയിൽ ടെസ പിടഞ്ഞു.

"വീണ്ടും ശരിപ്പെടുത്തേണ്ടി വരും, ചെറുതായി ലോക്കൽ തരാം."

"സിസ്റ്റർ ... "

ഡോക്ടർ ആഗ്നസ് നീട്ടി വിളിച്ചു.

സ്റ്റീഫൻ ആശുപത്രിയിൽ നിന്ന് ഒന്നു പുറത്തേക്കിറങ്ങി. മഞ്ഞുകാല പൂക്കളുടെ ഒരു ഷോപ്പ് കടന്നുപോകുമ്പോൾ അയാൾക്കെന്തോ വല്ലാത്ത നിരാശ അനുഭവപ്പെട്ടു. ഇന്നലെ രാത്രി ഒരു മണിക്കു ശേഷം ടെസ ഒരു പോള ഉറങ്ങിയിട്ടില്ല. ഗുളിക കഴിച്ചപ്പോൾ വേദന ഇത്തിരി കുറവുണ്ടെന്ന് മൂന്നു മണിക്ക് അവൾ തന്നെ ആശ്വസിപ്പിക്കാൻ പറഞ്ഞതാവാം.

കുഞ്ഞിനെക്കാണാൻ വന്ന അയൽക്കാർ കൊണ്ടുവന്ന ഇനിയും തുറന്നിട്ടില്ലാത്ത സമ്മാനപ്പൊതികൾക്കു മേൽ ചെറുറോസുകളും ലാവണ്ടർ തണ്ടുകളും വാടിക്കിടന്നു. ഊഹിക്കാനാവും, അവയ്ക്കുള്ളിൽ എന്തൊക്കെയാവുമെന്ന്.

കുഞ്ഞു സ്വെറ്റർ ഉടുപ്പുകൾ, കാലുറകൾ, ഗ്ലൗസുകൾ, നേർത്ത പൂക്കൾ തുന്നിയ ഫ്ലാനലുകൾ.... ആ പാക്കറ്റുകളിലെ പല നിറ റാപ്പറുകൾ നോക്കിക്കൊണ്ട് അയാൾ വെറുതേ കിടന്നു. പങ്കു വയ്ക്കാനാവാത്ത ഇത്തരം വേദനകൾ എന്തിനാണ് ടെസയ്ക്ക് കൊടുക്കുന്നത് ദൈവമേ എന്ന് നെടുവീർപ്പിട്ടു. അയാൾ മുന്നിലേയ്ക്കു നടന്നു. വഴിയോരത്തെ കുരിശടിയിൽ മദർ മേരിക്കു മുന്നിൽ തിരികൾ കത്തി മെഴുകുതിർന്നു തീരാറാവുന്നു..

പിറ്റേന്നു രാവിലെ തന്നെ ആഗ്ന

സാന്റി ആശുപത്രിയിലെത്തി.ടെസ യെയും മകനെയും അവരെ ഏല്പിച്ച് സ്റ്റീഫൻ ജോലിക്കിറങ്ങി. വൈകു ന്നേരം ജോലി കഴിഞ്ഞ് ചിന്താക്കു ഴപ്പങ്ങളുടെ ചരിത്രനഗരത്തിലൂടെ ബൈക്കോടിച്ചു പാർക്കിലേക്കു പോകു മ്പോൾ വീട്ടിലേക്കുള്ള ദൂരം ഇനിയുമേ റെയുണ്ടെന്ന് രാത്രിയിലെ ടെസയുടെ നേർത്ത ഞരക്കങ്ങളുടെ ഓർമ്മയിൽ സ്റ്റീഫനു തോന്നി. അയാൾ പാർക്കി ലേക്കു നടന്നു.

ഒരു ചങ്ങലത്തണ്ടിൽ തൂങ്ങി ഹെൻറി ലെവിയുടെ ലോഹപ്രതിമ തലയറ്റം നിലത്തു മുട്ടിക്കിടന്നു. അര മുതൽ കാലറ്റം വരെ കുറച്ചുയർന്ന ആ കിടപ്പ് നോക്കി അയാൾ തെല്ലിട നിന്നു.

ആ നോട്ടുപുസ്തകക്കുറിപ്പിൽ ഇങ്ങനെ യുണ്ട്: ആദ്യമായി ക്ലിനിക്കിലെത്തി മടങ്ങുമ്പോൾ മമ്മ പറഞ്ഞു "ഡോക്ടു റദ്ദേഹം കനിഞ്ഞിട്ടാ മോനേ ഇന്നു നമുക്ക് അത്താഴത്തിനീ ആട്ടയും എണ്ണയും കിട്ടിയത്.

അദ്ദേഹം കുറച്ചു പരിശോധന നട ത്തി ദണ്ണമെല്ലാം മാറ്റിത്തരുമെന്നാ പറഞ്ഞത്. അതുവരെ തോട്ടത്തിലെ ജോലിക്ക് ചെല്ലണ്ട എന്ന് കങ്കാണി പറഞ്ഞുവത്രേ!"

"അമ്മയ്ക്കെന്താ അസുഖം" ഞാൻ ചോ ദിച്ചു.

"ഡോക്ടർ പറഞ്ഞത് മൂത്രസഞ്ചിയിൽ തുള വീഴുമെന്നാ.. "

മെറ്റിൽഡയുടെയും മറ്റനേകം അടിമ സ്ത്രീകളുടെയും ഗുഹ്യഭാഗത്ത് തുളയു ണ്ടാക്കിയും രോഗാണുക്കളെ കുത്തി വച്ച് വ്രണപ്പെടുത്തിയും കൊല്ലന്റെ ആലയിൽ അടിച്ചു പരത്തിയും ഉരു ട്ടിയും ഉണ്ടാക്കിയ ലോഹദണ്ഡുകൾ കടത്തിയും അനേക വർഷങ്ങളിൽ നടത്തിയ പരീക്ഷണങ്ങളുടെ വർ ണന ഡയറിയിൽ വായിച്ചത് ഓർ മ്മിക്കെ സ്റ്റീഫന് വിറഞ്ഞു കയറി. അയാൾ ലെവിയുടെ തലയ്ക്കു മുകളിൽ ബൂട്ടിട്ട വലതു പാദമമർത്തി. പിന്നെ ദ്രുതഗതിയിൽ ആ പ്രതിമയുടെ നെ ഞ്ചിലൂടെ ചവിട്ടിക്കുതിച്ചു നടന്നു. ഉന്മാ ദത്തിന്റെ മൂർദ്ധന്യത്തിലെന്നോണം അയാൾ ഇരു കൈകളും വിണ്ണിലേക്കു യർത്തി അലറി. പിന്നെ ലെവിയുടെ ഗുഹ്യഭാഗത്തേക്കു ഇരുപാദങ്ങളും എത്തിച്ചു ചവിട്ടാനാഞ്ഞു. അപ്പോൾ അവിടം ശൂന്യമാണെന്നും തനിക്കു മുൻപ് മറ്റാരോ പാർക്കിലെത്തി അയാളുടെ ഗുഹ്യഭാഗം തകർക്കുകയെ ന്ന കർമ്മം നിർവഹിച്ചു കഴിഞ്ഞെ ന്നും മനസ്സിലായി.

ആശുപത്രിയിൽ രാത്രി വേദനയ്ക്കു ശമനം വന്ന ടെസ സുഖമായുറങ്ങി. കുഞ്ഞ് തൊട്ടിലിൽ കിടന്നു. ആഗ സാന്റി വൈകിട്ടു മടങ്ങുമ്പോൾ കാൻ റീനിൽ നിന്ന് ജാക്കിനുള്ള ഫുഡ് വാങ്ങിക്കൊടുത്തു വിട്ടു. സ്റ്റീഫൻ രാത്രിയിലുടനീളം നിന്നു കത്തുന്ന പച്ച മരങ്ങളെയും അതീത കാലത്തെ ശബ്ദങ്ങളെയും സ്വപ്നത്തിലനുഭവിച്ചു. അർദ്ധനിദ്ര നൽകിയ ഇടവിട്ടുള്ള ഉണർച്ചകളുടെയും കുഞ്ഞുമമ്മയും ഉറ ങ്ങുന്നുണ്ടോ എന്ന കരുതലിന്റെയും യാമങ്ങൾക്കപ്പുറം രാവു പുലർന്നു.

ഡോക്ടർ ഡിസ്ചാർജ് ചെയ്യാൻ വരും മുൻപ് ആശുപത്രിയുടെ ഡെ റ്റോൾ ഗന്ധം വകഞ്ഞു കൊണ്ട് സ്റ്റീഫൻ ഒരു പത്രം വാങ്ങാനായി പുറത്തേക്കിറങ്ങി. ന്യൂയോർക്ക് ടൈം സിന്റെ മുൻ പേജിൽത്തന്നെ ആ വാർത്തയുണ്ടായിരുന്നു: ബഹുജന പ്രക്ഷോഭത്തെത്തുടർന്ന് ഹെൻറി ലെവിയുടെ പ്രതിമ പാർക്കിൽ നിന്ന് പിഴുതുമാറ്റി.

മുത്തച്ഛനോടുന്ന സിരകൾ സ്റ്റീഫന്റെ ചെന്നിക്കിരുവശമിരുന്ന് തുടിച്ചു.

ഇന്നലെ നേരിട്ടു കണ്ടപ്പോഴുള്ളതിനേ ക്കാൾ വികൃതമാക്കപ്പെട്ട നിലയിൽ ഹെൻറി ലെവിയുടെ കടപുഴകിയ പ്ര തിമയുടെ ചിത്രം ചുറ്റും ചുവന്ന ചായം തെറിച്ച മട്ടിലുള്ള ബോർഡറുമായി പത്രത്താളിൽ കിടന്നു.

ഈ സമയം ഡോക്ടർ ആഗ്നസ് ടെസയ്ക്കു ഡിസ്ചാർജ് നോട്ട് എഴുതുക യായിരുന്നു.

പൊട്ടിയ സ്റ്റിച്ചിന്റെ കഠിനവേദന തീർത്തു കൊടുത്ത ഡോക്ടറുടെ കൈ മുറുകെപ്പിടിച്ച് ടെസ പറഞ്ഞു:

"താങ്ക് യൂ സോ മച്ച് ഡോക്ടർ. വേദന കൊണ്ട് ഞാൻ മരിച്ചു പോകുമായി രുന്നു."

"എനിക്കല്ല മുൻപേ കടന്നു പോ യവർക്കാണ് നന്ദി പറയേണ്ടത്, Remember them in your prayers Tessa."

നഗര വാർത്തകളുടെ ഉൾപേജിൽ ആക്ടിവിസ്റ്റ് ഇസബെല്ലയെ സ്വന്തം ലേഖകൻ ഇന്റർവ്യൂ ചെയ്യുന്ന കോളം വായിച്ചു കൊണ്ട് സ്റ്റീഫൻ വാർഡിനു നേരെ നടന്നു.

'നമ്മുടെയൊക്കെ രണ്ടു തലമുറയ്ക്കപ്പുറം മെഡിക്കൽ സയൻസിനായി വെറും പരീക്ഷണ വസ്തുക്കളാക്കപ്പെട്ട എല്ലാ സ്ത്രീകൾക്കുമുള്ള, എല്ലാ മനുഷ്യർക്കു മുള്ള മരണാനന്തര ആദരമായി ഞാ നിതിനെ കാണുന്നു. അവരുടെ ദുരിത ങ്ങളുടെ ശരിയായ കണക്കെടുക്കാൻ നമുക്കാവില്ല. പക്ഷേ ഞരമ്പുകളിൽ ആ സ്മരണകളുടെ നടുക്കം പേറുന്ന അനേകരുണ്ടിവിടെ. അവരുടെ പൂർവ്വികർക്കു വേണ്ടി ഇത്രയെങ്കിലും ചെയ്യണ്ടേ നമ്മൾ?"

മെഡിക്കൽ സയൻസിന്റെ വികാ സത്തെ മതിപ്പോടെ കാണുമ്പൊഴും കൂടുതൽ ശരിയേതെന്ന വിവേചനാ ധികാരമുള്ളവരായിരുന്നില്ല അതിന്റെ വളർച്ചയുടെ നാൾവഴികളെ നിയന്ത്രി ച്ചിരുന്നത്. അവർ വിഷയത്തിൽ മികച്ചു നിന്നിരിക്കാം. പക്ഷേ മനുഷ്യ ത്വത്തിന്റെ കാര്യത്തിൽ തീർത്തും നിരാശപ്പെടുത്തി അവർ.

ചരിത്രത്തിൽ നിന്നു പാഠമുൾക്കൊ ണ്ട് ഇന്ന് മെഡിക്കൽ എത്തിക്സ് കൃത്യമായി പാലിക്കുന്നുണ്ട് ഭൂരിഭാഗം വൈദ്യ സമൂഹവും ..

"മാഡം..

ഇന്നു പിറന്ന ബേബിയുടെ ഫാദർ കൊണ്ടു വന്ന കേക്കാണ്."ഒരു സിൽ വർ റാപ്പറിട്ട പൊതി ഡോക്ടർക്ക് നീ ട്ടിക്കൊണ്ട് സിസ്റ്റർ അനീറ്റ പറഞ്ഞു.

"നമുക്കിത് മുറിക്കാം. ടെസയും സ്റ്റീഫ നും കഴിച്ചിട്ടേ പോകാവൂ. നിൽക്കൂ." ഡോക്ടർ

മോനെ ടെസയിൽ നിന്ന് വാങ്ങി ക്കൊണ്ട് സ്റ്റീഫൻ പുഞ്ചിരിച്ചു.

ഡോക്ടർ വച്ചു നീട്ടിയ കേക്കു വാങ്ങി ക്കൊണ്ട് സ്റ്റീഫൻ പറഞ്ഞു " മെറി ക്രിസ്ത്മസ് ഡോക്ടർ " കേക്കു കഷണത്തിലെ ചെറിപ്പഴം ഇളം തണുപ്പോടെ തന്റെ നാവിലലിയു ന്നത് ആസ്വദിച്ചു കൊണ്ട് അയാൾ ടെസയ്ക്കും കുഞ്ഞിനുമൊപ്പം ആശുപ ത്രിയിൽ നിന്നിറങ്ങി. ■

Nandana Nair
Sree Uthradam Thirunal Academy of Medical Sciences, Thiruvananthapuram

കവിത
വിദ്യാർത്ഥി വിഭാഗം
രണ്ടാം സ്ഥാനം

# THOSE WERE THE DAYS...




The grin on my face has vanished.
The frolic plays of the past
Have been shattered into pieces of memories-
'Cause metamorphosis is inevitable.
Those were the hay days,
When the mistakes of our pencils could be erased.
I explored the beauty of life.
Daffodils bloomed in me.
I found comfort in my mother's bosom.
I kissed the zenith of happiness.
Experiences of life
Diffused colours of joy into me.
Those were the days,
When we relished the taste of simplicity
We embraced the flaws of nature.
In spite of the pricky thorns they hid behind them
Little did I realise,
The playful cries of the toddler
Could drastically change into
Melancholic tears of adulthood!
Infants of today
Shall be the dutiful brothers of tomorrow.
In the blink of an eye
They shall not even get a chance to say,
"Those were the days ..."
The chills of winter have been replaced by
The scorching heat of summer,
The pale days of autumn have passed.
And the season of colours have come forth.
The passage of time shall teach us that
Those were the days
When life was evergreen.
Thee shall witness the glory of those days,
When the dark hands of this generation
Blind you with inscrutinable horrors
And push you into the pit of mistakes.
Those were the days,
When the treasures of joy were discovered,
In the smallest of matters.
And not determined by tiny printed papers,
Dividing the society into sections
Giggles have diminished,
The view of nature glittering in emerald
Has lost its shine and pride.
The rhythms and melodies
Have been ripped apart by voices of agitation.
Every second was brimming with laughter
And every moment was framed in my soul.
The true meaning of love was experienced.
Those were the days,
When the mind was worshipped
Rather than the deceptive looks of lust
Oh! Mighty time,
Behold thy glory,
For amidst all these chaos,
I shall witness the next dawn
With a naive smile on my countenance
And a heart pumping with faith,
Hoping to relive
Those juvenile days bounded by love
What come may!
The ethereal beauty of time
Shall be cherished forever.

ഉപന്യാസം
വിദ്യാർത്ഥി
വിഭാഗം
രണ്ടാം
സ്ഥാനം

■ നന്ദന എം.
എം എ മലയാളം, ഒന്നാം വർഷം കേരള കേന്ദ്ര സർവകലാശാല, പെരിയ

# എന്റെ അഭയം മാനവികതയാണ്

മനുഷ്യവംശം അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പല കാലങ്ങളിലും സന്ദർഭങ്ങളിലുമായി രൂപപ്പെടുത്തി കൊണ്ടുവന്ന മൂല്യങ്ങളുടെ ഉൽപന്നമാണ് ജനാധിപത്യം. എങ്കിൽ ജനാധിപത്യത്തിന്റെ ആധാരശിലയാണ് ഭരണഘടന എന്ന് പറയാം. ഓരോ രാജ്യത്തിന്റെയും ഭരണഘടന രൂപപ്പെടുന്നത് ആ രാജ്യം ഒരു സമൂഹം എന്ന നിലയിൽ അതുവരെ ആർജിച്ച മൂല്യങ്ങൾ സ്വാംശീകരിച്ചാണ്.

സ്വാതന്ത്ര്യപ്രസ്ഥാനം മുന്നോട്ടുവച്ച മൂല്യങ്ങൾ ഉൾക്കൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപപ്പെട്ടത്. ജനാധിപത്യമൂല്യങ്ങളാണ് നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനശില. 'സ്വാതന്ത്ര്യം, സമത്വം, നീതിബോധം, ധാർമികത, മനുഷ്യാവകാശങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ, ന്യൂനപക്ഷ അവകാശങ്ങൾ' എന്നീ മൂല്യങ്ങളെ പ്രമാണവൽക്കരിക്കുകയും അവയ്ക്ക് നിയമസാധുത നൽകുകയും ചെയ്ത ഒരു ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടന.

എന്താണ് ജനാധിപത്യം എന്ന ചോദ്യത്തിന് ഏറ്റവും ലളിതമായി പറയാൻ കഴിയുന്ന ഉത്തരം അത് അപരനോടുള്ള കരുതലാണ് എന്നതാണ്. ഈ അപരോന്മുഖതയാണ് മനുഷ്യകുലമിന്നേവരെ രൂപപ്പെടുത്തിയ ഇതര പ്രത്യയശാസ്ത്രങ്ങളിൽ നിന്ന് ജനാധിപത്യത്തെ സവിശേഷമാക്കുന്നത്. മനുഷ്യസമൂഹം അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പല കാലങ്ങളിലും സന്ദർഭങ്ങളിലുമായി രൂപപ്പെടുത്തിയ സാംസ്കാരികമൂല്യങ്ങളുടെ കൂട്ടിയിണക്കലാണ് ജനാധിപത്യത്തെ സാധ്യമാക്കുന്ന പ്രധാന ജനങ്ങളുടെ സ്വയംഭരണം എന്നതിനപ്പുറം അത്തരമൊരു വ്യവസ്ഥയെ സാധ്യമാക്കിയ മൂല്യങ്ങളെ പ്രമാണാനുസൃതമാക്കേണ്ട ധാർമ്മികമായ ഉത്തരവാദിത്തം കൂടിയാണ് ജനാധിപത്യം. അതുകൊണ്ടുതന്നെ അത്തരം മൂല്യങ്ങൾ ഉൾപ്പെടുത്തുകയും അവയ്ക്ക് നിയമസാധുത പ്രദാനം ചെയ്യുകയും ചെയ്യുന്ന ഒരു ഭരണഘടന ജനാധിപത്യക്രമത്തിന്റെ ആധാരശിലയായി മാറുന്നു. അതില്ലാതെ, അതിന്റെ അടിത്തറയുടെ മേലല്ലാതെ ജനാധിപത്യം സാധ്യമാകുകയോ നിലനിൽക്കുകയോ ചെയ്യില്ല. സാരവത്തായ ഓരോ ജനാധിപത്യവും പിന്നെയും മുന്നോട്ടു പോയി അതിന്റെ ഭരണഘടനയിലുള്ള മൂല്യങ്ങളെ കൂടുതൽ വികസിപ്പിക്കുവാനും, മൂല്യസൃഷ്ടിയെന്ന പ്രക്രിയയെ തുടർന്നുകൊണ്ടിരിക്കുവാനും ശ്രമിച്ചുകൊണ്ടേയിരിക്കും.

മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള പുതിയ ബോധ്യങ്ങൾ ജനാധിപത്യ സംവിധാനത്തെ നിരന്തരം നവീകരിച്ചു കൊണ്ടിരിക്കുകയും ചെയ്യും.

നമ്മുടെ ജനാധിപത്യം അതിനെ സാധ്യമാക്കിയ മൂല്യങ്ങളെ സംരക്ഷിക്കുന്നതിലും ഉറപ്പിക്കുന്നതിലും വികസിപ്പിക്കുന്നതിലും ഏറിയും കുറഞ്ഞും ശ്രമിച്ചിട്ടുണ്ട്. പരോക്ഷമായി

ഭരണഘടനയിൽ സൂചിപ്പിച്ചിരുന്ന സെക്യുലർ എന്ന പദം ഭരണഘടനയുടെ ആമുഖത്തിൽ കൂട്ടിച്ചേർക്കപ്പെട്ടത് തീർച്ചയായും അത്തരമൊരു ശ്രമമായിരുന്നു. മതനിരപേക്ഷത ഇതോടെ പ്രമാണവൽക്കരിക്കപ്പെട്ടു. പേരിൽ കൂട്ടിച്ചേർക്കപ്പെട്ട ആർട്ടിക്കിൾ 51(a) ബൗദ്ധികവ്യവഹാരത്തെയും സ്വതന്ത്ര്യചിന്തയെയും ഉയർത്തിപ്പിടിക്കുന്നതാണ്.

ശാസ്ത്രാവബോധം ഏതൊരു പൗരന്റേയും മൗലിക ചുമതലയായി പ്രഖ്യാപിക്കപ്പെട്ട രാജ്യമാണ് ഇന്ത്യ എന്നതും ഓർക്കേണ്ടതുണ്ട്. (It shall be the duty of every citizen of India to develop the scientific temper, humanism and the spirit of inquiry and reform- article 51(a)-h). സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങളെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുക വഴി പരമ്പരാഗത ഇന്ത്യൻസമൂഹത്തിന്റെ ബ്രാഹ്മണ മേധാവിത്വത്തിലധിഷ്ഠിതമായ ഘടന ഉടച്ചുവാർക്കുക എന്ന ദൗത്യമാണ് ഭരണഘടന നിർവഹിക്കുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആശയങ്ങൾ സ്വാംശീകരിക്കുകയും പാരമ്പര്യത്തിൽ അന്തർലീനമായ ഉച്ചനീചത്വങ്ങളെ പൂർണമായും തള്ളിക്കളയുകയും ജാത്യാടിസ്ഥാനത്തിലുള്ള സാമൂഹികക്രമത്തിന് പകരം സ്വതന്ത്രവ്യക്തിയെ അടിസ്ഥാനപ്പെടുത്തിയുള്ള രാഷ്ട്രസങ്കല്പം മുന്നോട്ടുവയ്ക്കുകയും ചെയ്യുന്ന ഇന്ത്യൻ ഭരണഘടന. 75 വർഷങ്ങൾക്ക് മുമ്പ് നാം നമുക്ക് നൽകിയ ഭരണഘടനയുടെ സ്വയം നിർവചനത്തിന്റെ എല്ലാ സ്വഭാവ വിശേഷങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്തിലൂടെയാണ് നാം ഇന്ന് കടന്നു പോകുന്നത്. ഒരു പരമാധികാര, മതേതരത്വ, ജനാധിപത്യ, സമത്വോന്മുഖ റിപ്പബ്ലിക് എന്ന മഹത്തായ ലക്ഷ്യത്തിൽ നിന്നും തീർത്തും അകന്ന ഒരു ദേശരാഷ്ട്രമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുന്നു. അരുൺ നിരീക്ഷിക്കുന്നത് പോലെ വികേന്ദ്രീകൃത അടിയന്തരാവസ്ഥയാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. നാം ഓർമ്മിക്കേണ്ട പ്രാഥമികമായ വസ്തുത ജനാധിപത്യം കേവല ഭൂരിപക്ഷഹിതമല്ല എന്നതാണ്.

**ഒരു മതേതരത്വ രാജ്യം എന്നതിൽ നിന്നും മാറി ഏകമതരാഷ്ട്രത്തിലേക്കുള്ള യാത്രയിലാണ് ഇന്ന് ഇന്ത്യ. മതേതരത്വത്തെ മതനിന്ദയായി അല്ല കാണേണ്ടത്, മറിച്ച് എല്ലാ മതങ്ങളോടും ഇതര വിശ്വാസങ്ങളോടുള്ള വെറും സഹിഷ്ണുതയിൽ ഒതുങ്ങാത്ത തുല്യ ബഹുമാനം, എല്ലാ വിശ്വാസങ്ങളിൽ പെട്ടവർക്കും തുല്യനീതി, ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാനും മതമില്ലാതെ ജീവിക്കാനുമുള്ള അവകാശം, എല്ലാവരും വ്യത്യസ്ത വിശ്വാസങ്ങൾ അനുസരിച്ച് ജീവിക്കുമ്പോൾ തന്നെ നിയമത്തിനു മുന്നിൽ എല്ലാവരും തുല്യമായിരിക്കുന്ന അവസ്ഥ, ഭൂരിപക്ഷത്തിന്റെ മതം ന്യൂനപക്ഷത്തിൽ അടിച്ചേൽപ്പിക്കാതെ സമത്വത്തോടെ ജീവിക്കാനുള്ള അവകാശം ഇതെല്ലാമാണ് മതേതരത്വത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ.**

"ജനാധിപത്യം കേവലമായ ഒരു സർക്കാർ രൂപമല്ല അത് പ്രാഥമികമായി പങ്കുവെക്കപ്പെട്ട അനുഭവങ്ങളുടെയും സഹ ജീവിതത്തിന്റെയും രൂപമാണ് അടിസ്ഥാനപരമായി സഹജീവികളോടുള്ള ആദരവിന്റെയും പരിഗണനയുടെതുമായ ഒരു മനോഭാവമാണത്" എന്നാണ് അംബേദ്കർ ജനാധിപത്യത്തെ വിശദീകരിക്കുന്നത്. ജനാധിപത്യത്തിന്റെ അന്തിമലക്ഷ്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിലേക്ക് എത്തിച്ചേരാനുള്ള വഴിയും ജനാധിപത്യത്തിന്റേത് തന്നെയാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മൂല്യമാണ് മതേതരത്വം. ഏതു മതത്തിലും വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള അവകാശം ഭരണഘടന നമുക്ക് ഉറപ്പു നൽകുന്നുണ്ട്. എന്നാൽ ഒരു മതേതരത്വ രാജ്യം എന്നതിൽ നിന്നും മാറി ഏകമതരാഷ്ട്രത്തിലേക്കുള്ള യാത്രയിലാണ് ഇന്ന് ഇന്ത്യ. മതേതരത്വത്തെ മതനിന്ദയായി അല്ല കാണേണ്ടത്, മറിച്ച് എല്ലാ മതങ്ങളോടും ഇതര വിശ്വാസങ്ങളോടുള്ള വെറും സഹിഷ്ണുതയിൽ ഒതുങ്ങാത്ത തുല്യ ബഹുമാനം, എല്ലാ വിശ്വാസങ്ങളിൽ പെട്ടവർക്കും തുല്യനീതി, ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാനും മതമില്ലാതെ ജീവിക്കാനുമുള്ള അവകാശം, എല്ലാവരും വ്യത്യസ്ത വിശ്വാസങ്ങൾ അനുസരിച്ച് ജീവിക്കുമ്പോൾ തന്നെ നിയമത്തിനു മുന്നിൽ എല്ലാവരും തുല്യമായിരിക്കുന്ന അവസ്ഥ, ഭൂരിപക്ഷത്തിന്റെ മതം ന്യൂനപക്ഷത്തിൽ അടിച്ചേൽപ്പിക്കാതെ സമത്വത്തോടെ ജീവിക്കാനുള്ള അവകാശം ഇതെല്ലാമാണ് മതേതരത്വത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. പലജാതി പല മതങ്ങളിൽ പെട്ട മനുഷ്യർ തിങ്ങിപ്പാർക്കുന്ന ഒരു രാജ്യത്ത് ഒരു മതം അടിച്ചേൽപ്പിക്കുക എന്നത് ജനാധിപത്യത്തോടുള്ള വലിയ വെല്ലുവിളി തന്നെയാണ്. എല്ലാവരും ഒന്നായി ജീവിക്കുന്നതിനു പകരം എല്ലാവരും ഒരു മതത്തിലേക്ക് ചുരുങ്ങുക എന്നതാണ് ഹിന്ദുത്വ ഫാസിസ്റ്റുകൾ ലക്ഷ്യമാക്കുന്നത്. പൗരത്വനിയമ ഭേദഗതിയും ദേശീയ പൗരത്വ രജിസ്റ്ററും ആധുനികസമൂഹം രൂപപ്പെടുത്തിയ മാനവികമൂല്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ബഹുസ്വര മതേതര രാഷ്ട്രം എന്ന സങ്കൽപത്തെ നിരാകരിക്കാനുള്ള ശ്രമമാണ് എന്ന് കാണാൻ വിഷമമില്ല. രാജ്യസ്നേഹം, തീവ്രവാദം എന്നിവയുടെ മാനദണ്ഡം പിറന്ന മതം, വേഷം എന്നിവയാണ് എന്ന് വരുന്നതിനേക്കാൾ ഭീകരമായി മറ്റൊന്നില്ല. ഒരു പരമാധികാരരാഷ്ട്രത്തിൽ അനധികൃത കുടിയേറ്റം, പൗരത്വം എന്നിവ കൈകാര്യം ചെയ്യുന്നതിന് ഫലപ്രദമായ നിയമങ്ങൾ ഉണ്ടാവുക സ്വാഭാവികം തന്നെ. അത്




പക്ഷേ മതാടിസ്ഥാനത്തിലാവുന്നത് അപകടകരമാണ്.

"ദേശീയതയ്ക്കു നമ്മുടെ ആത്യന്തികമായ ആത്മീയസങ്കേതമാകാൻ കഴിയില്ല. എന്റെ അഭയം മാനവികതയാണ്. വജ്രത്തിന്റെ വിലനല്കി ചില്ലുകഷണം ഞാൻ വാങ്ങില്ല. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം, ദേശീയത മാനവികതയുടെമേൽ വിജയം നേടുവാൻ അനുവദിക്കില്ല." ഇന്ത്യയുടെ ദേശീയഗാനം രചിച്ച വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകളാണിത്. എല്ലാത്തരം ദേശീയവാദങ്ങളുടെയും അപകടസാധ്യത വളരെമുമ്പ് തിരിച്ചറിഞ്ഞ രവീന്ദ്രനാഥ ടാഗോറിന്റെ ഈ വാക്കുകൾക്ക് വർത്തമാനകാല ഇന്ത്യയിൽ സവിശേഷമായ പ്രസക്തി കൈവരുന്നുണ്ട്. ഒരു പ്രദേശത്തെ ജനങ്ങളെയും സാമൂഹിക വ്യവസ്ഥിതികളെയും രാഷ്ട്രമെന്ന ഒരു കുടക്കീഴിൽ കോർത്തിണക്കുന്ന പ്രത്യയശാസ്ത്രപരമായ നിർമിതിയാണ് ദേശീയത. ദേശീയത നിർമ്മിക്കപ്പെടുന്നത് ചരിത്രപരവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ ഘടകങ്ങൾ ഇഴചേർന്നു രൂപം കൊള്ളുന്ന ഏകതാനമായ ഒരു പൊതുസ്വത്വബോധത്തിൽ നിന്നുമാണ്. ഒരാളുടെ അസ്തിത്വം ദേശീയത കൊണ്ടുകൂടിയാണ് നിർവചിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും വിശാലമായ മാനവികതയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ദേശീയത ഒരു സങ്കുചിത യഥാർത്ഥ്യം തന്നെയാണ്. ദേശീയത അടിസ്ഥാനപരമായി ഒരു നിർമിതി ആയതുകൊണ്ട് അതിനു നിത്യത കല്പിച്ചു നല്കുന്നത് ബുദ്ധിശൂന്യതയാണ്. അത് എപ്പോൾ വേണമെങ്കിലും തകരാം, തകർക്കപ്പെടാം. നിർമ്മിതിയുടെ ഘടനയും മാനദണ്ഡങ്ങളും മാറുന്നതിനനുസരിച്ച് അത് അപനിർമിക്കപ്പെടുകയും ചെയ്യാം. അതിനാൽ തീവ്രദേശീയതയുടെ പേരിലുള്ള ബൗദ്ധിക സാംസ്കാരിക അതിക്രമങ്ങളും മനുഷ്യാവകാശലംഘനങ്ങളും ചോദ്യം ചെയ്യപ്പെടേണ്ടത് തന്നെയാണ്.

ഇന്ത്യൻദേശീയത ഇന്നുള്ള രീതിയിൽ രൂപംകൊണ്ടത് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടെ ചുവട് പിടിച്ചാണ്. മൗര്യ, ഗുപ്ത, മുഗൾ രാജവംശങ്ങൾ, ഹിമാലയത്തിനും ഇന്ത്യൻ മഹാസമുദ്രത്തിനും ഇടയിലുള്ള ചെറുതും വലുതുമായ നാട്ടുരാജ്യങ്ങൾ ചേർന്ന ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വലിയൊരുഭാഗം സൈനിക അധിനിവേശത്തിലൂടെ കൈവശപ്പെടുത്തിയിരുന്നെങ്കിലും ഇന്ത്യ എന്ന ഒരാശയത്തിനു കീഴിൽ കൊണ്ടുവരുന്നതിനോ, നിലനിർത്തുന്നതിനോ സാധിച്ചിരുന്നില്ല. ദക്ഷിണേന്ത്യയും വടക്കുകിഴക്കൻ ഭാഗങ്ങളും അവർക്ക് അപ്രാപ്യവുമായിരുന്നു. ഇന്ത്യ മുഴുവനും ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥാപിത ഭരണ സംവിധാനം എന്നത്, ഒരു പരിധിവരെ, ബ്രിട്ടീഷുകാരുടെ അതിരുകളില്ലാത്ത സാമ്രാജ്യത്വഭാവനയുടെ കണ്ടെത്തലായിരുന്നു. ഇന്ത്യൻ ദേശീയത ഉരുകി പാകപ്പെട്ടത് ബ്രിട്ടീഷ് സാമ്രാജ്യത്തോട് നടത്തിയ സന്ധിയില്ലാസമരങ്ങളുടെ അഗ്നിജ്വാലകളിലാണ്.

അല്ലാതെ ബ്രിട്ടീഷുകാരോട് അന്ന് സന്ധി ചെയ്തവരുടെയും നാട്ടുരാജാക്കന്മാരുടെ സ്ഥാപിതതാല്പര്യങ്ങൾക്ക് ഓശാന പാടിയവരുടെയുമൊക്കെ വാഴ്ത്തുപാട്ടുകളിലെ 'അഖണ്ഡഭാരതം' എന്ന മിത്തിൽ നിന്നല്ല.

ആധുനിക ഇന്ത്യൻദേശീയതയുടെ അടിസ്ഥാനശില ഇന്ത്യൻഭരണഘടനയാണ്. നീതി, സ്വാതന്ത്ര്യം, സമത്വം എന്നിവയിൽ അധിഷ്ഠിതമായ, സോഷ്യലിസ്റ്റ് സ്വഭാവമുള്ള, മതേതര ജനാധിപത്യ രാജ്യമാണ് ഇന്ത്യ എന്ന് ഭരണഘടനയുടെ ആമുഖത്തിൽ തന്നെ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനെതിരെയുള്ള എല്ലാ വ്യാഖ്യാനങ്ങളും ഭരണഘടനാവിരുദ്ധവും ആധുനിക ഇന്ത്യൻദേശീയതയുടെ മൂല്യങ്ങൾക്ക് നിരക്കാത്തതുമാണ്. അതുകൊണ്ടുതന്നെ ഹിന്ദുദേശീയത മറ്റൊരു ദേശീയതയാണ്; ഇന്ത്യൻ ദേശീയതയുടെ നേർവിപരീതമാണത്. ഹൈന്ദവബ്രാഹ്മണിക് മൂല്യങ്ങളാണ് ഹിന്ദുദേശീയതയുടെ അടിസ്ഥാനം. ഉപനിഷത്തുകളിൽ പ്രതിപാദിച്ചിരിക്കുന്ന ഉദാത്തമായ ദൈവ-മനുഷ്യ ദർശനങ്ങളിൽനിന്നും വ്യതിചലിച്ച് ബ്രാഹ്മണിക് മേധാവിത്വമുള്ള ചാതുർവർണ്യ വ്യവസ്ഥിതിയിലധിഷ്ഠിതമായ ഒരു ഹൈന്ദവസംസ്കൃതിയുടെ പുനർജനിയാണ് അവർ ലക്ഷ്യം വെയ്ക്കുന്നത്. ഉംബെർട്ടോ ഇക്കോ ഫാസിസത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളായി ചൂണ്ടിക്കാണിച്ച പാരമ്പര്യാരാധന, യുക്തിയുടെയും സ്വതന്ത്രചിന്തയുടെയും നിരാസം, സംസ്കാരത്തെയും കലയെയും എതിർക്കൽ, പ്രത്യേകം 'അപരരെ' സൃഷ്ടിച്ച് എല്ലാ കുഴപ്പങ്ങൾക്കും അവരാണ് കാരണം എന്ന ആരോപണം, പുരുഷാധിപത്യം, ന്യൂനപക്ഷങ്ങളോടുള്ള അവഗണന, ഇതര ലൈംഗിക വിഭാഗങ്ങളോടുള്ള വെറുപ്പ് തുടങ്ങിയവയെല്ലാം ഒരേ സ്ഥലത്ത് തെളിഞ്ഞു കാണണമെങ്കിൽ നാസി ജർമ്മനിയിലേക്കോ ഉത്തരകൊറിയയിലേക്കോ നോക്കണമെന്നില്ല, ഇന്നത്തെ ഇന്ത്യയിലേക്ക് നോക്കിയാലും മതി.

**പ്രതീക്ഷ നഷ്ടപ്പെട്ട ജനതയുടെ മേൽ ഫാസിസത്തിന് അതിന്റെ ആധിപത്യം എളുപ്പത്തിൽ ഉറപ്പിക്കാനാകും. അതുകൊണ്ടുതന്നെ വർത്തമാനകാല ഇന്ത്യയുടെ അവസ്ഥയെ പറ്റി ആകുലപ്പെടുകയല്ല നാം ചെയ്യേണ്ടത്.**



സംവാദാത്മകവും തുറന്നതുമായ ജ്ഞാനവ്യവസ്ഥയെ ഇല്ലാതാക്കുകയും അതിന്റെ സ്ഥാനത്ത് അടഞ്ഞതും ചോദ്യം ചെയ്യപ്പെടാത്തതും കെട്ടുകഥകളിലധിഷ്ഠിതമായതുമായ ജ്ഞാനവ്യവസ്ഥ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ഫാസിസം വേരുറപ്പിക്കുന്നതിന്റെ പ്രധാന ലക്ഷണം. സംസ്കാരത്തിന്റെ ബഹുസ്വരതയുടെ സ്ഥാനത്ത് ഏകശിലാരൂപമുള്ള ഒരു സാംസ്കാരിക ദേശീയത കടന്നുവരും. കേവലഭാവനയിലോ ഭ്രമകൽപനയിലോ വിരിഞ്ഞ സങ്കൽപങ്ങൾ ചരിത്രവസ്തുതയായി പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യും. സർവ്വാധിപത്യസ്വഭാവമുള്ള ഭരണകൂടത്തിന്റെ ഇരകൾ ന്യൂനപക്ഷങ്ങളും ദരിദ്രരും സ്ത്രീകളും ദളിതരും ആദിവാസികളും സ്വതന്ത്രചിന്തകരും സമത്വവിശ്വാസികളും എഴുത്തുകാരും കലാകാരന്മാരും കുഞ്ഞുങ്ങളും ഒക്കെയായിരിക്കും. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമല്ല എന്ന് കാണാം. എന്തു ഭക്ഷിക്കണം ഏതു വസ്ത്രം ധരിക്കണം ഏതു ഭാഷ സംസാരിക്കണം എങ്ങനെ ചിന്തിക്കണം എങ്ങനെ എഴുതണം ഏതു മതത്തിൽ വിശ്വസിക്കണം എന്നെല്ലാം തീരുമാനിക്കാനുള്ള ശ്രമങ്ങളെ നാം പ്രതിരോധിക്കേണ്ടതുണ്ട്.

അന്വേഷണവും അതിലൂടെ രൂപപ്പെടുത്തുന്ന അറിവും ആണ് മനുഷ്യസമൂഹത്തെ മുന്നോട്ടു നയിച്ചിട്ടുള്ളത്. സമകാലികലോകാവസ്ഥകളെ വിശകലനം ചെയ്യാനും മാനവികതയിലൂന്നിയ പുതിയ ലോകക്രമത്തെ രൂപപ്പെടുത്താനും എത്രത്തോളം കഴിയുന്നു എന്നതിലാണ് ജനാധിപത്യഇന്ത്യയുടെ വർത്തമാനവും ഭാവിയും. ഹൈന്ദവ സവർണ സാംസ്കാരികതയിൽ ഇന്ത്യൻജനാധിപത്യത്തെ കെട്ടിയിടാനും പശു എന്ന സവർണബിംബത്തെ ആധാരമാക്കി ഹൈന്ദവവൽകരണം സാധ്യമാക്കാനും മതേതരജനാധിപത്യത്തെ കശാപ്പുചെയ്യാനുമുള്ള ശ്രമം വ്യാപകമാണ്.



ഒരു ജഢഭാഷയായ സംസ്കൃതത്തെ മുഖ്യധാരയിൽ പ്രതിഷ്ഠിക്കാനും പ്രാദേശികഭാഷകളേയും പ്രാദേശികസംസ്കൃതികളെയും തമസ്കരിക്കാനുമുള്ള ശ്രമങ്ങളും കൊണ്ടുപിടിച്ച് നടക്കുന്നുണ്ട്. കോർപ്പറേറ്റ് താൽപര്യങ്ങളെ പ്രതിഷേധമേതുമില്ലാതെ സ്വീകരിക്കുന്ന ഒരു ജനതയുടെ സൃഷ്ടി ഉന്നം വെക്കുന്ന ഇത്തരം സാംസ്കാരികാക്രമണങ്ങൾ ഫാസിസം വീട്ടുപടിക്കലല്ല വീടിന്റെ അകത്തളത്തിലേക്കു തന്നെ എത്തി എന്ന് നമ്മെ ഓർ മ്മിപ്പിക്കേണ്ടതുണ്ട്. ഇതിനോടുള്ള പ്രതിരോധം എത്രകണ്ട് സാധ്യമാകും എന്നതിലാണ് ഭരണഘടനയുടെ ഭാവി നിലകൊള്ളുന്നത്.

അനുസരിക്കുക അല്ലെങ്കിൽ ശിക്ഷിക്കപ്പെടുക എന്നതായിരുന്നു നാസി ജർമ്മനി പൗരൻമാരോട് പറഞ്ഞത്. ചിന്തിക്കുന്ന മസ്തിഷ്കങ്ങളെ ഭയപ്പെടുന്ന ഏത് അധികാരിവർഗവും എക്കാലവും ശ്രമിക്കുക സമ്പൂർണമായും വിധേയത്വം പ്രകടിപ്പിക്കുന്ന സമൂഹത്തെ സൃഷ്ടിക്കാനാണ്. സാർവലൗകികതയിലും സാംസ്കാരികഭിന്നതയിലും അധിഷ്ഠിതമായ ഒരു ദേശീയതാസങ്കൽപവും ആൺ പെൺ സമത്വത്തിലും സൗഹൃദത്തിലും വിശ്വസിക്കുന്ന ജനാധിപത്യപരമായ സദാചാര സങ്കൽപവും മുന്നോട്ടുവെക്കാനും അതിന്റെ പതാകാവാഹകരാകാനും നമുക്ക് കഴിയേണ്ടതുണ്ട്. ആദിവാസി-ദളിത്-ന്യൂനപക്ഷ ജീവിതാവസ്ഥ മുതൽ ലിംഗസമത്വം വരെയുള്ള ജനജീവിതത്തിന്റെ നാനാതരം പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും നമുക്ക് കഴിയണം. അഭിപ്രായസ്വാതന്ത്ര്യത്തിനും വിശ്വാസസ്വാതന്ത്ര്യത്തിനും ഭക്ഷണസ്വാതന്ത്ര്യത്തിനും എതിരെ ജനവിരുദ്ധമായ സമരമുഖങ്ങൾ തുറക്കുകയും അവയൊക്കെ കപടജനകീയ പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്ന ഫാസിസ്റ്റ് ശൈലി മറയേതുമില്ലാതെ തെളിഞ്ഞുകാണുന്ന കാലത്താണ് നാം ജീവിക്കുന്നത്. ആരാധനാലയങ്ങളിൽ സ്ത്രീപ്രവേശനം വേണ്ട എന്ന് അലമുറയിടുന്ന വലിയ സ്ത്രീജനക്കൂട്ടങ്ങൾ ഇതിന് തെളിവാണ്. മസ്തിഷ്കം അടിയറവെച്ചിട്ടില്ലാത്ത കുട്ടിക്കേ രാജാവ് നഗ്നനാണ് എന്ന് ഉറക്കെ വിളിച്ചുപറയാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് ഓർക്കുക. അതുകൊണ്ടുതന്നെ പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ മുറിച്ചുകടക്കാനും വിശ്വമാനവികതയിലൂന്നിയ ഒരു പുതിയ ജനാധിപത്യസങ്കൽപത്തെ സാക്ഷാത്കരിക്കാനും യജ്ഞയാഗ പാരമ്പര്യങ്ങളുടെ ഇരുണ്ട കാലത്തെ ആനയിക്കാൻ ശ്രമിക്കുന്ന ശക്തികളെ പ്രതിരോധിക്കാനും ആർജവമുള്ള സമൂഹത്തിനു മാത്രമേ കഴിയൂ. തീർച്ചയായും അവരിൽ തന്നെയാണ് ജനാധിപത്യ ഇന്ത്യയുടെ ഭാവി.

വൈക്കം സത്യാഗ്രഹസമയത്ത് തിരുവിതാംകൂർ മഹാറാണിയെ കണ്ട് സംസാരിച്ച ശേഷം ഗാന്ധിജി ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പറയുന്നത് "ഞാൻ പ്രതീക്ഷിച്ച അനുഭവമുണ്ടായില്ല, എന്നാൽ നിരാശ എന്നത് എനിക്ക് അറിയാൻ വയ്യാത്ത പദമാണ്" എന്നാണ്. പ്രതീക്ഷ നഷ്ടപ്പെട്ട ജനതയുടെ മേൽ ഫാസിസത്തിന് അതിന്റെ ആധിപത്യം എളുപ്പത്തിൽ ഉറപ്പിക്കാനാകും. അതു കൊണ്ടുതന്നെ വർത്തമാനകാല ഇന്ത്യയുടെ അവസ്ഥയെ പറ്റി ആകുലപ്പെടുകയല്ല നാം ചെയ്യേണ്ടത്. എല്ലാത്തരം ആകുലതകളെയും കുടഞ്ഞെറിഞ്ഞ് ഒരു ജനാധിപത്യ സമൂഹം എന്ന നിലയിൽ ഭരണഘടനാമൂല്യങ്ങളെ സംരക്ഷിക്കുവാനായി അക്ഷീണം പ്രയത്നിക്കേണ്ട സന്ദർഭം ആണിത്. ദുരധികാരത്തിനെതിരായ മനുഷ്യവംശത്തിന്റെ സമരം മറവികൾക്കെതിരായ ഓർമ്മയുടെ സമരമാണെന്ന മിലൻ കുന്ദേരയുടെ വാക്കുകൾ എക്കാലവും പ്രസക്തമാണ്. ഇരുട്ടിനോട് പൊരുതുവാൻ വേറൊരു ഇരുട്ടുകൊണ്ട് ആവില്ല, വെളിച്ചം കൊണ്ടേ അതിന് കഴിയൂ. ■

■ വിഷ്ണു എസ് നാഥൻ
II ബയോടെക്നോളജി, ശ്രീശങ്കര കോളേജ്, കാലടി

കഥ
വിദ്യാർത്ഥി വിഭാഗം
രണ്ടാം സ്ഥാനം

# ലാമിക

1890 കാലഘട്ടം, ഒറീസ –

"ലാമിമോളെവിടെ വൈഷ്ണവി....കണ്ടിട്ട് കുറേ ആയല്ലോ ഈ പകൽസമയത്തൊക്കെ...."

അയൽവാസിയും പരദൂഷണക്കാരിയുമായ ബസന്തീദേവി വൈഷ്ണവിയോട് അവരുടെ പത്തുവയസ്സുപ്രായം കഴിഞ്ഞ മകളായ ലാമികയെക്കുറിച്ച് തിരക്കാൻ തുടങ്ങി.

"അവള് പള്ളിക്കൂടത്തിലോട്ട് പോയിരിക്കുവാ..."

"പള്ളിക്കൂടമോ...കെട്ടിച്ചുവിടാറായ പെണ്ണിനെയാണോ ഇങ്ങനെ പഠിക്കാൻ വിടുന്നത്...പത്തുപതിനൊന്ന് വയസ്സുകഴിഞ്ഞൊരു കുട്ടി വിവാഹിതയാവാതെ ഇരിക്കുകയാണെന്ന് പറയുന്നതു തന്നെ വിശ്വാസത്തിനെതിരാ....

അതറിയില്ലേ...ഓഹ് ദാസിയാണേലും  സായിപ്പിനോടാണല്ലോ കൂറ്..."

"എന്റെ മോളെ കെട്ടിച്ചുവിടണോ അതോ പഠിപ്പിക്കണോ എന്ന് തീരുമാനിക്കുന്നത് ഞാനാ....ഞാൻ ദാസിയായിരുന്നു അത് ഇങ്ങനെ കൊളുത്തി പറയണ്ട...ആ ജീവിതം മടുത്തിട്ട് തന്നെയാ രക്ഷിച്ചയാളുടെ അടുത്തുതന്നെ പൊറുതി തുടങ്ങിയത്...പക്ഷെ ഈശ്വരൻ ആയുസ്സ് കൊടുത്തില്ല....അതുകൊണ്ടുത്തന്നെ എന്റെ മോളെയെങ്കിലും ഈ നരകത്തിൽ നിന്നും രക്ഷപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു..."

"ഓഹ് ആചാരങ്ങൾ നടത്തുന്നതൊക്കെ നിനക്ക് നരകപ്രവർത്തിയായോ...ഓഹ് സായിപ്പിന്റെയും കെട്ടിയവളുടെയുടെയും ഉപദേശമായിരിക്കും.നിന്നോട് പറഞ്ഞിട്ടൊന്നും കാര്യമില്ല...ദൈവശാപം പിടിക്കുമ്പൊ മനസ്സിലായിക്കോളും..."

"ഓഹ് ശരി അങ്ങനെയായിക്കോട്ടെ..."

"ആഹ് ശരി...അവളെപ്പോഴാ വരാ... ഉച്ചയ്ക്കോ..."

"ഉച്ചക്ക് പള്ളിക്കൂടം വിടും...അത് കഴിഞ്ഞ് വൈകുന്നേരം സന്ധ്യയാവുന്നത് വരെ എഡ്വേർഡ് പ്രഭുവിന്റെ വീട്ടിലായിരിക്കും..."

"മ്മ്.. എന്തോ ആയിക്കോട്ടെ.."

ചെറിയൊരു അസൂയ കൊണ്ടും കോപം കൊണ്ടും ബസന്തി അവിടെ നിന്നും പാഞ്ഞു...

****

വൈഷ്ണവി ഒരു ദാസി ആയിരുന്നു. വർഷങ്ങൾക്ക് മുൻപ് അവളുടെ ദുഃഖം മനസ്സിലാക്കിയ പ്രശ്വലാൽ എന്ന ചെറുപ്പക്കാരൻ അവളെ അവിടെ നിന്നും രക്ഷപ്പെടുത്തുകയും ചെയ്തു. ഇരുവരും ഇപ്പോൾ വൈഷ്ണവിയും മകളും താമസിക്കുന്ന ഒറീസയിലേക്ക് താമസമായി. ലാമിക ജനിച്ചത് അവിടെയാണ്. വസൂരി രോഗം പിടിപെട്ട് പ്രശ്വലാൽ മരണമടയുകയും ചെയ്തു.

അങ്ങനെ അവർ മൂന്ന് പേരടങ്ങുന്ന ആ കൊച്ചു കുടുംബം അനാഥമാവുകയും കടത്തിൽ മുങ്ങുകയും ചെയ്തു. മകളായ ലാമികയെ എങ്ങനെയെങ്കിലും വിദ്യാഭ്യാസമൊക്കെ കൊടുത്ത് പഠിപ്പിച്ച് വലിയ നിലയിലെത്തിക്കണമെന്നാണ് അവളുടെ ആഗ്രഹം. അതിനുവേണ്ടിയിട്ടാണ് രാവന്തിയോളം വീട്ടുജോലികൾ ചെയ്തുമൊക്കെ കഷ്ടപ്പെടുന്നത്. പ്രശ്വലാലിന്റെയും വൈഷ്ണവിയുടെയും ഏക മകളാണ് ലാമി എന്ന് വിളിക്കുന്ന ലാമിക. പത്തുവയസ്സുള്ള ഒരു മിടുക്കി കുട്ടി. വൈഷ്ണവി കഴിഞ്ഞാൽ അവൾക്ക് ഏറ്റവും ഇഷ്ടം അവിടത്തെ ബ്രിട്ടീഷ് പ്രഭുവായ എഡ്വേർഡും അവരുടെ പ്രിയപത്നിയുമായ ഡയാനയുമാണ്. മക്കളില്ലാത്ത ആ ദമ്പതികൾക്കും ലാമികയോട് പ്രത്യേക വാത്സല്യമാണ്. അതുകൊണ്ടുതന്നെ ഉച്ചയ്ക്ക് പള്ളിക്കൂടം വിട്ടാൽ വൈകുന്നേരം വരെ അവൾ അവരുടെ ബംഗ്ലാവില്ലായിരിക്കും.

ഒഴിവുസമയങ്ങളിൽ അവർ ലാമികക്ക് ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ച് കൊടുക്കാറുണ്ട് , അതുപോലെ ഇംഗ്ലണ്ടിൽ നിന്നും അവർ കൊണ്ടുവന്ന കുട്ടിയുടുപ്പുകളൊക്കെ ഉടുപ്പിച്ച് ഒരു രാജകുമാരിയെപോലെ കൊണ്ടുനടക്കാറുമുണ്ട്. ഇതൊന്നും നാട്ടിലുള്ള പലർക്കും ഇഷ്ടപ്പെട്ടിരുന്നില്ല എന്നതാണ് യാഥാർഥ്യം.അയൽവാസികൾക്കൊക്കെ അത് വലിയൊരു കല്ലുകടിയായിരുന്നു....

അങ്ങനെ ദിവസങ്ങൾക്ക് ശേഷം....

സന്ധ്യാസമയം കഴിഞ്ഞതിനുശേഷം രാത്രിയായപ്പൊ ലാമി വീട്ടിലേക്ക് കയറിവന്നു.

"അമ്മാ ഒന്നിങ്ങോട്ട് വന്നേ...ഒരു സൂത്രം കേൾപ്പിക്കാം... "

"നീ പറഞ്ഞോ...ഞാൻ കേട്ടോളാം..."

"ഏയ് അത് പറ്റില്ല....അമ്മ അടുത്തുവന്നാലേ പറയാൻ പറ്റുള്ളൂ..."

"ശ്ശോ...ഈ പെണ്ണിന്റെ ഒരു കാര്യം... ദാ വന്നു..."

സ്വീകരണമുറിയിലേക്ക് വന്നതിനുശേഷം.....

"പറയടാ വാവേ...എന്താ സൂത്രം...."

"പറയട്ടെ..."



"പറഞ്ഞേ കേൾക്കട്ടെ..."

"മൈ മദർ'സ് നെയിം ഈ..ഈസ് വൈഷ്ണവി...വൈഷ്ണവി ഈസ് എ സ്വീറ്റ് മദർ ആൻഡ് എ ഹൗസ് വൈഫ്..."

ലാമികയുടെ സൂത്രംകേട്ട വൈഷ്ണവി ഒന്നും മനസ്സിലാവാതെ അവളെ അന്തംവിട്ട് നോക്കാൻ തുടങ്ങി.

"നീ എന്താ പറഞ്ഞേ...അമ്മയ്ക്കൊന്നും മനസ്സിലായില്ലാട്ടോ...."

"ഡയാന കൊച്ചമ്മ പഠിപ്പിച്ചു തന്നതാ...ഇംഗ്ലീഷാ...അമ്മയോട് പോയി പറഞ്ഞ് കേൾപ്പിക്കാൻ പറഞ്ഞു കൊച്ചമ്മ..."

"കൊള്ളാലോ...നീയിപ്പോ പറഞ്ഞതിന്റെ അർത്ഥമെന്താ..."

"എന്നുവെച്ചാൽ എന്റെ അമ്മയുടെ പേരാണ് വൈഷ്ണവി...വൈഷ്ണവി ഒരു നല്ല അമ്മയും വീട്ടമ്മയുമാണ്....അങ്ങനെയാണെന്നാ പറഞ്ഞേ..."

ലാമികയുടെ ഈ വാക്കുകൾ വൈഷ്ണവിയുടെ കണ്ണുകളെ ഈറനണിയിപ്പിച്ചു.അവൾ സന്തോഷംകൊണ്ട് ലാമികയെ വാരിപ്പുണർന്ന് കവിൾത്തടമാകെ ചുംബിച്ചു.സ്വന്തം മകളെ കുറിച്ച് ഒരു അഭിമാനം തോന്നിയ നിമിഷമായിരുന്നു അവൾക്ക്.

അപ്പോഴാണ് അപ്രതീക്ഷിതമായി ഒരു അതിഥി പുറത്തെ കതകിൽ മുട്ടിയത്.അത് മറ്റാരുമായിരുന്നില്ല ശേഖർചന്ദ് മെഹ്ത്തായെന്ന നാട്ടിലെ സമ്പന്നനും പലിശക്കാരനും... പ്രശ്വലാലിന് വസൂരിരോഗം പിടിപ്പെട്ട സമയം മുതൽ മരണശേഷവും വൈഷ്ണവി കുറച്ചാവശ്യങ്ങൾക്കായി ഇയാളുടെ കൈവശംനിന്ന് കുറച്ച് തുക കടം മേടിച്ചിട്ടുണ്ടായിരുന്നു.വൈഷ്ണവി ചെറിയ രീതിയിൽ പണം അടക്കാറുണ്ടായിരുന്നുയെങ്കിലും അയാൾ അതിൽ തൃപ്തനായിരുന്നില്ല.

അങ്ങനെ വൈഷ്ണവി കതക് തുറന്നു.

"നിങ്ങളെന്താ ഈ രാത്രിസമയത്ത്? "

"അയ്യോ ബഹളംവെക്കല്ലേ...ഭീഷണിപ്പെടുത്താനൊന്നുമല്ല ഒരു നല്ലകാര്യം പറയാനും കൂടിയാ വന്നേ...എന്റെ അമ്മയും കൂടെയുണ്ട്..."

"എന്നാ വരൂ...അകത്തേക്ക്..."

ശേഖർചന്ദ്രും മാതാവ് യശോദയും അകത്തേക്ക് പ്രവേശിച്ചു. ലാമികക്ക് ഇംഗ്ലണ്ടിൽ നിന്നും എഡ്വേർഡ് സായിപ്പ് കൊടുത്ത ഒരു മോഡേൺപായ ലാമിക അവരെയിരുത്താൻ വേണ്ടി വിരിച്ചു.

"എന്ത് കാര്യത്തിനാ അങ്ങ് അമ്മയേയും കൂട്ടി ഇപ്പോ ഇങ്ങോട്ട്...."

എന്താണവരുടെ ആഗമനത്തിന്റെ ഉദ്ദേശമെന്ന് അറിയാത്തതുകൊണ്ട് ഒരു സംശയത്തോടെ വൈഷ്ണവി അവരോട് ചോദിച്ചു.

"ഒരു മംഗളക്കാര്യത്തെക്കുറിച്ച് സംസാരിക്കാനാണ് ഞങ്ങൾ വന്നത്..."

ശേഖർചന്ദിന്റെ മാതാവ് വൈഷ്ണവിയുടെ സംശയത്തിന് ഉത്തരം നൽകി.

"എന്ത് മംഗളക്കാര്യം...എനിക്ക് മനസ്സിലാവുന്നില്ല..."

"വേറെയൊന്നുമല്ല...എന്റെ മോന് ലാമിയെ വിവാഹം കഴിക്കണമെന്നുണ്ട്..."

യശോദയുടെ ഈ വാക്കുകൾ കേട്ട വൈഷ്ണവിക്ക് കോപം സഹിക്കാനായില്ല.കാരണം മറ്റൊന്നുമല്ല പത്തുമുപ്പത്തിയഞ്ച് വയസ്സുള്ള ഒരാൾക്ക് തന്റെ വെറും പത്തുവയസ്സുള്ള മകളോട് വിവാഹത്തിനാഗ്രഹം എന്നൊക്കെ പറഞ്ഞാൽ ആർക്കാണ് ദേഷ്യം വരാതിരിക്കുക...

"ഒന്നും തോന്നരുത്...അത് നടക്കില്ല..."

ഒരു അമ്മയുടെ ധൈര്യത്തിൽ വൈഷ്ണവി അവരോട് പറഞ്ഞു.

"അതെന്താ..."

"നിങ്ങളും ഒരു അമ്മയല്ലെ...നിങ്ങൾക്കെങ്കിലും ഇങ്ങനെ ചോദിക്കാൻ ഒരു നാണവുമില്ലെ..."

"ഈ കാര്യത്തിലെന്താണ് നാണിക്കാനുള്ളത്...ലാമി പത്തുവയസ്സ് കഴിഞ്ഞൊരു കുട്ടിയല്ലെ...കല്യാണപ്രായം ആയതല്ലെ..."

"നിങ്ങൾക്ക് പ്രശ്നമുണ്ടാവില്ല ഏകദേശം ഇരുപത്തിയഞ്ച് വയസ്സിന്റെ വ്യതാസംപോലും ആലോചിക്കാതെ നടത്താൻ....എനിക്ക് താൽപ്പര്യമില്ല..."

"പ്രായത്തിലൊക്കെ എന്തിരിക്കുന്നു.... മര്യാദക്ക് ജീവിച്ചാപ്പോരേ...."

"ദയവ് ചെയ്ത്...ഈ കാര്യവും പറഞ്ഞ് ഇനി ഇങ്ങോട്ട് വരരുത്...എന്റെ മോളെ എനിക്കിപ്പോ വിവാഹം കഴിപ്പിക്കാൻ താല്പര്യമേയില്ല...അവളെ നന്നായി പഠിപ്പിച്ച് നല്ല നിലയിലെത്തിക്കണം...."

"വൈഷ്ണവി, നീ എന്തൊക്കെയാ ഈ പറയുന്നേ...പെൺപിള്ളേരെ വലിയ പഠിപ്പൊക്കെ പഠിപ്പിച്ചിട്ട് എന്ത് കാര്യം ? വീട്ടുകാര്യങ്ങൾ നോക്കേണ്ട സമയത്ത് പഠിപ്പ്... നല്ല കാര്യം...ആ എഡ്വേർഡ് സായിപ്പിന്റെ കൽപ്പനകളായിരിക്കും...നാണമില്ലല്ലോ അവരുടെ സംസ്കാരത്തിന് കൂട്ടുനിൽക്കാൻ..."

"എന്റെ മോളെ പഠിപ്പിക്കാൻ എനിക്കാരുടെയും അനുവാദം ചോദിക്കേണ്ട കാര്യമില്ലാ.."

"ഓഹ് അങ്ങനെയാണോ കാര്യങ്ങൾ...എന്നാലെ ഞാനൊന്ന് ചോദിക്കട്ടെ എന്റെ മോന്റെ കയ്യീന്ന് കടം മേടിച്ച പണം മുഴുവനായിട്ട് എപ്പൊ തന്നുതീർക്കും..."

"കിട്ടുന്ന ചെറിയ വരുമാനത്തിൽ നിന്നൊക്കെ ഞാൻ തരാറുണ്ടല്ലോ..."

"അതൊന്നും പറഞ്ഞാപ്പറ്റില്ലല്ലോ... ലാമിയെ ഇവന് കല്യാണം കഴിച്ചുകൊടുക്കാൻ സമ്മതമാണെങ്കിൽ എല്ലാ കടങ്ങളും അതിന്റെ പലിശയുമെല്ലാം എഴുതിത്തള്ളും...അല്ലെങ്കിൽ ഇനിയും പലിശ കൂടും..."

യശോദയുടെ ഈ ഭീഷണി വൈഷ്ണവിയെ മൗനമാക്കി.

"യശോദ കൊച്ചമ്മേ...എന്റെ മാനസികാവസ്ഥയൊന്ന് മനസ്സിലാക്കു ,അവളെയെനിക്ക് പഠിപ്പിക്കണം അതുകൊണ്ടാ...."

"അതൊക്കെ മണ്ടത്തരമാണ് വൈഷ്ണവി...പറയുന്നത് മനസ്സിലാക്ക്... കല്യാണം കഴിഞ്ഞാൽ അവളെയൊരു രാജകുമാരിയെപോലെ വീട്ടിലിരുത്തിക്കൊള്ളാം..."

എന്തൊക്കെ പറഞ്ഞിട്ടും വൈഷ്ണവി വഴങ്ങാത്തതുകണ്ടപ്പോൾ ശേഖർചന്ദ് പതിനെട്ടാമത്തെ അടവങ്ങ് പുറത്തെടുത്തു.

" ശരി...കല്യാണം കഴിഞ്ഞാലും അവളെ പഠിപ്പിക്കാം...പോരെ....ഒരു നല്ല നിലയിലും എത്തിക്കാം...അതുമതിയോ..."

ഇതുകേട്ട യശോദ അവനെ ചെറിയൊരു ദേഷ്യത്തോടെ നോക്കി... ശേഖർചന്ദിന്റെ ഈ വാക്കുകൾ വൈഷ്ണവിക്ക് ആശ്വാസമായി.

"ശേഖർ പറഞ്ഞത് സത്യമാണോ..."

"അതേ...പഠിപ്പിച്ചോളാം...പക്ഷേ ഒരു വ്യവസ്ഥയും കൂടിയുണ്ട്...അത് വൈഷ്ണവിക്ക് സമ്മതമാണെങ്കിൽ എല്ലാം നന്നായിത്തന്നെ നടത്താം..."

"എന്താണത് ? "

"വേറെയൊന്നുമല്ല നമ്മുടെ ആചാരമാണല്ലൊ...ആദ്യരാത്രിയിൽത്തന്നെ ഭാര്യയുടെ കന്യകാത്ത്വം തകർക്കണമെന്നൊക്കെ....അതുകൊണ്ട് ലാമിയുടെ കന്യകാത്ത്വം അന്ന് തന്നെ...."

"അതിനോട് എനിക്ക് യോജിക്കാനാവില്ല...."

"അങ്ങനെ പറയരുത് ആദ്യരാത്രിയിൽ കിടക്കവിരിയിൽ രക്തം കണ്ടാലേ ആചാരം പൂർണമാകൂ....ഇനി അഥവാ കന്യാചർമ്മം പൊട്ടി രക്തം വന്നില്ലെങ്കിൽ ഉപേക്ഷിക്കണം എന്നുമുണ്ട്....വൈഷ്ണവിക്ക് അറിയാലോ...രക്തം വന്നില്ലെങ്കിൽ ഉപേക്ഷിച്ചാലും കടം എഴുതിത്തള്ളിയേക്കാം... അതുപോരെ..."

"നിങ്ങളെത്ര എളുപ്പമായിട്ടാണ് ഇത് പറയുന്നത്...എനിക്കിതിനോട് യോജിക്കാനാവില്ല...ഒരു പെൺകുട്ടിക്ക് വേണ്ട ശാരീരിക വളർച്ചയൊന്നും അവൾക്കായിട്ടില്ല....കൂട്ടുകാരുമൊത്ത് കളിച്ചുനടക്കുന്ന ചിന്തയുമൊക്കെയുള്ള ഒരു ബാലികയോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണിത്..ദയവ് ചെയ്ത് ഒരു വളർച്ചയെത്താതെ ഒന്നും വേണ്ട..."

"അങ്ങനെ പറഞ്ഞാലെങ്ങനെയാ.... ആചാരങ്ങളെയൊക്കെ ഇങ്ങനെ എതിർത്താൽ സമസ്താപരാധങ്ങൾ ഏറ്റുപറഞ്ഞാപ്പോലും ഭഗവാൻ പൊറുക്കില്ല..."

"ഇങ്ങനെയൊരു ഉദ്ദേശമുണ്ടെങ്കിൽ ഈ വിവാഹം നടക്കില്ല....കടം എങ്ങനെയെങ്കിലും ഞാൻ തന്നുതീർത്തോളാം..."

ആ സമയത്താണ് കുടിക്കാനുള്ള പാനീയവുമായി ലാമിക യശോദയുടെയും

ശേഖറിന്റെയും അടുത്തെത്തിയത്. അയാൾ അവളെത്തന്നെ നോക്കിയിരുന്നു.

പെട്ടെന്നയാൾ ഉറക്കേ വിളിച്ചുപറഞ്ഞു...

"വൈഷ്ണവിയുടെ വ്യവസ്ഥകളുമായിട്ട് മുന്നോട്ട് പോവാൻ ഞാൻ തയ്യാറാണ്...ഇനി സമ്മതമാണോ...."

"സമ്മതമാണ്...."

യശോദ വെരുക് പിടിച്ചപോലത്തെയൊരു അവസ്ഥയിലായിരുന്നു. അങ്ങനെ വിവാഹത്തിന് ഇരുകുടുംബങ്ങളും വാക്കുകൊടുത്തു.വാക്കുകൊടുത്ത ദിവസം കഴിഞ്ഞ് പതിനഞ്ചാം നാളാണ് വിവാഹം തീരുമാനിച്ചത്.

അങ്ങനെ വാക്കുകൊടുത്തശേഷം യശോദയും ശേഖറും അവരുടെ കുതിരവണ്ടിയിൽ കയറി അവിടെനിന്ന് പോയി.

"ഡാ നീ ശരിക്കും അവളെ പഠിക്കാൻ വിട്ടുവോ, അങ്ങനെയെങ്ങാനും ചെയ്താലെ...എന്നെ നീ പിന്നെ ജീവനോടെ കാണില്ല.."

യാത്രചെയ്യുന്നതിനിടെ യശോദ ഒരു പൊട്ടിത്തെറിക്കുന്ന രീതിയിൽ ശേഖറിനോട് ചോദിക്കാൻ തുടങ്ങി.

"അതിനാരവളെ പഠിപ്പിക്കാൻ വിടുന്നു...അമ്മയ്ക്കും പിടിച്ചാ വട്ട്..."

ചോരയൂറ്റി കുടിക്കാൻ ഒരുങ്ങുന്ന ഒരു ചെകുത്താന്റെ കൊലച്ചിരി അയാളുടെ മുഖത്ത് തെളിഞ്ഞു.

"ഓഹ് ഞാൻ വെറുതെ പേടിച്ചു..."

"പിന്നെ എങ്ങനെയെങ്കിലും അതിനെ കെട്ടിച്ചുകിട്ടണ്ടെ...അതിനുവേണ്ടി പറഞ്ഞതാ...പിന്നെ പഠിപ്പിച്ച് നോക്കാൻ വേണ്ടിയല്ലെ കെട്ടാൻ പോകുന്നത്...അടുത്ത വർഷത്തെ ചന്ദ്രമാസത്തിനുളിൽ അവളെ ഞാനൊരു അമ്മയാക്കിയിരിക്കും...."

"ആഹ് ഇത് കേട്ടാ മതി...പക്ഷേ അവൾക്ക് വയസ്സൊന്നും അറിയിച്ചിട്ടില്ലായെന്നൊക്കെയല്ലേ ആ ദാസി പറഞ്ഞത്...."

"അത് ഞാനങ്ങ് വിശ്വസിച്ചു... പോവാൻ പറ...കുറേ നാളായി ഞാനാ ലാമിയെ നോക്കാൻ തുടങ്ങിയിട്ട്...പത്തുവയസ്സായെന്ന് ഈ



ഇടക്ക് ആരോ പറഞ്ഞപ്പോഴാ സമാധാനമായേ..."

"നീയെന്റെ മോൻ തന്നെ...അവളെ കല്യാണം കഴിച്ചാൽ പിന്നെ ആ എഡ്വേർഡ് സായിപ്പിന്റെ വീട്ടിലേക്ക് വിടാനേ പാടില്ലാ...ഞാൻ പറഞ്ഞില്ലാന്ന് വേണ്ടാ...."

"ഏയ് എവിടുന്ന്... "

അങ്ങനെ അവർ യാത്രതുടർന്നുകൊണ്ടിരുന്നു....ഇതൊന്നുമറിയാതെ മകളുടെ ഭാവി ശുഭകരമായി നീങ്ങുമെന്ന പ്രതീക്ഷയോടെ രാത്രിക്കുള്ള അത്താഴം തയ്യാറാക്കികൊണ്ട് അടുക്കളയിൽ വൈഷ്ണവിയും ജോലികൾ തുടർന്നുകൊണ്ടേയിരുന്നു....

*****

അങ്ങനെ ദിവസങ്ങളും പെട്ടെന്ന് നീങ്ങിത്തുടങ്ങി...

എട്ടാം നാൾ...

(എഡ്വേർഡ് സായിപ്പിന്റെയും ഡയാന മദാമ്മയുടെയും ബംഗ്ലാവ്)

കുറച്ച് ദിവസങ്ങളായി ലാമിക ബംഗ്ലാവിലോട്ട് വരാത്തതോർത്ത് സങ്കടപ്പെട്ടിരിക്കുകയാണ് ഡയാന. എന്താണ് കാരണമെന്ന് അറിയാത്ത അവസ്ഥയിലായിരുന്നു ആ ദമ്പതികൾ.സഹികെട്ട ഡയാന തോട്ടക്കാരനോട് കാര്യങ്ങൾ തിരക്കിയിട്ട് വരാൻ ഉത്തരവ് നൽകി.ഒരു മണിക്കൂറിന് ശേഷം വിവരങ്ങൾ തിരക്കാൻ പോയ തോട്ടക്കാരൻ ദുഖത്തോടെ മടങ്ങി വന്നു.

"എന്ത് പറ്റി? "

ഡയാന അയാളോട് കാര്യം തിരക്കാൻ ആരംഭിച്ചു.

അയാൾ ചെറിയ തപ്പലോടെ പറയാൻ തുടങ്ങി.

"കൊച്ചമ്മേ...അത് ലാമിയുടെ കല്യാണം തീരുമാനിച്ചു...അതുകൊണ്ട് സ്കൂളിലേക്ക് മാത്രമേ വിടുന്നുള്ളു"

"എന്ത്....കല്യാണമൊ?"

"അതേ ഏഴ് നാൾ കഴിഞ്ഞാൽ രാവിലെ"

"എന്തൊക്കെ വിഡ്ഢിത്തങ്ങളാ ഈ കാണിച്ചു കൂട്ടുന്നത്...അവളുടെ പ്രായത്തിന് അനുസരിച്ച ഏതേലും പയ്യൻ ആണോ"

"അയ്യോ അല്ല ഒരു മുപ്പത്തിയഞ്ച് വയസ് കാണും...പലിശക്കാരനാ... "

"എന്തായാലും അവളുടെ അമ്മയോട് നാളെ ഇങ്ങോട്ട് വരാൻ പറയണം..."

"ശരി കൊച്ചമ്മേ..."

ഇതൊക്കെ കേട്ടതിനുശേഷം ഡയാനയാകെ ഹൃദയം തകർന്നപോലെയുള്ളൊരു മാനസികാവസ്ഥയിലായിരുന്നു.അവൾ അന്നത്തെ ദിവസം വൈകുന്നേരം വരെ ജലപാനം പോലും കഴിച്ചില്ല.വൈകുന്നേരം കഴിഞ്ഞ് എഡ്വേർഡ് പ്രഭു

ബംഗ്ലാവിലോട്ട് മടങ്ങിവന്നു.

"ഡാർലിംഗ്, നീ എവിടെയാ..."

"കൊച്ചമ്മയാകെ വിഷമത്തിലാ..."

വേലക്കാരി എഡ്വേർഡ് പ്രഭുവിനോട് പറയാൻ തുടങ്ങി.

"എന്തുപറ്റി ? "

"അറിയില്ല.."

"മ്മ്...അവളെവിടെയാ...."

"മുറിയിൽ ഒരേ കിടപ്പാ....വെള്ളം കുടിക്കാൻ പോലും എഴുന്നേൽക്കുന്നില്ല..."

"അത്രക്കുള്ള സങ്കടോ...എന്നാപ്പിന്നെ അറിയണോലോ....ഡയാന..."

എഡ്വേർഡ് ഡയാന കിടക്കുന്ന മുറിയുടെ അകത്തേക്ക് പ്രവേശിച്ചു.

"ഡയാന...എന്തിനാ ഇങ്ങനെ വിഷമിച്ചിരിക്കുന്നേ....കാര്യം പറയു..."

"ലാമിയുടെ കല്യാണം ഉറപ്പിച്ചു...ഏഴ് ദിവസം കഴിഞ്ഞാൽ രാവിലെ...."

"ഏയ്...താനെന്തൊക്കെയാ ഈ പറയുന്നേ...ആരെങ്കിലും പറ്റിച്ചതായി രിക്കും..."

"അല്ല...സത്യമാണ്..."

"ശ്ശേ...എന്ത് മണ്ടത്തരമാണീ കാണിക്കുന്നത് ഇതുപോലെ ഒരു വിഡ്ഢികളുടെ നാട്...ബ്ലഡി ഇന്ത്യൻസ്...ആരുമായിട്ടാ കല്യാണം..."

"ഒരു മുപ്പത്തിയഞ്ച് വയസ്സുകാരൻ..."

"ശ്ശോ...അല്ലാ എന്ത് കണ്ടിട്ടാണ് ഇങ്ങനെയൊരു കല്യാണം..വളർച്ച പോലും മര്യാദക്കാവാത്ത ഒരു കുട്ടിയെത്തന്നെ...അതിനുള്ള പക്വതപോലും ആ കുട്ടിക്കായിട്ടില്ല...പിന്നെ പല അവയവങ്ങളും വളർച്ചാഘട്ടത്തിൽ മാത്രമാണ്...എന്തെങ്കിലും ലൈംഗീക ചിന്തയോടെ അയാളെങ്ങാനും സമീപിച്ചാൽ എന്തും സംഭവിക്കാം...വളർന്നുവരുന്ന ഒരു കൊച്ചുകുട്ടിയല്ലേ... അതെങ്കിലുമൊന്ന് ആലോചിച്ചിരുന്നെങ്കിൽ...."

"നമ്മളിതൊക്കെ പറഞ്ഞാൽപ്പോലും അവരൊന്നും കേൾക്കത്തില്ല...

അനാവശ്യമായിട്ടുള്ള ആചാരങ്ങളാണ് ഈ ഇന്ത്യൻ കഴുതകൾക്ക് പ്രധാനം..."

"അതെ...സതിത്തന്നെ നിരോധിച്ചതിന് രാജാറാം മോഹൻറോയ്ക്കെതിരെ മതവിശ്വാസികളിൽ പലരും വധഭീഷണി മുഴക്കിയിരുന്നു...അതുപോലെ ബെന്റിക്ക് പ്രഭുവിനെതിരെയും..."

"നമുക്ക് ഈ വിവാഹം തടയാൻ വല്ല വഴിയുണ്ടോ...."

"കാര്യമില്ല...നമ്മളെത്ര പറഞ്ഞാലും അവർക്ക് മനസ്സിലാവില്ല...ആ കുട്ടിയുടെ ജീവിതവും തകരും നോക്കിക്കോ...എത്ര നല്ല ബുദ്ധിയുള്ളൊരു കുട്ടിയാ ? "

"എനിക്കവളെ പിരിയാൻ പറ്റില്ല എഡ്ഢി... സ്വന്തം മകളായിട്ട് കൊണ്ടുപോയി..."

അവളെ തലോടിക്കൊണ്ട് : " എനിക്കും അങ്ങനെയൊക്കെത്തന്നെയാ.... നമ്മുടെ ജോലിയൊക്കെ കഴിഞ്ഞ് ഇംഗ്ലണ്ടിലോട്ട് പോകുമ്പോ അവളെയുംകൊണ്ട് പോകണമെന്നൊക്കെയാ ഞാൻ ആഗ്രഹിച്ചത്...നീ ഇനി അതോർത്ത് സങ്കടപ്പെടരുത് കേട്ടോ..."

"നിയന്ത്രിക്കാൻ പരമാവധി നോക്കി പക്ഷേ എനിക്ക് കഴിയുന്നില്ല...എന്തായാലും നാളെ രാവിലെ വൈഷ്ണവിയോട് ഇവിടെ എത്താൻ പറഞ്ഞിട്ടുണ്ട്...എഡ്ഡിയും ഇവിടെ വേണം..."

"ഞാനുണ്ടാവും..."

അങ്ങനെ പിറ്റേന്ന് രാവിലെ ഒരു കൂടിക്കാഴ്ച്ചക്കായി വൈഷ്ണവി ബംഗ്ലാവിലോട്ട് വന്നെങ്കിലും വിവാഹം ഉപേക്ഷിക്കാൻ ആ സ്ത്രീ തയ്യാറല്ലായിരുന്നു.എഡ്വേർഡും ഡയാനയും പരമാവധി പറഞ്ഞുനോക്കിയിട്ടും യാതൊരുവിധത്തിലും ഒന്നും നടന്നില്ല. അവസാനം സങ്കടത്തോടെ ഡയാന ഒരു കാര്യം വൈഷ്ണവിയോട് അപേക്ഷിച്ചു.

"വിവാഹം വേണമെങ്കിൽ നടത്തിക്കോളൂ...പക്ഷേ ഒരു കാര്യത്തിനുമാത്രം വൈഷ്ണവി എതിരുനിൽക്കരുത്..."

"കൊച്ചമ്മ പറഞ്ഞോളൂ...."

"രണ്ടുദിവസം കഴിഞ്ഞാപ്പിന്നെ മുഴുവൻ തിരക്കായിരിക്കുമല്ലോ...അതുകൊണ്ട് മറ്റന്നാള് ലാമിയെ ഇങ്ങോട്ടേക്ക് കുറച്ചുനേരത്തേക്ക് വിടാൻ പറ്റുവോ...അവൾക്കുവേണ്ടി ഒരുപാട് സമ്മാനങ്ങളും ഇംഗ്ലണ്ടിൽ നിന്നും കൊണ്ടുവന്ന ഉടുപ്പുകളുമൊക്കെയുണ്ട്...അതൊക്കെയൊന്ന് അവളിട്ട് കാണണമെന്നൊരാഗ്രഹം...മറുത്തൊന്നും പറയരുത്..."

"ഞാൻ അവളെ വിട്ടേക്കാം..."

അതുകേട്ടതും ഡയാനക്കും എഡ്വേർഡിനും സന്തോഷമായി...അങ്ങനെ രണ്ടുദിവസത്തിനുശേഷം ഒരു ഫോട്ടോഗ്രാഫർ സായിപ്പും ബംഗ്ലാവിലേക്ക് എത്തിച്ചേർന്നു, അതുപോലെ ലാമികയും. അവളെ കണ്ടതും ഓടിച്ചെന്ന് ഡയാന വാരിപ്പുണർന്ന് പരസ്പരം കൊച്ചുമ്മകൾ അവർ പങ്കുവെച്ചു.ബംഗ്ലാവിലെ തോട്ടത്തിലുമൊക്കെ അവളെ കൈപിടിച്ചുകൊണ്ട് നടത്തിച്ചു.ഡയാനയുടെ മുഖത്തെ സന്തോഷം കണ്ട എഡ്വേർഡും സന്തോഷവാനായി.

തോട്ടത്തിലെ സർക്കീട്ട് കഴിഞ്ഞശേഷം അവളെയുംകൊണ്ട് ഡയാന ബംഗ്ലാവിലെ കിടപ്പുമുറിയിലേക്ക് കൊണ്ടുപോയി അലമാരയിൽ നിന്നും ഒരുപാട് വസ്ത്രങ്ങളെടുത്തു. അതിലൊരുപാട് വസ്ത്രങ്ങളും അവളെ ഉടുപ്പിച്ച് സുന്ദരിയാക്കി.ആ വസ്ത്രങ്ങളിലെ ഏറ്റവും ഇഷ്ടപ്പെട്ട കാർമേഘ നീല സ്കേർട്ട്ഡയാന ലാമിയെ ഉടുപ്പിച്ചു.ഒറ്റനോട്ടത്തിലൊരു രാജകുമാരിയെപോലെത്തന്നെയുണ്ടായിരുന്നു അവൾ.ആ വസ്ത്രത്തിൽ അവളുടെ ഒരുപാട് ചിത്രങ്ങൾ ഫോട്ടോഗ്രാഫർ ക്യാമറയിലാക്കി.അവസാനം അവർ മൂന്നുപേരും നിൽക്കുന്ന ഒരുപാട് ചിത്രങ്ങളും എടുത്തു.

അങ്ങനെ സമയവും കടന്നുപോയി. പോകാൻനേരം ഡയാന ലാമികയോട് ചോദിക്കാൻ തുടങ്ങി.അതേസമയം ലാമിയുടെ മുഖവും വിട്ടുപിരിയുന്നതിന്റെ സങ്കടഭാവവുമൊക്കെ കൊണ്ട് നിറഞ്ഞു.

"ലാമീ,കല്യാണമൊക്കെ കഴിഞ്ഞാ ഞങ്ങളുടെ അടുത്ത് നീ വരില്ലെ..."

"ഞാൻ വരും...എനിക്ക് അത്രക്കിഷ്ടാ...ഉമ്മാ...അതുപോലെ ഇംഗ്ലീഷും പഠിക്കണ്ടേ..."

"എടി കാന്താരി..."

അവസാനത്തെ ലാമിയുടെ ആ വാചകം കരഞ്ഞുകലങ്ങിയ ഡയാനയെ രസിപ്പിച്ചു.വസ്ത്രങ്ങളും കുറച്ച് സമ്മാനങ്ങളും നൽകി അവർ രണ്ടുപേരും അവളെ യാത്രയാക്കി...

അങ്ങനെ പതിനാലാം ദിവസത്തിന്റെ രാത്രിയിൽ ലാമിയുടെ കരച്ചിൽ കേട്ടാണ് വൈഷ്ണവി ഉണർന്നത്.

"എന്തുപറ്റി വാവേ ? "

"നാളെത്തൊട്ട് അമ്മ എന്റെ കൂടെ ഉണ്ടാവില്ലല്ലോ ഇങ്ങനെ കെട്ടിപിടിച്ച് കിടക്കാൻ..."

"ആര് പറഞ്ഞു അമ്മ മോൾടെ കൂടെ എപ്പോഴും ഉണ്ടാവും കേട്ടോ...കരയാതെ ഉറങ്ങ് നാളെ എന്റെ വാവ കല്യാണപ്പെണ്ണാവുന്ന ദിവസാ...ഉറങ്ങിക്കെ ഉമ്മ..."

അങ്ങനെ രണ്ടുപേരും കെട്ടിപ്പിടിച്ചുകൊണ്ട് നിദ്രയിലാണ്ടു...

പിറ്റേന്ന് രാവിലെ വളരെ നല്ല രീതിയിൽ വിവാഹച്ചടങ്ങുമൊക്കെ നടന്നു. കാണാനുള്ള ത്രാണിയില്ലാത്തതുകൊണ്ട് എഡ്വേർഡും ഡയാനയും വിവാ



ഹത്തിന് പങ്കെടുത്തില്ല.

അങ്ങനെ ആദ്യരാത്രിയായി...

മണിയറയിലേക്ക് ലാമിക കടന്നു ചെന്നു....എന്ത് ഉദ്ധ്യേദ്ദേശങ്ങളാണ് ശേഖർ തീരുമാനിച്ചതെന്താണെന്ന് പോലുമറിയാതെ....

അത്രയും നേരം അവൾ കണ്ട ശേഖരായിരുന്നില്ല അവളുടെ മുന്നിൽ നിന്നിരുന്നത്.കാമം കൊതിക്കുന്ന കണ്ണുകളുമൊക്കെയായി കൊത്തിക്കൊത്തി ചോരകുടിക്കാൻ ശ്രമിക്കുന്ന ഒരു കഴുകനെപ്പോലെയായിരുന്നു അവൻ.ഈ ഭാവവ്യത്യാസങ്ങളൊക്കെ കണ്ട ആ പത്തുവയസ്സുകാരി പേടിക്കാൻ തുടങ്ങി.

"ലാമിയെന്തിനാ പേടിക്കുന്നെ ?... അടുത്ത് വാ..."

"ഞാൻ വരില്ല..."

"നിന്നോട് അടുത്തുവരാനല്ലേ പറഞ്ഞത്.."

അവൻ ആ ഒന്നുമറിയാത്ത ബാലികയെ ബലപ്രയോഗത്തിലൂടെ കിടക്കയിലേക്ക് കിടത്തി.അവൾ അലറിവിളിച്ചെങ്കിലും മുറിയുടെ പുറത്തുണ്ടായിരുന്ന യശോദ അതൊന്നും കേട്ട ഭാവംപോലും നടിച്ചില്ല.ബലത്തോടെ കൈകൾകൊണ്ട് ശബ്ദമുയർത്താതിരിക്കാൻ അവളുടെ വായ അമർത്തിപ്പിടിക്കാൻ തുടങ്ങി.വസ്ത്രങ്ങളെല്ലാം അവൻ അഴിച്ചുമാറ്റാൻ തുടങ്ങിയതും പിടഞ്ഞുകൊണ്ടിരുന്ന ആ കൊച്ചുബാലികയ്ക്ക് തന്റെ ദേഹത്ത് അർമാധിക്കാൻ ശ്രമിക്കുന്നവനെ തള്ളിമാറ്റാൻ സാധിച്ചില്ല.

"എന്നെ ഒന്നും ചെയ്യരുത്...ഞാനെന്റെ അമ്മയുടെ അടുത്ത് പൊക്കോളാം..."

"പിന്നേ...നിന്നെ അമ്മേടെ അടുത്തേക്ക് വിടാനല്ലെ ഞാൻ കെട്ടിക്കൊണ്ടു വന്നത്...മിണ്ടാതിരുന്നോ..."

ഒരു മൃഗം എങ്ങനെയൊരു ഇരയെ ആക്രമിക്കുന്നുവോ അതുപോലെ

ആ കുഞ്ഞുശരീരത്തെ അയാൾ വേട്ടയാടി.ചുണ്ട് കടിച്ചുപറിച്ച് രക്തം വാർന്നൊഴുകുന്നുണ്ടായിരുന്നു.വേദന കൊണ്ടുള്ള അവളുടെ പിടച്ചിലുകൾ അയാൾക്ക് ആനന്ദത്തിന്റെ ലഹരി പകർന്നു.അങ്ങനെ അവസാനം അവളുടെ കന്യകാത്ത്വം തകർക്കാനുള്ള പണി അയാളാരംഭിച്ചു.വേദനകൊണ്ട് പുളയുന്ന ലാമി നിലവിളിക്കാൻ തുടങ്ങി.അവളുടെ വളർച്ചപോലുമാവാത്ത അരക്കെട്ടിലേക്ക് അവന്റെ ബലം മതിയാവോളം ഉപയോഗിച്ചു.അവളുടെ അരക്കെട്ടിലൂടെ രക്തം വാർന്നൊഴുകാൻ ആരംഭിച്ചു.ശക്തമായ നീറൽ കൊണ്ട് ലാമി പിടയാൻ തുടങ്ങി. ഓരോ നിമിഷം കൂടുന്തോറും രക്തം കിടക്കയിലോട്ട് ഒഴുകാൻ തുടങ്ങി. ശ്വാസംപോലും കിട്ടാതെ അവൾ വേദനയുടെ മൂർദ്ധന്യാവസ്ഥയിൽ കണ്ണുകൾ പേടിക്കൊണ്ട് തള്ളാൻ തുടങ്ങി. ഇതൊന്നും കണ്ടിട്ട് ശേഖറിന് യാതൊരു മനസ്സലിവും തോന്നിയില്ല അയാളപ്പോഴും ആസ്വദിച്ചുകൊണ്ടിരിക്കുകായിരുന്നു. അങ്ങനെ പെട്ടെന്ന് അവളുടെ പിടച്ചിൽ എന്നന്നേക്കുമായി അവസാനിച്ചു അതും ഒരു രക്തക്കുളത്തിൽ....

അവളുടെ ജീവൻപോയി എന്ന് മനസ്സിലാക്കിയ ശേഖർ പെട്ടെന്ന് എന്ത് ചെയ്യണമെന്ന് അറിയാത്ത അവസ്ഥയിലായി...

ലാമികയുടെ ദാരുണമായ മരണ വാർത്ത കാട്ടുതീ പോലെ പടർന്നു. അവസാനം ബ്രിട്ടീഷ് ദമ്പതിമാരുടെയും വൈഷ്ണവിയുടെയും കാതുകളിലുമെത്തി.ഡയാന മോഹാലസ്യപ്പെട്ട് തറയിലേക്ക് വീണു. തന്റെ മകൾക്ക് ഇങ്ങനെയൊരു വിധി ഉണ്ടായത് തന്റെ വാക്ക് കാരണമാണെന്ന് മനസ്സിലാക്കിയ വൈഷ്ണവി കുറ്റബോധം കൊണ്ടും ചലനമറ്റ ആ ശരീരത്തെ കാണാനുള്ള ത്രാണിയും ശക്തിയും ഇല്ലാത്തതുകൊണ്ട് ആറ്റിലേക്ക് ചാടി ആത്മഹത്യ ചെയ്തു.

പിറ്റേന്ന് രാവിലെ പലരും ലാമിയുടെ മൃതദേഹം കാണാൻ വന്നെങ്കിലും ഒരാളുപോലും അവൾക്കുവേണ്ടി കണ്ണുനീർ പൊഴിച്ചില്ല. എഡ്വേർഡിനും ഡയാനക്കും ആ ഒടിഞ്ഞ് നാക്കുതള്ളികിടക്കുന്ന ചലനമറ്റ ആ ശരീരത്തെ കണ്ട് സഹിക്കാനായില്ല.



അതുപോലെ നാട്ടിലെ മറ്റു ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കും ഈ കാഴ്ച അവരുടെ കരളലിയിപ്പിക്കുകയും ചെയ്തു. എന്നാൽ ജാതിത്തമ്പുരാന്മാരോ നാട്ടുരാജാവോ രാഷ്ട്രീയ സ്വാതന്ത്ര്യ നേതാക്കൾക്കോ ആ ശരീരം കണ്ട് ഒരു മനസ്സലിവും തോന്നിയില്ല. ആദ്യരാത്രിയിലെ ആരോഗ്യമില്ലാത്ത പെണ്ണിന്റെ ഒരു സ്വാഭാവികമരണം എന്നമട്ടിലായിരുന്നു എല്ലാവരും. ഈ മനോഭാവം കണ്ട എഡ്വേർഡിന് സഹിക്കാനായില്ല. ബ്രിട്ടീഷ് സേനയെ കൊണ്ട് ശേഖറിനെ അറസ്റ്റ് ചെയ്യിക്കുകയും ആർക്കും വേണ്ടാത്ത ലാമിയുടെ ശരീരം ബ്രിട്ടീഷ് ഡോക്ടറുടെ സഹായത്തോടെ പോസ്റ്റുമാർട്ടം ചെയ്യിക്കുകയും പിന്നീട് ഹിന്ദുചടങ്ങുകൾ പ്രകാരം സംസ്കരിക്കുകയും ചെയ്തു.

അങ്ങനെ ഇതുപോലെയുള്ള മരണങ്ങൾ കണ്ട് കരളലിഞ്ഞ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി പെൺകുട്ടികളുടെ വിവാഹപ്രായം പത്തിൽ നിന്നും പന്ത്രണ്ട് വയസ്സാക്കിക്കൊണ്ടുള്ള എയ്ജ് കൺസെന്റ് ബില്ല് പുറപ്പെടുവിച്ചു....ജാതിത്തമ്പുരാക്കന്മാർ ഇതിനെ എതിർക്കുകയും പതിനായിരങ്ങളെ അണിനിരത്തി സമരങ്ങളും ആരംഭിച്ചെങ്കിലും എല്ലാം വെറുതെയായി....

കല്യാണം കഴിക്കുന്ന സമയത്ത് നിയമ പ്രകാരം പത്തുവയസ്സാണ് കല്യാണപ്രായം എന്നതുകൊണ്ടും ആ പീഡനവീരൻ ശേഖറിനെ കുറച്ച് നാളത്തെ ശിക്ഷ കഴിഞ്ഞ് വെറുതെ വിടുകയാണ് ചെയ്തത്...നാട്ടിലെത്തി കുറച്ചുനാൾ കഴിഞ്ഞപ്പോൾ അയാളെ വെടിവെച്ചനിലയിൽ മരിച്ചശേഷം പുഴയരികിൽ കഴുകന്മാർ കൊത്തിക്കൊത്തി തിന്നുന്നതാണ് എല്ലാവരും കണ്ടത്....അതിനുശേഷം കുറച്ച് നാളുകൾ കഴിഞ്ഞപ്പോൾ യശോദയും കഴുത്തറുത്ത് അവരുടെ വീട്ടിൽ മരിച്ചു കിടക്കുന്നതാണ് കണ്ടത്...ആരാണ് ഇതിനുപിന്നിലെന്ന് ദൈവത്തിനല്ലാതെ മറ്റാർക്കും അറിയില്ല....

ലാമികയെന്നാൽ സംസ്കൃതത്തിൽ ഭാഗ്യമുള്ളവൾ എന്നാണർത്ഥം. പക്ഷെ ഒരു നിർഭാഗ്യവതിയായി കാമം നിറഞ്ഞ ഒരു കഴുകന്റെ ഹീന പ്രവൃത്തിയിൽ മൺമറഞ്ഞുപോകാനായിരുന്നു അവളുടെ വിധി.....

ഇതുപോലെ നമ്മളറിയാതെ ഒരുപാട് ലാമിമാർ നമ്മുടെ രാജ്യത്ത് അന്നും ഇന്നും പൊലിഞ്ഞുകൊണ്ടേയിരിക്കുന്നു....ഒന്നുമറിയാതെ ഇതുപോലെയുള്ള ക്രൂരതയിൽ ചെന്നുപെട്ട് ജീവിതം ആസ്വദിക്കാതെ അനാവശ്യമായ അന്ധവിശ്വാസങ്ങളും കാരണം ഭൂമിയിൽ ജീവിച്ച് കൊതിതീരാതെ പൊലിഞ്ഞുപോയ ഓരോ ഭാരതീയ സ്ത്രീയ്ക്കും വേണ്ടി സമർപ്പിക്കുന്നു..... ■

കവിത
അധ്യാപക
വിഭാഗം
രണ്ടാം
സ്ഥാനം

സോബിൻ മഴവീട്
മലയാളവിഭാഗം, ശ്രീ ശങ്കരാ കോളേജ്, കാലടി

# ജലംകൊണ്ട് മുറിവേറ്റവർ

ആ പുഴയിൽ കല്ലെറിയരുത്.
കിളികളെ കാണാൻ വന്ന ഉണ്ണികളുറ
ങ്ങുന്നത്
ആ പുഴയുടെ അടിവയറിലാണ്.
ആ പുഴയിൽ കല്ലെറിയരുത്.
അവരുണർന്നാൽ
പാൽമണമുള്ള ശബ്ദത്തിൽ
ജലമുഖത്തു വന്ന്
അവരുടെ അക്ഷരങ്ങളെ ചോദിക്കും.
മഷിയിട്ടു മാച്ച് സ്റ്റേറ്റും
കുറ്റിപ്പെൻസിലും, ചോക്കും ചോദിക്കും
അപ്പോൾ നിങ്ങളെന്തുപറയും?
"പരൽ മീനുകൾ
പുഴയിലെ കണ്ണെഴുത്തുള്ള
കിളികളാണെന്നു മന്ത്രിച്ച
ക്ലാസ്സിലെ കൂട്ടുകാരനെ ചോദിക്കും
അപ്പോൾ നിങ്ങളെന്തുപറയും?
പതിയെ നടന്നിട്ടും
വേഗത്തിലോടിയ മുയലിനു മുൻപേ
ആമ ഇഴഞ്ഞെത്തിയത്.
കാത്തിരിയ്ക്കാനായിരുന്നെന്ന്
കളിക്കാംബെല്ലിന് കഥ പറഞ്ഞുതന്ന
കൂട്ടുകാരിയെ ചോദിക്കും,
അപ്പോൾ നിങ്ങളെന്തുപറയും?
തൊടിയിലെ പൂവുകൾ,
നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ
പുഞ്ചിരികളാണെന്ന് പഠിപ്പിച്ച
അവരുടെ മാഷിനെ ചോദിക്കും
അപ്പോൾ നിങ്ങളെന്തുപറയും?
കേട്ടാൽ, ചങ്കുപൊട്ടും വിധം
ജലാഴങ്ങളിൽ നിന്ന്
അലറിക്കരഞ്ഞവർ ചോദിക്കും
എവിടെ ഞങ്ങടെ അമ്മ ജീവന്റെ ശ്വാസം?
എവിടെ ഞങ്ങടെ അച്ഛൻ സ്നേഹത്തിന്റെ
തണൽ?
എവിടെ കുഞ്ഞുടുപ്പുകൾ, കളിപ്പാട്ടം?
അപ്പോൾ നിങ്ങളെന്തുപറയും?
അരുത് ആ പുഴയിൽ കല്ലെറിയരുത്.
അവരുണർന്നാൽ നിങ്ങൾ പറയുമോ,
തോണിയിൽ വച്ച്
അവരെ ബലിയാടുകളാക്കിയത്
നിങ്ങളായിരുന്നുവെന്ന്??
നിങ്ങൾ പറയുമോ
നിങ്ങളുടെ അശ്രദ്ധയുടെ കയത്തിലാണ്
കുഞ്ഞുങ്ങൾ അകപ്പെട്ടുപോയതെന്ന്?
നിങ്ങൾ പറയുമോ.
നിങ്ങൾ പറയുമോ, ആ പുഞ്ചിരികളെ
മായ്ച്ചുകളഞ്ഞത് നിങ്ങളായിരുന്നുവെന്ന്?
അത്
വെറുതെ പോലും
ആ പുഴയിലെറിയരുത് കല്ല്.
നിങ്ങളുടെ തുപ്പാടിൽ
ജലംകൊണ്ട് മുറിവേറ്റവരാണവർ.
അവരെ ഉണർത്തരുത്.

## രണ്ട്

ആ പുഴയോരത്ത് പോയി
നിശബ്ദമായി നില്ക്കൂ
കേൾക്കുന്നില്ലേ.
ജലതാഴ്ച്ചയിൽ നിന്ന്
അവരുടെ ഒച്ച
"ഇൻപിൻ സെറ്റിപിൻ
ഇൻപിൻ ഔട്ട് "
കേൾക്കുന്നില്ലേ
ജലപടവുകൾ കയറിവരുന്ന
അവരുടെ കിന്നാരങ്ങൾ.
കൊഞ്ചി കൊഞ്ചി പുഴമടിത്തട്ടിൽ
കുഞ്ഞുങ്ങൾ കളിക്കുകയാണ്.
"നാരങ്ങപ്പാല്
ചൂത്ത്ക്ക് രണ്ട്
ഇലകൾ പച്ച
പൂക്കൾ മഞ്ഞ
ഓടിവരുന്ന പോത്തിൻ കുട്ടിയെ
പിടിച്ചോടാ...."
എത്ര നിഷ്കളങ്കമായ കലഹം
എതിരുകളുടെ ഇഴയടുപ്പം.
അവർ കുഞ്ഞുങ്ങളാണ്.
അലിവിന്റെ മന്ദാരങ്ങൾ
അവരെ ശല്യം ചെയ്യരുത്.

■ **സിബു മോടയിൽ**
മലയാളവിഭാഗം, യൂണിയൻ ക്രിസ്ത്യൻ കോളേജ്
ആലുവ

കഥ
അധ്യാപക
വിഭാഗം
മൂന്നാം
സ്ഥാനം

# (അൺ) ഹാപ്പി എൻഡിങ്ങ്

ആവി പറക്കുന്ന ആറ്റുവാളക്കറിയിൽ വാട്ടുകപ്പ വേവിച്ചതിന്റെ ചെറിയ ഉരുളകൾ മുക്കി കഴിക്കുന്നതിന്റെ ഇടയ്ക്ക് ഇളം മധുരമുള്ള കള്ളുംകൂടിയായപ്പോൾ വിൻസെന്റച്ചന് ഒരു പാട്ടു പാടണമെന്നുതോന്നി. എന്തു പാടിയാലും രണ്ടു വരി കഴിഞ്ഞാൽ പുത്തൻപാനയുടെ ഈണമാകുന്നത് വല്ലാത്ത തമാശയായി അച്ചനും തോന്നി. താൻ ഒരു പുരോഹിതനാണെന്ന് ആരെങ്കിലും തിരിച്ചറിയുമോ എന്ന തോന്നലുംകൂടി ആയപ്പോൾ പാട്ടു വേണ്ടെന്നു വച്ചു. ഇന്ന് പള്ളിമേടയിൽനിന്ന് ഇറങ്ങിയപ്പോൾ ആദ്യം കണ്ടത് നാട്ടുപ്രമാണി അറയ്ക്കൽ സണ്ണിയുടെ ഏകസന്താനം റോണിയെയാണ്. "അച്ഛൻ മുടിഞ്ഞ ലുക്കിലാണല്ലോ" എന്ന് അവൻ കമന്റ് പാസ്സാക്കിയപ്പോൾ തെല്ലു നാണം തോന്നി. ടീഷർട്ടും പീഡനതാഡനങ്ങളേറ്റ് ജീൻസും കൂളിങ് ഗ്ലാസും. "നമുക്കൊരു റീൽസ് എടുത്താലോ" ക്യാമറയുമായി അവൻ അടുത്തപ്പോഴേ അച്ചൻ കാറിലേക്ക് ധൃതിയിൽ കയറി. ബാംഗ്ലൂരിലെ ഐ ടി കമ്പനിയിൽ കനത്ത ശമ്പളമുള്ള ജോലിയായിരുന്നു അവന്. ഇപ്പോൾ അത് രാജിവച്ച് റീൽസുമായി നടക്കുന്നു. യു ട്യൂബിൽനിന്ന് ലക്ഷങ്ങളാണത്രെ പ്രതിമാസം കിട്ടുന്നത്. താനാണെങ്കിൽ യു ട്യൂബിലൊരു സാരോപദേശ വീഡിയോ ഇട്ടാൽ ഒരു വർഷം കൊണ്ടുപോലും 500 ലൈക്കിലെത്തിയാലായി. ഒരു നെടുവീർപ്പോടെ അച്ചൻ ഫോണിലെ മിററിലേക്ക് ഒന്നു നോക്കി. "ഏയ് ബനാനേ ഒരു പൂ തരാമോ? ഈ പാട്ടല്ലേ റോണി മൂളിക്കൊണ്ടു പോയത്? കവി ഉദ്ദേശിച്ചത് എന്താവാം? വാഴക്കുമ്പാണോ? വിമർശിക്കാൻ പാടില്ല; തന്ത വൈബ് എന്ന് പരിഹാസം കിട്ടും. തന്നെയല്ല റോണി തനിക്കു ഗുരുവുംകൂടിയാണ് . ആദ്യമായി സ്മാർട് ഫോൺ സമ്മാനമായി സണ്ണി തനിക്കു തന്നപ്പോൾ അതിൽ തൊടാൻപോലും പേടിയായിരുന്നു. റോണിയാണ് അതിന്റെ പ്രവർത്തനങ്ങളെല്ലാം പറഞ്ഞുതന്നത്. കമ്പ്യൂട്ടറിന്റെ എ ബി സി ഡി അറിയാതിരുന്ന തനിക്ക് ഇ മെയിൽ ഐ ഡി ക്രിയേറ്റു ചെയ്തുതന്നതും അവനാണ്. അന്ന് റോണി പ്ലസ് ടു വിദ്യാർത്ഥിയായിരുന്നു. ഒരിക്കൽ വിരൽ തട്ടി മോശം ചിത്രം ഷെയർ ആയത് നീക്കം ചെയ്യാൻ സഹായിച്ചത് റോണി ആയിരുന്നു. അതു പറഞ്ഞ് ഇപ്പോഴും തന്നെ അവൻ കളിയാക്കാറുണ്ട്. അച്ചൻ പള്ളിഗ്രൂപ്പിൽ പുതിയ പോസ്റ്റു വല്ലതുമുണ്ടോ എന്നു തിരഞ്ഞിട്ട് സമീപഭാവിയുടെ കിടിലാത്മകത നണയാൻ തുടങ്ങി.

കുഞ്ഞാടുകളുടെ കുമ്പസാരത്തിലെ ചില കുളിർമ്മയുള്ള ആഖ്യാനങ്ങളാണ് തന്നെ ഇന്ന് മറ്റൊരാളാക്കി മാറ്റിയതെന്ന് തിരിച്ചറിഞ്ഞപ്പോൾ അച്ചന്റെ മനസ്സൊന്നു പതറി. ഇന്ന് ഒരു ദിവസത്തേയ്ക്കു മാത്രം താൻ കൊലപാതകമൊഴികെ എല്ലാ പ്രമാണങ്ങളും ലംഘിക്കാൻ പോവുകയാണ്. കൊലപാതകംകൂടി ആയാലെന്താണെന്ന് ഒരു വട്ടം ആലോചിച്ചതാണ്. പിന്നെ വേണ്ടെന്നു വച്ചു. ടീ ഷർട്ടും ജീൻസും ധരിച്ച് ചെത്തുപയ്യനെപ്പോലെ പാഴ്സനേജിൽ നിന്നിറങ്ങി അപരിചിതന്റെ ടാക്സിയും പിടിച്ച് അപരിചിതഗ്രാമത്തിലെ കള്ളുഷാപ്പിലിരുന്ന് ഒരു തെറിപ്പാട്ടു മൂളുന്ന രംഗം ഇന്നലെത്തന്നെ ഭാവനയിൽ കണ്ടതാണ്



തിരുക്കർമ്മം ചെയ്യുമ്പോഴും ആ ചിത്രമായിരുന്നു മനസ്സിൽ . ഇപ്പോൾ അത് യാഥാർത്ഥ്യമാവുന്നു. ഇന്ന് ഒരു ദിവസത്തേയ്ക്ക് കഴിഞ്ഞ നാല്പതു വർഷത്തെ വിശുദ്ധജീവിതത്തിൽ നിന്ന് അവധിയെടുത്തിരിക്കുന്നു. ഷാപ്പിൽ കമ്പനിയില്ലാതെ മോന്താനിരിക്കുന്നത് താൻ മാത്രമാണെന്ന് ഓർത്തപ്പോൾ അടുത്ത ബഞ്ചിലെ ടീമിനൊപ്പം കൂടി. അവർ വെറും തറയാണ്. കൂതറ തെറി പറഞ്ഞുകൊണ്ട് അച്ചൻ വളരെ നാളത്തെ തന്റെ ആഗ്രഹം സഫലമാക്കി. “പറയാത്ത തെറിവാക്ക് കെട്ടിക്കിടന്ന് നാവു കയ്ച്ച”തിനെപ്പറ്റി കെ.ജി.എസ് എഴുതിയതുപോലെതന്നെയായിരുന്നു തന്റെ അവസ്ഥ. പള്ളിക്കമ്മിറ്റിയിലിരുന്നു നിരന്തരം ചൊറിയുന്ന സിൽക്കു ജൂബയിട്ട് ചിലരോട് വർഷങ്ങളായി തനിക്ക് അമർഷമുണ്ടായിരുന്നു. അവരിൽ ചിലർ മൂക്കിൽ പഞ്ഞിയും വച്ച് തന്റെ മുന്നിൽ മര്യാദയ്ക്കു കിടക്കുമ്പോൾ ഉള്ളിലുണ്ടാകുന്ന സന്തോഷം പുറത്തു കാണിക്കാറില്ല. “നീ മർത്യനെ പൊടിയിലേക്ക് മടങ്ങിച്ചേരുമാറാക്കുന്നു. മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു” . തൊണ്ണൂറാം സങ്കീർത്തനം തൊണ്ടയിടറി ഉദ്ധരിക്കുമ്പോൾ ചടങ്ങിനെത്തിയവർ പറയും അച്ചന് ശരിക്കും ദൈവവിളി കിട്ടിയതാണെന്ന്. തറവർത്തമാനം തനിക്കു വഴങ്ങില്ലെന്നു കണ്ട അച്ചൻ മറ്റു മദ്യപാനികളെ ഉപദേശിക്കാൻ തുടങ്ങി . “അവന്റെ ഒരു കൊണണതോഷം” സഹകുടിയന്മാർ അച്ചനെ ഒറ്റപ്പെടുത്തി.

രണ്ടാമതു വന്ന കുപ്പിയിലെ കള്ളിന് വല്ലാത്ത കയ്പ്പ്. അച്ചന് ഓക്കാനം വന്നു. മതി ഇനി തനിക്കാവില്ല. കുറേ നേരം ഷാപ്പിലെ ബഞ്ചിൽ കിടന്നു. പ്രത്യേകിച്ചൊരു ലഹരിയും തോന്നിയില്ല. എങ്കിലും ഒരു തരിപ്പുണ്ട്. ഭൂമിക്ക് വേണ്ടത്ര ഉറപ്പില്ല എന്നൊരു തോന്നലും. കാറിലേക്ക് കയറി കോട്ടയം കുഞ്ഞച്ചനിൽ പോലീസ് ജീപ്പിൽ കയറി സുകുമാരൻ “വിട്ടോടാ കുഞ്ഞേ” എന്നു പറയുന്ന അതേ സ്റ്റൈലിൽ അച്ചനും തട്ടിവിട്ടു. പോ

കംവഴി കാറിന്റെ ഗ്ലാസ്സ് താഴ്ത്തി ഓവർ ടേക്ക് ചെയ്തവരെയൊക്കെ തെറിവിളിച്ചു. എങ്കിലും മറുതെറി കിട്ടിയത് ഡ്രൈവർക്കാണ്.

ഇനി പോകുന്നത് മസാജ് പാർലറിലേക്കാണ്. ഒരു കുഞ്ഞാടിന്റെ ഇക്കിളിപ്പെടുത്തുന്ന ആഖ്യാനമാണ് തന്നെ ഇതിന് പ്രേരിപ്പിച്ചത്. പോകുന്ന വഴിയിൽ അല്പം അകലെയായി ഒരു പള്ളി കണ്ടു. ധാരാളം പടികൾ കയറി വേണം ആ പള്ളിയിലെത്താൻ. അച്ചന്റെ കാൽവെള്ളയിൽ ഒരു തരിപ്പ് അനുഭവപ്പെട്ടു. മസാജ് പാർലറിലെ നടപടിക്രമങ്ങളോർത്തപ്പോൾ ആ തരിപ്പ് കൂടി വന്നു. പാർലറിന്റെ ലോഞ്ചിൽ റിസപ്ഷനിസ്റ്റ് അത്യാദരപൂർവ്വമാണ് സ്വീകരിച്ചത് . ഓൺലൈൻ രജിസ്ട്രേഷനായിരുന്നു ആദ്യം വേണ്ടത്. പൂരിപ്പിക്കാനുള്ള ഫാറം അവരുടെ ലാപ്ടോപ്പിൽ തുറന്നതന്നിട്ട് അവർ അവരുടെ സീറ്റിലേക്ക് മടങ്ങി. ഓരോ ചോദ്യങ്ങൾക്കും ഡ്രോപ് ബോക്സിൽ നിരവധി ചോയിസുകളുണ്ട്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ മോർ ഡീറ്റെയ്‌സിൽ ക്ലിക് ചെയ്താൽ മതി. ആദ്യത്തേത് സെക്സ് കോളം അടയാളപ്പെടുത്താനായിരുന്ന മെയിൽ ഫീമെയിൽ ബോക്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭിന്നലിംഗക്കാർക്ക് ഇതിലൊന്നും താല്പര്യമില്ലെന്നുണ്ടോ ആർക്കറിയാം?. മെയിൽ എന്ന കോളം ടിക് ചെയ്തതും അടുത്ത പോദ്യം തെളിഞ്ഞു. മെയിൽ ടു മെയിൽ എന്നും ക്രോസ്സ് മസാജിങ് എന്നും രണ്ടു കോളം അതിനുണ്ടായിരുന്നു. ക്രോസ് മസാജിങ്ങിനു സമീപമുള്ള മോർ ഡീറ്റെയ്ൽസിൽ ക്ലിക് ചെയ്തപ്പോൾ ആദ്യം ഒരു പൂമഴയാണ് സ്ക്രീനിൽ കണ്ടത്. പുരുഷന്റെ നഗ്നമേനിയിൽ അല്പവസ്ത്രധാരിയായ സുന്ദരിയുടെ തലോടൽ പല പോസുകളിൽ ഉള്ള ബഹുവർണ്ണ ചിത്രങ്ങൾ തെളിഞ്ഞു. വിൻസെന്റച്ചന്റെ കൈകൾ വിറച്ചു. കുഞ്ഞാട് വിവരിച്ച കഥകൾക്കനുസരിച്ച് ആനന്ദപൂർത്തി വരണമെങ്കിൽ ഈ കോളത്തിൽ അടയാളമിടണം . ശീതീകരിച്ച മുറിയായിട്ടും അച്ചനെ വിയർത്തു. നെഞ്ചിടിപ്പ് ഇപ്പോൾ തനിക്ക് വ്യക്തമായി കേൾക്കാം. തലേന്ന് വിചാരിച്ചു കൂട്ടിയ തിരക്കഥപോലെ കാര്യങ്ങൾ നടക്കണമെങ്കിൽ ഈ മന്ദിരം തകരണം. ഈ അർപ്പിതശരീരം മലിനമാകണം. താനിന്ന് അധപ്പതിക്കാൻ പോകയാണ്. ക്രോസ് മസാജിങ്ങിൽ വിരലമർത്തിയപ്പോഴാണ് അടുത്ത ചോദ്യം തെളിഞ്ഞത്. നോർമൽ എൻഡിങ് ഹാപ്പി എൻഡിങ് എന്ന രണ്ടു പിരിവുകളാണ് അതിന് ഉണ്ടായിരുന്നത്. ഹാപ്പി എൻഡിങ്ങോ? ഇങ്ങനെയൊരു പ്രയോഗം ആദ്യമായി കേൾക്കുകയാണ്. കൂടുതലറിയാൻ വിരലമർത്തിയപ്പോൾ ഒരു വാക്യം മാത്രം തെളിഞ്ഞു . എൻഡ് വിത്ത് ഇജാക്കുലേഷൻ ഓർഗാസം എന്നായിരുന്നു അത് . ഇമേജസ് ആൻഡ് വീഡിയോസ് അനുബന്ധമായി ഉണ്ടായിരുന്നു. വീഡിയോ ഓപ്പൺ ചെയ്യാൻ തുടങ്ങുമ്പോൾ കഴിഞ്ഞയാഴ്ച താൻ പള്ളിയിൽ നടത്തിയ പ്രസംഗത്തെപ്പറ്റി അച്ചൻ ഓർത്തു. ലൈംഗികപാപം ഉണ്ടാക്കുന്ന കൊടിയ വിപത്തിനെപ്പറ്റി നരകഭീതി ഉണർത്തി താൻ വിവരിച്ചപ്പോൾ മാനസാന്തരത്തിന്റെ വിത്തുകൾ അനേകരിൽ മുളയ്ക്കുന്നത് ദർശനത്തിൽ കണ്ടതുമാണ്. എങ്കിലും വീഡിയോ തുറന്നു . ജാക്കറ്റും പിന്നെ അടിവസ്ത്രവും ഊരിമാറ്റുന്ന തായ് പെൺകുട്ടി മലർന്നു കിടക്കുന്ന യുവാവിന്റെ അരയിൽനിന്ന് വെളുത്ത ടർക്കി ടവൽ എടുത്തു മാറ്റുമ്പോൾ ... വിൻസെന്റച്ചൻ കണ്ണുകളടച്ചു. ഇനി ഒറ്റ ക്ലിക്കുകൂടിയേ ഉള്ളൂ. അതിനു താഴെ പെയ്മെന്റ് കോളം ഉണ്ടായിരുന്നു. എന്താണെന്നറിയില്ല. ഇപ്പോൾ ഒരു താല്പര്യക്കുറവ് അനുഭവപ്പെടുന്നു. പെട്ടെന്ന് ഷണ്ഡത്വം വരിച്ചതുപോലെ. ദൈവരാജ്യത്തിനുവേണ്ടി ഷണ്ഡരാകുന്നവരെപ്പറ്റി ബൈബിളിൽ പറഞ്ഞിട്ടുണ്ട്. അതത്ര എളുപ്പവുമല്ല. സെമിനാരി ജീവിതത്തിൽ ചാടിപ്പോയവരുടെ ലിസ്റ്റ് അച്ചൻ ഓർത്തു. അവരൊക്കെ ഇന്ന് കുടുംബസ്ഥരാണ്. എന്നാൽ സെമിനാരിയിൽ ഒപ്പമുണ്ടായിരുന്ന ഒരു സോദോമ്യപാപക്കാരൻ ഇപ്പോൾ മെത്രാൻ ആണ്. "കുണ്ടൻ മെത്രാനെന്ന് ട്രോളന്മാർ നിരന്തരം റോസ്റ്റു ചെയ്യുന്നു. വിൻസെന്റച്ചന് ഉൾപ്പേടി വർദ്ധിച്ചു. കുരീപ്പുഴയുടെ ജസ്സിയിലെ "തൃപ്തിതീർത്ഥത്തിന്റെ വക്കോളമെത്തി തിരിച്ചു നീന്തീടവേ" എന്ന വരികളാണ് പെട്ടെന്ന് ഓർമ്മ വന്നത്. എം.എ പഠനകാലത്ത് ആ കവിത മന:പാഠമാക്കിയതാണ്. തന്നെയല്ല രഹസ്യപാപങ്ങൾ ദൈവംതമ്പുരാൻ പരസ്യമാക്കുമെന്നും നെറ്റിയിൽ വ്രണമുണ്ടാകുമെന്നമെല്ലാം ഒരു പ്രസംഗത്തിൽ താൻ തട്ടിവിട്ടത് അച്ചൻ ഓർത്തു. പണ്ട് തങ്ങളുടെ നാട്ടിൽ ചുണ്ടിലും നെറ്റിയിലും പാണ്ടുള്ള ഒരു വൈദികൻ ഉണ്ടായിരുന്നു. സൺഡേസ്കൂളിൽ പഠിക്കുമ്പോൾ പാണ്ടനച്ചൻ എന്ന് താനും കളിയാക്കി വിളിച്ചിട്ടുണ്ട്. രഹസ്യപാപത്തെ ദൈവംതമ്പുരാൻ പരസ്യപ്പെടുത്തുന്നതാണ് ത്വക്കുരോഗങ്ങളെന്ന് നാട്ടിലെ അറിയപ്പെടുന്ന പാസ്റ്റർ പ്രസംഗിക്കുന്നതും ഒരു കൺവെൻഷനിൽ കേട്ടതാണ്. തന്റേത് ഇപ്പോൾ നല്ല ഐശ്വര്യമുള്ള മുഖമാണ്. അച്ചൻ കുർബ്ബാന അർപ്പിക്കുമ്പോൾ ദൈവതേജസ്സ് കാണാമെന്ന് വിശ്വാസികൾ പലപ്പോഴും പറഞ്ഞു കേട്ടിട്ടുമുണ്ട്. നാളെ തിരുക്കർമ്മം ചെയ്യേണ്ടതാണ്. പെട്ടെന്ന് വാതിൽ തുറന്ന് അച്ചൻ വെളിയിലേക്ക് ഇറങ്ങി. അച്ചോ എന്ന വിളി കേട്ട് വിൻസെന്റച്ചൻ ഒന്നു ഞെട്ടി. നെന്മാറ പള്ളിയിലിരുന്നപ്പോൾ അവിടത്തെ കപ്യാരായിരുന്ന ദേവസ്യ ആയിരുന്നു അത്. ഇപ്പോൾ ടാക്സി ഡ്രൈവറാണെന്ന് കണ്ടപ്പോഴേ മനസ്സിലായി. അച്ചൻ തിരിഞ്ഞു നോക്കിയില്ല. ഇതു വിൻസെന്റച്ചൻ അല്ല. വികാരിയെ പള്ളിമേടയിൽ ഊരി വച്ചിരിക്കുകയാണ്.

തിരികെ പോകുമ്പോൾ മഴ കനക്കുന്നുണ്ടായിരുന്നു. പള്ളിമേടയിലേക്ക് ഇന്നില്ല. അസിസ്റ്റന്റ് വികാരിയോട് നാളത്തെ ചുമതലകൂടി ഏല്ക്കാൻ വിളിച്ചു പറഞ്ഞു. ഫോൺ വൈബ്രേഷനിലായിരുന്നു. ധാരാളം മിസ്ഡ് കോളുകൾ. അറയ്ക്കൽ സണ്ണി പലവട്ടം വിളിച്ചിരിക്കുന്നു. സണ്ണിയുടെ വാട്സാപ്പ് നോട്ടിഫിക്കേഷൻ കണ്ട് ഓപ്പൺ ചെയ്തു "നമ്മുടെ റോണി പോയച്ചാ, റീൽസ് എടുക്കാൻ പുഴയിൽ ഇറങ്ങിയതാ". ഒറ്റപ്പുത്രൻ നഷ്ടപ്പെട്ട പിതാവിനെ എങ്ങനെ ആശ്വസിപ്പിക്കുമെന്നറിയാതെ മനസ്സു കലങ്ങിയ വിൻസെന്റച്ചൻ കുറച്ചു കഴിഞ്ഞ് നാളെ നടക്കാൻ പോകുന്ന ശവസംസ്കാരശുശ്രൂഷയിൽ പറയേണ്ട അനുശോചനവാക്കുകൾ തിരഞ്ഞു. ■

അനിറ്റ ഷാജി
അസിസ്റ്റൻറ് പ്രൊഫസർ, സെൻറ്. ജോർജ് കോളേജ്, അരുവിത്തുറ, കോട്ടയം

കഥ
അധ്യാപക വിഭാഗം
രണ്ടാം സ്ഥാനം

# നനവ്

ഉണങ്ങിയ ഇലകൾ മൂടിയ പടവുകൾ കയറിയാണ് അപ്പന്റെ കല്ലറയിലേക്ക് ഓരോ പ്രഭാതത്തിലും അന്ന എത്തുക. സെമിത്തേരിയിലെ ഒപ്പീസ് കഴിഞ്ഞ് ആളുകൾ വീടുകളിലേക്ക് മടങ്ങിത്തുടങ്ങുമ്പോൾ അവർക്കഭിമുഖമായി അവൾ നടന്നുതുടങ്ങും. പ്രാർത്ഥനയും നെടുവീർപ്പുകളും അവസാനിച്ചുകഴിഞ്ഞ ഇടം സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടാണ് അന്ന് അവിടെ വ്യാപരിക്കുക. ഉയരമുള്ള മരങ്ങളിൽ നിന്ന് ഉണങ്ങിയ ഇലകൾ പൊഴിഞ്ഞുവീണ് സെമിത്തേരിയെ ഓരോ നിമിഷവും പ്രാചീനതയിലേക്ക് തള്ളിവിടുന്നത് അവൾ നിരീക്ഷിക്കും. അടക്കം ചെയ്ത പൂർവ്വികരുടെ പേരുകളും അവരുടെ ജനനമരണത്തിയതികളും മാർബിൾ കല്ലറകളിൽ ഇപ്പോഴും വായിക്കാനാകും. അന്നയുടെ അപ്പനെ അടക്കം ചെയ്ത കല്ലറ മാർബിൾ പാകിയതാണ്. അതിൽ അവളുടെ കുടുംബപ്പേരും അടക്കം ചെയ്ത തലമുറകളുടെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ആ മാർബിൾ ഫലകത്തിൽ രണ്ട് പേരുകൾ ചേർക്കപ്പെട്ടിട്ടില്ലെന്ന് ഓരോ തവണയും അവൾക്ക് ഓർമ്മവരും. ഒന്ന് അന്നേവരെ അവൾ കണ്ടിട്ടില്ലാത്ത അവളുടെ പാപ്പൻ അബ്രഹാമിന്റെ പേരാണ്. മറ്റൊന്ന് അവളുടെ സ്വന്തം പേര്. അവൾ ജനിക്കുന്നതിനും വർഷങ്ങൾക്ക് മുമ്പേ മരിച്ചുപോയ അബ്രഹാമിനെ എങ്ങനെയാണ് അഭിസംബോധന ചെയ്യേണ്ടതെന്ന് അന്നയ്ക്ക് അത്ര നിശ്ചയം പോരാ. അവളുടെ കുടുംബത്തിൽ ഉച്ചരിക്കപ്പെടാത്ത പേരാണ് അദ്ദേഹത്തിന്റേത്. അന്നയുടെ അമ്മ എല്ലാ ദിവസവും സന്ധ്യകളിൽ കൊന്തനമസ്കാരം കാഴ്ചവയ്ക്കുന്നത് അയാളുടെ ആത്മാവിന് നിത്യശാന്തി ലഭിക്കുന്നതിനു വേണ്ടിയാണ്. ആത്മഹത്യ ചെയ്ത് കുടുംബപ്പേരും നിത്യനരകവും സ്വന്തമാക്കിയ പാപിയായിരുന്നു അയാൾ.

അപ്പനെ അടക്കം ചെയ്ത കുടുംബക്കല്ലറയിൽ അന്നയെ അടക്കാനാവില്ല എന്നാണ് അമ്മയുടെ പക്ഷം. കാരണം, അവൾ വിവാഹം മൂലം സ്വന്തം കുടുംബത്തിൽ നിന്ന് വേർപെടേണ്ടിയിരിക്കുന്നു. അന്നയ്ക്ക് അതിലൊരു തീരുമാനമെടുക്കണമെന്നുണ്ട്. അവളുടെ ആഗ്രഹം അപ്പനോടും പൂർവ്വികരോടും ഭാവിയിൽ അമ്മയോടുമൊപ്പം കല്ലറയിൽ നിത്യമായി അലിഞ്ഞുചേരണമെന്നതാണ്. അക്കാര്യത്തിലൊരു തീരുമാനം അന്നയ്ക്ക് അപ്പന്റെ സമ്മതത്തോടെ സ്വീകരിക്കേണ്ടിയിരിക്കുന്നു. കല്ലറയിലായാലും അപ്പന് അതിന് കഴിയുമെന്ന് അവൾ വിശ്വസിക്കുന്നു. അമ്മയും അന്നയും തമ്മിൽ പ്രകടിപ്പിക്കാറില്ലെങ്കിൽ കൂടിയും ഒരു ശത്രുത നിലനിൽക്കുന്നതായി അവൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അന്നയുടെ അമ്മയ്ക്കും അപ്പന്റെ അമ്മയ്ക്കുമിടയിലും ശത്രുത നിലനിന്നിരുന്നുവെന്ന് അവൾക്കറിവുള്ളതാണ്. വീട്ടിലെ ആണുങ്ങളുടെ പ്രീതി സമ്പാദിക്കുന്ന കാര്യത്തിൽ അവർക്കിടയിലെ ശത്രുത പ്രകടമായിരുന്നു. മുഴുത്ത മീൻ കഷ്ണങ്ങളും എല്ലില്ലാത്ത ഇറച്ചിയും ഭർത്താക്കന്മാർക്കായി കരുതിവയ്ക്കുന്നതിലും കിടപ്പുമുറികളിൽ പരസ്പരം രഹസ്യസ്വഭാവത്തോടെ കുറ്റങ്ങൾ വെളിപ്പെടുത്തുന്നതിലും ഇരുവരും മത്സരിച്ചിരുന്നു. പിറ്റേദിവസത്തെ തീൻമേശ രഹസ്യസ്വഭാവത്തോടെ കുറുകാരുടെ അതിർത്തികൾ അടയാളപ്പെടുത്തും. അന്തരീക്ഷത്തിൽ അത്തരം ദിവസങ്ങളിൽ കനം തൂങ്ങിനിൽക്കും.

അന്നയുടെ ലോകം അപ്പനുള്ളത്, അപ്പനില്ലാത്തത് എന്ന് വേർതിരിച്ച് ചിട്ടപ്പെടുത്തിയവരിൽ പ്രധാനി അമ്മയാണ്. അപ്പൻ മരിക്കുവോളം അവളിട്ടിരുന്ന ഇറക്കം കുറഞ്ഞ പാവാടകൾ അമ്മയെ വിഷമിപ്പിക്കുമായിരുന്നു. അവളുടെ പന്ത്രണ്ടാം വയസ്സിലാണ് വലിയ മുന്നറിയിപ്പൊ

ന്നമില്ലാതെ വന്ന പനി അപ്പനെ കൂട്ടി ക്കൊണ്ടുപോയത്. അതോടെ അമ്മ അമ്മായിയമ്മയോടുള്ള പോരുകൾ എന്നന്നേയ്ക്കുമായി അവസാനിപ്പിച്ചു. അമ്മയുടെ കൊന്തനമസ്കാരങ്ങൾ അൻപത്തിമൂന്നുമണിയിൽ നിന്നും നൂറ്റി അൻപത്തിമൂന്നിലേക്കും ഇരുനൂറ്റി മൂന്നിലേക്കും നീണ്ടിരുന്ന കാലയളവായിരുന്നു അത്. പിന്നീട് അമ്മയുടെ ഊർജം അന്നയുടെ വളർ ച്ച തടഞ്ഞുനിർത്തുന്നതിനുവേണ്ടിയാ ണ് ചിലവഴിക്കപ്പെട്ടത്.

മുട്ടിനുതൊട്ടുതാഴെ ഇറക്കമുള്ള ഉടുപ്പു കൾ അവൾക്ക് വാങ്ങിനൽകുവാനും മുടി രണ്ടായി പകുത്തുകെട്ടുവാനും അവർ താൽപര്യമെടുത്തു. രഹസ്യ ങ്ങൾ സൂക്ഷിക്കുവാനുള്ള സാധ്യതക ളെ അവളുടെ ജീവിതത്തിൽ നിന്ന് അവർ ഒഴിച്ചുനിർത്തി. അവൾക്കുവേ ണ്ടി നീക്കിവച്ചിരുന്ന മുറിയുടെ വാതി ലുകൾ എന്നും തുറന്നുകിടക്കണമെന്ന നിർദ്ദേശം അവർ പുറപ്പെടുവിച്ചു. ചാരിയിട്ട വാതിലുകൾ കാറ്റിന്റെ വേ ഗതയിൽ മലർക്കെത്തുറന്നും പുസ്തക ങ്ങളും മുഖഭാവങ്ങളും പരിശോധിച്ചും അന്നയുടെ ജീവിതത്തിൽ മറകളില്ലെ ന്ന് അവർ ഇടയ്ക്കിടെ ഉറപ്പിച്ചിരുന്നു. സമാനപ്രായക്കാരുമായുള്ള സൗഹൃദം നഷ്ടമായതാണ് അന്നയെ ഏറെ വേ ദനിപ്പിച്ചത്. ആൺകുട്ടികളുടെ ശബ്ദം ആടിന്റെ കരച്ചിലുപോലെ മാറുന്നതി നെപ്പറ്റിയും അവരുടെ മുഖങ്ങളിൽ പൊടിഞ്ഞുവരുന്ന രോമങ്ങളെപ്പറ്റി യും സംസാരിക്കുവാൻ അവളുടെ കൂട്ടു കാരികൾ ഇഷ്ടപ്പെട്ടിരുന്നു. അവധി ദിവസങ്ങളിൽ കടലകൊറിച്ചും കത കടച്ച് സിനിമകണ്ടും അടക്കം പറ ഞ്ഞും പെരുമാറുവാൻ വീട്ടിലേക്കെ ത്തിയിരുന്ന കൂട്ടുകാരികളെ അന്നയു ടെ അമ്മ പതിയെ വെറുത്തു തുടങ്ങി. കൂട്ടുകാരികളോടൊപ്പം അവൾ മുറി യിൽ ചിലവഴിക്കുമ്പോഴൊക്കെ കാര ണങ്ങളുണ്ടാക്കി അവർക്കിടയിലേക്ക് കടന്നുചെന്നും അവരുടെ സംഭാഷണ ങ്ങളിലിടപെട്ടുമാണ് അവർ അനിഷ്ടം പ്രകടമാക്കിയത്. ക്രമേണ, അവരെ ല്ലാം അന്നയുടെ സൗഹൃദവും വീടും ഉപേക്ഷിച്ചകന്നു. അമ്മ അവൾക്കു വേണ്ടി പുതിയ കൂട്ടുകാരികളെ കണ്ടെ ത്തി നൽകി. അയൽവീടുകളിലെ പ്രായത്തിലിളയ പെൺകുട്ടികൾ സ്കൂളിലും പള്ളിയിലും അന്നയെ അനു ഗമിച്ചു തുടങ്ങിയത് അങ്ങനെയാണ്. അവൾക്ക് അമ്മയുടെ നടപടികളോട് എതിർപ്പും വേദനയുമുണ്ട്. എന്നാൽ, ചെറുപ്പം മുതൽ അനുഭവപ്പെട്ടിരുന്ന ഏകാന്തത രാത്രി സമയങ്ങളിൽ ഉറക്കം നഷ്ടപ്പെടുത്തുകയും തലച്ചോ റിനുള്ളിൽ പ്രകമ്പനങ്ങളുണ്ടാക്കുക യും ചെയ്യുമെന്ന് ഭയന്ന് അമ്മയോട് അവൾ പിണക്കം ഭാവിച്ചില്ല.

അപ്പന്റെ മരണം അവരുടെയൊക്കെ ജീവിതങ്ങളിൽ ഒരുതരം ശൂന്യത നിറച്ചിരുന്നു. പണത്തിന്റെ ലഭ്യതയ്ക്കു നുസരിച്ച് പച്ചക്കറികളും വീട്ടുസാമാ നങ്ങളും വാങ്ങിക്കേണ്ടതിലും മറ്റും അവസാനവാക്ക് പറഞ്ഞിരുന്നത് അപ്പനാണ്. മറ്റുള്ളവർക്ക് നിസാരമെ ന്ന് തോന്നുന്ന സംഗതികളിൽ വരെ അമ്മയ്ക്ക് അപ്പന്റെ സമ്മതം ആവ ശ്യമായിരുന്നു. രാവിലെ പള്ളിയിൽ അരികുകളിൽ നേർത്ത ലെയ്സുകൾ തുന്നിച്ചേർത്ത ഇളം നിറങ്ങളിലുള്ള സാരി ഉടുത്ത് പോകുന്നത് അമ്മയുടെ ജീവിതത്തിലെ അനുഷ്ഠാനമായി ത്തീർന്നിരുന്നു. ഓരോ ദിവസവും ഉടുക്കുന്നതിനുള്ള സാരികൾ തലേന്ന് അപ്പനെ കാണിച്ച് അമ്മ അനുവാദം ചോദിച്ചിരുന്നു. സാരിയിലേക്ക് പാളിനോക്കുക പോലും ചെയ്യാതെ ഉറച്ച സ്വരത്തിൽ അപ്പൻ മൂളും. അമ്മ യുടെയും അന്നയുടെയും കാലുകൾ അങ്ങനെയുള്ള ഉറച്ച മൂളലുകൾക്കൊ ണ്ടു മാത്രം ചലിക്കുന്നവയായിരുന്നു. അപ്പൻ മരിച്ച് വർഷങ്ങൾ പിന്നിട്ടി ട്ടും അമ്മയുടെ കാലുകൾ ഇടയ്ക്കിടെ മൂളലിൽ തട്ടിവീണു. തിരക്കിട്ട് യാത്ര പുറപ്പെടും മുൻപ് പാതിയിൽ എന്തോ മറന്നതുപോലെ മൂളലിനായി അവർ ഒരു നിമിഷം കാക്കും. പള്ളികളിൽ കുർബാനയ്ക്ക് വൈകുന്നതിനും ബസ് നഷ്ടപ്പെടുന്നതിനും ഇത് പലപ്പോഴും കാരണമായി.

അമ്മയും പള്ളിയും പരസ്പരം ബന്ധി തമായിരുന്നു. അപ്പന്റെ മരണത്തോ ടെ സെമിത്തേരി അവരുടെ പ്രിയ പ്പെട്ട ഇടമായിത്തീർന്നു. മരിച്ചവർക്കു വേണ്ടി പ്രാർത്ഥന എത്തിക്കേണ്ട ഓർമ്മ ദിവസങ്ങളിൽ ചടങ്ങുപോലെ മാത്രം നടത്തിയിരുന്ന സെമിത്തേരി സന്ദർശനം അപ്പന്റെ മരണത്തോടെ പതിവുചര്യയായിക്കഴിഞ്ഞു. നേർത്ത നൂലുകൾ ചേർത്ത് തുന്നിയ സാരി ത്തുമ്പ് ഉടയാതെ പിടിച്ച് മുഖത്ത് പൗഡർ തൂകി അവർ ദിവസവും രാവിലെ തയ്യാറാകും. ഭാവതീവ്രത യോടെ അഭിനയിക്കേണ്ട ഏതോ രംഗത്തിലേക്കാണ് അമ്മ പിന്നീട് കടക്കുക. പ്രത്യേക താളത്തിൽ ശരീരം ക്രമപ്പെടുത്തി ഉറച്ച തോളു കളോടെ അവർ മുന്നേറും. എതിരെ ആളുകൾ വരുമ്പോൾ കണ്ണുകളിലേ ക്ക് വിഷാദത്തിന്റെ നേർത്ത നിറം പടർത്തുവാൻ അവർ ശ്രമിച്ചിരുന്നു. പ്രിയപ്പെട്ടവരുടെ മരണം ഒരുതരം നാടകക്കളിയിലേക്ക് മനുഷ്യരെ കടത്തിവിടുന്നത് അന്ന മനസ്സിലാ ക്കുന്നത് അമ്മയുടെ വേഷപ്പകർച്ചക ളിലൂടെയാണ്. ചില സന്ദർഭങ്ങളിൽ നാട്ടുമര്യാദ പിന്തുടർന്ന് അവളും നടിക്കുവാൻ പഠിച്ചെടുത്തു. പ്രത്യേക പ്രാർത്ഥനകൾ ആവശ്യമുള്ള ദിവസ ങ്ങളിൽ പള്ളിയിലേക്കുള്ള നീണ്ടു യർന്ന വഴികളിലൂടെ സമാന്തരമായി നടന്ന് ഇരുവരും പോകാറുണ്ട്. ആളു കൾക്ക് നടുവിൽനിന്ന് യാന്ത്രികമാ യി പ്രാർത്ഥനകൾ ഉരുവിട്ട് അവർ മടങ്ങും. വളരുംതോറും അമ്മയിൽ നിന്ന് അസുഖകരമായ അകലം അന്നയ്ക്ക് അനുഭവപ്പെട്ടു. അക്കാലങ്ങ ളിൽ അവർ തമ്മിലുള്ള ബന്ധം വലി ച്ചുപിടിച്ച റബ്ബർനാടപോലെയായി ത്തീർന്നു. ഒരു കൈ പിൻവലിച്ചാൽ മറുകൈയ്ക്ക് ഉണ്ടാകാനിടയുള്ള വേദന യുടെ ആഴം അപ്പന്റെ മരണത്തോടെ മനസ്സിലാക്കിയിരുന്നതുകൊണ്ട് അന്ന അമ്മയുടെ കൺവെട്ടത്തുനിന്ന് മാറുവാൻ ഭയന്നു. വേനലവധിക്കാല ത്തെ ശനിയാഴ്ചകളിൽ നൊവേനയ്ക്കു ശേഷം കൂടുതൽ സമയം പള്ളിയിൽ ചിലവഴിക്കുവാനുള്ള അവളുടെ തീരു മാനം അമ്മയിൽ നിന്ന് സുരക്ഷിത അകലം പാലിക്കുവാനുള്ള ശ്രമത്തി ന്റെ ഫലമായുണ്ടായതാണ്. അന്നയെ കാത്തുനിന്ന് മടുത്തും അവളുടെ ഭക്തിയിൽ മനസ്സുനിറഞ്ഞും അമ്മ തനിയെ മടങ്ങുമെന്ന് അവൾക്ക് അറിയാമായിരുന്നു.

കുർബാനയ്ക്കുശേഷം സംഗീതോപക രണങ്ങൾ അടുക്കിയും പാട്ടുമൂളിയും പള്ളിക്കകത്ത് തുടരുന്ന ആൽവിൻ ക്രമേണ അവളുടെ ശ്രദ്ധയിലേ ക്ക് വന്നു. അവന്റെ നിർമലമായ കണ്ണുകളും നനുത്ത സാന്നിധ്യവും അന്നയെ ആകർഷിച്ചു. അവന്റെ പ്രവൃത്തികളൊന്നും വേഗത്തിലാ

യിരുന്നില്ല. ഓരോ ചലനങ്ങളിലും ശ്രദ്ധയും പൂർണമായ പങ്കാളിത്തവും പുലർത്തുവാൻ അവൻ ശ്രമിച്ചിരുന്നു. അപ്പനുമായുള്ള താരതമ്യത്തിൽ ആണുങ്ങളെ അളക്കുന്ന മനോനില ഒരു പ്രത്യേകഘട്ടം മുതൽ അന്നയിൽ വികസിച്ചിരുന്നു. അപ്പന്റെ സ്പർശത്തിൽ സ്നേഹത്തേക്കാൾ അധികമായി ഒരുതരം അടുപ്പമില്ലായ്മയാണ് അവൾക്ക് അനുഭവപ്പെട്ടിരുന്നത്. അപ്പന്റെ ആണ്ടുപ്രാർത്ഥനകളിൽ പതിവായി പങ്കെടുക്കാറുള്ള കുഞ്ഞാച്ചന്മാരിലൊരാളുടെ സ്പർശം അപ്പന്റേതുപോലെയല്ല എന്ന് അന്ന മനസ്സിലാക്കിയതും അങ്ങനെയാണ്. അവളെ തൊട്ടപ്പോഴൊക്കെ അയാളുടെ കൈകൾക്ക് വേഗതയും ചൂടും അധികമായിരുന്നുവെന്ന് അന്ന പിന്നീട് കണ്ടുപിടിച്ചു. അവളുടെ ചുമലിൽ കൈ ചേർത്ത് ശരീരത്തോട് അടുപ്പിക്കുമ്പോഴൊക്കെ കുഞ്ഞാച്ചന്റെ ശ്വാസോച്ഛ്വാസം സാധാരണനിലയിലായിരുന്നതുമില്ല. ചലനത്തിൽ വേഗതയും സംസാരത്തിൽ ആവേശവുമില്ലെങ്കിലും ആൽവിൻ അപ്പനെപ്പോലെയായിരുന്നില്ല. എങ്കിലും, അവൻ കുഞ്ഞാച്ചനെപ്പോലെയല്ല എന്നതിൽ അന്ന സന്തോഷിച്ചു. പ്രണയമാണെന്ന് തിരിച്ചറിയാൻ കഴിയാത്ത ഒരു മാനസികാവസ്ഥയിലൂടെ അവൾ ആ ഘട്ടത്തിൽ കടന്നുപോയി. അടുക്കളയിൽ അമ്മയെ സഹായിക്കുമ്പോഴും കുളിമുറിയിൽ മണിക്കൂറികളോളം ചിലവഴിക്കുമ്പോഴും അവളുടെ കണ്ണുകൾ പുഞ്ചിരിച്ചു. കൗതുകവും വേദനയും നിറഞ്ഞ നോട്ടത്തോടെ അവളുടെ പെരുമാറ്റം അമ്മ മനസ്സിലാക്കുന്നുവെന്ന് തിരിച്ചറിഞ്ഞപ്പോൾ അന്നയ്ക്ക് നിന്ദ തോന്നിയെങ്കിലും, പ്രാർത്ഥനാമുറി പൂക്കൾക്കൊണ്ട് അലങ്കരിക്കുന്നതും സ്കാർഫിൽ പൂക്കൾ തുന്നിച്ചേർക്കുന്നതും പോലെയുള്ള ജോലികൾ അവൾ തുടർന്നു. കണ്ണുകൾ ഒറ്റിക്കൊടുത്തേക്കാമെന്ന തോന്നൽ ഉണ്ടായെങ്കിൽക്കൂടിയും മനസ് അവളുടെ വരുതിയിൽ നിന്നിരുന്നില്ല. അവളുടെ മേൽ നിയന്ത്രണങ്ങൾ കടുപ്പിക്കേണ്ടതില്ല എന്ന തീരുമാനത്തിലേക്കാണ് അമ്മ എത്തിച്ചേർന്നത്. മണിക്കൂറുകളോളം മുട്ടുകുത്തി പ്രാർത്ഥിക്കുന്ന പുതിയ ശീലത്തിലേക്ക് അവരെ കടത്തിവിടുവാനാണ് അവളുടെ പുഞ്ചിരി ഉപകരിച്ചത്.

നേർത്ത നിറങ്ങളിലുള്ള വസ്ത്രങ്ങളാണ് ആൽവിൻ ധരിക്കുക. അവന്റെ നീണ്ട വിരലുകൾ സംഗീതം പൊഴിക്കുന്നതായും അധരം സ്വർഗത്തെ ചുംബിക്കുന്നതായും അന്ന ഉൾക്കൊണ്ടു. ഇരുവർക്കുമിടയിൽ വാക്കുകളുണ്ടായിരുന്നില്ല. എങ്കിലും, പരസ്പരം കൈമാറുന്ന നോട്ടങ്ങൾ ദിക്കുകളിൽ നിന്നും അവരെ കൊരുത്തു. അവനുപയോഗിക്കുന്ന വിലകൂടിയ വസ്ത്രങ്ങളും അവന്റെ രൂപം തന്നെയും ആ നാട്ടിൽ പരിചിതമായിരുന്നില്ല. ഇടനാട്ടുകളിൽനിന്ന് കുടിയേറിപ്പാർത്ത സമ്പന്നരും ദരിദ്രരും ഇടകലർന്ന് വസിച്ചിരുന്ന മലയോരഗ്രാമത്തിലാണ് അവരുടെ പള്ളി സ്ഥാപിക്കപ്പെട്ടിരുന്നത്. അന്നയ്ക്കുമുമ്പുള്ള മൂന്നു തലമുറകൾ മഞ്ഞും തണുപ്പുമേറ്റ് ആ സെമിത്തേരിയിൽ അലിഞ്ഞുതീർന്നിട്ടുണ്ട്.

അവരുടെ തുണിക്കടകളിൽ മുന്തിയ



തരം വസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല. നിറമുള്ളവ സോപ്പുപയോഗിച്ച് അലക്കിയും മഞ്ഞിലുണങ്ങിയും മങ്ങിപ്പോയിരുന്നു. പെണ്ണുങ്ങൾ സാരികളിലും സ്കാർഫുകളിലും ടവ്വാലകളിലും തുന്നിച്ചേർത്തിരുന്ന പൂക്കളും ലെയ്സുകളുമാണ് അവരുടെ വസ്ത്രങ്ങൾക്ക് പ്രസരിപ്പു നൽകിയിരുന്നത്. ആൽവിന്റെ ഷർട്ടുകൾ മുന്തിയതരം വിദേശത്തുണികൾകൊണ്ട് സൂക്ഷ്മതയോടെ തുന്നിയവയാണെന്നും അവന് വ്യക്തിത്വം നൽകുന്നതിൽ ആ വസ്ത്രങ്ങൾ വലിയ പങ്കുവഹിക്കുന്നുവെന്നും അന്ന് കണ്ടെത്തി. പള്ളിക്ക് വെളിയിൽ അവനെ നിരീക്ഷിക്കുവാൻ അവൾ മെനക്കെട്ടില്ല. അമ്മയുടെ കണ്ണുകളെ ഭയന്നതുകൊണ്ടല്ല. ഒരു തരം വിലകുറഞ്ഞ നാണം അത്തരം കാര്യങ്ങളിൽനിന്ന് അവളെ എപ്പോഴും വിലക്കിയിരുന്നു. മറ്റൊരാളുടെ സ്വകാര്യതയിലേക്ക് നോക്കുവാനുള്ള ധൈര്യം ഒരിക്കലും അന്നയ്ക്ക് ഉണ്ടായിരുന്നില്ല. അപ്പന്റെയും അമ്മയുടെയും മുറിയിൽനിന്ന് പതിഞ്ഞ ശബ്ദത്തിലുള്ള വഴക്കുകളും അമ്മയുടെ അമർത്തിപ്പിടിച്ച കരച്ചിലും രാത്രിയിൽ കേൾക്കാമായിരുന്നുവെങ്കിൽക്കൂടിയും അത്തരം വിഷയങ്ങളോട് അവൾ അസുഖകരമായ മൗനം പാലിച്ചത് അതുകൊണ്ടാണ്. പിറ്റേന്ന്, തുടുത്തുവീർത്ത കൺപോളകളോടെ അമ്മ അടുക്കളയിൽ പെരുമാറുമ്പോൾ അവരിൽനിന്ന് അകലം പാലിക്കുവാനും ചെടികൾക്ക് കൂടുതൽ വെള്ളമൊഴിക്കുവാനും അവൾ ശീലിച്ചിരുന്നു.

ബന്ധുക്കളോടൊപ്പം വേനലവധി ചിലവഴിക്കുവാൻ ദൂരെ പട്ടണങ്ങളിൽനിന്ന് അവരുടെ ഗ്രാമത്തിൽ കുട്ടികളെത്തുക പതിവാണ്. ആൽവിൻ അത്തരത്തിലൊരാളായിരിക്കാമെന്ന് അവന്റെ വസ്ത്രങ്ങളും മുടിയിഴകളിൽ പുരട്ടിയിട്ടുള്ള ക്രീമും കണ്ടപ്പോൾ അന്നയ്ക്ക് ഊഹിക്കാനായി. തിരികെപ്പോകും മുമ്പ് അവനോട് വാക്കുകളുപയോഗിച്ച് പ്രണയം വെളിപ്പെടുത്തണമെന്ന ചിന്ത കുറച്ചു ദിവസങ്ങളായി അവളെ അലട്ടുന്നുണ്ട്. വരുന്ന ശനിയാഴ്ച അതിനുള്ള സാഹചര്യമുണ്ടാകുമെന്ന് അവൾ കരുതി. അന്ന് അവൾക്ക് തനിയെ പള്ളിയിൽപ്പോകാനാകും. അന്നേ ദിവസം ഉച്ചയ്ക്ക് പള്ളിയിൽ നടക്കുന്ന ബന്ധുവിവാഹത്തിൽ അമ്മയ്ക്ക് ക്ഷണമുണ്ട്. രണ്ട് തവണ പള്ളിയിലേക്ക് നടന്നുപോകുവാനുള്ള അവസരം അമ്മ ഉപേക്ഷിക്കുവാനുള്ള സാധ്യത അവൾ മുൻകൂട്ടിക്കണ്ടു. വെണ്മയുള്ള വസ്ത്രങ്ങളാണ് അവൾ അന്നത്തേയ്ക്കുവേണ്ടി കരുതിവച്ചത്. മുടിയിഴകളിലെ മെഴുക്ക് സോപ്പുപയോഗിച്ച് ഇളക്കിക്കളഞ്ഞും നഖങ്ങൾ നിരയൊപ്പിച്ച് വെട്ടിയും മുഖത്ത് വാസിലിൻ പുരട്ടിയും അവൾ തയ്യാറായിക്കൊണ്ടിരുന്നു. പതുപതുത്ത ത്വക്കിനെക്കുറിച്ചുള്ള അഭിമാനബോധത്തോടെ കൂടുതൽ സമയം കണ്ണാടിക്കുമുമ്പിൽ ചിലവഴിക്കുവാൻ ആ ദിവസങ്ങളിൽ അന്ന താൽപര്യമെടുത്തു.

വിഷാദം നിറഞ്ഞ കണ്ണുകളോടെ കൂടെക്കൂടെ നോക്കുമെങ്കിലും അവളുടെ സ്വകാര്യതയിൽ ഇടപെടുന്നതിൽനിന്ന് അമ്മ അപ്പോഴേക്കും പിൻവലിഞ്ഞുകഴിഞ്ഞിരുന്നു.

വീട്ടുമുറ്റത്ത് പരിപാലിക്കുന്ന പലതരം ചെടികളിൽനിന്ന് ശേഖരിച്ച പൂക്കൾക്കൊണ്ട് കൂടകെട്ടിയാണ് അന്ന ശനിയാഴ്ച പുറപ്പെട്ടത്. പതിവിന് വിപരീതമായി ആദ്യം സെമിത്തേരിയിലേക്ക് അവൾ നടന്നു. നിറഞ്ഞ കണ്ണുകളോടെയും അടുപ്പത്തോടെയും അവൾ അപ്പനോട് മൗനമായി സംസാരിച്ചു. ജീവിച്ചിരുന്ന അപ്പനേക്കാൾ മരിച്ചുപോയ അപ്പനെ അന്ന ഇഷ്ടപ്പെടുന്നുണ്ട്. ജീവിച്ചിരുന്നുവെങ്കിൽ ആൽവിനോട് ഇഷ്ടം പറയുന്നതിനുമുമ്പേ സമ്മതം വാങ്ങുവാൻ അവൾ ശ്രമിക്കുമായിരുന്നോ എന്ന ചോദ്യത്തെപ്പോലും അന്ന ഭയന്നു. പള്ളിയിലേക്കുള്ള മഞ്ഞുമൂടിയ ഇടവഴിയിലേക്ക് കടക്കുമ്പോൾ സംഗീതോപകരണങ്ങളും തോളിലേറ്റി ആൽവിൻ അവൾക്ക് അഭിമുഖം വന്നു. പതർച്ച കൂടാതെ കണ്ണുകളിലേക്ക് ആനോക്കി ഒപ്പം നടക്കുവാൻ അന്ന അവനെ ക്ഷണിച്ചു. നേർത്ത വിരലുകളും നീല ഞരമ്പുകൾ പാകിയ കൈകളും അടുത്തുകാണുന്നതിന്റെ കൗതുകം അവളുടെ ചലനങ്ങളിലുണ്ടായിരുന്നു. അവന്റെ ശ്വാസത്തിന് വേഗമേറുന്നതും തൊണ്ടവരളുന്നതും അവൾക്ക് പതിയെ മനസ്സിലാക്കാനായി. അവളുടെ കൈകൾ അവന്റെ കൈകളിൽ തൊട്ടപ്പോഴാകട്ടെ ആവേശം പ്രസരിക്കുന്ന, ചൂട് പ്രവഹിക്കുന്ന ഒരുതരം തിടുക്കം അവൾക്ക് അനുഭവപ്പെട്ടു. നനുത്ത സ്പർശത്തേക്കാൾ ഊർജത്തോടെ അമർത്തിപ്പിടിക്കുവാനാണ് അവന്റെ വിരലുകൾക്ക് ശേഷിയുള്ളതെന്ന തിരിച്ചറിവ് അവൾ പ്രതീക്ഷിക്കാത്തതായിരുന്നിരിക്കണം. ആൽവിന്റെ വിരലുകളിൽ അവൾക്ക് കണ്ടെത്താനായത് രണ്ടുപേർ പരസ്പരം സ്നേഹിക്കുവാൻ തീരുമാനമെടുക്കുന്നതിന്റെ തിടുക്കമായിരുന്നില്ല. നേരിയ വിഷാദം അവളെ വേഗത്തിൽ ആവരണം ചെയ്തു. നിറഞ്ഞുതുടങ്ങിയ കണ്ണുകളോടെ അന്ന തിരിച്ചുനടന്നു.

പ്രാർത്ഥനകളിൽ നിന്ന് വിട്ടുനിൽക്കുവാനുള്ള തീരുമാനമാണ് അവൾ ആദ്യം സ്വീകരിച്ചത്. ആടുകളെയും മുയലുകളെയും കൊണ്ട് അന്തരീക്ഷം ലഘൂകരിക്കുവാനുള്ള ശ്രമവും അതിന്റെ ഭാഗമായി അന്ന കൈക്കൊണ്ടു. വല്യപ്പന്റെ മരണശേഷം കണ്ണുനീരും വിലാപവുമായി ദിവസങ്ങളിൽ തള്ളിനീക്കിയിരുന്ന വല്യമ്മ അവരോട് ചേരുകയും മൃഗങ്ങളെ പരിപാലിക്കുവാൻ മുൻകൈയ്യെടുക്കുകയും ചെയ്ത കാലയളവായിരുന്നുവത്. പുല്ലുചെത്തുകയും മൃഗങ്ങൾക്കൊപ്പം മുഴുകുകയും ചെയ്യുന്നതിൽ വിലയേറിയ ആനന്ദം അവർക്ക് അനുഭവപ്പെട്ടു. കുരുമുളകും ഏലവും നൽകുന്ന വരുമാനം വീടിന്റെ ഓടുമാറ്റുന്നതും മോട്ടർ നന്നാക്കുന്നതുമായ അധികജോലികൾക്ക് തികയുന്നില്ലെന്ന തിരിച്ചറിവും അന്നയ്ക്ക് ഉണ്ടായിവന്നു. ഒഴിവുസമയങ്ങളിൽ സാരികളുടെ മുന്താണിയിൽ തൊങ്ങലുകൾ തുന്നിച്ചേർക്കുന്നതിലും കർത്താവിന്റെ രൂപം നൂലിൽ തയ്ക്കുന്നതിലും അന്നയുടെ അമ്മ മുഴുകി. പ്രാർത്ഥനകൾ അനന്തമായി നീണ്ടുപോകാത്ത കാലങ്ങളായി അമ്മയുടെ ജീവചരിത്രത്തിൽ അക്കാലത്തെ രേഖപ്പെടുത്താനാവും. സന്തോഷവും ദുഃഖവും ഒരുപോലെ അവരെ വിട്ടുനിന്നു. ജീവിക്കുക എന്നതിൽ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുവാൻ ആ സ്ത്രീകൾ മെനക്കെട്ടു. മുഴുത്ത മീൻകഷ്ണമോ എല്ലില്ലാത്ത ഇറച്ചിയോ പിന്നീട് അവരെ വേദനിപ്പിച്ചില്ല. മൂന്നുമുറികളിലായുള്ള ഉറക്കം അവർ തുടർന്നുപോന്നു. അടുപ്പവും അകലവും നിർവചിക്കാതെ അവരുടെ മുറികളുടെ കതകുകൾ എന്നും തുറന്നുകിടന്നു. ■

## എ കെ പി സി ടി എ ഭാരവാഹികൾ







**എ. നിശാന്ത്** (പ്രസിഡന്റ്), **ഡോ. കെ. ബിജുകുമാർ** (ജനറൽ സെക്രട്ടറി), **ഡോ. എൻ. രേണുക** (ട്രഷറർ), **ആഷ പ്രഭാകരൻ** (വൈസ് പ്രസിഡന്റ്), **സഞ്ജീവ് ജി.** (വൈസ് പ്രസിഡന്റ്)

## സംസ്ഥാന സെക്രട്ടറിമാർ






**ഡോ. ബ്രിജേഷ് വി.കെ.** (കോഴിക്കോട് മേഖല), **ഡോ. ഷനോജ് എം.പി.** (കണ്ണൂർ മേഖല), **ഡോ. ജേക്കബ് എബ്രഹാം** (മഹാത്മാഗാന്ധി സർവ്വകലാശാല), **ഡോ. സോജു എസ്.** (കേരള സർവ്വകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ









ഡോ. സുഷമാരാജ് ആർ.വി., അനസ് സി.എ., ഡോ. ലതാകുമാരി പി.സി., ആഷ എസ്. കുട്ടി, ഡോ. സന്തോഷ് ആർ., വിവേക് ജേക്കബ് എബ്രഹാം, ഡോ. ലിബിൻ കുര്യാക്കോസ്






പ്രമോദ് വെള്ളച്ചാൽ, ഡോ. എ.എസ്. സുമേഷ്, ഡോ. കെ. പ്രദീപ്കുമാർ, ഡോ. മനോജ് ടി.ആർ.

**സിൻഡിക്കേറ്റ് അംഗങ്ങൾ**



ഡോ. ജീന എൻ.ജെ.

**ആരോഗ്യ സർവകലാശാല പ്രതിനിധി**

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ (സബ്കമ്മിറ്റി കൺവീനർമാർ)








**ഡോ. വിധു നാരായൺ** (ജേർണൽ), **ഡോ. ജൂബി വി.പി.** (വനിതാ കമ്മിറ്റി), **ഡോ. ശ്രീജ എസ്.** (അക്കാദമിക് കമ്മിറ്റി), **ഡോ. അനിൽ കുമാർ കെ.എം.** (സർവ്വീസ് സെൽ

**ലിജിൻ പി. മാത്യു** (ഐ.ടി.സെൽ), **ഡോ. സന്തോഷ് കുമാർ വള്ളിക്കാട്** (സാംസ്കാരിക വേദി)

## ജില്ലാ സെക്രട്ടറിമാർ







**ഡോ. ജി.എസ്. സുമേഷ്** (തിരുവനന്തപുരം), **ഡോ. രതീഷ് സി.** (കൊല്ലം), **ഡോ. ഫറൂഖ് എസ്.** (ആലപ്പുഴ), **റെയ്സൺ സാം രാജു** (പത്തനംതിട്ട), **ഡോ. വിനു ടി.പി.** (കോട്ടയം)







**ഡോ. കൃഷ്ണകുമാർ എം.വി.** (ഇടുക്കി), **ഡോ. സനിൽകുമാർ എം.ജി.** (എറണാകുളം), **ഡോ. പ്രമോദ് പി.** (തൃശ്ശൂർ), **രാജേഷ് ആർ.** (പാലക്കാട്), **ഡോ. സനിൽ എ.എസ്.** (മലപ്പുറം)






**ഡോ. ജോബി എൻ.ജി.** (വയനാട്), **അനിൽ വർമ്മ** (കോഴിക്കോട്), **ഡോ. രാഖി രാഘവൻ** (കണ്ണൂർ), **രഘുനാഥ് പി.** (കാസർഗോഡ്)




AKPCTA
എ കെ പി സി ടി എ
സംസ്ഥാന സമ്മേളനം
2025 മാർച്ച് 14,15,16- പാലക്കാട്
ഉദ്ഘാടന സമ്മേളനം
മുഖ്യ പ്രഭാഷണം
ഡോ. ആർ ബിന്ദു
(ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി)
ഉദ്ഘാടനം
എം എ ബേബി,
(മുൻ വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രി)
LAKSHMI


LAKSHMI




















ഉദ്ഘാടന സമ്മേളനം














എ കെ പി സി ടി എ
67ാം സംസ്ഥാന സമ്മേളനം
2025 മാർച്ച് 14,15,16, പാലക്കാട്.


എ കെ പി സി ടി എ
67ാം സംസ്ഥാന സമ്മേളനം
2025 മാർച്ച് 14, 15,16 പാലക്കാട്
പൊതുസമ്മേളനം


67ാം സംസ്ഥാന സമ്മേളനം
2025 മാർച്ച് 14, 15,16 പാലക്കാട്
പൊതുസമ്മേളനം

ഉപന്യാസം അധ്യാപക വിഭാഗം രണ്ടാം സ്ഥാനം

■ അർച്ചന പി.ജെ.
അസി.പ്രൊഫസർ, ബോട്ടണി വിഭാഗം, ശ്രീനാരായണ കോളേജ്, കൊല്ലം -691001

# ഉന്നതവിദ്യാഭ്യാസവും ഫെഡറലിസവും

കോളേജുകളിലെയും സർവ്വകലാശാലകളിലെയും അക്കാദമിക നിലവാരം, അധ്യാപക, വൈസ് ചാൻസലർ നിയമനം തുടങ്ങിയവ സംബന്ധിച്ച്, പുതുക്കിയ ചട്ടങ്ങൾ ഉൾപ്പെടുത്തി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.) പുറപ്പെടുവിച്ച കരടുവിജ്ഞാപനം ആശങ്കകളിലേക്ക് കൂടി വാതിൽ തുറക്കുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരമുയർത്താൻ അവകാശപ്പെടുന്നതാണ് പരിഷ്കാരങ്ങളെങ്കിലും വി.സി. നിയമനങ്ങളിൽ ചാൻസലർക്കു കൂടുതൽ അധികാരം നൽകുന്നതടക്കമുള്ള മാറ്റങ്ങളിലൂടെ ഈ മേഖല പൂർണ്ണമായും കേന്ദ്ര സർക്കാർ കൈപ്പിടിയിലാകുമെന്നതാണ് മുഖ്യ ആശങ്ക.

സർവ്വകലാശാലാ വി.സി. നിയമനങ്ങളിൽ ചാൻസലർക്കു കൂടുതൽ അധികാരം നൽകുന്ന ശുപാർശയാണ് കടുത്ത വിവാദത്തിനു കാരണമായിരിക്കുന്നത്. ഭരണഘടന പ്രകാരം വിദ്യാഭ്യാസമെന്നത് കേന്ദ്ര-സംസ്ഥാന പൊതുപട്ടികയിലുള്ള വിഷയമായതിനാൽ യു.ജി.സി.യുടെ ഏകപക്ഷീയ നീക്കം അംഗീകരിക്കാനാവില്ലെന്ന് കേരള, തമിഴ്നാട്, കർണ്ണാടക സർക്കാരുകൾ ഉൾപ്പെടെ വ്യക്തമാക്കിക്കഴിഞ്ഞു. അധ്യാപക പശ്ചാത്തലമില്ലാത്തവർക്കും വൈസ് ചാൻസലറാകാമെന്ന വ്യവസ്ഥ അക്കാദമിക് താൽപര്യങ്ങൾ സംരക്ഷിക്കുന്നതല്ല എന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. അധ്യാപകയോഗ്യതയിൽ വരുത്തുന്ന മാറ്റങ്ങളാകട്ടെ, അക്കാദമിക യോഗ്യതകളുടെ പ്രാധാന്യം ഇല്ലാതാക്കുമെന്ന ആശങ്കയുയർത്തുന്നു. പത്തുവർഷം പ്രൊഫസറായി പരിചയമുള്ളവർക്കോ ശാസ്ത്ര ഗവേഷകർക്കോ ആയിരുന്നു വൈസ് ചാൻസലറാകാൻ മുൻപ് അവസരമുണ്ടായിരുന്നത്. ഗവർണർ ഭരണപക്ഷ താല്പര്യങ്ങൾ സംരക്ഷിച്ച് വി.സി. നിയമനം നടത്തിയാൽ അത് ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുമെന്നുറപ്പ്. രാജ്യത്ത് സമീപഭാവിയിൽത്തന്നെ കേന്ദ്രസർക്കാരിന് അഭിമതരായ വി.സി.മാർ മാത്രമെന്ന സ്ഥിതി ഉണ്ടായേക്കാമെന്നുമാണ് ഉയരുന്ന സംശയം.

നാളിതുവരെയും സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടായിരുന്ന അധികാരം എടുത്തുകളഞ്ഞ് അത് ഗവർണർമാരിൽ നിക്ഷേപിക്കുന്നതുവഴി സംസ്ഥാന സർവ്വകലാശാലകളിലേക്കുള്ള കേന്ദ്രത്തിന്റെ കടന്നുകയറ്റമാണ് സംഭവിക്കുക. സാമൂഹ്യ വിഭജനത്തിലും വർഗീയ പ്രചാരണത്തിലും വ്യാജനിർമ്മിതികളിലും കെട്ടിപ്പൊക്കിയ ദേശീയ വിദ്യാഭ്യാസ നയത്തെ ഇന്ന് കുറച്ചെങ്കിലും ചെറുത്തുനിൽക്കുന്നത് പ്രതിപക്ഷ സർക്കാരുകൾ നിലവിലുള്ള ചുരുക്കം ചില സംസ്ഥാനങ്ങളാണ്. ഈ ചെറുത്തുനിൽപിൽ സ്വയം ഭരണാവകാശമുള്ള സർവ്വകലാശാലകളും ഒരുതരം പ്രതിപക്ഷധർമ്മം നിർവ്വഹിക്കുന്നുണ്ട്. അതിനാൽ പ്രതിലോമരവും വിഭാഗീയവുമായ

തങ്ങളുടെ വിദ്യാഭ്യാസ അജണ്ട നടപ്പിലാക്കാൻ പറ്റിയ അന്തരീക്ഷം സർവ്വകലാശാലകളിൽ സൃഷ്ടിക്കാനാണ് കേന്ദ്രം ഗവർണർമാരിലൂടെ ശ്രമിക്കുന്നത്. അതിനുള്ള ചട്ടുകമായി യു.ജി.സി.യെ പോലും ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ഔദ്ധത്യം കാണിച്ചു എന്നുവേണം മനസ്സിലാക്കാൻ.

ഉന്നതവിദ്യാഭ്യാസത്തെ കേന്ദ്രസർക്കാരിന്റെ കൈപ്പിടിയിലൊതുക്കാനും അതിന്റെ ഗുണനിലവാരം തകർക്കാനും സർവകലാശാലകളുടെ അവശേഷിക്കുന്ന സ്വയംഭരണത്തെ ഇല്ലാതാക്കാനുമുള്ള കുറുക്കുവഴിയാണ് പുതിയ യു.ജി.സി. കരടുചട്ടം. സർവ്വകലാശാലകളിലെ രാഷ്ട്രീയ ഇടപെടൽ ഒഴിവാക്കാനാണ് വൈസ് ചാൻസലർ നിയമനം ചാൻസലർക്ക് നൽകുന്നത് എന്നതാണ് ഇതിനെ പിന്തുണയ്ക്കുന്നവരുടെ ഭാഷ്യം. വി.സി. നിയമനത്തെ രാഷ്ട്രീയമുക്തമാക്കേണ്ടതാണെന്നതിൽ തർക്കമില്ല. എന്നാൽ, അതിന് മറ്റു മാർഗങ്ങളാണ് തേടേണ്ടത്. അല്ലാതെ സംസ്ഥാന സർക്കാരിന്റെ സ്ഥാനത്ത് ചാൻസലറെ പ്രതിഷ്ഠിക്കുകയല്ല, അത് ഒരു രാഷ്ട്രീയത്തെ മറ്റൊരു രാഷ്ട്രീയം കൊണ്ടു പകരം വെക്കുന്നതിന് തുല്യമാണ്. മാത്രമല്ല, ചാൻസലറുടെ രാഷ്ട്രീയത്തെക്കാൾ കൂടുതൽ ജനാധിപത്യപരമാണ് സർക്കാരിന്റെ രാഷ്ട്രീയം.

**നാളിതുവരെയും സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടായിരുന്ന അധികാരം എടുത്തുകളഞ്ഞ് അത് ഗവർണർമാരിൽ നിക്ഷേപിക്കുന്നതുവഴി സംസ്ഥാന സർവ്വകലാശാലകളിലേക്കുള്ള കേന്ദ്രത്തിന്റെ കടന്നുകയറ്റമാണ് സംഭവിക്കുക.**

സർവ്വകലാശാലകളെയല്ല, സർവ്വകലാശാലാ നിയമങ്ങളെയാണ് രാഷ്ട്രീയമുക്തമാക്കേണ്ടത്. സർവ്വകലാശാലകൾ കാല്പനികതയുടെയും ദാർശനിക ചിന്തയുടെയും ആശയസംഘർഷങ്ങളുടെയും വേദികളാകുന്നിടത്തോളം അവിടെ രാഷ്ട്രീയമുണ്ടാകും. അത് ആരോഗ്യപരമായ സംവാദങ്ങൾക്കും ആശയങ്ങൾക്കുമുള്ള പടിതുറന്നുവെക്കണം എന്നുമാത്രം. ഇതിന് നമ്മുടെ സർവ്വകലാശാലകൾ ഒരുപുതിയ മാനിഫെസ്റ്റോ തയ്യാറാക്കേണ്ടത് അനിവാര്യമായിരിക്കുന്നു. വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാടും ലോകവീക്ഷണവും അനുഭവ സമ്പത്തുമുള്ള അക്കാദമിക് വിദഗ്ധർ ചേർന്ന് തയ്യാറാക്കേണ്ട ഒന്നാണ് മാനിഫെസ്റ്റോ.

ഇന്ത്യയിൽ വികേന്ദ്രീകൃതമായ വിദ്യാഭ്യാസരീതിയാണ് ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്. ഉഭയ പട്ടികയിൽ (കൺകറന്റ് ലിസ്റ്റ്) ഇരുപത്തിയഞ്ചാം ഇനമായിട്ടാണ് വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രത്തിന് സവിശേഷ അധികാരമുള്ള സ്ഥാപനങ്ങളും മേഖലകളും ഒഴിച്ചുനിർത്തിയാൽ സാങ്കേതിക, മെഡിക്കൽ വിദ്യാഭ്യാസപരവും സർവ്വകലാശാലകളും മറ്റും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ നിയമനിർമാണ അധികാരമുള്ള വിഷയങ്ങളാണ്. സർവ്വകലാശാലകളിൽ ഗവർണർമാർക്കുള്ള അധികാരം മിക്കപ്പോഴും ഇന്ന് സംസ്ഥാന നിയമങ്ങളിലൂടെ കൈവന്നിട്ടുള്ളതാണ്. ഈ കൈപ്പിഴ തിരുത്താൻ പല നിയമസഭകളും സമീപകാലത്ത് തയ്യാറായി. എന്നാൽ അത്തരം ബില്ലുകളിൽ യഥാസമയം ഒപ്പിടുന്നതിന് പകരം രാഷ്ട്രീയം കളിക്കുകയാണ് കേരളത്തിൽപ്പോലും ഗവർണർ ചെയ്തത്. വൈസ് ചാൻസലർ നിയമനത്തിനുള്ള അധികാരം യു.ജി.സി. റഗുലേഷനിലൂടെ ഒറ്റയടിക്ക് ഗവർണർമാരിൽ നിക്ഷിപ്തമാക്കാനുള്ള നടപടി ഈ നീക്കത്തിന് തുടർച്ച മാത്രമാണ്. ചില വിഷയങ്ങളിൽ ദേശീയ നില



വാരം ഏകീകരിക്കുന്നതിനും സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേണ്ടിയാണ് വിദ്യാഭ്യാസത്തെ ഉഭയപട്ടികയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തം. ഉദാഹരണത്തിന് യു.ജി.സി. പോലുള്ള സംവിധാനങ്ങൾ പാർലമെന്ററി നിയമം മുഖേന സൃഷ്ടിക്കണമെങ്കിൽ വിദ്യാഭ്യാസം പൂർണ്ണമായും സംസ്ഥാന പട്ടികയിൽ ആകരുത് എന്ന് ഭരണഘടനാ ശില്പികൾ ചിന്തിച്ചുകാണണം. എന്നാൽ ഈ ഭരണഘടനാപരമായ സൗമനസ്യത്തെ ദുരുപയോഗപ്പെടുത്തി കേന്ദ്രത്തിന്റെ ഏകപക്ഷീയമായ അധികാരപ്രയോഗം സർവ്വകലാശാലകളിലേക്കുകൂടി വ്യാപിപ്പിക്കാനാണ് ഇപ്പോഴത്തെ ശ്രമം. ഇത് സ്വന്തം പ്രദേശത്തെ സർവ്വകലാശാലകളിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവർന്നെടുക്കുന്നതാണ്.

ഭരണഘടനയുടെ അന്തഃസത്തയ്ക്ക് ഉൾക്കൊള്ളാത്തതും വൈസ് ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങളെ പൂർണമായും നിഷേധിക്കുന്നതുമായ യു.ജി.സി.യുടെ കരട് മാർഗനിർദ്ദേശം പിൻവലിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നിരക്കാത്തതാണിതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയത്തിൽ പറഞ്ഞു. പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചു. സർവ്വകലാശാലകളുടെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി എൺപത് ശതമാനത്തോളം തുക ചെലവിടുന്നത് സംസ്ഥാനങ്ങളാണ്. സർവ്വകലാശാലകളുടെ ഗുണനിലവാരം നിലനിർത്താനും, മെച്ചപ്പെടുത്താനും സംസ്ഥാനങ്ങൾക്ക് പ്രധാന പങ്കുണ്ട്. ഇതെല്ലാം അവഗണിച്ച് വൈസ് ചാൻസലറുടേതുൾപ്പെടെയുള്ള സുപ്രധാന നിയമനവും അധ്യാപകരുടെ യോഗ്യതയും സേവനവ്യവസ്ഥയും സംബന്ധിച്ച ഏകപക്ഷീയ നിർദ്ദേശങ്ങൾ ജനാധിപത്യവിരുദ്ധവും തിരുത്തപ്പെടേണ്ടതുമാണ്.

ജിഡിപിയുടെ 0.5 ശതമാനവും ബജറ്റിന്റെ രണ്ട് ശതമാനവും മാത്രം വരുന്ന തുച്ഛമായ തുകയാണ് കേന്ദ്രബജറ്റിൽ വിദ്യാഭ്യാസമേഖലയ്ക്ക് വകയിരുത്തിയിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിന് അഞ്ച് ശതമാനം മാത്രമാണ് തുക വർദ്ധന. ദേശീയ വിദ്യാഭ്യാസനയത്തിലൂടെ വിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവൽക്കരിച്ച് സമ്പന്നർക്ക് മാത്രം പ്രാപ്യമാക്കുകയും പാർശ്വവൽക്കരിക്കപ്പെട്ട സാഹചര്യങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികളെ പുറന്തള്ളുകയും ചെയ്യുന്ന അന്തരീക്ഷമാണ് കേന്ദ്രം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

സംസ്ഥാനഭരണത്തിൽ ഗവർണർമാരുടെ ഇടപെടൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നിരന്തരം വർദ്ധിച്ചുവരികയാണ്. നിയമസഭ പാസ്സാക്കുന്ന ബില്ലുകൾക്ക് അംഗീകാരം താമസിപ്പിക്കുക, നൽകാതിരിക്കുക, അനാവശ്യമായി കേന്ദ്രത്തിനയക്കുക തുടങ്ങിയ ഇത്തരം കാര്യങ്ങൾ പല സംസ്ഥാനങ്ങളിലും സംസ്ഥാന നിയമസഭയുടെയും സർക്കാരിന്റെയും പ്രവർത്തനത്തിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം വിഷയങ്ങളിൽ കോടതിക്ക് ഇടപെടാൻ പരിമിതികളുണ്ട്. എന്നാൽ, പരിമിതികൾക്കുള്ളിൽ നിന്ന് ഇടപെടാനുള്ള സന്നദ്ധതപോലും കോടതികൾ കാണിക്കുന്നില്ല. സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം കനിഞ്ഞു നൽകിയ ചാൻസലർ പദവിപോലും ഉന്നതവിദ്യാഭ്യാസരംഗത്ത് സംസ്ഥാന സർക്കാരുകളെ നോക്കുകുത്തിയാക്കി സ്വന്തം അധികാരം പ്രയോഗിക്കുന്നതിനുള്ള ഉപാധിയായാണ് പല ഗവർണർമാരും കാണുന്നത്. ഇത്തരം ഇടപെടൽ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളിലും ഉന്നതവിദ്യാഭ്യാസരംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരിമിതമായ അധികാരങ്ങൾ മാത്രമുള്ള യു.ജി.സി. പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ, സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കും മുകളിലാണെന്ന നിലയിലാണ് ഇപ്പോഴുള്ളത്. ഇക്കാര്യത്തിലും വ്യക്തതയുണ്ടാകേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസമേഖലയുടെ സുഗമമായ പ്രവർത്തനത്തിനും ഫെഡറലിസത്തിന്റെ നിലനിൽപിനും അത് ആവശ്യമാണ്. സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾ കവരുന്ന ചട്ടഭേദഗതി അപകടകരമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ്. മതാത്മക ആശയങ്ങൾക്കും ശാസ്ത്രവിരുദ്ധതയ്ക്കും സമ്പൂർണ്ണ മേൽക്കൈയുള്ള ഭരണസംവിധാനത്തിൽ വർഗീയവൽക്കരണം ലക്ഷ്യമിട്ട് ഇറങ്ങിയ 2025ലെ യു.ജി.സി. ചട്ടഭേദഗതിയുടെ കരട് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ദൂരവ്യാപകമായിരിക്കും. സർവ്വകലാശാലകളെ ദൃഢീകരിക്കുകയും സ്വയംഭരണം നൽകുമെന്ന വ്യാജ പ്രചരണഫലമായി സർവ്വകലാശാലകൾക്കുമേൽ സംഘപരിവാറിന്റെ നിയന്ത്രണം സാധ്യമാക്കുന്ന നിർദ്ദേശങ്ങളും സമീപനങ്ങളുമാണ് യു.ജി.സി. പുറത്തുവിട്ടത്. ലോകവ്യാപകമായി സ്വീകരിക്കപ്പെട്ട ശാസ്ത്രസിദ്ധാന്തങ്ങളെ പൂർണമായും തള്ളിക്കളഞ്ഞ് വൈദിക കാലഘട്ടത്തിലെ മതാത്മകയുക്തികൾകൊണ്ട് കാര്യങ്ങളെ വിലയിരുത്തുന്ന ഹിന്ദുത്വരാഷ്ട്രീയ നേതൃത്വമായിരിക്കും ഇതിലൂടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും തലപ്പത്തെത്തുക. സംഘപരിവാർ വിഭാവനം ചെയ്യുന്ന ഹിന്ദുത്വരാഷ്ട്രീയത്തിന്റെ പരീക്ഷണശാലയായി ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസമേഖലയെയും കോളേജുകളെയും ഗവേഷണസ്ഥാപനങ്ങളെയും മാറ്റിയെടുക്കാനുള്ള അജണ്ടയാണ് നടപ്പാക്കുന്നത്. വൈസ് ചാൻസലറുടെ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരണം ചാൻസലറുടെ മാത്രം അധികാരമാകുന്നത് ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധവും ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളുടെ ലംഘനവുമാണ്. ഗവർണറുടെ പ്രവർത്തനങ്ങൾക്ക് മന്ത്രിസഭാ നിർദ്ദേശങ്ങൾ വിധേയമാക്കണം എന്ന ഭരണഘടനാതത്വമാണ് ഇവിടെ തകർക്കപ്പെടുന്നത്. ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ ഘടനയ്ക്കെതിരെയുള്ള കടന്നാക്രമണമാണിത്.

സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും നിയമം നിർമ്മിക്കാവുന്ന സമാവർത്തിപ്പട്ടികയിൽ ഉൾപ്പെട്ട വിദ്യാഭ്യാസമേഖലയിൽ നരേന്ദ്രമോഡി സർക്കാരിന്റെ ഏകപക്ഷീയമായ കടന്നുകയറ്റമാണ് നടക്കുന്നത്. ബഹുസ്വരതയും ഭാഷാവൈവിധ്യവും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുക്കാതെയുള്ള വിദ്യാഭ്യാസനയങ്ങൾ

അടിച്ചേൽപിക്കുന്നു. നയം നടപ്പാക്കാത്ത സംസ്ഥാനങ്ങൾക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെയുള്ള സഹായങ്ങൾ തടഞ്ഞുവെക്കുന്നു. കേന്ദ്ര സർക്കാർ അടിച്ചേൽപിക്കുന്ന വിദ്യാഭ്യാസ-വാണിജ്യവൽക്കരണ, വർഗീയവൽക്കരണ, കേന്ദ്രീകരണ നയങ്ങളുടെ ഭാഗമാണിത്.

അധികാരം കൂടുതൽ കേന്ദ്രീകരിക്കാനും തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകളെ നോക്കുകുത്തിയാക്കുന്ന കേന്ദ്രസർക്കാരിന്റെ സ്വേച്ഛാധിപത്യനീക്കത്തിനും പ്രതിലോമകരമായ നിർദ്ദേശങ്ങൾ അടങ്ങിയ ചട്ടഭേദഗതികൾക്കെതിരെ രാഷ്ട്രീയമായും നിയമപരമായും പോരാട്ടം ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ആറാം ശമ്പളകമ്മീഷൻ നടപ്പാക്കിയപ്പോൾ ബാധ്യതയുടെ 80 ശതമാനം കേന്ദ്രം വഹിച്ചിരുന്നു. സംസ്ഥാനം 20 ശതമാനവുമായിരുന്നു. എന്നാൽ ഏഴാം ശമ്പളക്കമ്മീഷനിൽ ബാധ്യതയുടെ 50 ശതമാനം സംസ്ഥാനം വഹിക്കണമെന്നായി. ഇത്തരം സാമ്പത്തിക പ്രതിസന്ധി സംസ്ഥാനങ്ങളുടെ മേൽ മനഃപൂർവ്വം അടിച്ചേൽപിക്കുന്ന രീതിയോട് ശക്തമായ പ്രതിരോധം തീർക്കുകയാണ് വേണ്ടത്. യു.ജി.സി. ചട്ടപ്രകാരമുള്ള ആനുകൂല്യങ്ങളും മറ്റും അനുവദിക്കുന്നതിനു ദേശീയ വിദ്യാഭ്യാസനയം (2020) നടപ്പാക്കുന്നതിലെ പുരോഗതി മാനദണ്ഡമാക്കാൻ കേന്ദ്രസർക്കാർ യു.ജി.സി.യോട് നിർദ്ദേശിച്ചിരിക്കുകയാണ്. ഇത്തരം വിദ്യാഭ്യാസനയത്തെ സംസ്ഥാനങ്ങൾക്ക് മേൽ അടിച്ചേൽപിച്ച ഇന്ത്യൻ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന ഫെഡറലിസം ഉൾപ്പെടെയുള്ള അടിസ്ഥാന തത്വങ്ങൾക്ക് വിലങ്ങിടുകയാണ് രാജ്യം ഭരിക്കുന്ന കേന്ദ്രസർക്കാർ ചെയ്യുന്നത്.

ഫെഡറലിസം ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ്. ഇന്ത്യ സംസ്ഥാനങ്ങളുടെ യൂണിയനാണെന്ന് ഭരണഘടനയുടെ അനുഛേദം-1ൽ പറയുന്നു. അതായത് സ്വതന്ത്രമായ അധികാര അവകാശങ്ങൾ ഉള്ള സംസ്ഥാനങ്ങളുടെ ഒരു ഏകീകൃത രൂപമാണ് ഇന്ത്യ എന്ന ഏകരാജ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഉൾപ്പെട്ടതാണ്

**ഭരണഘടനയുടെ അന്തഃസത്തയ്ക്ക് ഉൾക്കൊള്ളാത്തതും വൈസ് ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങളെ പൂർണമായും നിഷേധിക്കുന്നതുമായ യു.ജി.സി.യുടെ കരട് മാർഗനിർദ്ദേശം പിൻവലിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.**

നമ്മുടെ മുഖ്യ ഭരണക്രമം. കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനും പ്രത്യേകമായ ചുമതലകളും ഉത്തരവാദിത്തങ്ങളും ഭരണഘടന നിജപ്പെടുത്തിയിരിക്കുന്നു. ഒന്ന് മറ്റൊന്നുമായി തർക്കത്തിലേർപ്പെടാതെ ഭരണനിർവ്വഹണം അധികാരമേഖലകളെ കൃത്യമായി വേർതിരിച്ച് യൂണിയൻ ലിസ്റ്റെന്നും സംസ്ഥാന ലിസ്റ്റെന്നും ഭരണഘടനയുടെ ഏഴാം പട്ടികയിൽ ചേർത്തിട്ടുണ്ട്. കേന്ദ്രത്തിനും സംസ്ഥാനത്തിനും പൊതുവായ അധികാരമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി. കൺകറന്റ് ലിസ്റ്റെന്ന മറ്റൊരു ലിസ്റ്റ് കൂടി ഉണ്ട്. അതിൽ ഉൾപ്പെടുന്നതാണ് ഇപ്പോൾ ഉന്നതവിദ്യാഭ്യാസം. ഉന്നതവിദ്യാഭ്യാസമേഖല ഈ ലിസ്റ്റിൽ ഉൾപ്പെടുന്നതല്ലായിരുന്നു.

കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും നിയമങ്ങൾ നിർമിക്കുന്നതിന് അധികാരം ഉണ്ടെങ്കിലും ഇവ പരസ്പരം തർക്കങ്ങളിൽ ഏർപ്പെടാതെ പരസ്പര സൗഹാർദ്ദവും സമന്വയത്തോടും തീരുമാനങ്ങൾ എടുക്കണം എന്നാണ് ഭരണഘടന നിർദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ മാനിച്ച് മാത്രമേ ഫെഡറൽ സംവിധാനത്തിൽ കേന്ദ്രത്തിന് നിയമങ്ങൾ നിർമ്മിക്കാനാവൂ. പക്ഷേ ഇത്തരം ഫെഡറൽ തത്ത്വങ്ങളെ അട്ടിമറിച്ച് ജനാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ടാണ് ദേശീയ വിദ്യാഭ്യാസ നയം രാജ്യമൊട്ടാകെ നടപ്പിലാക്കാനായി കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ അടിത്തറ തകർക്കാനും സംഘപരിവാർ അജണ്ട അടിച്ചേൽപിക്കാനുള്ള വിവാദ മാർഗനിർദ്ദേശങ്ങളുമായി യു.ജി.സി. എത്തിയിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘപരിവാർ താൽപര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരെ മാത്രം വി.സി. മാരായി പ്രതിഷ്ഠിക്കുകയെന്ന അജണ്ട നടപ്പാക്കാനാണ് കേന്ദ്രസർക്കാർ നീക്കം.

ഇന്ന് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസം വിവിധ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും പങ്കാളിത്താധികാരം ഉള്ള സമാവർത്തിപ്പട്ടികയിൽ ഉൾപ്പെട്ട വിഷയമാണ്. ആകെ 1074 സർവ്വകലാശാലകൾ ഉള്ളതിൽ 56 എണ്ണം മാത്രമാണ് കേന്ദ്ര സർവ്വകലാശാലകൾ. ശേഷിക്കുന്ന 19 എണ്ണത്തിൽ ഏതാനും സർവ്വകലാശാലകൾ ഒഴിച്ചാൽ മഹാഭൂരിപക്ഷവും വിവിധ സംസ്ഥാനങ്ങളുടെ നിയമനിർമാണ സഭകളുടെ സൃഷ്ടിയാണ്. താത്വികമായി യു.ജി.സി. ഒരു സ്വതന്ത്രസ്ഥാപനമാണ്. എന്നാൽ 1953 ഡിസംബർ 28ന് സ്ഥാപിതമായുകയും 1956ൽ ഭാരതസർക്കാരിന്റെ ഔദ്യോഗിക ഏജൻസിയാക്കി മാറ്റുകയും ചെയ്തു. അന്നുമുതൽ അതതുകാലത്തെ ഭരണകർത്താക്കൾ അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അതിനെ വിധേയമാക്കിപ്പോകുന്നു. യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ എന്ന അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ഫണ്ട് അനുവദിക്കുന്നതിൽ ക്രമവും നീതിയും പുലരുന്നതിനുള്ള ഒരു സംവിധാനമായാണ് യു.ജി.സി. കരുതപ്പെടുന്നത്.

എന്നാൽ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം രൂക്ഷമായിരിക്കുന്നു. സംസ്ഥാന സർവകലാശാലകളെ വരുതിയിലാക്കാനും അവയുടെ സ്വയംഭരണത്തെയും അക്കാദമിക സ്വാതന്ത്ര്യത്തെയും തകർക്കാനും ഉള്ള ഒരു ഉപകരണമായി അത് മാറ്റപ്പെടുകയാണ്. 1976 വരെ ഉന്നതവിദ്യാഭ്യാസം സംസ്ഥാന ലിസ്റ്റിൽ ആയിരുന്നതിനാൽ അതിന് പരിമിതി ഉണ്ടായിരുന്നു.

അടിയന്തിരാവസ്ഥക്കാലത്താണ് ഉന്നതവിദ്യാഭ്യാസം 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ സമാവർത്തിപ്പട്ടികയിലാക്കിയത്.

ഭാഷയും ശാസ്ത്രവും മാനവിക വിഷയങ്ങളും അതത് കാലത്ത് ലോകത്താകെ നടക്കുന്ന ഗവേഷണങ്ങളുടെയും പുരോഗതിയുടെയും ആർജ്ജിതസമ്പത്താണ്. ഇന്ത്യയിലെ പ്രാദേശിക ഭാഷകളിലേക്ക് ഉന്നതവിദ്യാഭ്യാസം പരിമിതപ്പെടുത്തുമ്പോൾ നാം ലോക ജാലകങ്ങൾ അടയ്ക്കുകയാണെന്നു മാത്രമല്ല, രാജ്യത്തുതന്നെ അത് വിഭാഗീയതയുടെ കളികൾ സൃഷ്ടിക്കുകയും ചിന്താഗതി ഇടുങ്ങിയതാക്കുകയും സംസ്ഥാനങ്ങൾ തമ്മിലുള്ള വിദ്യാസമ്പന്നരുടെ ആശയവിനിമയവഴികൾ അടയ്ക്കുകയും ചെയ്യും. ലോകം തന്നെ നോക്കുമ്പോൾ ഉന്നത വിദ്യാഭ്യാസത്തിനായുള്ള മലയാളി കുട്ടികളുടെ വിദേശകുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രവണത ഉന്നത വിദ്യാഭ്യാസ പഠനരംഗത്തുണ്ടാകാതെ നോക്കേണ്ടത് അനിവാര്യമാണ്. യു.ജി സി. കരട് നിർദേശങ്ങൾ അന്തിമമാക്കുന്നതിന് മുമ്പ് അഖിലേന്ത്യാതലത്തിൽ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിച്ചിരിക്കുന്നുണ്ടെങ്കിലും ഇതിന്റെ സുഗമമായ പ്രവർത്തനത്തിൽ കേന്ദ്ര സർക്കാർ വെള്ളം ചേർക്കും എന്നുള്ളത് തീർച്ച.

സർവകലാശാലകളുടെ അക്കാദമിക സ്വയംഭരണത്തെക്കുറിച്ച് എൻ.ഇ.പി. 2020 എന്ന രേഖയിൽ ആവർത്തിച്ചു പറയുകയും ഉദ്യോഗസ്ഥ നിയന്ത്രണത്തിലൂടെ അധികാര കേന്ദ്രീകരണം നടത്തുകയും ചെയ്യുന്ന വിമുഖ രാഷ്ട്രീയ തന്ത്രമാണ് കേന്ദ്രസർക്കാരിന്റേത്. സിലബസും, അധ്യാപകനിയമന വി.സി. നിയമന മാനദണ്ഡങ്ങളും, പരീക്ഷാഘടനയും, മൂല്യനിർണയ രീതിയും, ബിരുദാനന്തരബിരുദ ഘടനയും പ്രവേശനനിബന്ധനയും ഗവേഷണ വിഷയങ്ങളും എല്ലാം യു.ജി. സി. തീരുമാനിച്ചു കഴിഞ്ഞാൻ സർവകലാശാലകൾക്ക് അധികാരമില്ലാതാകും.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ ഭരണസംവിധാനം 1950ൽ നിലവിൽ വന്ന ഇന്ത്യൻ ഭരണഘടന പ്രകാരം, ഇന്ത്യ ഫെഡറൽ ജനാധിപത്യരാജ്യമായി മാറി. ഫെഡറൽ അധികാരവിഭജനം അനുസരിച്ച്, വിദ്യാഭ്യാസം സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തമായി നിശ്ചയിക്കപ്പെട്ടിരുന്നു. ഇത് 1919ലെ നിയമം നടപ്പാക്കിയ മുൻഗണന തുടരുന്നതായിരുന്നു. എന്നിരുന്നാലും, ഇന്ത്യൻ ഭരണഘടന കേന്ദ്രസർക്കാരിന് വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സവിശേഷമായ അധികാരങ്ങൾ നൽകി. ഈ അധികാരങ്ങൾ അത്രയും ശക്തമായിരുന്നതിനാൽ ചിലർ 'അർദ്ധ-ഫെഡറൽ' ഭരണകൂടം എന്ന് ഇന്ത്യൻ ഭരണഘടനയെ വിശേഷിപ്പിക്കുകയും ചെയ്തു.

ഭരണഘടനയുടെ ആർട്ടിക്കിൾ 45 പ്രകാരം ശിശുവിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാക്കാനുള്ള ഉത്തരവാദിത്തം കേന്ദ്രത്തിനുണ്ടായിരുന്നു. ഭരണഘടനയുടെ പട്ടിക 1 എൻട്രി 66 പ്രകാരം ഉന്നതവിദ്യാഭ്യാസ നിലവാരങ്ങൾ ഏകീകരിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നതിനായി കേന്ദ്രത്തിന് അധികാരം നൽകിയിരുന്നു.

കേന്ദ്ര സർക്കാർ നാഷണൽ എഡ്യുക്കേഷൻ കമ്മീഷനുകൾ രൂപീകരിച്ച് ഉന്നതവിദ്യാഭ്യാസത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചു. 1948-ലെ സർവ്വകലാശാല വിദ്യാഭ്യാസ കമ്മീഷനും 1952ലെ ദ്വിതീയ വിദ്യാഭ്യാസ കമ്മീഷനും സർവ്വകലാശാല പ്രവേശന മാനദണ്ഡങ്ങൾ, പഠനകാലാവധി, സാങ്കേതിക വിദ്യാഭ്യാസം എന്നിവ ദേശീയതലത്തിൽ ഏകീകരിക്കാൻ ശുപാർശ ചെയ്തു. ഐഐടി, എഐസിടിഇ, യു.ജി.സി. എന്നിവയുടെ രൂപീകരണം 1950-1961 കാലഘട്ടത്തിൽ, സർവ്വകലാശാല വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) സ്ഥാപിച്ചു. സംസ്ഥാന സർക്കാർ - കേന്ദ്ര സർക്കാർ സംയുക്തമായി ചില പ്രാദേശിക പ്രൊഫഷണൽ കോളേജുകളും സ്ഥാപിച്ചു. 1956ൽ പാർലമെന്റ് സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷൻ (UGC) രൂപീകരിച്ചു. എന്നിരുന്നാലും, യു.ജി.സി.യുടെ അധികാര പരിധി നിർണ്ണയിച്ചപ്പോൾ കുറവായിരുന്നു. കൂടാതെ അത് ശിപാർശാ ഭരണം മാത്രമായി മാറി.

സംസ്ഥാന സർക്കാരുകളുടെ പങ്ക് മൂലം പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലൂടെ വിദ്യാഭ്യാസരംഗം വികസിപ്പിച്ചു. അർദ്ധസർക്കാർ കോളേജുകൾ ഏറ്റെടുത്ത് അവയുടെ പ്രവർത്തനം ജനങ്ങളിലേക്കും പ്രാദേശിക ആവശ്യങ്ങൾക്കുമൊത്ത് വിപുലീകരിച്ചു. ഉന്നതവിദ്യാഭ്യാസത്തിലെ ഗുണനിലവാര വ്യത്യാസം



കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ (IIT, IIM തുടങ്ങിയവ) ഉയർന്ന നിലവാരമുള്ളതും മികച്ച രീതിയിൽ ഫണ്ടുചെയ്യപ്പെട്ടതുമായിരുന്നുവെങ്കിലും, സംസ്ഥാന സർവ്വകലാശാലകളും കോളേജുകളും കുറഞ്ഞ ഫണ്ടും നിയന്ത്രിത പ്രവർത്തന സ്വാതന്ത്ര്യവുമുള്ളവയുമായിരുന്നു. ജവഹർലാൽ നെഹ്റു പ്രധാന മന്ത്രിയായിരുന്ന കാലഘട്ടത്തിൽ കേന്ദ്രം ഉന്നതവിദ്യാഭ്യാസം കൂടുതൽ നിയന്ത്രിക്കാൻ ശ്രമിച്ചു. എന്നാൽ സംസ്ഥാന സർക്കാരുകൾ സ്വതന്ത്രമായ നിലപാട് എടുത്തു എന്നതാണ് ഇവിടെ കൂടുതൽ ഈ മേഖലയ്ക്ക് വളരാൻ പ്രചോദനം ആയത്. ഫെഡറൽ സർവ്വകലാശാലാ സംവിധാനം തുടർന്നെങ്കിലും ആധിപത്യപരമായ നിയന്ത്രണം കേന്ദ്രത്തിനായിരുന്നു.

നെഹ്റുവിന് ശേഷം ഇന്ത്യയിലെ ഭരണകാലഘട്ടം ഇന്ദിരാഗാന്ധിയുടെ പ്രധാനമന്ത്രി കാലത്തേക്ക് നീങ്ങിയപ്പോൾ നെഹ്റുവിന്റെ ഊന്നലിൽ നിന്ന് മാറ്റം സംഭവിച്ചു. ഇതോടെ പൊതുജനങ്ങളുടെ ആശങ്കകൾ വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ സമീപനത്തിൽ പ്രതിഫലിച്ചു. പ്രത്യേകിച്ച് എഞ്ചിനീയറിങ്, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടു.

വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടും 1968-ലെ ദേശീയ വിദ്യാഭ്യാസ നയവും (NEP 1968) പ്രാഥമിക വിദ്യാഭ്യാസം, കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കപ്പെട്ടു. അതേസമയം സംസ്ഥാനതലത്തിൽ പുതിയ സർവ്വകലാശാലകളുടെ അനിയന്ത്രിതമായ വ്യാപനം കുറയ്ക്കാൻ ശ്രമിച്ചു. 1969-ൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളെ ദീർഘകാല ധനസഹായം ഉറപ്പാക്കാനും, ധനസഹായം നൽകുന്നതിനുള്ള നിർണ്ണയശക്തി നിയന്ത്രിക്കാനുള്ള പ്രേരണനൽകി. 1976-ലെ ഭരണഘടനാഭേദഗതിയിലൂടെ വിദ്യാഭ്യാസവും കേന്ദ്രവും സംസ്ഥാനങ്ങളും പങ്കിടുന്ന വിഷയമായി മാറി. ഇത് സ്വാതന്ത്ര്യനന്തര ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രസർക്കാരിന്റെ അധികാരത്തിന്റെ വളർച്ചയെ അംഗീകരിക്കുന്നതായിരുന്നു. പ്രാഥമിക

**സർവകലാശാലകളുടെ അക്കാദമിക സ്വയംഭരണത്തെക്കുറിച്ച് എൻ.ഇ.പി. 2020 എന്ന രേഖയിൽ ആവർത്തിച്ചു പറയുകയും ഉദ്യോഗസ്ഥ നിയന്ത്രണത്തിലൂടെ അധികാര കേന്ദ്രീകരണം നടത്തുകയും ചെയ്യുന്ന വിമുഖ രാഷ്ട്രീയ തന്ത്രമാണ് കേന്ദ്രസർക്കാരിന്റേത്. സിലബസും, അധ്യാപക നിയമന വി.സി. നിയമന മാനദണ്ഡങ്ങളും, പരീക്ഷാ ഘടനയും, മൂല്യ നിർണയ രീതിയും, ബിരുദാനന്തര ബിരുദഘടനയും പ്രവേശന നിബന്ധനയും ഗവേഷണ വിഷയങ്ങളും എല്ലാം യു.ജി. സി. തീരുമാനിച്ചു കഴിഞ്ഞാൽ സർവകലാശാലകൾക്ക് അധികാര മില്ലാതാകും.**

വിദ്യാഭ്യാസത്തിന്റെ പ്രധാന ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്കായിരുന്നുവെങ്കിലും കേന്ദ്രം സാമ്പത്തിക സഹായവും നയനിർണ്ണയ ശക്തിയുമൊക്കെ കൈവശം വെച്ചു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരികയും, ബംഗാളിലും തമിഴ്നാട്ടിലും ഉള്ള പ്രാദേശിക പാർട്ടികൾ ശക്തിപ്രാപിക്കുകയും ചെയ്യുകയും ഇവർ പൊതുജനകേന്ദ്രീകൃത വിദ്യാഭ്യാസനയങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ കേരളത്തിന്റെ മന്ത്രിസഭ 2025 ഫെബ്രുവരി 10ന് സ്വകാര്യസർവ്വകലാശാല കരട് ബില്ലിന് അനുമതി നൽകിയത് ശ്രദ്ധിച്ചല്ലോ.

വിദ്യാർത്ഥികളുടെ അവകാശങ്ങളും സാമൂഹികനീതിയും ഉറപ്പാക്കുന്ന ബില്ലാണ് സംസ്ഥാന സർക്കാർ അംഗീകരിച്ചത് എന്നാണ് അവകാശപ്പെടുന്നത്. എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് സീറ്റ്, ഫീസിളവ്, മലയാളി വിദ്യാർത്ഥികൾക്ക് 40 ശതമാനം സംവരണം, വിദ്യാർത്ഥികളുടെ പരാതി പരിഹരിക്കാൻ പ്രത്യേക സമിതി എന്നിവയും ബിൽ നിഷ്കർഷിക്കുന്നു.

രാജ്യത്തെ വിദ്യാഭ്യാസ റെഗുലേറ്ററികളായ യു.ജി.സി. ദേശീയ മെഡിക്കൽ കമ്മീഷൻ, ഐ.സി.എം.ആർ., ഐ.സി.എ.ആർ. തുടങ്ങിയവയുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ചേ സർവ്വകലാശാലകൾക്ക് പ്രവർത്തിക്കാൻ കഴിയൂ. അധ്യാപക നിയമനം, വിദ്യാർത്ഥി പ്രവേശം, കോഴ്സ് ആരംഭം തുടങ്ങിയ കാര്യങ്ങളിലും ഇത് ബാധകം. സർവ്വകലാശാലകൾ 25 കോടി രൂപ എൻഡോവ്മെന്റ് ഫണ്ട് എന്ന പേരിൽ സെക്യൂരിറ്റി നിക്ഷേപമായി ട്രഷറിയിൽ അടയ്ക്കണം.

ഇതിൽ നിന്നുള്ള പലിശ സർവ്വകലാശാലകൾക്ക് ഉപയോഗിക്കാം. ഭരണനിർവ്വഹണത്തിനുള്ള എക്സിക്യൂട്ടീവ് കൗൺസിൽ, ഗവേണിങ് കൗൺസിൽ എന്നിവയിൽ ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയോ വിഷയവിദഗ്ധരോ അംഗമാകും. പാഠ്യപദ്ധതി മേൽനോട്ടത്തിനുള്ള അക്കാദമിക് കൗൺസിലിൽ സർക്കാർ നിർദ്ദേശിക്കുന്ന മൂന്ന് വിദഗ്ധരെങ്കിലും അംഗങ്ങളാകും.

സ്വകാര്യസർവ്വകലാശാലകൾക്കായുള്ള അപേക്ഷകൾ ഉന്നതവിദ്യാഭ്യാസ വിദഗ്ധന്റെ അദ്ധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചാണ് സർക്കാറിന് സമർപ്പിക്കുക. സർക്കാരിൽ നിന്ന് എൻ.ഒ.സി. ലഭിച്ചാലേ പ്രവർത്തിക്കാനാകൂ. ഉന്നതവിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള ശ്യാം ബി. മേനോൻ കമ്മീഷൻ ശുപാർശയനുസരിച്ചാണ് സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല അനുവദിക്കാനുള്ള തീരുമാനത്തിലേക്ക് സർക്കാരെത്തിയത്. നിലവിൽ കേരളവും ഗോവയും ഒഴികെയുള്ളിടത്തെല്ലാം സ്വകാര്യ സർവകലാശാലകൾ പ്രവർത്തിക്കുന്നു. കേരളം പോലുള്ള സംസ്ഥാനത്തേക്കുള്ള സ്വകാര്യ സർവ്വകലാശാലയുടെ കടന്നുകയറ്റത്തിനുള്ള സംസ്ഥാന സർക്കാറിന്റെ പച്ചക്കൊടി സ്വകാര്യനിക്ഷേപകർക്ക് പരമാവധി

ലാഭം കൊയ്യാനുള്ള താവളമായി മാറുമോ എന്ന ആശങ്ക അക്കാദമിക മേഖലയിൽ ഉയരുകയാണ്.

വർഷങ്ങൾ നീണ്ട ആലോചനയ്ക്കും തടസ്സവാദങ്ങൾക്കും പുനരാലോചനകൾക്കും ശേഷം സംസ്ഥാനത്ത് സ്വകാര്യസർവ്വകലാശാലകൾ വരുമെന്ന് ഇപ്പോൾ ഉറപ്പായിരിക്കുന്നു. ഇതിനുള്ള നിയമനിർമാണം നടത്താൻ സംസ്ഥാന മന്ത്രിസഭ തീരുമാനമെടുത്തുകഴിഞ്ഞു. നിയമനിർമാണത്തിനുള്ള ബിൽ നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ അവതരിപ്പിക്കും. സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസരംഗത്ത് സമഗ്രമാറ്റത്തിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന നീക്കമാണിത്. സ്വകാര്യസർവ്വകലാശാലകളുടെ വരവോടെ കടുത്ത മത്സരം നേരിടുമെന്നതിനാൽ നിലവിലുള്ള പൊതു സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിനുള്ള പരിശ്രമം കൂടി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്. ഭരണമുന്നണിയിലെ ഘടകകക്ഷിയായ സിപിഐ ഉന്നയിച്ച വിയോജിപ്പുകൾ കണക്കിലെടുത്ത് ചില മാറ്റങ്ങൾ വരുത്തിയാണ് കരട്ബില്ലിന് മന്ത്രിസഭ അംഗീകാരം നൽകിയത്. സ്വകാര്യസർവ്വകലാശാലകളിൽ വിസിറ്റർ പദവിയിൽ ഉന്നതവിദ്യാഭ്യാസമന്ത്രിയെ നിയമിക്കാനുള്ള നിർദ്ദേശം എടുത്തുകളഞ്ഞതാണ് ഇതിലൊന്ന്. സർവ്വകലാശാലയിലെ ഏറ്റവും ഉയർന്ന പദവിയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തനപരിചയവും വിശ്വാസ്യതയുമുള്ള സ്ഥാപനങ്ങൾക്ക് സ്വകാര്യസർവ്വകലാശാല നടത്താനുള്ള അനുമതിക്കായി അപേക്ഷിക്കാമെന്ന് കരടുബില്ലിൽ പറയുന്നു. മെഡിസിൻ, എൻജിനീയറിങ്ങ് എന്നിവയടക്കം പല മേഖലകളിലെ കോഴ്സുകൾ ഒരു ക്യാമ്പസിൽ ലഭ്യമാക്കുന്ന മൾട്ടി ഡിസിപ്ലിനറി രീതിയാകാം. യു.ജി.സി. ഉൾപ്പെടെയുള്ള നിയന്ത്രണസ്ഥാപനങ്ങളുടെ ചട്ടപ്രകാരമേ നിയമനങ്ങൾ നടത്താനാവൂ. സീറ്റുകളിൽ നാല്പതു ശതമാനം കേരളത്തിൽ സ്ഥിരതാമസമുള്ളവർക്കായി നീക്കിവെക്കണം. ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള നിയമാനുസൃത

**കരുതലോടെ ചട്ടങ്ങൾ രൂപവത്കരിച്ചാണ് സ്വകാര്യ സർവ്വകലാശാലകൾക്ക് സർക്കാർ വാതിൽ തുറന്നിടുന്നത് എന്നാണ് ആദ്യവിശകലനത്തിൽ മനസ്സിലാകുന്നത്. ഉന്നത വിദ്യാഭ്യാസമേഖലയിൽ നമ്മുടെ സംസ്ഥാനത്തിനുള്ള അനാകർഷണീയത തരണം ചെയ്യാൻ സ്വകാര്യ സർവ്വകലാശാലകളുടെ വരവ് പ്രയോജനപ്പെടുമെന്ന് കരുതാനാണ് എല്ലാ ന്യായവും.**

സംവരണം പാലിക്കണം. പട്ടികജാതി-വർഗ വിദ്യാർത്ഥികൾക്ക് ഫീസിളവും സ്കോളർഷിപ്പും അനുവദിക്കണം. സ്വകാര്യ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിൽ സംസ്ഥാന സർക്കാരിലെ ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയും മറ്റൊരു വകുപ്പ് സെക്രട്ടറിയും അംഗങ്ങളായിരിക്കും. സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിലിൽ ഒന്നും അക്കാദമിക് കൗൺസിലിൽ മൂന്നും സർക്കാർ നോമിനികളുണ്ടാകും. അദ്ധ്യാപകർ, മറ്റു ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കാനും പരാതിപരിഹാരത്തിനും സംവിധാനങ്ങളുണ്ടാക്കണം.

കരുതലോടെ ചട്ടങ്ങൾ രൂപവത്കരിച്ചാണ് സ്വകാര്യ സർവ്വകലാശാലകൾക്ക് സർക്കാർ വാതിൽ തുറന്നിടുന്നത് എന്നാണ് ആദ്യവിശകലനത്തിൽ മനസ്സിലാകുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നമ്മുടെ സംസ്ഥാനത്തിനുള്ള അനാകർഷണീയത തരണം ചെയ്യാൻ സ്വകാര്യ സർവ്വകലാശാലകളുടെ വരവ് പ്രയോജനപ്പെടുമെന്ന് കരുതാനാണ് എല്ലാ ന്യായവും. വിദേശത്തേക്കും ഇതര സംസ്ഥാനങ്ങളിലേക്കും കലാലയപഠനത്തിന് പോകുന്നതിൽ നിന്നു നമ്മുടെ കുട്ടികളെ പിന്തിരിപ്പിക്കാനായാൽ നന്നായി. മറ്റു സംസ്ഥാനങ്ങളിൽ നിന്നു വിദ്യാർത്ഥികളെ ആകർഷിക്കാനും പറ്റും. ഈ രംഗത്തെ ഏറ്റവും മികച്ചതും വിശ്വാസ്യവുമായ സ്ഥാപനങ്ങൾക്ക് മാത്രം പ്രവർത്തനാനുമതി നൽകുകയെന്ന നിലപാട് കർക്കശമായി പിന്തുടർന്നാൽ ഇതൊക്കെ സാധ്യമാകും. നിയമത്തിൽ പഴുതുകൾ കണ്ടെത്തി കള്ളനാണയങ്ങൾ രംഗപ്രവേശം ചെയ്യുന്നത് തടയാൻ സർക്കാർ ജാഗ്രതപുലർത്തണം. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിൽ അവശ്യം വേണ്ടതായ പരിഷ്കരണത്തിനാണ് വൈകിയ വേളയിലെങ്കിലും സർക്കാർ സന്നദ്ധമായിരിക്കുന്നത്. അത് സ്വാഗതാർഹം തന്നെ.

ഫെഡറലിസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം വ്യക്തമായ ഘടനയിൽ പ്രവർത്തിച്ചാൽ മാത്രമേ ഒരു രാജ്യത്തിന്റെ സമഗ്ര വിദ്യാഭ്യാസ വികസനം ഉറപ്പുവരുത്താനാകൂ. ഉന്നതവിദ്യാഭ്യാസം ഫെഡറൽ രീതിയിൽ നിയന്ത്രിക്കുമ്പോൾ ഒരു ദേശീയ മാനദണ്ഡം ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഇതിനായി കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കേണ്ടത് ഗവേഷണമേഖലയിൽ ഉൾപ്പെടെ അത്യാവശ്യമാണ്. ഫെഡറൽ വിദ്യാഭ്യാസ സംവിധാനത്തിൽ മികച്ച വിദ്യാഭ്യാസ സംവിധാനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനങ്ങളിലേക്കും യൂണിവേഴ്സിറ്റികളിലേക്കും കൂടുതൽ ധനസഹായം ഉറപ്പാക്കേണ്ടതാണ്. ഫെഡറൽ ഭരണഘടനയുള്ള രാജ്യങ്ങളിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റികൾക്കും തങ്ങളുടെ അടിസ്ഥാന നിർമ്മാണം, പാഠ്യപദ്ധതി, ഗവേഷണനിരന്തരത എന്നിവ ന്യായീകരിക്കാനുള്ള അധികാരങ്ങൾ ലഭിക്കും. എന്നാൽ ഒരേ രാജ്യത്തിനകത്ത് നയപരമായ വ്യത്യാസങ്ങൾ കാരണം ഉന്നതവിദ്യാഭ്യാസനിലവാരം സ്ഥലംതോറും വ്യത്യാസപ്പെട്ടേക്കാം. അതിനാൽ, ഫെഡറൽ മാതൃകയിലുള്ള വിദ്യാഭ്യാസം രൂപീകരിക്കുമ്പോൾ പൊതുസമൂഹത്തിന്റെയും, ഗവേഷകരുടെയും സർക്കാരിന്റെയും ഏകോപനം അത്യാവശ്യമാണ്. ■

വിഷ്ണു എസ്. നാഥൻ
II ബയോടെക്നോളജി, ശ്രീശങ്കര കോളേജ്, കാലടി

കവിത
വിദ്യാർത്ഥി വിഭാഗം
മൂന്നാം സ്ഥാനം

# കാലത്തിന്റെ കരിയിലകൾ

മൂടിപ്പോയ കാലത്തിന്റെ വേദനയിൽ,
പോരാളികളുടെ ചിറകുകൾ ഒടിഞ്ഞിട്ടും,
ഒരിക്കലും മരിക്കില്ല
നിലവിളികളായ വിപ്ലവങ്ങളുടെ സ്വരങ്ങൾ.

ഒരുകാലത്ത് ചങ്ങലകളിൽ വീണു,
മണ്ണിന്റെ മണമറിയാതെ,
രക്തത്താൽ നനഞ്ഞ പാതകളിൽ
നടന്നുപോയവർ ഉണ്ടായിരുന്നു.

കടിഞ്ഞാണിനകത്തൊരായിരം സ്വപ്നങ്ങൾ,
പൊട്ടിത്തെറിക്കാൻ തയ്യാറായി കിടന്നു,
പക്ഷേ, തീരുമാനങ്ങൾ എവിടേയും വരാതിരുന്ന
പ്പോൾ,
അവ പതിയെ കരിയിലകളായി മറഞ്ഞുപോയി.

ആകാശത്തേക്കുയർന്ന മുഷ്ടികൾ,
അനന്തരവൻമാരുടെ കയ്യിൽ
നിശ്ശബ്ദമാകുമ്പോൾ,
ചോരയൊഴുക്കിയ ചരിത്രം
പുനരവതരിക്കുമോ?

ഒരിക്കലും ശാന്തമാവാത്ത നദിയെപ്പോലെ,
സമരത്തിന്റെ ഒഴുക്ക് തുടർന്നുപോകും.

ഒളിവുപോയ കാലങ്ങളിൽ,
മൗനം കത്തി നിറയും.

മരിച്ചുപോയ സ്വരങ്ങൾ,
ഇന്നും ഇടയ്ക്കിടെ ഉയിർത്തെഴുന്നേൽക്കും,
പലമാസത്തോളം അടഞ്ഞുകിടന്ന
കതകുകൾ തുറക്കുമ്പോൾ.

വാളിന്റെ കുത്തിൽ തീർന്നോ വിപ്ലവം?
അല്ല, വാക്കുകളിൽ അത് പുത്തനാകുന്നു.
മുൻപത്തെ തീക്കനൽ കത്തിയമർന്നുവെങ്കിലും,
കാറ്റടിച്ചാൽ കത്തും പുനർജന്മം പോലെ.

മുന്തിരിത്തോപ്പുകൾക്ക് ചുവന്ന രക്തം,
തണലായി വീണവരുടെ ഉറക്കം,
മണ്ണിൽ വേരുറച്ചവരുടെ കഥകൾ,
ഇനിയുമൊഴിയുമോ?

അവശിഷ്ടങ്ങൾക്കിടയിൽ
തട്ടിയുണർത്തുന്ന ഒരു ശബ്ദം,
നമ്മളെ വീണ്ടും വിളിച്ചുവരുത്തുന്നു—
" വിപ്ലവം തീർന്നിട്ടില്ല !!!"

ഉപന്യാസം
വിദ്യാർത്ഥി
വിഭാഗം
മൂന്നാം
സ്ഥാനം

**റോസ്മെറിൻ ജോജോ**
ദേവമാതാ കോളേജ്, കുറവിലങ്ങാട് പി.ഒ. കോട്ടയം.

# “നമ്മൾ ഭാരതത്തിലെ ജനങ്ങൾ”

1949 നവംബർ 26-ന് നമ്മുടെ ഭരണഘടന അംഗീകരിച്ചശേഷം അത് ഇത്രമാത്രം വെല്ലുവിളി നേരിട്ട ഒരു കാലം മുമ്പുണ്ടായിട്ടില്ല. മതരാഷ്ട്രവാദികൾ ഉയർത്തുന്ന ഭീഷണികളെ പ്രതിരോധിച്ചാണ് രാജ്യത്തിന്റെ ഭരണഘടന 75-00 വർഷത്തിലേക്ക് കടന്നത്. ഓരോ രാജ്യത്തിന്റെയും ഭരണഘടന രൂപപ്പെടുന്നത് ആ സമൂഹം അതുവരെ ആർജ്ജിച്ച കാഴ്ചപ്പാടുകൾ സ്വാംശീകരിച്ചാണ്. ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനം മുന്നോട്ടുവെച്ച മൂല്യങ്ങൾ ഉൾക്കൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപപ്പെട്ടത്. സ്വാതന്ത്ര്യപ്രസ്ഥാനമാകട്ടെ വ്യത്യസ്തമായ നിരവധി ധാരകളുടെ മഹാപ്രവാഹമായിരുന്നു. അതിനാൽ സോഷ്യലിസത്തിന്റെയും സമത്വത്തിന്റെയും സാമൂഹ്യനീതിയുടെയും ഫെഡറലിസത്തിന്റെയുമെല്ലാം കാഴ്ചപ്പാടുകൾ വ്യത്യസ്ത അളവുകളിൽ ഭരണഘടനയിൽ സ്ഥാനം പിടിച്ചു. ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും മൂല്യങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനശിലയായി മാറി. ഭരണഘടന മുന്നോട്ടുവച്ച ആശയാദർശങ്ങൾക്ക് അനുസൃതമാണോ രാജ്യം നയിക്കപ്പെടുന്നത് എന്ന് വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

## ഇന്ത്യൻ ഭരണഘടന: സ്വരൂപവും സ്വഭാവവും

നാനാത്വത്തിൽ ഏകത്വം എന്ന ഭാരതാദർശത്തിന് കരുത്തും സംരക്ഷണവും നൽകുന്നതായിരുന്ന ഡോ.ബി.ആർ അംബേദ്കർ മുഖ്യശില്പിയായ ഇന്ത്യൻ ഭരണഘടനയുടെ നിർമിതി. ഒരു പരമാധികാരജനാധിപത്യരാജ്യം എന്ന നിലയിൽ ഇന്ത്യയുടെ ശീർഷം വാനോളം ഉയർന്നുനിൽക്കുന്നത് സുസ്ഥിരവും കെട്ടുറപ്പുള്ളതുമായ ഒരു ഭരണഘടന ഉള്ളതുകൊണ്ടാണ്. ഭരണഘടന ഇന്ത്യയെ ഒരു സ്വതന്ത്ര, ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ് രാഷ്ട്രമായി പ്രഖ്യാപിക്കുന്നു. 'ഇന്ത്യയുടെ മാഗ്നാകാർട്ട എന്നും 'ഭരണഘടനയുടെ ആണിക്കല്ല് എന്നും വിശേഷിപ്പിക്കപ്പെട്ട മൗലികാവകാശങ്ങളിലൂടെ ജനങ്ങളുടെ അന്തസ്സ് ഉയർത്തിക്കാട്ടുന്നു.

ഇന്ത്യൻ റിപ്പബ്ലിക് ഏതെല്ലാം ആദർശങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നു എന്ന് ആമുഖം വ്യക്തമാക്കുന്നു:

“ഇന്ത്യയിലെ ജനങ്ങളായ നാം ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതരത്വ ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിക്കും ചിന്തയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും പദവിയും അവസര സമത്വവും സംപ്രാപ്യമാക്കുവാനും തീരുമാനി ച്ചിരിക്കുന്നു. അവരിലെല്ലാവരിലും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും സുനിശ്ചിതമാക്കിക്കൊണ്ട് സാഹോ

ദര്യം പുലർത്തുവാനും നാം തീരുമാനിച്ചിരിക്കുകയാണ്. ഇതിനാൽ ഈ 1949 നവംബർ 26-ാം തീയതി ഈ ഭരണഘടന സ്വീകരിക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഭരണഘടനയുടെ നാലാം ഭാഗത്തിൽ രാഷ്ട്രത്തിന്റെ നയനിർദ്ദേശക തത്ത്വങ്ങൾ വിവരിക്കുന്നതിങ്ങനെയാണ്; പര്യാപ്തമായ ജീവിതായോധനം നേടുക, രാജ്യത്തെ സ്വത്തുവകകൾ പൊതുനന്മ ലക്ഷ്യമാക്കി കൈകാര്യം ചെയ്യുക, സമ്പത്തിന്റെ കേന്ദ്രീകരണം തടയുക, സ്ത്രീക്കും പുരുഷനും തുല്യജോലിയും വേതനവും ഉറപ്പുവരുത്തുക, ഗ്രാമപഞ്ചായത്തുകൾക്ക് അധികാര വികേന്ദ്രീകരണം നടത്തുക, ആരോഗ്യപരിപാലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് ആ നയങ്ങൾ. നമ്മൾ ഭാരതത്തിലെ ജനങ്ങൾ എന്നായിരുന്നു ഇന്ത്യൻ ഭരണഘടനയുടെ തുടക്കം. ഈ ആമുഖമാണ് ഭരണഘടനയുടെ ആത്മാവ്. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളെ ഭരണഘടനയിൽ ഉദ്ഘോഷിക്കുന്നതാണ് ആമുഖം. പൗരത്വം, മൗലികാവകാശങ്ങൾ, മൗലികകടമകൾ, 'ഭരണഘടനയുടെ മനഃസാക്ഷി' എന്നറിയപ്പെടുന്ന മാർഗനിർദ്ദേശക തത്വങ്ങൾ തുടങ്ങി രാജ്യം ഭരിക്കേണ്ടതെങ്ങനെ എന്നതു സംബന്ധിച്ച അടിസ്ഥാപരവും സമഗ്രവുമായ നിയമങ്ങൾ ഉൾക്കൊള്ളുന്നതാണ് നമ്മുടെ ഭരണഘടന.

### ഉയരുന്ന വെല്ലുവിളികൾ

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ മൂല്യങ്ങളാണ് ഭരണഘടന പൊതുവിൽ മുന്നോട്ടുവയ്ക്കുന്നത്. സ്വാതന്ത്ര്യ പ്രസ്ഥാനത്തെ തകർക്കാൻ ശ്രമിച്ച മതരാഷ്ട്രവാദികൾക്ക് ഇവ അംഗീകരിക്കാനാവില്ല. ഇവരിൽനിന്ന് ഭരണഘടനയെ സംരക്ഷിക്കാനുള്ള ജനമുന്നേറ്റം കാലം ആവശ്യപ്പെടുന്നുണ്ട്. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ അവതരിപ്പിക്കുന്നതിന് ഭരണഘടനാശില്പിയായ ഡോ. ബി ആർ അംബേദ്കറിനുതന്നെ പോരാടേണ്ടി വന്നിട്ടുണ്ട്.അത്തരം പോരാട്ടം തുടരേണ്ടതുണ്ട്.

ആഗോളവൽക്കരണ നയങ്ങൾ സമത്വം എന്ന ഭരണഘടനാമൂല്യത്തെ

**ഭരണഘടനാമൂല്യങ്ങൾ സ്വാംശീകരിച്ച് അവ പ്രായോഗികമാക്കാനുള്ള പദ്ധതികൾ മുന്നോട്ടുവയ്ക്കുകയെന്ന ഉത്തരവാദിത്വമാണ് സർക്കാരുകൾ ഏറ്റെടുക്കേണ്ടത്. അതിനുള്ള ജനകീയ സമ്മർദ്ദമാണ് വർത്തമാനകാല ഇന്ത്യ ആവശ്യപ്പെടുന്നത്. അത്തരമൊരു സമീപനം വികസിപ്പിക്കുന്നതിനുള്ള അവസരമായി ഭരണഘടനയുമായി ബന്ധപ്പെട്ട ചർച്ചകളെ നാം മാറ്റിയെടുക്കേണ്ടതുണ്ട്.**

കാറ്റിൽ പറത്തുന്നു. സംഘപരിവാർ ആകട്ടെ സമത്വവും സാമൂഹ്യനീതിയും മതനിരപേക്ഷതയുമെല്ലാം മുന്നോട്ടുവയ്ക്കുന്ന ഭരണഘടനയെ തിരുത്തുന്നതിനുള്ള പടപ്പുറപ്പാടിലും. ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക എന്നത് ജുഡീഷ്യറിയുടെ പ്രാഥമികമായ ചുമതലയാണ്. നീതിന്യായവ്യവസ്ഥയെ വിവിധതരത്തിൽ സമ്മർദ്ദത്തിൽ പെടുത്തി അതിൽനിന്ന് വ്യതിചലിപ്പിക്കാനുള്ള നീക്കങ്ങളും ഇടപെടലുകളും സജീവവുമാണ്. സുപ്രീംകോടതി ജഡ്ജിമാർ തന്നെ ഇക്കാര്യം പരസ്യമായി പ്രഖ്യാപിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഭരണഘടനയുടെ അടിസ്ഥാന നിലപാടുകൾ ഭേദഗതി ചെയ്യാൻ പാടില്ലെന്ന ഭരണഘടനാബെഞ്ചിന്റെ വിധി ന്യായയുക്തമല്ലെന്ന കേന്ദ്രമന്ത്രിമാരുടെ പ്രസ്താവന ആശങ്കാജനകമാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന പൗരാവകാശങ്ങളെ പോലും ദുർബലപ്പെടുത്തുകയാണ് ക്രിമിനൽ നിയമങ്ങൾ മാറ്റിയെഴുതുന്നതിലൂടെ കേന്ദ്രസർക്കാർ ചെയ്തിട്ടുള്ളത്.



മതേതരത്വം ഇന്ന് ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ട ആശയമായി മാറിയിരിക്കുന്നു. അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും മതത്തിന്റെ താത്ത്വികപ്രബോധനങ്ങളും പഠിപ്പിക്കാനും മതാചാരങ്ങൾ അനുഷ്ഠിക്കാനും നല്കപ്പെട്ട സ്വാതന്ത്ര്യം ദുരുപയോഗിക്കപ്പെടുന്നതും ഏറെ ദുഃഖകരം. മണിപ്പൂരിലും പഞ്ചാബിലും കാശ്മീരിലും മാത്രമല്ല, ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും നടക്കുന്ന ജാതീയവും വർഗീയവുമായ കലഹങ്ങളും ഭീകരപ്രവർത്തനങ്ങളും ഭരണഘടനയ്ക്കും ജനാധിപത്യത്തിനും കനത്ത വെല്ലുവിളിയാണ്. ഭരണഘടനാദത്തമായ മതേതരത്വം എന്ന സങ്കൽപ്പത്തെ അഭംഗുരം നിലനിർത്താൻ ഭാരതം പ്രതിജ്ഞാബദ്ധമാണെന്ന് ഓർമ്മിക്കണം.

അമിതകേന്ദ്രീകരണവും ജനപ്രാതിനിധ്യക്കുറവും ഇന്ത്യൻ ജനാധിപത്യത്തിന്റെ ദൗർബല്യങ്ങളാണ്. നൂറുകോടി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എണ്ണൂറോളം എം.പി. മാരും ആറായിരത്തോളം എം .എൽ.എ.മാരും മാത്രമാണ് നമുക്കുള്ളത്. ഇവിടെയാണ് '73-74' ഭരണഘടനാഭേദഗതികളിലൂടെ നിലവിൽവന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രസക്തിയേറുന്നത്. അധികാരം ജനങ്ങൾക്ക് എന്ന ലക്ഷ്യത്തിന്റെ ആദ്യപടിയായി അധികാരം ജനങ്ങളിലേക്ക് കൂടുതൽ എത്തിച്ചേരണം.




ഇപ്പോഴും ജനങ്ങൾ മറ്റാരോ ചെയ്യുന്ന വികസനപ്രക്രിയയുടെ ഗുണഭോക്താക്കൾ മാത്രമാണ്. അവർതന്നെ ആസൂത്രകരും കൈകാര്യകർത്താക്കളും ആകുമ്പോൾ മാത്രമേ ജനാധിപത്യം അനുഭവവേദ്യമാവുകയുള്ളൂ.

കാർഷിക-വ്യാവസായികമേഖലകളിലെ മുരടിപ്പ്, സേവനമേഖലയിലെ ഗുണനിലവാരക്കുറവ്, വ്യാപകമായ തൊഴിലില്ലായ്മ, സാർവ്വത്രികമായ അഴിമതി ഇവയിൽനിന്നെല്ലാം കരകയറേണ്ടിയിരിക്കുന്നു. ജനപ്രതിനിധികൾ മാത്രമല്ല മന്ത്രിമാർപോലും അഴിമതിയുടെ പേരിൽ ശിക്ഷവാങ്ങുന്ന കാഴ്ച ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വികൃതമായ മുഖമാണ് പുറത്തുകാട്ടുന്നത്.

പണം, കായികശക്തി, അധോലോകബന്ധം എന്നിവ തെരഞ്ഞെടുപ്പിൽ നിർണ്ണായകമാവുന്ന അനാരോഗ്യകരവും അപകടകരവുമായ പ്രവണത ഈയിടെ വർദ്ധിച്ചുവരുന്നുണ്ട്. തെരഞ്ഞെടുപ്പുകമ്മീഷന്റെ കണക്കനുസരിച്ച് നമ്മുടെ അഞ്ഞൂറിലധികം ജനപ്രതിനിധികൾ ക്രിമിനൽ പശ്ചാത്തല മുള്ളവരാണ്. ഇതിനു പരിഹാരം കാണേണ്ടത് രാഷ്ട്രീയപാർട്ടികൾ തന്നെയാണ്.

വിവിധരീതികളിൽ വ്യത്യസ്തനായ മനുഷ്യന് ജീവിക്കാനും ജീവിതം ആസ്വദിക്കാനുമുള്ള അവകാശങ്ങളിൽ വ്യത്യസ്തതയുണ്ടാകാൻ പാടില്ല. അതിനു സാധിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുവാനാണ് സമൂഹവും ഭരണകൂടവും ശ്രമിക്കേണ്ടത്. കുട്ടികൾ, വൃദ്ധജനങ്ങൾ, ഭിന്നശേഷിക്കാർ, സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ തുടങ്ങി പല കാരണങ്ങളാൽ മാറ്റിനിർത്തപ്പെട്ടവരെക്കൂടി നമ്മുടെ സാമൂഹികപുരോഗതിയുടെ ഭാഗമാക്കിയാൽ മാത്രമേ ഒരു സമൂഹത്തിന് വളർച്ചയുണ്ടാവുകയുള്ളൂ. ബഹുഭൂരിപക്ഷം ആളുകളും സാമൂഹികപുരോഗതിയുടെ ഭാഗമാകാതെ ഇരിക്കുമ്പോൾ ഒരു സമൂഹം ആരോഗ്യത്തോടെ മുന്നോട്ട് നടക്കില്ല. സ്ത്രീധനത്തിന്റെ പേരിലുള്ള അക്രമങ്ങൾ, ഉന്നതർക്കായി സ്ത്രീകൾക്ക് നീതിനിഷേധിക്കപ്പെടുകയും അവരുടെ വസ്ത്രധാരണം തെറ്റാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങൾ, രാത്രികളിലുള്ള സംശയദൃഷ്ടികൾ, ജോലിസ്ഥലത്തെ അനീതി തുടങ്ങിയവ ഇല്ലാതാക്കി പരസ്പരം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്താലേ ലിംഗനീതിയുടെ പുതുപുലരികൾ വിടരൂ. ഭരണഘടന വിഭാവനം ചെയ്ത സ്ത്രീസമത്വം നിലനിൽക്കൂ.

**ഉപസംഹാരം**

ഭരണഘടന വിഭാവനം ചെയ്ത സ്വാതന്ത്ര്യം ദുരുപയോഗിക്കപ്പെട്ടാൽ ജനാധിപത്യം ഇന്ത്യയെ ഭൂരിപക്ഷവും ന്യൂനപക്ഷവുമായി വിഭജിക്കും. മതേതരത്വം ഇന്ത്യയെ തീവ്രവർഗീയവാദികളും മിതവാദികളും ദേശീയവാദികളുമായി വിഭജിച്ചു. സോഷ്യലിസം ഇന്ത്യയെ മുന്നോക്കക്കാരനെന്നും പിന്നോക്കക്കാരനെന്നും വെണ്ണപ്പാളിയെന്നും വിഭജിച്ചു. റിപ്പബ്ലിക്കൻ ഘടന ഇന്ത്യയെ 28 കഷണങ്ങളായി വിഭജിച്ചു. ഈ വിടവു വളർന്നാൽ ഇന്ത്യക്കു നിലനില്പില്ല. ഈ വിഭജിത ഇന്ത്യകളെ പരസ്പരം ബന്ധിപ്പിക്കുന്ന നാരായവേരാണ് ഓരോ ഇന്ത്യക്കാരന്റെയും ദേശീയബോധം. അതൊരു വികാരമായി വളരണം.

ഭരണഘടനാമൂല്യങ്ങൾ സ്വാംശീകരിച്ച് അവ പ്രായോഗികമാക്കാനുള്ള പദ്ധതികൾ മുന്നോട്ടുവയ്ക്കുകയെന്ന ഉത്തരവാദിത്വമാണ് സർക്കാരുകൾ ഏറ്റെടുക്കേണ്ടത്. അതിനുള്ള ജനകീയ സമ്മർദ്ദമാണ് വർത്തമാനകാല ഇന്ത്യ ആവശ്യപ്പെടുന്നത്. അത്തരമൊരു സമീപനം വികസിപ്പിക്കുന്നതിനുള്ള അവസരമായി ഭരണഘടനയുമായി ബന്ധപ്പെട്ട ചർച്ചകളെ നാം മാറ്റിയെടുക്കേണ്ടതുണ്ട്. ■

ശ്രീജിത്ത് സി.എസ്.
സെന്റ് മേരീസ് കോളേജ് സുൽത്താൻ ബത്തേരി

# നവകേരളത്തിലേക്ക് അഭിമാനപൂർവം

കേരള ചരിത്രത്തിലാദ്യമായി ഒരിടതുപക്ഷ ഭരണത്തുടർച്ചയുണ്ടാകുന്നത് രണ്ടാം പിണറായി സർക്കാരിലൂടെയാണ്. വികസനത്തിന്റെയും കരുതലിന്റെയും സമാനതകളില്ലാത്ത ഒൻപതു വർഷങ്ങളാണ് ഈ കാലയളവിൽ കേരളം കണ്ടത്. മറ്റൊരു സംസ്ഥാനത്തോടും ചരിത്രത്തിൽ ഒരു കേന്ദ്രസർക്കാരും കാണിക്കാത്ത അനീതിയും സാമ്പത്തിക ഉപരോധവുമാണ് ഈ കാലയളവിൽ മോഡി സർക്കാർ കേരളത്തോട് കാണിച്ചത്. എന്നിട്ടും ഇന്ത്യയിലെ ഏറ്റവും മികച്ച ജനക്ഷേമ സർക്കാരായി മാറാൻ കഴിഞ്ഞു എന്നതാണ് കേരളത്തിന്റെ മുന്നേറ്റത്തിന് ഇരട്ടി മാറ്റേകുന്നത്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും ശരാശരി 45% കേന്ദ്ര വിഹിതം ലഭിക്കുമ്പോൾ കേരളത്തിനത് വെറും 18% മാത്രമാണ്. ഇടതുപക്ഷമൊഴികെ ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഏറിയോ കുറഞ്ഞോ പിന്തുടരുന്നത് നവലിബറൽ വികസന നയങ്ങളാണ്. ഈ നയങ്ങളാകട്ടെ 2008 മുതൽ തുടരുന്ന അതിരൂക്ഷമായ മുതലാളിത്ത കുഴപ്പത്തിൽ നിന്നും ഇതുവരെ കരകയറിയിട്ടുമില്ല. അതുകൊണ്ടുതന്നെ കേരളത്തിൽ നടക്കുന്ന ജനപക്ഷ വികസന മുന്നേറ്റത്തെ തകർക്കുകയോ ഇകഴ്ത്തിക്കാട്ടുകയോ ചെയ്യേണ്ടത് ഈ വലതുപക്ഷരാഷ്ട്രീയത്തിന്റെ ആവശ്യമാണ്. അതാണ് സംഘപരിവാറും കോൺഗ്രസ്സും വലതുപക്ഷ മാധ്യമങ്ങളും കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ തകർക്കാൻ കച്ചകെട്ടി ഇറങ്ങുന്നതിന്റെ പിന്നിലെ രാഷ്ട്രീയ കാരണം.

**കേരളത്തിൽ നടക്കുന്ന ജനപക്ഷ വികസന മുന്നേറ്റത്തെ തകർക്കുകയോ ഇകഴ്ത്തിക്കാട്ടുകയോ ചെയ്യേണ്ടത് ഈ വലതുപക്ഷരാഷ്ട്രീയത്തിന്റെ ആവശ്യമാണ്. അതാണ് സംഘപരിവാറും കോൺഗ്രസ്സും വലതുപക്ഷ മാധ്യമങ്ങളും കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ തകർക്കാൻ കച്ചകെട്ടി ഇറങ്ങുന്നതിന്റെ പിന്നിലെ രാഷ്ട്രീയ കാരണം.**

കേരളത്തിന്റെ വികസന മാതൃക ഇന്ന് സവിശേഷമായൊരു ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. 2024 ലെ കണക്കു പ്രകാരം കേരളത്തിലെ മാനവ വികാസ സൂചിക 814 ആണ്. ഇന്ത്യയുടേതാകട്ടെ 699 മാത്രമാണ്. ഇന്ത്യ ലോകത്ത് മാനവ വികാസ സൂചികയിൽ 132 ആം സ്ഥാനത്ത് നിൽക്കുമ്പോൾ കേരളത്തെ ഒരു രാജ്യമായി പരിഗണിച്ചാൽ നമ്മൾ 60 നും 70 നും ഇടയിൽ നിൽക്കും. ഇന്ത്യയിലെ ശിശുമരണ നിരക്ക് 26 ആയിരിക്കുമ്പോൾ കേരളത്തിൽ അത് 6 ആണ്. അമേരിക്കയുടേതിനേക്കാൾ മെച്ചപ്പെട്ട അവസ്ഥയിലാണ് ഈ കാര്യത്തിൽ കേരളമുള്ളത്. സാക്ഷ

രത, ലിംഗാനുപാതം, കൂലി നിരക്ക് തുടങ്ങിയ വിവിധ സൂചികകളിലും കേരളം ലോകത്തിനു തന്നെ മാതൃകയായ വിധം ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. എന്നാൽ ഈ വികസന മുന്നേറ്റങ്ങളെക്കുറിച്ച് ഊറ്റം കൊണ്ടിരിക്കുകയല്ല ഇടതുപക്ഷത്തിന് മുന്നിലെ വഴി. ഏതൊക്കെ മേഖലകളിലാണ് കേരളം ഇനിയും മുന്നേറാനുള്ളത് എന്ന് തിരിച്ചറിയുകയും ആ പ്രശ്നങ്ങളെ പരിഹരിക്കാൻ മുന്നിട്ടിറങ്ങുകയും ചെയ്യുക എന്നതാണ് നമ്മുടെ മുന്നിലെ വഴി. കേരളം നേരിടുന്ന ഒന്നാമത്തെ പ്രതിസന്ധി സേവന – കാർഷിക മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങളാണ്. സാർവത്രികമായ വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും നമുക്ക് ലഭ്യമാക്കാൻ കഴിഞ്ഞിരിക്കുന്നു, ഇനി ഈ മേഖലകളിലെ ഗുണനിലവാരത്തെ ആഗോള സൂചികകളിലേക്ക് ഉയർത്താനുള്ള ശ്രമങ്ങളാണ് നാം ലക്ഷ്യമിടുന്നത്. മറ്റൊരു പിന്നോക്ക മേഖല കേരളത്തിന്റെ പശ്ചാത്തല വികസന മേഖലയായിരുന്നു. അതിനായി നിക്ഷേപം നടത്താൻ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധങ്ങൾ മൂലം നമുക്ക് കഴിഞ്ഞിരുന്നില്ല, ഈ ഘട്ടത്തിലാണ് കിഫ്ബി എന്ന നൂതനാശയത്തെ മുന്നോട്ട് വെച്ച് ഫണ്ട് സമാഹരിക്കാനും കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയെല്ലാം ഉയർന്ന നിലവാരത്തിൽ നിർമ്മിക്കുവാൻ ഇടതുപക്ഷ സർക്കാർ തീരുമാനിക്കുന്നത്. ഇന്ന് കേരളത്തിലെ പശ്ചാത്തല വികസന മേഖലയിൽ അഭൂതപൂർവമായ മുന്നേറ്റമാണ് ഉണ്ടായതെന്ന് രാഷ്ട്രീയമായി നമ്മെ എതിർക്കുന്നവർ പോലും സമ്മതിക്കുന്നു. 5600 കോടി രൂപയാണ് കേരളത്തിലെ ദേശീയപാതാ വികസനത്തിനായി കേരളം മാറ്റിവെച്ചത്. മറ്റൊരു സംസ്ഥാനത്തിനും ദേശീയ പാതാ വികസനത്തിനായി ഇത്രയും ഉയർന്ന തുക മാറ്റിവെക്കേണ്ടി വന്നിട്ടില്ല. തീരദേശ ഹൈവേ , മലയോര ഹൈവേ , ദേശീയപാത , വയനാട് തുരങ്കപാത , വാട്ടർ മെട്രോ , ജലപാത എന്നിവ കൂടി ചേർന്ന് കേരളത്തിലെ പശ്ചാത്തലമേഖലയിൽ

**ആരോഗ്യരംഗത്തെ വികസനം രണ്ടാം പിണറായി മന്ത്രിസഭയുടെ പ്രധാന കരുതൽ മേഖലകളിലൊന്നായിരുന്നു. കെയർ ഹോം (Kerala Health Mission) കുടുംബആരോഗ്യ ശ്രദ്ധയ്ക്ക് അടിസ്ഥാനം നൽകിയ പുതിയ ആരോഗ്യ സംരംഭം ആയിരുന്നു. E-Sanjeevani പദ്ധതിയിലൂടെ ഓൺലൈൻ ആയി വിദഗ്ദ ഡോക്ടർമാരുടെ സേവനം ഗ്രാമീണ മേഖലയിലെത്തിക്കാൻ സഹായിച്ചു, 1.5 കോടിക്കു മേൽ ഉപയോക്താക്കൾ ആണ് ഈ പദ്ധതിക്കുള്ളത്.**

വിപ്ലവം സൃഷ്ടിക്കുകയാണ്. കേരളം നേരിടുന്ന മറ്റൊരു വെല്ലുവിളി ഉന്നത വിദ്യാഭ്യാസം നേടിയ അഭ്യസ്തവിദ്യരുടെ ഉയർന്ന തൊഴിലില്ലായ്മയാണ്. കേരളത്തിൽ 35 ലക്ഷത്തോളം അതിഥിതൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ട്. എന്നാൽ അത്തരം തൊഴിലുകൾ ഏറ്റെടുക്കാൻ ഉയർന്ന വിദ്യാഭ്യാസം നേടിയ നമ്മുടെ യുവജനതയെ നിർബന്ധിക്കാൻ നമുക്കാവില്ല. അതുകൊണ്ട് അവർക്കാവശ്യമായ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടണം. അതിനായി യുവാക്കളുടെ നൈപുണികളിൽ വലിയ പരിശീലനം നല്കപ്പെടണം. കേരളത്തെ ഒരു വിജ്ഞാനസമ്പദ്സമൂഹമാക്കാനുള്ള ശ്രമങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. വിജ്ഞാന കേരളം എന്ന് പേര് നൽകിയിരിക്കുന്ന ഈ പദ്ധതിയിലൂടെ ചുരുങ്ങിയത് അഞ്ചു ലക്ഷം പേർക്ക് തൊഴിലും അഞ്ചുലക്ഷം പേർക്ക് ഉയർന്ന നൈപുണ്യപരിശീലനവും ഈ വർഷം നൽകും.

ആരോഗ്യരംഗത്തെ വികസനം






രണ്ടാം പിണറായി മന്ത്രിസഭയുടെ പ്രധാന കരുതൽ മേഖലകളിലൊന്നായിരുന്നു. കെയർ ഹോം (Kerala Health Mission) കുടുംബആരോഗ്യ ശ്രദ്ധയ്ക്ക് അടിസ്ഥാനം നൽകിയ പുതിയ ആരോഗ്യ സംരംഭം ആയിരുന്നു. E-Sanjeevani പദ്ധതിയിലൂടെ ഓൺലൈൻ ആയി വിദഗ്ദ ഡോക്ടർമാരുടെ സേവനം ഗ്രാമീണ മേഖലയിലെത്തിക്കാൻ സഹായിച്ചു, 1.5 കോടിക്കു മേൽ ഉപയോക്താക്കൾ ആണ് ഈ പദ്ധതിക്കുള്ളത്.

### മൂല്യവത്തായ കൊവിഡ് മാനേജ്മെന്റ്

കോവിഡ് രണ്ടാം തരംഗം ശക്തിയോടെ വന്നപ്പോൾ മികച്ച നിയന്ത്രണം നടത്തി, കോവിഡ് മരണക്കുറവ് രാജ്യത്തെ ഏറ്റവും താഴ്ന്ന നിരക്കിലായി. ഇപ്പോൾ കേന്ദ്ര സർക്കാർ തന്നെ പറയുന്നത് ഒന്നാം കോവിഡ് തരംഗത്തിൽ ഏറ്റവും കൃത്യമായ കണക്കുകൾ നൽകിയതും ഏറ്റവും നന്നായി കോവിഡ് മാനേജ് ചെയ്തതും കേരളമാണ് എന്നാണ്. കേരളത്തിലെ പൊതുആരോഗ്യമേഖലയിലെ വിപ്ലവകരമായ മാറ്റമാണ് ഫാമിലി ഹെൽത്ത് സെന്ററുകൾ (FHC), ഈ സർക്കാർ 564 കുടുംബാരോഗ്യകേന്ദ്രങ്ങളാണ് കേരളത്തിൽ സജ്ജമാക്കിയത്, കൂടാതെ 150 പുതിയവ നിർമ്മാണത്തിലുണ്ട്. ആരോഗ്യമേഖലയിലെ പശ്ചാത്തല വികസനത്തിന് മാത്രമായി 4000 കോടി രൂപയുടെ നിക്ഷേപം നടത്തിയ മറ്റൊരു സർക്കാരും ഇന്ത്യയിലില്ല എന്നറിയുമ്പോഴാണ് ഈ വികസനത്തിന്റെ വ്യാപ്തി മനസിലാക്കുക.

**പൊതുവിദ്യാഭ്യാസസംരക്ഷണം എൽ ഡി എഫ് സർക്കാരിന്റെ മുൻഗണനയായി തുടരുന്നു. 12 ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യ പഠനസഹായം നൽകാനും , 5 ലക്ഷം വിദ്യാർത്ഥികൾക്ക് AI, Robotics, Data Science എന്നിവയിൽ പരിശീലനം നൽകാനും ഈ കാലയളവിൽ കഴിഞ്ഞു.**

ഉന്നതവിദ്യാഭ്യാസ മേഖലയിലെ കുതിച്ചു ചാട്ടത്തെക്കുറിച്ച് ഇവിടെ നിരവധി തവണ പരാമർശിച്ചതിനാലും കോളേജ് അധ്യാപകർ എന്ന നിലക്ക് നമ്മുടെ നിത്യ ജീവിതത്തിലെ അനുഭവത്തിന്റെ ഭാഗമായതിനാലും കൂടുതൽ പരമർശിക്കുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ പിന്നോക്ക സംസ്ഥാനമായി കരുതപ്പെട്ടിരുന്ന കേരളം ഇന്ന് ഏറ്റവും മുൻപന്തിയിലേക്ക് വരുന്നു എന്നത് നിസാര നേട്ടമല്ല. ഇന്ത്യയിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളുടെയും കലാലയങ്ങളുടെയും പട്ടികയിൽ വലിയൊരുഭാഗം കേരളത്തിലെ സർവകലാശാലകളും കോളേജുകളുമായി ഈ കാലയളവിൽ മാറി. ഏറ്റവും മികച്ച രീതിയിൽ നാല് വർഷ ബിരുദം നടപ്പിലാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം എന്ന് രാഷ്ട്രീയമായി കേരളത്തെ എതിർക്കുന്നവർ പോലും സമ്മതിക്കുന്നു. പരീക്ഷകൾ കൃത്യമായി നടക്കാത്ത, റിസൾട്ടുകൾ പ്രഖ്യാപിക്കാൻ വർഷങ്ങൾ വേണ്ടിയിരുന്ന ആ പഴയ കേരളം ഇന്ന് നമ്മുടെ ഓർമയിൽ മാത്രമായി മാറി.

പൊതുവിദ്യാഭ്യാസസംരക്ഷണം



എൽ ഡി എഫ് സർക്കാരിന്റെ മുൻ ഗണനയായി തുടരുന്നു. 12 ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യ പഠന സഹായം നൽകാനും , 5 ലക്ഷം വിദ്യാർത്ഥികൾക്ക്  AI, Robotics, Data Science എന്നിവയിൽ പരിശീലനം നൽകാനും ഈ കാലയളവിൽ കഴിഞ്ഞു. കാലിത്തൊഴുത്തും - സർക്കാർ സ്കൂളും എന്ന മനോരമയുടെ ആക്ഷേപം കേട്ടിരുന്ന പൊതു വിദ്യാലയങ്ങൾ ഇന്ന് അന്തരാഷ്ട്ര നിലവാരത്തിൽ ഹൈടെക്ക് സ്കൂളുകളായി മാറി.  14,000 സ്കൂളുകൾ ഈ കാലയളവിൽ ഡിജിറ്റലൈസ് ചെയ്തു. ഇന്ത്യയിലെ ഏറ്റവും കൂടുതൽ ഹൈടെക് സ്കൂളുകളുള്ള സംസ്ഥാനം ഈ കൊച്ചുകേരളമാണ്. എല്ലാ സ്കൂളുകൾക്കും പുതിയ കെട്ടിടങ്ങൾ, ലാബുകൾ, ലൈബ്രറികൾ എന്നിവ ഈ കാലയളവിൽ ലഭ്യമാക്കി. ഐ.ഇ.എൽ.ടി.എസ്. പരിശീലനത്തിന് സർക്കാർ സഹായം, വിദ്യാർത്ഥികൾക്ക് വിദേശ വിദ്യാഭ്യാസത്തിനായി സഹായം എന്നിവ ലഭ്യമാക്കി. കേന്ദ്ര സർക്കാർ വിദ്യാഭ്യാസ രംഗത്ത് ചെലവുകൾ വെട്ടിച്ചുരുക്കുമ്പോൾ  വർഷംതോറും 2,000 കോടിയിലേറെ വിദ്യാഭ്യാസ ചെലവുകൾക്ക് നീക്കിവെക്കുകയാണ് കേരള ബജറ്റ്.

**കഴിഞ്ഞ യു ഡി എഫ് ഭരണകാലത്ത് 18 മാസം വരെ കുടിശ്ശികയായിരുന്ന പെൻഷൻ ഇന്ന്  62 ലക്ഷം പേർക്കായി വർദ്ധിപ്പിക്കാനും പെൻഷൻ തുക മാസത്തിൽ ₹1600 വരെ വർധിപ്പിക്കാനും ഈ സർക്കാരിന് കഴിഞ്ഞു.**

കഴിഞ്ഞ യു ഡി എഫ് ഭരണകാലത്ത് 18 മാസം വരെ കുടിശ്ശികയായിരുന്ന പെൻഷൻ ഇന്ന്  62 ലക്ഷം പേർക്കായി വർദ്ധിപ്പിക്കാനും പെൻഷൻ തുക മാസത്തിൽ ₹ 1600 വരെ വർധിപ്പിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. ലൈഫ് മിഷൻ പദ്ധതിയിലൂടെ ഇതിനകം 3.5 ലക്ഷത്തിലേറെ  വീടുകൾ പൂർത്തിയായി, ലക്ഷ്യമായ 4.5 ലക്ഷം വീടുകൾക്ക് അടുത്ത് തന്നെ പൂർത്തിയാക്കാനും കഴിയും. 2025 നവംബർ 1 ന്റെ കേരളപ്പിറവി ദിനത്തിൽ കേരളം മഹത്തായൊരു ലക്ഷ്യം കൈവരിക്കും. അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറും. സർട്ടിഫിക്കേറ്റുകൾക്കും ,രേഖകൾക്കുമായി സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയിരുന്ന കാലം കേരളത്തിൽ അവസാനിച്ചിരിക്കുന്നു, K-SMART (Kerala Solution for Managing Administrative Reform and Transformation) ആപ്പിലൂടെ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ എല്ലാം ഓൺലൈൻ ആയി ലഭ്യമാകുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു.

ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങളുടെ ഒരു വികസന വസന്തത്തിലൂടെയാണ് കേരളം ഇപ്പോൾ കടന്നു പോകുന്നത്. നവലിബറൽ വികസന മാതൃകയ്ക്ക് ബദലില്ലാ (there is no alternative TINA)  എന്ന് കരുതിയിരുന്ന രാജ്യത്തിന് മുന്നിലേക്ക് ഒരു ജനപക്ഷ ബദൽ മുന്നോട്ട് വെക്കുകയാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ. ■

■ അഭിൻ നാഥ്
എൻ.എസ്.എസ്. കോളേജ് മഞ്ചേരി

കഥ
വിദ്യാർത്ഥി
വിഭാഗം
മൂന്നാം
സ്ഥാനം

# ചങ്ങലയെ പ്രണയിച്ച ചില്ലുകൊട്ടാരം

കൊല്ലവർഷം 1999, മാസം വൃശ്ചികം. നവംബറിന്റെ പകുതി. ഇന്നൊരു വെള്ളിയാഴ്ചയാണ്. മമ്പുറം പള്ളിയിലെ വാങ്ക് വിളി, അങ്ങ് ഉച്ചിയിൽ കേൾക്കാം. മച്ചിന്റെ അടുത്തുള്ള പടികൾ കയറിയാൽ എന്റെ ഇരുട്ടു മുറിയിലേക്കുള്ള വഴികാണാം. രണ്ട് പതിറ്റാണ്ടിന്റെ ഇരുട്ടിന്റെ മണമുള്ള വെളിച്ചം മങ്ങിത്തുടങ്ങിയ, സിരകളിൽ നീര് പടർത്തിയ ഒരു ഭ്രാന്തന്റെ കിടപ്പറ. 'ഇന്ന് ഈ ദിവസത്തിന് ഒരു പ്രത്യേകതയുണ്ട്. ഇന്നെന്റെ കല്ല്യാണി എന്റെ തലയ്ക്ക് മുകളിൽ വന്ന് നെറ്റിയിൽ ചുംബിക്കും.' ഇതും പറഞ്ഞ് പിറുപിറുക്കുന്ന ഗോവിന്ദനെ അയൽപക്കത്തുള്ള രമണിച്ചേച്ചിക്കും അച്യുതൻ മാരാർക്കും നന്നേ അറിയാം. അല്പം മാറിനിന്ന് അവർ അയാളുടെ ഗോഷ്ടികൾ കണ്ട് ചിരിക്കാറുണ്ട്. 'നമ്പൂതിരികോലോത്തെ ഗോവിന്ദനാശാരി' അങ്ങനെ വേണം പറയാൻ.

പെരുന്തച്ചന്റെ ചുവടുവെച്ച തലമുറയിലെ അഗ്രകണ്ണിയിൽ ഒരുത്തൻ എന്ന് വേണം അയാളെ വിശേഷിപ്പിക്കാൻ. ചെറുപ്പത്തിലേ അനാഥനായ ഗോവിന്ദന് എല്ലാം അമ്മാവനാണ്. കരുണാകരനമ്മാവന്റെ ഉളിപിടി ചെറുതാക്കിയാണ് ഗോവിന്ദന്റെ ചിരിക്ക് അയാൾ വഴി കണ്ടെത്തിയിരുന്നത്. ചെറുക്കൻ വലുതായപ്പോൾ മുതൽ മരത്തടിയിൽ കരവിരുതുകൾ കാണിച്ചുതുടങ്ങി. ഇത് കണ്ട കരുണാകരനമ്മാവന്റെ ഒരു ചോദ്യം, 'അപ്പുവേ നീ എന്റെ കൂടെ പോരണോ?' കേട്ടപാതി കേൾക്കാത്തപാതി ഗോവിന്ദൻ കരുണാകരന്റെ കൂടെ പണിയ്ക്ക് പോകാൻ തുടങ്ങി. കണാരനെന്ന കരുണാകരൻ – മൂത്താശാരിപ്പട്ടം കെട്ടി നടക്കുന്ന കാലമാണ്. ഇന്നത്തെപ്പോലെ വല്യ പഠിപ്പും പത്രാസുമൊന്നുമില്ലെങ്കിലും അവരുടെ കുലത്തൊഴിലിൽ അവർ ബിരുദാനന്തരബിരുദധാരികളായിരുന്നു. ജോലിതേടി അലയേണ്ട ഗതി അവർക്ക് വന്നില്ല. അവരെ അന്വേഷിച്ച് ഇങ്ങോട്ട് ആളുകൾ വരാൻ തുടങ്ങിയിരുന്നു. സ്കൂളിൽ പോകാൻ ഗോവിന്ദന് താല്പര്യം ഇല്ലായിരുന്നു. പകരം മരങ്ങളോട് വല്ലാത്തൊരു അടുപ്പം തോന്നി. മരുമകന്റെ കഴിവിനെ അമ്മാവൻ മറന്നില്ല, കണ്ണടച്ചില്ല. കൂടെ കൂട്ടി. ഇരുവരും പലയിടങ്ങളിലും അവരുടെ കൈയ്യൊപ്പ് പതിപ്പിച്ചു.

ഗോവിന്ദന് പൊടിമീശ മുളയ്ക്കുന്ന കാലം. അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. വീടിന്റെ മുകളിലത്തെ നിലയിൽ നിന്നും വീണ്, അമ്മാവൻ മരണമടഞ്ഞു. വീണ്ടും ഗോവിന്ദൻ ഒറ്റയ്ക്ക്. തീർത്തും ഒറ്റപ്പെട്ട ഗോവിന്ദന് നല്ലൊരു കുട്ടിക്കാലം കൂടെ ഓർക്കാൻ ബാക്കിയില്ലായിരുന്നു. പിന്നീടൊന്നും ആലോചിച്ചില്ല, തിരൂർ ഭാഗത്ത് വീട് മാറി, മമ്പുറത്തേക്ക് കുടിയേറി. പിന്നീട് അവിടം സ്വദേശമാക്കി.



അവിടെനിന്ന് കിട്ടിയതാണ് മുസ്തഫയെ. ഇപ്പോൾ നിൽക്കുന്ന വീട്ടിലെ പഴയ താമസക്കാരൻ. ആൾക്ക് ഫോട്ടോഗ്രാഫർ ആവണം എന്ന് പറഞ്ഞ് വണ്ടികയറി. നേരത്തെക്കുറിച്ച് ഇടിയ്ക്കുള്ള കത്തിൽ ഇരുവരും സൂചിപ്പിക്കാറുണ്ട്.

ആയിടയ്ക്കാണ് അയൽവാസിയായ അച്യുതൻ മാരാർ ഗോവിന്ദനെക്കാണാൻ എത്തിയത്. 'ഗോവിന്ദാ നിങ്ങളാ വടക്കേ മനയിലെ ഇല്ലം ഒന്നു പൊളിച്ചുമേയണം. അവിടേയ്ക്ക് അവരുടെ പിൻതലമുറയിലെ സന്തതികൾ വരുന്നുണ്ടത്രേ!!'

ഇതും പറഞ്ഞ് അച്യുതൻ പോയെങ്കിലും ഗോവിന്ദനെ അയാൾ വിടാതെ പിന്തുടർന്നു. ഒഴിയാൻ എത്ര ശ്രമിച്ചിട്ടും ആയില്ല. ഒടുവിൽ സമ്മതം അറിയിച്ചു. വടക്കേ മന വരെ നടക്കാൻ രണ്ട് കൈ സഹായികളും ഉണ്ടായിരുന്നു.

മനയുടെ പണി പൂർത്തിയാക്കുന്നതിനിടയിലാണ്, അതിന്റെ മുറ്റത്തേയ്ക്ക് ഒരു കറുത്ത അംബാസിഡർ കാർ വരുന്നത്. കാറിലാരെന്നറിയാനുള്ള വെപ്രാളത്തിൽ ഗോവിന്ദൻ തലയൊന്ന് ചെരിച്ചുനോക്കി, അതാ കാറിന്റെ പിൻസീറ്റിൽ ഒരു പെൺകുട്ടി. ഗോവിന്ദനവളുടെ കണ്ണുകൾ മാത്രമാണ് കണ്ടത്. നിറമിഴിയിൽ കരിമഷിയുടെ കവാടം അവളെ ഏറെ സുന്ദരിയാക്കിയിരിക്കുന്നു. അത്ഭുതത്തോടെ ഗോവിന്ദനവളെ നോക്കി. ഇരുണ്ട മുടിയിഴകൾ അവൾക്ക് ഏറെ സൗന്ദര്യം നൽകുന്നു. കാതിലെ സ്വർണ്ണലോലാക്ക്

എന്തെന്നില്ലാതെ ആടിക്കൊണ്ടിരുന്നു. ഗോവിന്ദനവളെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്നു....

'എടാ ആശാരീ... എന്താ പണിത് കഴിഞ്ഞോ'

പെട്ടെന്നുള്ള കാര്യസ്ഥന്റെ ചോദ്യം ഗോവിന്ദനെ ആകെ ഒന്ന് ഉലച്ചു. എന്താ കാണിക്കേണ്ടത് എന്നറിയാതെ അൽപനേരം നിന്നു. 'നീ കേട്ടില്ലേടാ...' ഇതുടെ ആയപ്പോൾ ഗോവിന്ദൻ അവളെയും പിന്നെ കാര്യസ്ഥനെയും നോക്കി തലയാട്ടി. ആ ചോദ്യം അവളുടെ കണ്ണിൽ നിന്ന് ഗോവിന്ദനെ മാറ്റിനിർത്തി. മൂന്നാല് പേര് കാറിൽ നിന്ന് ഇറങ്ങിയെങ്കിലും അതൊന്നും കൂട്ടാക്കാൻ ഗോവിന്ദൻ തയ്യാറായില്ല. പെട്ടെന്ന് മമ്പുറം പള്ളിയിലെ വാങ്ക്. ഇന്ന് വെള്ളിയാഴ്ച അല്ലേ. അതാണിത്ര ഉച്ചത്തിൽ എന്ന് കൂട്ടത്തിൽ ഒരാൾ പറയുന്നുണ്ടായിരുന്നു. 'ഈ പെണ്ണിന്റെ പേര് എന്താവും?' അവളുടെ മുഖം എങ്ങനെ കാണും.... ഗോവിന്ദനാശാരിക്ക് തീപിടിക്കാൻ തുടങ്ങി. നേരെ മുറിയിലേക്ക് കയറിയതുകൊണ്ട് അവളുടെ മുഖം കാണാനായില്ല. പണികഴിഞ്ഞ് വീട്ടിൽ എത്തിയ ഗോവിന്ദന് എങ്ങനെ നോക്കിയിട്ടും അവളുടെ കണ്ണുകളെ മറക്കാനായില്ല. അത് മനസ്സിൽ കൊത്തിവെച്ചപോലെ തോന്നി. വല്ലാത്തൊരു മായാലോകത്ത് എത്തിച്ചേർന്ന അവസ്ഥ. മുറിയുടെ നാല് ഭാഗവും വീണ്ടും വീണ്ടും നോക്കിയും നടന്നും കിടന്നും എല്ലാം പയറ്റിനോക്കി. ആ കണ്ണുകൾ മറക്കാനാവുന്നില്ല. കണ്ണിൽ നിന്നും മായുന്നില്ല.

ചെറുപ്പത്തിൽ തന്നെ അരമുറി മലയാളത്തിൽ ഡയറിയായിട്ടും കവിതകളായിട്ടും കുറിച്ചുവെക്കുന്ന ശീലം ഗോവിന്ദനുണ്ട്. ശരിയോ തെറ്റോ എന്നത് ഒന്നുമില്ല. അങ്ങനെ മനസ്സിൽ തോന്നുന്നത് അപ്പോൾതന്നെ കുറിക്കും. അവളെ കണ്ട കാര്യം, അയാൾ കഷ്ടപ്പെട്ട് ഇങ്ങനെ എഴുതി.

"ഒരു കണ് എന്നെ കെത്തി വലിക്കുന്നു

കണിൻറെ കാന്തിയിൽ ഞൻ ഒരു സൂരികാന്തിയാവുന്നു"

സാഹിത്യത്തിൽ വശമില്ലെങ്കിലും, കവിതകളെഴുതാൻ ഭയങ്കര ഇഷ്ടമാണ്. സ്കൂളിൽ തീർത്ത് പഠിക്കാൻ പറ്റാത്തതുകൊണ്ട് ചില വാക്കുകൾ വിഴുങ്ങാറാണ് പതിവ്. ഒരു ചെറുപുഞ്ചിരി. നെടുവീർപ്പ്. ഒന്നൂടെ വരികൾ വായിച്ചു. കിടന്ന് നോക്കി. ഉറക്കംവന്നില്ല. തിരിഞ്ഞും മറിഞ്ഞും എല്ലാം പരീക്ഷിച്ചു. ചെന്നെത്തുന്നത് 'അവളുടെ കണ്ണിൽ' മാത്രം. മച്ചിന്റെ മുകളിലെ നിലാവ് നോക്കി ഗോവിന്ദൻ ഓരോന്ന് ആലോചിക്കാൻ തുടങ്ങി. പ്രണയത്തിന്റെ പൂവുകൾ ഗോവിന്ദനിൽ മുളക്കാനും... 'ഇവിടുന്ന് നോക്കിയാൽ മന കാണാം, എന്നാൽ മനയിലെ തമ്പുരാട്ടിയെ കാണാനൊക്കുന്നില്ലല്ലോ'

നേരം വെളുക്കാനായി പ്രാർത്ഥന മാറി. ഇരുപത്തിയഞ്ചാം വയസ്സിലെ പ്രണയം. അല്ല, അത്ഭുതം. രാത്രിക്ക് എന്തോ അയാളോട് വല്ലാത്ത ദേഷ്യം ഉള്ളത് പോലെ. ഇരുട്ടിന്റെ മറവിൽ രാത്രിയെ ആരോ വലിച്ച് നീട്ടി. സാരമില്ല, മഞ്ഞ്തുള്ളി സൂര്യനെ കാത്തിരിക്കുന്നത് പോലെ ഞാനും ഇരിക്കും എന്ന ഭാവത്തിൽ കണ്ണ് തുറന്ന് രാവിലെയാവാൻ കാത്തിരുന്നു.

നേരം വെളുത്തതും, ഓടിച്ചെന്ന് പണി തുടങ്ങി. അവളെ കാണാനില്ല. തിരഞ്ഞുനോക്കി. കാര്യസ്ഥന്റെ കണ്ണ് വെട്ടിച്ച് അവളെ കാണുക എന്നത് കഠിനകഠോരം. പെട്ടെന്നാണ് ഒരു വിളി, 'കല്യാണീ... വായോ അല്പം മധുരം കഴിക്കാം'

ഉമ്മറത്തെ വിളി പൂർത്തിയാകുന്നതിനും മുമ്പേ അവൾ ഓടിവന്നു. പെട്ടെന്ന് അവളുടെ മുഖംകണ്ട് ഗോവിന്ദൻ അന്ധാളിച്ചു. അത്ഭുതത്തോടെ നോക്കി. ചലനം നഷ്ടപ്പെട്ട അവസ്ഥയായി. ഉപ്പൂറ്റിതൊട്ട കാർകൂന്തൽ. കാതിലും മൂക്കിലും വർണ്ണശബളമായ തങ്കത്തട്ടുകൾ. കാലിലെ പെരുവിരൽ മുതൽ നെറ്റിത്തടം വരെ പടർന്ന വശ്യസൗന്ദര്യം. ഇടതൂർന്ന മുടിയിഴയിലെ തുളസിക്കതിരിന്റെ സാമീപ്യം. അരച്ചുതൊട്ട ചന്ദനത്തിന്റെ നെറ്റിയിലെ ആലിംഗനം. കരിവളകളാൽ സ്വരം ചേരുന്ന ആനന്ദമണിനാദം. മുല്ലമൊട്ട് തോൽക്കുന്ന പല്ലുകൾ. വസന്തം മാത്രം പൂക്കുന്ന ചുണ്ടുകൾ. അതെ!! അതിസുന്ദരിയാണ് കല്യാണി. ഗോവിന്ദൻ ആദ്യമായിട്ടാണ് ഇങ്ങനെ ഒരാളെ കാണുന്നത്. ആ കണ്ണ് വീണ്ടുമൊന്ന് നോക്കി. ഗോവിന്ദന്റെ അടിവയറ്റിൽ മഞ്ഞുതുള്ളി വീഴാൻ തുടങ്ങി. പേടി കേറി. കൈകൾ വിറക്കുന്നു. തൊണ്ടയിലെ ഒരിറ്റുവെള്ളവും വറ്റി. ആകെ ഭ്രമിച്ചുനിൽക്കുന്ന കോലത്തിലാണ് കല്യാണി ആദ്യമായി ഗോവിന്ദനെ കണ്ടത്. 'ഏയ് ഇതാ...' ഗോവിന്ദൻ കേട്ടില്ല. കൈയ്യിലെ മധുരം പകുത്തുനൽകാൻ ശ്രമിച്ച കല്യാണി അയാളുടെമുഖം കണ്ട് ചിരിച്ച് അകത്തുപോയി.

അവളുടെ മുഖം. ചിരി. ഇന്നത്തെ ഉറക്കവും ശരണം വിളിച്ചു. ഇന്നലെ എങ്ങനെയാണോ അതിന്റെ പതിൻമടങ്ങായി വേവലാതി കേറിത്തുടങ്ങി. ഡയറി എടുത്തു. കണ്ണ് അടച്ചാലും തുറന്നാലും പ്രത്യക്ഷപ്പെടുന്ന അവളുടെ മുഖത്തെ ഗോവിന്ദൻ ഇങ്ങനെ കുറിച്ചു.

'നാല് ദിക്കും പടർന്ന കാർമേകങ്ങൾ
ഒരുമിച്ച് പെയ്ത നേരം
അവളാൽ എനികൊരു
പ്രേമലേകനം
കനവിൽ കനലയ
പ്രേമലേകനം'

എഴുതിയത് വീണ്ടും വായിച്ചും വെറുതേ ചിരിച്ചും അയാളാ മുറിയിൽ പാടിനടന്നു. വീണ്ടും വീണ്ടും ഗോവിന്ദൻ അവളെ കാണാൻ ശ്രമിച്ചു. ഒളിച്ചും പാത്തും ഒന്നു കണ്ടാൽ മതി എന്നായി. അടുത്തുള്ള ട്യൂട്ടോറിയൽ കോളേജിൽ പഠിക്കാൻ പോവുകയാണ് ആ പത്തൊമ്പതുകാരി. വലിയ ഇല്ലത്തെ കുട്ടി ആയതുകൊണ്ടാവും നാല് ചുറ്റും കാലാൾപട. എന്നാൽ അതിനിടയിലും തന്റെ പുറകെ വരുന്ന ഗോവിന്ദനെ കല്യാണി ശ്രദ്ധിക്കാൻ തുടങ്ങി. പിന്നീട് കാണാതെയാകുമ്പോൾ എവിടെയോ ഒരു സങ്കടം വരുന്നതുപോലെ അനുഭവപ്പെടാനും....

അയാളെക്കുറിച്ചുള്ള പെരുമ കേട്ടതും അവളിലും അല്പം പ്രണയത്തിന്റെ മൊട്ടുകൾ പിറക്കാൻ തുടങ്ങി. പക്ഷേ അറിയാം, അതെല്ലാം തെറ്റാണ്. അതുകൊണ്ട് തന്നെ മറിച്ചൊന്നും ചിന്തിക്കാതെ കല്ല്യാണി എല്ലാം ഒരു നോട്ടത്തിലൊതുക്കി. ദിവസങ്ങളും, മാസങ്ങളും കടന്നുപോയി. ഇരുവരും അറിയാതെ തന്നെ പ്രണയത്തിന്റെ

വഞ്ചി കേറിത്തുടങ്ങിയിരുന്നു. ഗോവിന്ദനാശാരിയിൽ നിന്നും, ദൂരെ ദേശത്ത് നിന്നുപോലും വിദ്യപഠിക്കാൻ വരുന്നതിന്റെ പെരുമയിൽ അവളും സന്തോഷിക്കാൻ തുടങ്ങി. കുത്തമ്പലത്തിലും വഴിയരികിലെ ആൽമരച്ചുവട്ടിലും ദാസന്റെ ചായക്കടയിലും കല്യാണി അയാളെ പ്രതീക്ഷിച്ചു.

ഒരു വെള്ളിയാഴ്ച ഉച്ചനേരം കല്യാണി കൂട്ടുകാരി ഉമയുമൊത്ത് വായനശാലയിൽ വന്നതാണ്. പുറകെ വന്ന ഗോവിന്ദനെ അവൾ കണ്ടിരുന്നു. പള്ളി സമയം ആയതുകൊണ്ട് ആളുകൾ കുറവാണ്. ഇവർ മൂന്നുപേരും മാത്രം. കിട്ടിയ അവസരമെന്ന മട്ടിൽ, ഗോവിന്ദൻ അവളുടെ അടുത്തെത്തി. തന്റെ പ്രണയം പോലും പറയാൻ വയ്യാതെ, പേടിച്ച് വിറച്ച്, കണ്ണുകളിൽ ഭയത്തിന്റെ ഇരുട്ട് നിറഞ്ഞ് തലകുനിച്ച് അവിടെ നിന്നു. പക്ഷേ അതിന്റെ എല്ലാം അപ്പുറത്താണ് തന്റെ പ്രണയമെന്ന ധൈര്യത്തിൽ ഗോവിന്ദൻ ഇടറിയ ശബ്ദത്തിൽ ഒരു മൗനത്തിന്റെ വീണക്കമ്പികളുടെ നാദത്തിൽ കല്യാണിയോട് 'കല്യാണീ... ഞാൻ നിന്നെ സ്നേഹിക്കുന്നു, എനിക്ക് നിന്നെ വിവാഹം ചെയ്യണം...' കുറച്ച് നേരത്തെ നിശ്ശബ്ദത പള്ളിയിലെ വാങ്കിന്റെ തീവ്രതയെ ഉയർത്തി. ഇതുകേട്ടതും കല്യാണി ആകെ അമ്പരന്നു. കണ്ണ് നിറയാൻ തുടങ്ങി. തന്റെയുള്ളിലെ പ്രണയത്തിന്റെ വിങ്ങൽ അയാൾക്ക് പറഞ്ഞുകൊടുക്കണമെന്നുണ്ട്. എന്നാൽ മുന്നിലുള്ള വിപത്തുകളാണ് അവളുടെ മനസ്സിൽ അലയടിച്ചത്. ഗോവിന്ദന്റെ സാമീപ്യം തന്നെ കല്യാണിയിൽ ഉൾപ്പുളകം സൃഷ്ടിച്ചിരുന്നു. എന്തെന്നില്ലാതെ ഒരു മനഃസുഖം അവളിൽ പടർന്നിരുന്നു. മനസ്സിലെ വേവലാതി കാരണം അവൾക്കൊന്നും പറയാനായില്ല. എന്നാൽ, തന്റെ മുന്നിൽ നിൽക്കുന്ന ഗോവിന്ദന്റെ മുഖം കണ്ട് ഒന്നും പറയാതെ പോവാൻ കല്യാണിക്കായില്ല. എല്ലാം ഒരു ചെറുപുഞ്ചിരിയിൽ ഒതുക്കി മുഖത്തേക്ക് നോക്കി അവൾ നടന്നു. ഇത് കണ്ട ഗോവിന്ദന്റെ ഉള്ളും പിടയ്ക്കാൻ തുടങ്ങി.

'മറുപടി പറയൂ'... വേവലാതിയിൽ അടുത്ത ചോദ്യം. ഏത് വിപത്തിന്റെയും മുകളിലാണല്ലോ പ്രണയത്തിന്റെ സ്ഥാനം. മൂന്ന് നാലടി നടന്ന് തിരിഞ്ഞുനോക്കിയ ശേഷമുള്ള കല്യാണിയുടെ പുഞ്ചിരിയായിരുന്നു അതിനുള്ള മറുപടി. ഗോവിന്ദന് സന്തോഷം അടക്കാനായില്ല. അയാൾ അട്ടഹസിച്ചു. കാടും മേടും വയലും താണ്ടി ആർത്ത് വിളിച്ചു. 'കല്യാണീ.. കല്യാണീ... കല്യാണിക്കുട്ടീ...' ഇതെല്ലാം ദൂരെ ആ ഇല്ലത്തിന്റെ മുകളിൽ നിന്ന് കല്യാണി കാണുന്നുണ്ടായിരുന്നു. ഒരു ചെറുപുഞ്ചിരിയോടെ, നാണംകൊണ്ട് സ്വപ്നം നെയ്തതുപോലെ.

ദിനരാത്രങ്ങൾ താണ്ടിയ പ്രണയം, ഗോവിന്ദനെ അപ്പുവേട്ടനും കല്യാണിയെ കല്യാണിക്കുട്ടിയുമാക്കി മാറ്റി. വയലും മേടും മമ്പുറം പള്ളിയുടെ പുറകിലെ പറങ്കിമാവിൻ ചുവടും അവരുടെ ഇടങ്ങളായി. കാലാൾപട കാണാതെ കാണാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. അമ്പലപ്പറമ്പിലും ഉത്സവരാത്രികളും, മൈതാനത്തെ നാടകവേദികളും അവർക്ക് മാത്രമായി തുറന്നുകൊടുത്തതുപോലെ. കണ്ണുവെട്ടിച്ച് സിനിമാടാക്കീസിന്റെ ബാക്ക് ബെഞ്ചിലും അവർ കണ്ണുകളിൽ പ്രണയം നെയ്തു. കത്തുകളായിരുന്നു അവധിദിനങ്ങളിലെ ആശ്വാസം. ഉറ്റതോഴി ഉമയുടെ കൈകൾക്ക് ഇന്ന് അയാൾ ഏറെ കടപ്പെട്ടിരിക്കുന്നു. ഒരിക്കൽ വീട് കാണാനെത്തിയ കല്യാണിയെ ഗോവിന്ദനിലേക്ക് ഏറെ അടുപ്പിച്ചു. അവരുടെ അകലം കുറയുകയും അധരങ്ങൾ സംസാരിക്കാൻ തുടങ്ങുകയും ചെയ്തു. ട്രെയിനിനേക്കാൾ വേഗത്തിൽ പാഞ്ഞ നെഞ്ചിടിപ്പ് കാതോരം കേൾക്കാൻ തുടങ്ങി. മുടിയിഴകളിൽ കൈകൾ പടർന്നു. ഇരുഹൃദയവും കടന്ന് ആത്മാവിൽ തൊട്ട ചുംബനങ്ങൾ അവരുടെമനസ്സിലെ പ്രണയത്തിന്റെ തീവ്രതയെ പ്രതിഫലിപ്പിച്ചു. വിട്ടുപിരിയാനാവാത്തവണ്ണം ഇണചേർന്ന ഇരുവരും തങ്ങളുടെ ശ്വാസത്തിന്റെ മിടിപ്പിൽ പോലും കൂട്ടിയിണക്കപ്പെട്ടു...

ആഹാ നിങ്ങൾ എഴുതുവോ?

ഹാ അവിടെയിവിടെയൊക്കെ ആയിട്ട്.

മറുപടി വിരളമായിരുന്നു. അക്ഷരത്തെറ്റാണ് അതിനു വിലങ്ങുതടിയായത്. ഒക്കെയൊന്ന് വായിച്ച് നോക്കിയശേഷം, ആഹാ ഞാൻ ശരിയാക്കി തരാല്ലോ എന്ന് പറഞ്ഞ് കല്യാണി ആ പേനയെടുത്തു. എന്നിട്ട്,

'ഒരു കണ്ണ് എന്നെ കൊത്തി വലിക്കുന്നു
കണ്ണിന്റെ കാന്തിയിൽ ഞാൻ ഒരു സൂര്യകാന്തിയാവുന്നു'
'നാല് ദിക്കും പടർന്ന കാർമേഘങ്ങൾ
ഒരുമിച്ച് പെയ്ത നേരം,
അവൾ എനിക്കൊരുപ്രേമലേഖനം
കനവിൽ കനലായ പ്രേമലേഖനം'
എന്നാക്കി മാറ്റി. 'ഇതാരെ കുറിച്ചാ മാഷേ?

ഗോവിന്ദൻ ചിരിച്ചുകൊണ്ട് "നീയല്ലാതെ ആരാ ഇതിന് ഉടമ?"

ഇത് കേട്ടതും കല്യാണിക്ക് ഒരു പാട് സന്തോഷമായി. ചിരിക്കാനും അല്പം കണ്ണുനിറയ്ക്കാനും മറന്നില്ല. ഒന്നുകൂടെ അയാളെ വാരിപ്പുണർന്നു. ചുംബിച്ചു. പിന്നീട് അങ്ങോട്ട് കല്യാണിക്കുട്ടി കല്യാണിടീച്ചറായി മാറി. ഇരുവരും കവിത എഴുതിയും വായിച്ചും പുസ്തകത്തിലെ നടുപേജുകളെപ്പോലെയായി.

അന്നുവരെ ആർക്കും ഒരു സംശയവും തോന്നിയില്ലെങ്കിലും ഒരു ദിവസം അച്ഛൻ തിരുമേനി ഇത് അറിയുകയുണ്ടായി. കേട്ടതിന്റെ മൂന്നാംപക്കം അയാൾ ഗോവിന്ദന്റെയടുത്തെത്തി. വളരെ ഉയർന്ന ഉച്ചത്തിൽ ഗോവിന്ദനോട് ചൂടായി. 'നീ ഇതിൽ നിന്ന് പിന്മാറിയില്ലെങ്കിൽ അവളുടെ അന്ത്യം എന്റെ കൈകൊണ്ടാണ്' എന്നായിരുന്ന താക്കീത്. തന്റെ പ്രണയം സത്യമാണെന്നും ഇനി അവളില്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല എന്നതുമായിരുന്നു ഗോവിന്ദന്റെ മറുപടി. ഇതും പറഞ്ഞ് അയാളുടെ കാലിൽ വീണ ഗോവിന്ദനെ കൂട്ടാളികൾ തല്ലിച്ചതച്ചു. ചോരവാർന്ന് കിടന്ന ഗോവിന്ദന്റെറടുത്തെത്തിയ ഉമ വഴിയാണ് രണ്ടുമൂന്നു ദിവസമായി കല്യാണിയെ പൂട്ടിയിട്ട കാര്യം അറിയുന്നത്. പുളിങ്കൊമ്പിന്റെ പകർപ്പ് അവളുടെ കാലിലും കൈയ്യിലും നിറഞ്ഞ് നിൽക്കുന്നത് കണ്ട ഉമ ഓടിവരികയായിരുന്നു.

ദിവസങ്ങൾ കടന്നുപോയി. രണ്ട് ഹൃദയങ്ങളും ഭ്രാന്ത് പിടിച്ച് അലയാൻ തുടങ്ങി. കാണാനാവാതെ കേൾക്കാനാവാതെ വിങ്ങിപ്പൊട്ടി. ആർത്ത് കരയുക എന്നല്ലാതെ മറ്റെന്ത് വഴി. ഉറക്കം നഷ്ടപ്പെട്ടു. മരിച്ചോ ജീവനുണ്ടോ എന്നറിയാതെ രണ്ടുപേരും

അലറിപെയ്യാൻ തുടങ്ങി. ഇല്ല, മരിക്കില്ല, എന്നെ തനിച്ചാക്കാനാവില്ല. വറ്റാത്ത പ്രതീക്ഷയിൽ അവർ കാത്തിരുന്നു.

ഇന്ന് ദേശത്തെ ഒരു കല്യാണമാണ്. എല്ലാവരും വരുന്ന കൂട്ടത്തിൽ കല്യാണിയും ഉണ്ടാവും. കാരണം ഉമയുടെ കല്യാണം അവൾക്ക് ഒഴിവാക്കാനാവില്ല. നേരത്തേ തന്നെ ഗോവിന്ദനവിടെ എത്തി. കണ്ടു. അതാ എന്റെ കല്യാണിക്കുട്ടി. വയറ്റിൽ തീക്കട്ട വീണു. കണ്ണുനിറഞ്ഞു. പരിവാരങ്ങളെ മാറ്റിനിർത്താൻ കല്യാണിക്കായില്ല. എന്നാലും ഇടയ്ക്കുള്ള തലയാട്ടലിലൂടെ അവളും തന്റെ അപ്പുവേട്ടനെ കണ്ടു. ഉമയുടെ അടുത്തേക്ക് ഒരുക്കാനുള്ള കൂട്ടത്തിൽ കല്യാണിയും നടന്നു. പടികയറി മുകളിലെ മുറി എത്തുന്നതിനും മുന്നേ, അവളുടെ കൈപിടിച്ച് പുറകുവശത്ത് കൂടെ ആരുമില്ലാത്ത ഒരു ഭാഗത്ത് എത്തി. രണ്ടുപേരും കരഞ്ഞുകെട്ടിപ്പിടിച്ചു. മുറുക്കെ... മുറുക്കെ... അടക്കാനാവാത്ത വിങ്ങൽ... പുറംലോകം കാണാൻ കഴിയാത്ത കാര്യങ്ങൾ പറയുകയും മുറിക്കല കാണിച്ചും കല്യാണി പൊട്ടിക്കരഞ്ഞു. ആളുകൾ കാണുമെന്ന ഭയം ഉണ്ടെങ്കിലും അവരത് കൂട്ടാക്കിയില്ല. ഉമയുടെ കല്യാണ ഫോട്ടോഗ്രാഫർ മുസ്തഫയാണ്. കഥകൾ അറിഞ്ഞ മുസ്തഫ ഗോവിന്ദനെ തിരക്കിയെങ്കിലും കാണാനൊത്തില്ല. പെട്ടെന്നാണ്, അതാ തന്റെ ചങ്ങാതി... ദൂരെ നിന്ന് ഇരുവരെയും കണ്ട മുസ്തഫ ആ കമിതാക്കളുടെ ചിത്രം തന്റെ കാമറയിൽ പകർത്തിയവിടെ നിന്ന് നീങ്ങി, ഒരു ചെറുപുഞ്ചിരിയോടെ. എന്നാൽ ഇരുവരും ചേർന്ന് നിൽക്കുന്ന രംഗം കാര്യസ്ഥന്റെ കണ്ണിലെങ്ങനെ പെട്ടു എന്നറിയില്ല. നേരെ പോയി ഇല്ലത്ത് അറിയിച്ചു. പ്രണയം അതിന്റെ ഉച്ചിയിൽ നിൽക്കുന്ന നേരം, വീട്ടിലെത്തിയാൽ അരിഞ്ഞുകളയുമെന്ന ഉറപ്പ് രണ്ടുപേർക്കും ഉണ്ടായിരുന്നു. ഒന്നും നോക്കാനില്ല, നമുക്ക് പോകാം കല്യാണീ... അപ്പുവേട്ടന്റെ കൈ മുറുക്കെ പിടിച്ച് അവളും അതിന് തയ്യാറായി.

ഉള്ളതെല്ലാം കെട്ടിപ്പെറുക്കി ഗോവിന്ദനവളുടെ കൈ പിടിച്ച് ഓടി. എന്നാൽ വിധി മറ്റൊന്നായിരുന്നു. പള്ളി കഴിഞ്ഞ്, പുറകിലെ വയലിൽ അച്ഛനും കൂട്ടരും അവരെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. രണ്ട് പേരെയും പിടിച്ചുമാറ്റി, ഗോവിന്ദനെ തല്ലിച്ചതച്ചു. വടിയും വാളും ഉപയോഗിച്ച് വെട്ടാനും മുറിക്കാനും തുടങ്ങി. ആർത്താർത്ത് കല്യാണി കാലുപിടിച്ചു. കൂട്ടാക്കിയില്ല, എന്നു മാത്രമല്ല, അയാൾ ഗോവിന്ദനെയെടുത്ത് ആ ചെളിയിലേക്ക് എറിഞ്ഞു. കല്യാണിയുടെ ബോധം പോയി. ആരൊക്കെയോ ചേർന്ന് ഗോവിന്ദനെ ആശുപത്രിയിലാക്കിയെങ്കിലും ഗോവിന്ദൻ മരിച്ചെന്ന അഭ്യൂഹം പരക്കാൻ തുടങ്ങി. കേട്ട് നിൽക്കാൻ കല്യാണിക്ക് ആയില്ല. ഒടുവിൽ ബാക്കിയുള്ള ജീവനും കല്യാണി ഒടുക്കി. അപ്പുവേട്ടനില്ലാത്ത ലോകത്ത് ഞാനും ഇല്ല എന്നായിരുന്നു അവസാനമായി കേട്ട ശബ്ദം. എന്നാൽ പെട്ടെന്ന് ബോധം വീണ ഗോവിന്ദൻ കേട്ടത് കല്യാണിയുടെ മരണവാർത്തയായിരുന്നു. അയാൾ ഓടി... ചതഞ്ഞ് ഉടഞ്ഞ ശരീരം കൊണ്ട്, കല്യാണീ... എന്നു വിളിച്ചുകൊണ്ട്... ഓടിയെത്തിയപ്പോഴേക്കും അവളുടെ ചിത കരിക്കട്ടകൾ കൊണ്ട് മൂടിയിരുന്നു. ഗോവിന്ദൻ ആർത്തുകരയാൻ തുടങ്ങി. പൊടുന്നനെ ഒരു മഴ. അന്നും ഒരു വെള്ളിയാഴ്ചയായിരുന്നു. പള്ളിയുടെ വാങ്കിന്റെ അപ്പുറത്തായിരുന്നു അയാളുടെ കരച്ചിലിന്റെ തീവ്രത. സമനിലതെറ്റിയ ഗോവിന്ദൻ കല്യാണിക്കുട്ടീ... മോളേ... കല്യാണീ... ഇങ്ങനെ പറഞ്ഞുകൊണ്ടേയിരുന്നു.

മാസങ്ങൾ കടന്നുപോയി. വീണ്ടുമൊരു കല്യാണത്തിന് എത്തിയ മുസ്തഫ ഈ കാര്യങ്ങളൊക്കെ അറിഞ്ഞു. ഗോവിന്ദനെ കാണാൻ പോയി. ആ മുറി ആകെ മങ്ങിയിരുന്നു. ചങ്ങലയുടെ ശബ്ദം മാത്രം. കൈയ്യിൽ ഒരു ഡയറിയുണ്ട്. പിച്ചുംപേയും പറഞ്ഞുകൊണ്ടിരുന്ന ഗോവിന്ദനെ കണ്ട് മുസ്തഫയുടെ കണ്ണ് നിറഞ്ഞു. ഇനി കാണുമ്പോൾ സമ്മാനമായി കൊടുക്കാൻ കരുതിവെച്ച അവരുടെ ആ ചിത്രത്തെ മുസ്തഫ ഗോവിന്ദന്റെ കൈയ്യിൽ കൊടുത്തു. ഇതു കണ്ടതും ഗോവിന്ദന്റെ ശബ്ദം നിന്നു. വിങ്ങാൻ തുടങ്ങി. ആർത്ത് കരഞ്ഞു. അതിന്റെ മാറോട് ചേർത്ത കല്യാണിക്കുട്ടീ എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞു.... കണ്ട് നിൽക്കാനായില്ല, മുസ്തഫ കരഞ്ഞുകൊണ്ട് പിൻവാങ്ങുകയാണ് ചെയ്തത്.

രണ്ട് പതിറ്റാണ്ടിനിപ്പുറം വീണ്ടും മുസ്തഫ ആ വഴി വന്ന് ഗോവിന്ദനെ തിരയുകയുണ്ടായി. അച്യുതൻമാരാർ വീടിന്റെ മച്ച് കാണിച്ചുകൊണ്ട് പറഞ്ഞു- ഇതിലേ പോയി നോക്കൂ. ഉപദ്രവിക്കില്ല. പക്ഷേ അധികനേരം നിൽക്കണ്ട. ഇതും പറഞ്ഞ് മാരാർ പടിയിറങ്ങി.. മുസ്തഫ പടികൾ കയറാനും. പ്രായം ഏറിത്തുടങ്ങിയ ശരീരത്തിൽ ചങ്ങലയുടെ മുറുക്കവും അതിലെ മുറിവിന്റെ ഗന്ധവും ആ മുറിയെ വലിഞ്ഞുമുറുക്കിയിരുന്നു. ഇന്നും പേജുകൾ തീരാത്ത ഡയറി അയാളിലുണ്ട്. ഗോവിന്ദൻ ഇരിക്കുന്നതിന്റെ നേരെ മുന്നിൽ ആ ചിത്രം (ഫോട്ടോ) ഉണ്ടായിരുന്നു. തുടച്ച് വൃത്തിയാക്കിയ മട്ടിൽ. കണ്ണീരുപ്പ് വീണ മങ്ങിയ ഗ്ലാസ്സിന്റെ ശോഭ, മുസ്തഫയിൽ വിള്ളലുണ്ടാക്കി. നിലത്തിരുന്ന് പിറുപിറുക്കുന്ന ഗോവിന്ദന്റെ കണ്ണുകൾ ആ ചില്ലുകൂടാരത്തിലേക്ക് ആയിരുന്നു. തന്റെ മുന്നിൽ ചില്ലിട്ടുതൂക്കിയ ഓർമ്മകളെ, അയാൾ എങ്ങനെ സഹിക്കുന്നു എന്നറിയാതെ മുസ്തഫ വിതുമ്പി. ചുമരിനോട് ചേർന്ന് ഒട്ടിനിൽക്കുന്ന ആ ഓർമ്മകളെ നോക്കി, ഗോവിന്ദൻ കണ്ണ് നിറച്ചുകൊണ്ടേയിരുന്നു.... തകർന്നടിഞ്ഞ തന്റെ സുഹൃത്തിനെ അയാൾ വാരിപ്പുണർന്നു. കൈയ്യിലുള്ള ഡയറിയൊന്ന് എടുത്തുനോക്കി. അതിലെ അവസാനഭാഗം ഇങ്ങനെയായിരുന്നു.

"അവളിന്നുമീ എൻ ഓർമയിൽ
മഴയായ് പൊഴിയുന്നു...
അനുരാഗം ആർദ്രമായ്
നിറയുന്ന കൺകളിൽ,
മറയുന്ന വിണ്ണിലെ താരമേഘങ്ങളും
ഉയരുന്ന നെഞ്ചിലെ വാതായനങ്ങളും
നിളയായൊഴുകുമവൾ
എൻ ഉള്ളരങ്ങിൽ
നിലാവിൽ പൂത്ത ചന്ദ്രനെപ്പോൽ..."

വായിച്ചുതീർക്കാൻ ആയില്ല, മുസ്തഫ ഗോവിന്ദനെ ചേർത്ത് പിടിച്ചു. വിങ്ങിപ്പൊട്ടി. നിശ്ശബ്ദത പടരാൻ തുടങ്ങി. മുസ്തഫ ഗോവിന്ദനെ വിളിച്ചുകൊണ്ടേയിരുന്നു. ഗോവിന്ദാ... ഗോവിന്ദാ... അപ്പൂ....

■




■ നിത്യ യു എസ്
എസ് എൻ കോളജ് കൊല്ലം

# ഫെഡറലിസത്തിന്റെ അനിവാര്യത

പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കാണ് ഇന്ത്യ, ഭരണ ഘടന അനുശാസിക്കുന്ന ഈ കാഴ്ചപ്പാടാണ് നമ്മുടെ രാജ്യത്തെ മുന്നോട്ട് നയിക്കുന്നത്. ആ സ്ഥിതി തുടരണമെങ്കിൽ അതിൽ ഊന്നിയുള്ള വിദ്യാഭ്യാസമായിരിക്കണം ഇവിടെ വികസിച്ചുവരേണ്ടത്.

വിദ്യാഭ്യാസമേഖല പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ ആയിരുന്നു. എന്നാൽ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്രത്തിനും സംസ്ഥാനത്തിനും ഇടപെടാവുന്ന മേഖലയായി അത് മാറി. പുതിയ വിദ്യാഭ്യാസനയത്തിലൂടെ, ഈ അവകാശം കൂടി ഇല്ലാതാവുകയാണ്. അതായത്, രാജ്യത്ത് ഫെഡറലിസം ഇല്ലാതാക്കികൊണ്ട് വർഗ്ഗീയതയുടെ വേരുകൾ നഴ്സറി തലം മുതൽ കുഞ്ഞുങ്ങളിൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

സമ്പന്നനും ദരിദ്രനും ഒരുപോലെ സൗജന്യവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം എത്തിക്കുക എന്ന നിർദ്ദേശമാണ് 1968 ൽ പുറത്തുവന്ന ഒന്നാമത്തെ വിദ്യഭ്യാസ നയത്തെ ശ്രദ്ധേയമാക്കിയത്. അന്ന് വിദ്യാഭ്യാസം സംസ്ഥാന വിഷയമായിരുന്നു. കേന്ദ്രത്തിന് ഇടപെടുന്നതിൽ പരിമിതികൾ ഉണ്ടായിരുന്നു.

എന്നാൽ 1976 ൽ 42-ാ മത് ഭരണഘടനാ ഭേദഗതിയിലൂടെ വിദ്യാഭ്യാസം കേന്ദ്രത്തിനും സംസ്ഥാനത്തിനും സംയുക്ത അധികാരമുള്ള കൺകറന്റ് ലിസ്റ്റിൽ വന്നു. തുടർന്ന് 1986 ൽ രണ്ടാം വിദ്യാഭ്യാസനയം പുറത്തുവന്നു. വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ വിദേശനിക്ഷേപം കടന്നുവരാൻ ഈ നയം വഴിതുറന്നു. എങ്കിലും ജനാധിപത്യം, മതനിരപേക്ഷത, തുല്യത തുടങ്ങിയ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ ആ നയം ഉൾക്കൊണ്ടിരുന്നു.

2020 ജൂലൈ 29 ന് ആണ് കേന്ദ്ര സർക്കാർ പുതിയ നയരേഖ പ്രഖ്യാപിച്ചത്. നവലിബറൽ നയങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ഹിന്ദുത്വ അജണ്ടകൾ വിദ്യാഭ്യാസരംഗത്ത് അടിച്ചേൽപ്പിക്കാനാണ് പുതിയ നയം ശ്രമിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് ഫെഡറലിസം തച്ചുടക്കുന്ന ഒരു കാഴ്ചയ്ക്കാണ് നാം ഇന്ന് സാക്ഷ്യം വഹിക്കുന്നത്.

2000 ൽ വിദ്യാഭ്യാസരംഗം കാവിവൽക്കരിക്കാൻ പോന്ന പാഠ്യപദ്ധതിക്ക് രൂപരേഖ തയ്യാറാക്കാനും, 2002 ൽ നവലിബറൽ അജണ്ടയ്ക്കനുസരിച്ച്, അംബാനി-ബിർല റിപ്പോർട്ട് രൂപം കൊടുക്കാനും ശ്രമിച്ചത് ഓർക്കാവുന്നതാണ്. ആ റിപ്പോർട്ട് പ്രധാനമായും മാർക്കറ്റ് അധിഷ്ഠിത വിദ്യാഭ്യാസം എങ്ങനെ നടപ്പിലാക്കാം എന്നാണ് പരിശോധിച്ചത്. ദേശീയ ശാസ്ത്ര കോൺഗ്രസ് പോലുള്ള വേദികളിൽ പോലും മിത്തുകളെയും ഐതിഹ്യങ്ങളെയും പൗരാണിക ശാസ്ത്രപുരോഗതിയായി ഉത്ഘോഷിക്കാൻ

മടികാട്ടിയില്ല.

രാജ്യത്തിന്റെ ഭാവിഭാഗദേയം നിർണ്ണയിക്കുന്ന പുതുതലമുറയെ വാർന്നെടുക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ഒരു രാജ്യത്തിന്റെ ഭരണഘടന ആ രാജ്യത്തെ മുന്നോട്ടു നയിക്കേണ്ട ഉദാത്തമായ കാഴ്ചപ്പാടുകളുടെയോ സ്വപ്നങ്ങളുടെയോ അടിസ്ഥാനത്തിൽ രൂപപ്പെടുത്തി എടുക്കുന്നതാണ്. ഇന്ത്യൻ സമൂഹം എങ്ങനെയായിരിക്കണം എന്ന് ഭരണ ഘടനയുടെ ആമുഖത്തിൽ തന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിൽ പറയുന്ന പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി നമ്മുടെ രാജ്യം തുടരണമെങ്കിൽ അതിൽ ഊന്നിയ വിദ്യാഭ്യാസമായിരിക്കണം ഇവിടെ വികസിച്ചുവരേണ്ടത്.

### അട്ടിമറിക്കപ്പെടുന്ന ഫെഡറൽ സംവിധാനം

1976 വരെ സംസ്ഥാന ലിസ്റ്റിലായിരുന്ന വിദ്യാഭ്യാസം 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റപ്പെട്ടത്. അതോടെ കേന്ദ്രത്തിനും സംസ്ഥാനത്തിനും ഇടപെടാവുന്ന മേഖലയായി വിദ്യാഭ്യാസം മാറി. സംസ്ഥാനത്തിന് ഭരണഘടന അനുവദിച്ചുകൊടുത്തിട്ടുള്ള അവകാശങ്ങളും അധികാരങ്ങളും ഇല്ലാതെയാക്കുന്ന രീതിയിലാണ് ഇപ്പോഴത്തെ പോക്ക്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ UGC, NEET, KEEM മുതലായവയുടെ ഒക്കെ വരവ് ഇത് ഉറപ്പാക്കുകയാണ്. ഇത്തരം ഏജൻസികൾ അമിത കേന്ദ്രീകരണത്തിനും ഉദ്യോഗസ്ഥവൽക്കരണത്തിനും ഇടയാക്കും. ഇത് പലതരം അഴിമതിക്ക് കാരണമാകും.

ദേശീയ ഏജൻസികൾ വഴി പദ്ധതികളെ കേന്ദ്രീകരിക്കാൻ കഴിയുമെന്നതിന് ഉദാഹരണമാണ് യു.ജി.സി. സംസ്ഥാനത്ത് എത്ര മികച്ച രീതിയിൽ ഉന്നതവിദ്യാഭ്യാസം കൊണ്ട് പോകാൻ കഴിഞ്ഞാലും, ദേശീയതലത്തിൽ നിർദ്ദേശിക്കുന്ന ചട്ടങ്ങളനുസരിച്ചുള്ള പദ്ധതികൾക്ക് മാത്രമെ കേന്ദ്രതല അംഗീകാരം ലഭിക്കൂ. നമ്മുടെ നാട്ടിലെ ഒരു കോളേജിൽ എന്ത് പ്രവർത്തനം നടക്കണമെന്ന് അന്തിമമായി തീരുമാനിക്കുന്നത് യു.ജി.സി. ആണ്.

**സംസ്ഥാനത്തിന് ഭരണഘടന അനുവദിച്ചുകൊടുത്തിട്ടുള്ള അവകാശങ്ങളും അധികാരങ്ങളും ഇല്ലാതെയാക്കുന്ന രീതിയിലാണ് ഇപ്പോഴത്തെ പോക്ക്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ UGC, NEET, KEEM മുതലായവയുടെ ഒക്കെ വരവ് ഇത് ഉറപ്പാക്കുകയാണ്. ഇത്തരം ഏജൻസികൾ അമിത കേന്ദ്രീകരണത്തിനും ഉദ്യോഗസ്ഥവൽക്കരണത്തിനും ഇടയാക്കും.**

വൈസ് ചാൻസിലർ മുതൽ താഴേക്കുള്ള നിയമനങ്ങളിലെല്ലാം കേന്ദ്രം പിടിമുറുക്കുകയാണ്. ജനാധിപത്യ വ്യവസ്ഥയിൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന് സ്വന്തം സംസ്ഥാനത്തിലെ യൂണിവേഴ്സിറ്റി കോളേജ് പ്രവർത്തനങ്ങളിൽ യാതൊരുവിധ പങ്കാളിത്തവും ലഭ്യമാക്കാത്ത രീതിയിലേക്കാണ് കാര്യങ്ങളുടെ പോക്ക്.

പുതിയ വിദ്യാഭ്യാസനയത്തിന്റെ മറവിൽ രാജ്യം മുഴുവൻ ഒരു ഏകീകൃത സിലബസ് ആക്കാനുള്ള സാധ്യത പോലും വിദൂരത്തല്ല. ഇന്ത്യയിൽ ഏറ്റവും നല്ല ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്ന സംസ്ഥാനമാണ് കേരളം.

അദ്ധ്യാപകർ, പാഠ്യവിഷയങ്ങൾ, സിലബസ് തുടങ്ങിയ മേഖലകളിലെല്ലാം കേരളത്തിന് തനത് മുദ്ര പതിപ്പിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടുണ്ട്. ഈ ഇനങ്ങളിലൊക്കെയുള്ള പൂർണ്ണസ്വാതന്ത്ര്യം സംസ്ഥാനത്തിനുതന്നെയായിരുന്നു. കേന്ദ്രം പോലും വിദ്യാഭ്യാസമേഖലയിൽ പല കാര്യങ്ങൾക്കും കേരളത്തെയാണ് മാതൃകയാക്കുന്നത്. എന്നാൽ ഇതൊക്കെ തച്ചുടച്ചുകൊണ്ട് വിദ്യാഭ്യാസത്തിൽ കൂടുതൽ കേന്ദ്രീകരണങ്ങൾ കൊണ്ടുവരുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

NEET, UGC-NET, JEE തുടങ്ങിയ പരീക്ഷകളിലൂടെയുള്ള അഡ്മിഷൻ രംഗത്തെ ഏകീകരണം കൂടിയാകുമ്പോൾ വിദ്യാഭ്യാസരംഗത്തെ എല്ലാ മേഖലയിലും പിടിമുറുക്കാനുള്ള തിടുക്കത്തിലാണ് കേന്ദ്രസർക്കാർ.

ഭരണഘടനാഭേദഗതി ഇല്ലാതെ തന്നെ കൺകറന്റ് ലിസ്റ്റിലെ ഇനത്തെ കേന്ദ്ര ലിസ്റ്റിലെ ഇനമാക്കി മാറ്റാനുള്ള ശ്രമം ആണ് നടക്കുന്നത്. രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കേണ്ട തലമുറയെ വാർത്തെടുക്കേണ്ടത് വിദ്യാഭ്യാസം എന്ന പ്രക്രിയയിലൂടെയാണ്. രാജ്യത്ത് ഏറ്റവും പ്രാധാന്യം നൽകി ആ മേഖലയുടെ ഗുണനിലവാരം നിലനിർത്തുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ആ സ്വാതന്ത്ര്യം ഇനി എത്ര കാലം ഉപയോഗിക്കാൻ കഴിയും എന്നത് സംശയം ആണ്. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിഷ്കരണങ്ങളും ഫെഡറലിസം നശിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസമേഖലയിലെ കേന്ദ്രീകരണവും നമുക്ക് ഒട്ടും ഗുണകരമാവില്ല.

യു.ജി.സി. റെഗുലേഷൻ നിഷ്കർഷിക്കുന്നതനുസരിച്ച് അധ്യാപകരെ വിലയിരുത്തിയാണല്ലോ ഇപ്പോൾ പ്രമോഷനുകളും മറ്റും നടത്തുന്നത്. സമയബന്ധിതമായി കിട്ടിക്കൊണ്ടിരുന്ന പ്രമോഷനുകൾ ഇപ്പോൾ ഘട്ടംഘട്ടമായി നടക്കുന്ന അസസ്മെന്റിലൂടെ ആണല്ലോ നടക്കുന്നത്. വിദ്യാഭ്യാസമേഖലയുടെ സർഗ്ഗാത്മകതയെ നശിപ്പിക്കുന്ന ആവശ്യമില്ലാത്ത മത്സരബുദ്ധി ഉണ്ടാക്കാൻ മാത്രമേ ഇത് ഉപകരിക്കൂ.

### ഉന്നത വിദ്യാഭ്യാസം

1958 ലെ ആക്ട് പ്രകാരം നിലവിൽ വന്ന യു.ജി.സി. ആണ് ഉന്നതവിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരവും സാമ്പത്തിക സപ്പോർട്ടും ഏകോപിപ്പിക്കുന്നത്. ഐ.ഐ.ടി, ഐ.ഐ.എം. പോലുള്ള സ്ഥാപനങ്ങൾ നമുക്കുണ്ടെങ്കിലും ലോക റാങ്കിങ്ങിൽ നമ്മുടെ സ്ഥാപനങ്ങൾ വളരെ പിന്നിലാണ്. ഭൗതിക സാഹചര്യങ്ങളുടെ കുറവ്, അക്കാദമികനിലവാരത്തിന്റെ കുറവ്, ഫണ്ടിന്റെ അപര്യാപ്തത തുടങ്ങിയവയൊക്കെ ഇതിനു കാരണങ്ങളാണ്.

അതാതു സംസ്ഥാനങ്ങളുടെ ഭൗതിക



സാഹചര്യങ്ങളും, രീതികളും അനുസരിച്ച് പരിഹരിക്കേണ്ട ഈ വിഷയങ്ങൾ കേന്ദ്രീകൃതമാക്കുന്നതോടെ കൂടുതൽ സങ്കീർണ്ണമാവുകയേ ഉള്ളൂ.

ദേശീയ ഗവേഷണ ഫൗണ്ടേഷൻ വരുന്നതോടെ ഗവേഷണ മേഖലയും കേന്ദ്രീകരിക്കപ്പെടും. ഏകോപനവും ധനസഹായവും ഈ ഒരു ഒറ്റ കേന്ദ്രത്തിൽ നിന്നും ആയി മാറും. സ്വതന്ത്ര ഗവേഷണം സാധ്യമല്ലാതെ വരും. സമിതികൾ നിർദ്ദേശിക്കുന്ന മേഖലയിൽ ഗവേഷണം നടത്തേണ്ടിവരും.

ചുരുക്കത്തിൽ ആരുടെയൊക്കെയോ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടാനായി നാം ഗവേഷണം നടത്തേണ്ടി വരും.

ഫെഡറലിസം തച്ചുടക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണ് Higher Education Commission of India (HECI) യുടെ രൂപീകരണം. പ്രധാനമന്ത്രി അധ്യക്ഷനായുള്ള ഈ സമിതിയുടെ കീഴിലായിരിക്കും ഉന്നത വിദ്യാഭ്യാസമേഖല. നാഷണൽ ഹയർ എഡ്യൂക്കേഷൻ റെഗുലേറ്ററി കൗൺസിൽ, നാഷണൽ അക്രഡിറ്റേഷൻ കൗൺസിൽ, ഹയർ എഡ്യൂക്കേഷൻ ഗ്രാൻറ്സ് കൗൺസിൽ, ജനറൽ എഡ്യൂക്കേഷൻ കൗൺസിൽ ഇങ്ങനെ നാല് സംവിധാനത്തിലായിരിക്കും ഇത് പ്രവർത്തിക്കുക. ഇതിലുള്ള കേന്ദ്രീകരണം ഭരണഘടന ഉറപ്പു നൽകുന്ന ഫെഡറലിസത്തിനെതിരാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിന് സംസ്ഥാന സർക്കാരിന് യാതൊരു അധികാരവും ഉണ്ടാകില്ല. എഡ്യൂക്കേഷൻ കൗൺസിൽ തീരുമാനിക്കുന്ന കാര്യങ്ങളുടെ നടത്തിപ്പുകാരായി സർവ്വകലാശാലകൾ മാറും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെയും കോർപ്പറേറ്റുകളുടെയും ബോർഡ് ഓഫ് ഗവേർണൻസ് ഉണ്ടാകും. എല്ലാ തീരുമാനങ്ങളും ബോർഡ് ഓഫ് ഗവേർണൻസ് കൈക്കൊള്ളും. സ്റ്റേറ്റ് യൂണിവേഴ്സിറ്റി എന്ന സങ്കല്പം തന്നെ അപ്രസക്തമാകും. സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് സമിതികൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഇപ്പോഴെ കണ്ടുതുടങ്ങി. സംവരണം അട്ടിമറിക്കപ്പെടും എന്നതിൽ യാതൊരു സംശയവുമില്ല. വിദേശ സർവകലാശാലകൾ വിദ്യാഭ്യാസരംഗത്ത് സജീവമാകും. ഫീസും അധ്യാപകരുടെ ശമ്പളവും ഉടമകൾ നിർണ്ണയിക്കും. സ്വാഭാവികമായും ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ഒരു കച്ചവടമായി വിദ്യാഭ്യാസം മാറും.

## ഉപസംഹാരം

കേന്ദ്രം, സംസ്ഥാനം, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ രീതിയിൽ വികേന്ദ്രീകരിക്കപ്പെട്ട ഘടനയിലാണ് നമ്മുടെ രാജ്യത്തെ ഭരണസംവിധാനം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രസർക്കാർ പിടിമുറുക്കുമ്പോൾ സംസ്ഥാന സർക്കാരുകളുടെ ഇടപെടൽ, പിന്തുണ എന്നിവ ഇല്ലാതാകും. യു.ജി.സി. ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ അഴിമതിയുടെയും, കെടുകാര്യസ്ഥതയുടെയും കേന്ദ്രങ്ങളാണെന്ന് പകൽ പോലെ വ്യക്തമാണല്ലോ. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വികേന്ദ്രീകരണം നിർബന്ധമായും പാലിക്കുന്ന ജനാധിപത്യ വ്യവസ്ഥയിൽ ഭരണത്തിലേറിയ സംസ്ഥാന സർക്കാരിന് പ്രാദേശിക, സാംസ്കാരിക താല്പര്യങ്ങൾക്കനുസരിച്ച് ഇവിടത്തെ വിദ്യാഭ്യാസത്തെ നിയന്ത്രിക്കാനുള്ള അവകാശം സംരക്ഷിക്കുക തന്നെ വേണം. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് നയപരമായ ഏകോപനം മാത്രമേ ആകാവൂ. നിർബന്ധിതമാകരുത്. അധ്യാപകർ, വിദ്യാർഥികൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവർക്കിടയിൽ അഭിപ്രായസമന്വയം ഉണ്ടാകണം.

ഉന്നത വിദ്യാഭ്യാസമേഖല സ്വപ്നം കാണുന്ന വൈജ്ഞാനിക സമൂഹം കെട്ടിപ്പെടുത്താൻ ഇവിടം മികവിന്റെ കേന്ദ്രങ്ങളായി മാറാൻ, ഫെഡറലിസം സംരക്ഷിക്കപ്പെടട്ടെ. ■

കവിത
അധ്യാപക
വിഭാഗം
മൂന്നാം
സ്ഥാനം

ഡോ. സന്തോഷ് വള്ളിക്കാട്
മലയാളവിഭാഗം എൻ.എസ്.എസ്. കോളേജ് മഞ്ചേരി

# മഴവിൽക്കൊടിയുടെ മുനമുക്കി

## അമ്മ

സ്നേഹിക്കാൻ ജന്മമെടുത്തവൾ.
അടുക്കളയിലും അകത്തളത്തിലും
വെച്ചുവിളമ്പാൻ വിധിക്കപ്പെട്ടവൾ.
നോവുചൂഴുന്ന സ്വപ്നങ്ങൾ
തലയണയ്ക്കടിയിൽ ചിതറിപ്പോയവൾ.
വേച്ച് വേച്ച് നടക്കാൻ പഠിപ്പിക്കവേ
കാലടിയിൽ പറ്റിയ മണ്ണ്
ചേലത്തുമ്പാൽ തുടച്ചവൾ.
സ്വന്തമായ എല്ലാം ദാനം ചെയ്ത്
നെടുവീർപ്പിൽ അലിഞ്ഞ് ഇല്ലാതായവൾ.
പിണഞ്ഞു പടരുന്ന ബന്ധങ്ങളിൽ
അടർത്തിമാറ്റാനാവാത്ത വിധം
അലിഞ്ഞുചേർന്നവൾ.
ഉറക്കത്തിനും ജാഗ്രത്തിനും ഇടയിൽ
ഈണറിമയാതെ പാടിപ്പോയവൾ.
ഒരു പുഞ്ചിരി എന്നും ചുണ്ടിലൊതുക്കി
മഹാമൗനത്തിൽ ഘനീഭവിച്ചവൾ.
ഉരുകിത്തീരുന്ന ചിന്തകളാൽ
അടുക്കള കരിവീണ് കരുവാളിച്ച ചിത്രം.
മനസ്സിന്റെ മുറിപ്പാടുകൾ തഴുകി
ചിറകറ്റ പക്ഷിയെപ്പോലെ.
ചിലപ്പോഴെങ്കിലും നീ
ഉപേക്ഷിക്കപ്പെട്ട ഊമക്കുയിലിന്റെ നിലവിളി.
നീ തുറന്നിട്ട വാതിലിലൂടെയാണ്
നിലാവും വെയിലും ഒഴുകിയെത്തിയത്.
മഴ സ്പർശം ഞാനറിഞ്ഞത്.
ഇരുളും വെളിച്ചവും ഇഴപിരിച്ചറിഞ്ഞ്
ഞാൻ പുറത്തേയ്ക്കിറങ്ങിയത്.
ചിലപ്പോൾ
പഴയ പാത്രങ്ങൾ പോലെ
തേഞ്ഞടർന്ന് പഴകി ഞെണുങ്ങി
ഒച്ചയൊന്നും കേൾപ്പിക്കാതെ കമിഴ്ന്ന കിടക്കും.
അല്ലെങ്കിൽ
ചിലന്തികൾക്കും പാറ്റകൾക്കും എലികൾക്കും
ഒളിച്ചിരിക്കാനും കൂടൊരുക്കാനും
ഒരിടം നൽകി കാവൽ നിൽക്കും.
അതുമല്ലെങ്കിൽ
ലഹരിയുടെ മാന്ത്രിക സ്പർശം
എരിവിന്റെ രാസരസവിദ്യ.



അമ്മ
അദൃശ്യമായി പിടിച്ച ഒരു വിരൽ
ഓർമ്മകളിലേക്ക് തിരിച്ചു നടക്കുന്ന ഒരു പാത.
ആകാശത്തിലേക്ക് പറത്തിവിട്ട പട്ടം പോലെ
കയറിന്റെയറ്റത്തെ നിയന്ത്രണ യന്ത്രം.
ഒരു വേള എത്ര തൂത്തുമിനിക്കിയാലും
വൃത്തിയാകാത്ത വീട് പോലെ
വിരിഞ്ഞ നെറ്റിയിലെ കരുവാളിച്ച സീമന്തം.
മുലപ്പാലിനും കുപ്പിപ്പാലിനും ഇടയിൽ വീണടിഞ്ഞ
അടിവയറ്റിന്റെ ഗദ്ഗദം.
അമ്മയെന്ന വാക്ക് നെഞ്ചേറ്റുമ്പോൾ
ഹൃദയച്ചെപ്പിൽ അലകടലിന്റെ ഇരമ്പൽ.
തൊട്ടിലിന്റെ താളത്തിൽ
പാടി മുഴുവിക്കാത്ത ഒരു ഗാനം.
അമ്മ
നാളെയുടെ സ്വപ്നങ്ങളിൽ നിന്ന് എടുത്ത് മാറ്റപ്പെട്ടവൾ.
തണുപ്പിൽ ചേർത്തുപിടിച്ച്
കൂട്ടിരിക്കുന്ന അഭയം.
വരാനിരിക്കുന്ന അകലങ്ങളെ
കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുന്ന പ്രതീക്ഷ.
വിഴുപ്പായി മാറിയ
അലക്കാൻ കഴിയാത്ത വസ്ത്രം.
പിന്നിക്കീറി തുളകൾ വീണ
തുന്നിച്ചേർക്കാൻ കഴിയാത്ത മുഷിഞ്ഞ വസ്ത്രം.
മൗനമുടഞ്ഞ മുഖക്കണ്ണാടിയിലെ
ചീർത്തുവീർത്ത കണ്ണീർക്കണം.
കൂടൊരുക്കി കാത്തിരിക്കുന്ന ചിറകടിയൊച്ചകൾ.
കൺപോളകളിലെ ഉറക്കച്ചടവിൽ
പേടിസ്വപ്നങ്ങൾക്കുള്ള കാവൽ.
തിമർത്തു പെയ്യുന്ന മഴച്ചോട്ടിൽ
ചേർത്തുപിടിക്കുന്ന കുളിർമ്മ
അമ്മ
ചിലപ്പോഴൊക്കെ
നിഴൽ വീഴുന്ന സന്ധ്യാവഴിയിലെ സംഭ്രമം.
കൂട്ടംതെറ്റിപ്പോയ നക്ഷത്രം.
ശ്രുതി തെറ്റിപ്പോയ രാഗം.
കളിപ്പാട്ടം നഷ്ടപ്പെട്ട കുട്ടിയുടെ മനസ്സ്.
വാർദ്ധക്യം വന്ന് പടുതിരി കത്തുന്ന വിളക്ക്.
മേൽവിലാസം തെറ്റിപ്പോയ ഒരു കത്ത്.
പറഞ്ഞു തീരാത്ത ഒരു കഥ.
രഹസ്യങ്ങൾ ഉള്ളിലൊളിപ്പിച്ച്
കണ്ണിറുക്കി ചിരിക്കുന്ന കടൽ.
അടുക്കുന്തോറും അകന്നു പോകുന്ന ആകാശം.
വർണ്ണങ്ങൾ ചാലിച്ച് ചേർക്കുന്നതിനിടെ
നിറങ്ങൾ അപ്രത്യക്ഷമായ ക്യാൻവാസ്.
കവിതയെഴുതി ശരിയാകാതെ
ചുരുട്ടിയെറിഞ്ഞ കടലാസ്.
അതുമല്ലെങ്കിൽ
ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമ.
അതുകൊണ്ടാവാം
മഴവിൽക്കൊടിയുടെ മുനമുക്കി
അമ്മയെക്കുറിച്ച് മുഴുമിക്കാത്ത കവിത
എന്നും എഴുതാനിരിക്കുന്നു.



# അറുപത്തിയേഴാം സംസ്ഥാന സമ്മേളനം

എകെപിസിടിഎ അറുപത്തിയേഴാം സംസ്ഥാന സമ്മേളനം പാലക്കാട് എം എ ബേബി ഉദ്ഘാടനം ചെയ്തു.

ദി ആൾ കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (എകെപിസിടിഎ) അറുപത്തിയേഴാം സംസ്ഥാന സമ്മേളനം മാർച്ച് 15 ന് പാലക്കാട് വച്ച് മുൻ വിദ്യാഭ്യാസ - സാംസ്കാരിക വകുപ്പ് മന്ത്രി എം.എ. ബേബി ഉദ്ഘാടനം ചെയ്തു.ശാസ്ത്രസാങ്കേതിക വിദ്യ ലോകത്തെ ഒരു ഘടകമായി സങ്കല്പിക്കുമ്പോൾ അതിലെ അപകടങ്ങളെ തിരിച്ചറിയുവാൻ കൂടി വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാൻ അദ്ധ്യാപകർക്ക് കഴിയേണ്ടതുണ്ട്. അറിവിന്റെ വ്യത്യസ്ത ലോകങ്ങളും നൈപുണ്യത്തിന്റെ പുതിയ സാധ്യതകളും വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നതിനൊപ്പം നല്ല മനുഷ്യരായി മാറാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതും ശാസ്ത്രോന്മുഖമായ ചിന്താശേഷി വികസിപ്പിക്കുക എന്നതും എകെപിസിടിഎ പോലുള്ള അദ്ധ്യാപകസംഘടനയുടെ ദൗത്യമാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് എം.എ. ബേബി സംസാരിച്ചു. എകെപിസിടിഎ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യരചനാമത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ എം.എ.ബേബി വിതരണം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു.

ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു മുഖ്യ പ്രഭാഷണം നടത്തി. അഖിലേന്ത്യാ തലത്തിൽ നടക്കുന്ന അമിതാധികാര കേന്ദ്രീകരണത്തിനും വർഗ്ഗീയവത്കരണത്തിനും കമ്പോളവത്ക്കരണത്തിനും എതിരെ ജനപക്ഷ വൈജ്ഞാനികപ്രവർത്തനങ്ങളിലൂടെ പ്രതിരോധിക്കാനുള്ള ദൗത്യം കൂടി എകെപിസിടിഎ ഏറ്റെടുക്കേണ്ടതുണ്ട്.സൈദ്ധാന്തികമായ അറിവുകളെ പ്രായോഗികതലത്തിലേയ്ക്ക് പരിവർത്തിപ്പിച്ചുകൊണ്ട് വൈജ്ഞാനികമായ ബദൽ സൃഷ്ടിക്കുകയും കേന്ദ്രഗവൺമെന്റിന്റെ വിദ്യാഭ്യാസ നയങ്ങളെ ചെറുക്കുകയും ചെയ്യേണ്ടതുണ്ടത് അനിവാര്യതയായി വരുന്നു.. ജനാധിപത്യപരമായി രൂപീകൃതമായ സാമൂഹിക ഘടനയെ അസമത്വത്തിലേക്കും അശാസ്ത്രീയതയിലേക്കും നയിക്കുന്ന അറിവുവഴികൾ ഇന്ത്യയിൽ ഗൂഢമായി പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. വൈജ്ഞാനിക സമൂഹം എന്ന ആശയത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മുടെ പൊതുസർവ്വകലാശാലകളെ ശാക്തീകരിച്ചുകൊണ്ട് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ട് സാമൂഹിക നിയന്ത്രണം ഉറപ്പാക്കിക്കൊണ്ടുതന്നെയാണ് സ്വകാര്യ സർവകലാശാല ബിൽ അവതരിപ്പിക്കുവാൻ പോകുന്നതെന്നും അത് കാലഘട്ടത്തിന്റെ ആവശ്യമായി വന്നിരിക്കുന്ന എന്നും ലോകത്തിലെ തന്നെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി കേരളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ഡോ.ആർ.ബിന്ദു അഭിപ്രായപ്പെട്ടു. ഇതോടൊപ്പം കലാലയങ്ങളെ ലഹരിമുക്ത ക്യാമ്പസുകളാക്കി മാറ്റാനുള്ള പ്ര

വർത്തനങ്ങളിൽ ഏർപ്പെടണമെന്നും എകെപിസിടിഎ അതിനുവേണ്ടി തനത് പദ്ധതികൾ ആവിഷ്കരിക്കണമെന്നും ഡോ. ആർ.ബിന്ദു ആഹ്വാനം ചെയ്തു. മികച്ച കോളജ് യൂണിയനുള്ള അഭിമന്യു അവാർഡ് കോഴഞ്ചേരി സെന്റ് തോമസ് കോളജിന് ഡോ .ആർ.ബിന്ദു സമ്മാനിച്ചു.സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അദ്ധ്യാപകരുടെ കായികമത്സരങ്ങൾക്കുള്ള സമ്മാനങ്ങളും മന്ത്രി വിതരണം ചെയ്തു. എകെപിസിടിഎ സോഷ്യൽ വെൽഫെയർ & ഡിഫറന്റ്‌ലിഏബ്ൾഡ് കമ്മിറ്റി തയ്യാറാക്കിയ ഭിന്നശേഷി നയരേഖ എകെപിസിടിഎ മുൻ ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ ഉന്നത വിദ്യാഭ്യാസ മന്ത്രിയ്ക്ക് കൈമാറി.

ഐെഫക്ടോ ജനറൽ സെക്രട്ടറി ഡോ .അരുൺകുമാർ, കേരള എൻജിഒ യൂണിയൻ ജനറൽ സെക്രട്ടറി എം.എ. അജിത്ത് കുമാർ, കെഎസ്ടിഎ ജനറൽ സെക്രട്ടറി ടി.കെ.എ ഷാഫി, KGOA വൈസ് പ്രസിഡണ്ട് പി.പി. സുധാകരൻ, കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് വൈസ് പ്രസിഡണ്ട് വിനോദ് നീക്കാമ്പുറത്ത്, FUTO പ്രസിഡന്റ് ഡോ .ഹരികുമാരൻ തമ്പി, KNTEO വർക്കിങ് പ്രസിഡന്റ് സുനിൽ പി.നായർ എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു സംസാരിച്ചു.

സ്വാഗതസംഘം ചെയർമാനും മുൻ എംപിയുമായ എൻ.എൻ.കൃഷ്ണദാസ് സ്വാഗതവും എകെപിസിടിഎ ജനറൽ സെക്രട്ടറി ഡോ.ബിജുകുമാർ കെ. നന്ദിയും പറഞ്ഞു. സർവീസ് സെൽ കൺവീനർ സുഷമ രാജ് ആർ.വി രക്തസാക്ഷി പ്രമേയവും, കേരള പ്രൈവറ്റ് കോളജ് ടീച്ചർ എഡിറ്റർ ഡോ.എൻ.രേണുക അനുശോചന പ്രമേയവും അവതരിപ്പിച്ചു. എകെപിസിടിഎ ട്രഷറർ ഡോ.കെ. പ്രദീപ് കുമാർ, വൈസ് പ്രസിഡണ്ട് ആശ പ്രഭാകരൻ, വൈസ് പ്രസിഡണ്ട് ഡോ.ടി.ആർ.മനോജ്, സംസ്ഥാന സെക്രട്ടറിമാരായ ഡോ .തോമസ് മോണോത്ത്, ഡോ.എം. ബി. ഗോപാലകൃഷ്ണൻ, ഡോ. സുമേഷ് എ.എസ്, ഡോ.സോജു എസ്, പാലക്കാട് ജില്ലാ സെക്രട്ടറി ആർ.രാജേഷ് എന്നിവർ സംബന്ധിച്ചു.

**നിരന്തര സംഘർഷങ്ങളുടെ തട്ടകമായി ഉന്നതവിദ്യാഭ്യാസമേഖലയെ മാറ്റുവാൻ രണ്ടാം മോദി ഗവൺമെന്റ് ഗവർണർമാരെ ഉപയോഗിച്ചുവെങ്കിൽ മൂന്നാം മോദി സർക്കാർ അമിതാധികാരസ്വഭാവത്തോടെ വിദ്യാഭ്യാസ മേഖലയിൽ ഇടപെടുകയാണ്.**

### യാത്രയയപ്പ് സമ്മേളനം

എകെപിസിടിഎ അറുപത്തിയേഴാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന യാത്രയയപ്പ് സമ്മേളനം മുൻ നിയമവകുപ്പ് മന്ത്രി എ.കെ. ബാലൻ ഉദ്ഘാടനം ചെയ്തു. എകെപിസിടിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ടി.ആർ.മനോജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് സംസ്ഥാന സെക്രട്ടറി ഡോ.സോജു എസ് സ്വാഗതവും പ്രവർത്തക സമിതി അംഗം സഞ്ജീവ് ജി നന്ദിയും പറഞ്ഞു.വിരമിച്ച പ്രൈവറ്റ് കോളജ് അദ്ധ്യാപകരുടെ സംഘടനയായ സാന്ത്വം ജനറൽ സെക്രട്ടറി പ്രൊഫ. ടി.കെ.ജി. നായർ, എകെപിസിടിഎ മുൻ പ്രസിഡന്റും ഐെഫക്ടോ ദക്ഷിണ മേഖലാ സെക്രട്ടറിയുമായിരുന്ന ജോജി അലക്സ് എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു സംസാരിച്ചു.എകെപിസിടിഎ മുൻ ജനറൽ സെക്രട്ടറിയായ ഡോ. സി. പത്മനാഭൻ, എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.എം. ബി.ഗോപാലകൃഷ്ണൻ, സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. വിനോദ് കുമാർ ജേക്കബ്, എകെപിസിടിഎ തൃശ്ശൂർ ജില്ലാ സെക്രട്ടറി ഡോ. സോണി ജോൺ ടി., ഡോ.വിനോദ്കുമാർ കെ.പി, ഡോ. അഷ്റഫ് ടി പി, ഡോ. ഗോഡ്വിൻ സാം രാജ്, ഡോ. വിനോദ് ജി, ഡോ. രാജീവ് തോമസ്, രാധാകൃഷ്ണൻ കെ., ഡോ. സരിത നമ്പൂതിരി, ഡോ. സിന്ധു ആർ, ഈശ്വരൻ നമ്പൂതിരി കെ, ഡോ. സുരേഷ് ബാബു പി, പ്രൊഫ. (ഡോ.) കുര്യൻ എൻ.ജെ, പ്രൊഫ. (ഡോ.) മിനി കെ.ഡി, മേജർ കെ.എസ്. നാരായണൻ, ഡോ. ശ്യാംകുമാർ കെ., ഡോ. അനിത ആർ, ഡോ. പത്മകുമാർ നായർ, ഡോ. ഷീല ടി. നായർ, പ്രൊഫ. (ഡോ.) നാഗേന്ദ്രപ്രഭു, ഡോ. സുരേഷ് ചന്ദ്രക്കുറുപ്പ്, ഡോ. കൃഷ്ണകുമാരി എന്നിവർ മറുപടി പ്രസംഗം നടത്തി.

### പ്രകടനം

പൊതുസമ്മേളനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എംബി രാജേഷ് ഉദ്ഘാടനം ചെയ്തു. ഏകശിലാത്മകമായ മതരാഷ്ട്രം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയുടെ ബഹുസ്വരതയെയും വൈവിധ്യങ്ങളെയും ഭരണഘടനയെയും ഇല്ലാതാക്കുന്ന ബിജെപി ഭരണകൂടത്തിന്റെ എക്കാലത്തെയും ലക്ഷ്യം വിദ്യാഭ്യാസ മേഖലയാണ്. ദേശീയ വിദ്യാഭ്യാസ നയവും യുജിസി കരട് മാർഗ്ഗരേഖയും ഈ ഏകാധികാര കേന്ദ്രീകരണത്തിന്റെ ഭാഗമാണ്. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നു കൊണ്ട് സർവകലാശാല വൈസ് ചാൻസലർമാരുടെ നിയമനാധികാരം കേന്ദ്രം നേടിയെടുത്തു. നിരന്തര സംഘർഷങ്ങളുടെ തട്ടകമായി ഉന്നതവിദ്യാഭ്യാസമേഖലയെ മാറ്റുവാൻ രണ്ടാം മോദി ഗവൺമെന്റ് ഗവർണർമാരെ ഉപയോഗിച്ചുവെങ്കിൽ മൂന്നാം മോദി സർക്കാർ അമിതാധികാരസ്വഭാവത്തോടെ വിദ്യാഭ്യാസ മേഖലയിൽ ഇടപെടുകയാണ്. ഉന്നതവിദ്യാഭ്യാസമേഖലയെ കാവിവത്കരിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം എന്ന് യോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് എം.ബി. രാജേഷ് അഭിപ്രായപ്പെട്ടു. എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് എ. നിശാന്ത് അദ്ധ്യക്ഷനായ സമ്മേളനത്തിന് എകെപിസിടിഎ ജനറൽ സെക്രട്ടറി ഡോ.കെ.ബിജുകുമാർ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. സുമേഷ് എ.എസ്. നന്ദിയും പറഞ്ഞു. ഐെഫക്ടോ ദേശീയ ജനറൽ സെക്രട്ടറി ഡോ അരുൺകുമാർ, കേരള വിദ്യാഭ്യാസ സമിതി ജനറൽ കൺവീനർ ഡോ. സി. പത്മനാഭൻ എന്നിവർ സംസാരിച്ചു. ■

എകെപിസിടിഎ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള പ്രതിനിധി സമ്മേളനം എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് എ.നിശാന്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു.പന്ത്രണ്ട് ജില്ലകളിൽ നിന്നായി 21 പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.എകെപിസിടിഎ സംസ്ഥാനസെക്രട്ടറി ഡോ.തോമസ് മോണോത്ത് സ്വാഗതവും എകെപിസിടിഎ ജനറൽ സെക്രട്ടറി ഡോ.ബിജുകുമാർ കെ. , സംസ്ഥാന ട്രഷറർ ഡോ.കെ. പ്രദീപ് കുമാർ എന്നിവർ ചർച്ചയിൽ ഉയർന്നു വന്ന ചോദ്യങ്ങൾക്ക് മറുപടി നൽകി. പ്രവർത്തകസമിതി അംഗം ഡോ.ലതാകുമാരി പി.സി, വനിതാ കമ്മിറ്റി കൺവീനർ ഡോ.ശ്രീജ എസ് എന്നിവർ 25 പ്രമേയങ്ങൾ അവതരിപ്പിച്ചു. ഭേദഗതികളോടുകൂടി 27 പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

2025-26 വർഷത്തെ എകെപിസിടിഎ ഭാരവാഹി തെരഞ്ഞെടുപ്പ് നടന്നു.റിട്ടേണിംഗ് ഓഫീസർ ഡോ.എം. ബി.ഗോപാലകൃഷ്ണൻ ഒൻപത് ഭാരവാഹികളെയും പതിനേഴ് സ്റ്റേറ്റ് കമ്മിറ്റി അംഗങ്ങളെയും സമ്മേളനം തെരഞ്ഞെടുത്തു.

2025-26
എ കെ പി സി ടി എ സംസ്ഥാന ഭാരവാഹികൾ

പ്രസിഡന്റ് :
എ നിശാന്ത്
പയ്യന്നൂർ കോളജ്, പയ്യന്നൂർ, കണ്ണൂർ

വൈസ് പ്രസിഡന്റുമാർ :
ആഷ പ്രഭാകരൻ
എം ജി കോളജ്, തിരുവനന്തപുരം

സഞ്ജീവ് ജി
എൻ എസ് എസ് എഞ്ചിനീയറിംഗ്, കോളജ്, പാലക്കാട്

ജനറൽ സെക്രട്ടറി :
ഡോ ബിജുകുമാർ കെ
എം ജി കോളജ്,
തിരുവനന്തപുരം

ട്രഷറർ :
ഡോ . എൻ. രേണുക
എൻഎസ്എസ്, കോളജ്, ചേർത്തല, ആലപ്പുഴ

സംസ്ഥാന സെക്രട്ടറിമാർ
ഡോ സോജു എസ്
എസ് എൻ കോളജ്, ചെമ്പഴന്തി, തിരുവനന്തപുരം

ഡോ ജേക്കബ് എബ്രഹാം
ബിപിസി കോളജ്, പിറവം, എറണാകുളം

ഡോ.ബ്രിജേഷ് വി.കെ
എം ഇ എസ് കോളജ്, പൊന്നാനി, മലപ്പുറം

ഡോ. ഷനോജ് എം.പി
എസ് എൻ കോളജ്,
കണ്ണൂർ

# AKPCTA State Committee 2025-26

## State Office Bearers

**President**
A Nisanth
Associate Professor
Payyanur College, Payyanur
9447690687
anisanth@gmail.com

**Vice President**
Asha Prabhakaran
Assistant Professor
Mahatma Gandhi College, Thiruvananthapuram
9446374171
ashabalagopal2014@gmail.com

**Vice President**
Sanjeev G
Associate Professor
NSS College of Engineering
Palakkad
9447791946
sanjeevg@nssce.ac.in.com

**General Secretary**
Prof. Dr Bijukumar K
Professor
Mahatma Gandhi College,
Thiruvananthapuram
9447014956
bijumadhavam@gmail.com

**Treasurer**
Dr. Renuka N
Associate Professor
NSS College, Cherthala, Alappuzha
9746527501
renu9renu@gmail.com

**Secretary (Kerala University)**
Dr. Soju S
Assistant Professor
Sree Narayana College,
Chempazhanthy
9567763830
sojumanu2002@yahoo.co.in

**Secretary (Mahatma Gandhi University)**
Prof. Dr. Jacob Abraham
Professor
B P C College, Piravom, Ernakulam
9447105370
tjacobabra@gmail.com

**Secretary (Calicut University)**
Dr Brijesh V K
Associate Professor
M E S Ponnani College, Ponnani,
Malappuram
9495072725
brij.earth@gmail.com

**Secretary (Kannur University)**
Dr Shanoj M P
Associate Professor
Sree Narayana College, Thottada,
Kannur
9447748457
mpshanoj@gmail.com

## District Secretaries, who are the members of the working committee

**Secretary, Thiruvananthapuram**
Dr Sumesh G S
Assistant Professor
VTM NSS College, Dhanuvachapuram, Thiruvananthapuram
9447855544
sumesh.kld@gmail.com

**Secretary, Kollam**
Dr Ratheesh C
Assistant Professor
Fatima Mata National College
Kollam
9495168127
ratheeshc08@gmail.com

**Secretary, Alappuzha**
Dr. Farook S
Associate Professor
MSM College, Kayamkulam, Alappuzha
9895244420
farook@msmcollge.in

**Secretary, Pathanamthitta**
Raison Sam Raju
Assistant Professor
Marthoma College, Tiruvalla, Pathanamthitta
9567855967
raisonsamraju@gmail.com

**Secretary, Kottayam**
Dr Vinu T P
Associate Professor
NSS Hindu College Changanacherry, Kottayam
9446742695
drvinutp@gmail.com

**Secretary, Idukki**
Dr Krishnakumar M V
Associate Professor
Newman College, Thodupuzha, Idukki
9995552731
krishnatripunithura@gmail.com

**Secretary, Ernakulam**
Dr Sanilkumar M G
Associate Professor
SNM College, Maliankara, Ernakulam
9446128243
sanilmgs@yahoo.com

**Secretary, Thrissur**
Dr Pramod P
Assistant Professor
Sree Kerala Varma College, Thrissur
9846012510
pramodpottammal@gmail.com

**Secretary, Palakkad**
Rajesh R
Associate Professor
N S S College, Ottapalam, Palakkad
9744056237
rrajeshkadapra@gmail.com

**Secretary, Malappuram**
Dr Sanil A S
Assistant Professor
Ambedkar College of Arts & Science,Wandoor, Malappuram
9496368062
sanilarackal@gmail.com

**Secretary, Kozhikode**
Dr Anil Varma
Assistant Professor
Zamorin's Guruvayurappan College, Kozhikode 14.
9496954823
avrzgc2@gmail.com

**Secretary, Wayanad**
Dr Joby N G
Assistant Professor
St. Mary's College, Sultan Bathery, Wayanad
8301057428
jobyng22@gmail.com

**Secretary, Kannur**
Dr Rakhi Raghavan
Associate Professor
Pazhassi Raja NSS College, Mattanur, Kannur
9496452272
rakhirag@gmail.com

**Secretary, Kasaragod**
Raghunath P
Assistant Professor
St Pius Tenth College, Rajapuram, Kasaragod
9846441717
raghu4u@gmail.com

## Convenors of Sub Committees, who are the members of the working committee

**Convenor, Academic Committee**
Dr Sreeja S
Assistant Professor
Al Ameen College, Edathala, Ernakulam
9497681059
sreeja82nishanth@gmail.com

**Convenor, Women's Committee**
Dr Joobi V P
Assistant Professor
Sree Narayana Guru College, Chelannur, Kozhikode
9605484514
joobisunil@gmail.com

**Convenor, Service Cell**
Dr Anil Kumar K M
Assistant Professor
MSM College, Kayamkulam
9895084712
anilkochi@gmail.com

**Editor, Kerala Private College Teacher**
Dr Vidhu Narayan
Associate Professor
U C College, Aluva, Ernakulam
9447237659
vidhunarayan@gmail.com

**Convenor, IT Cell**
Ligin P Mathew
Assistant Professor
St Thomas College, Kozhencherry, Pathanamthitta
9744145378
liginpm@gmail.com

**Convenor, Cultural Forum**
Dr Santhoshkumar Vallikkat
Associate Professor
NSS College, Manjeri, Malappuram
9447353421
svallikkad@gmail.com

## Nominated Members to the Working Committee

Dr Sushama Raj R V
Associate Professor
VTM NSS College, Dhanuvachapuram, Thiruvananthapuram
9847232143
drsushamarajrv@gmail.com

Dr C A Anaz
Assistant Professor
Farook College, Kozhikode
9495539708
caanaz@gmail.com

Dr Lathakumary P C
Associate Professor
St Thomas College, Kozhencherry, Pathanamthitta
9495682313
lakupc@gmail.com

Dr Asha S Kutty
Assistant Professor
Mar Dionysius College, Kunnamkulam, Thrisssur
974643173
ashaskutty08@gmail.com

Dr Vivek Jacob Abraham
Assistant Professor
Catholicate College, Pathanamthitta
9400301448
vivekjacob99@gmail.com

Dr Santhosh R
Associate Professor
SN College, Punaloor, Kollam
9446272791
santhoshraveendran72@gmail.com

Dr Libin Kuriakose
Associate Professor
St Thomas College, Palai, Kottayam
9645260864
libinkuriakose@gmail.com

Dr Renju R Krishnan
Associate Professor
St. Xavier's College,
Thumba, Thiruvananthapuram
8089401700
rrk.sxc@gmail.com

## Syndicate Members Nominated to the Working Committee

**Kerala University**
Dr Manoj T R
Associate Professor
MSM Collehge, Kayamkulam
8281176535
t.manoj.tr@gmail.com

**Mahatma Gandhi University**
Prof. Dr Sumesh A S
Professor
MES College Nedumkandam, Idukki
9744168522
drassumesh@gmail.com

**Calicut University**
Dr Pradeepkumar K
Associate Professor
Sri Vyasa NSS College , Wadak-kanchery, Thrissur
9447185537
pradeepkorapath@gmail.com

**Kannur University**
Pramod Vellachal
Associate Professor
M.G College, Iritty, Kannur
9447384054
pvellachal@gmail.com

**Kerala University of Health Science**
Dr Jeena N J
Professor
V P S V Ayurveda College,
Kottakkal, Malappuram
9495974927
drjeenanj@gmail.com

## District Presidents, who are the ex-officio members of the state committee

**President, Thiruvananthapuram**
Dr Babitha G S
Associate Professor
S N College, Sivagiri
